# അനുഭവം സമ്പത്ത്



242

അലോഷ്യസ് ഡി. ഫെർണാന്റസ്

# അനുഭവം സമ്പത്ത്

6. 9. 2010.

# അനുഭവം സമ്പത്ത്

8464

PC Library & Research Center

അലോഷ്യസ് ഡി. ഫെർണാന്റസ്

ജനജാഗൃതി പ്രസാധകസംഘം
പറവൂർ, ആലപ്പുഴ
വില 75 രൂപ

242

Malayalam
**ANUBHAVAM SAMPATH**
Memoirs

by
**Aloysius D. Fernandez**

First Edition : July 2010

Copies: 1000

Cover design
Prof. V.C. John

Type setting
O. P. Presannakumar

Published by
Janajagrthy Prasadhaka Sangham,
Punnapra North P. O.,
Alappuzha - 688 014

Printed at
Nambothil Offest Printers, Mavelikara

© Janajagrthy Prasadhaka Sangham

Price: Rupees Seventy five only

# ഒരു വാക്ക്

ജീവിതത്തിന്റെ ധന്യത അനുഭവത്തിലാണ്. സാധാരണ അനുഭവങ്ങളുടെ അർത്ഥതലങ്ങളിലേയ്ക്കു നാം ഇറങ്ങിച്ചെല്ലുമ്പോൾ അവയുടെ ജീവിതബന്ധുത്വം പ്രകാശിതമാകും. അതു ജീവിത പരിവർത്തന പ്രചോദനമായി നിലകൊള്ളും. അതെ, വർത്തമാനകാല സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക പരിസരത്തിലെ അനുഭവം സമ്പത്താണ്.

ഈ കൃതിയുടെ രൂപീകരണത്തിൽ ധാരാളം പേർ സഹകരിച്ചിട്ടുണ്ട്. അവരെയൊക്കെ സ്നേഹപൂർവ്വം സ്മരിക്കുന്നു; പ്രത്യേകിച്ച് സർവ്വശ്രീ എൻ. ജി. ശാസ്ത്രി, സി. പി. സുധാകരൻ, എം. റ്റി. കൊച്ചുമോൾ, ഡെൽസൺ എം. സ്കറിയ എന്നിവരെ.

പുസ്തകം ഭംഗിയായി ലേ-ഔട്ട് ചെയ്ത ശ്രീ. ഒ. പി. പ്രസന്നകുമാറിനും മനോഹരമായ കവർ ഡിസൈൻ ചെയ്ത പ്രൊഫ. വി. സി. ജോണിനും അർത്ഥവത്തായ ഒരു അവതാരിക എഴുതി പുസ്തകത്തെ സമ്പന്നമാക്കിയ ശ്രീ. പുലിയൂർ രവീന്ദ്രനും സ്നേഹത്തിന്റെ പൂച്ചെണ്ട്.

പ്രതികരണത്തിനായി ഈ ചെറുകൃതി വായനക്കാരുടെ കൈയിൽ സമർപ്പിക്കുന്നു.

അലോഷ്യസ് ഡി. ഫെർണാന്റസ്
ജനജാഗൃതി ഭവൻ, പുന്നപ്ര നോർത്ത് പി. ഒ.,
ആലപ്പുഴ - 688 014, ഫോൺ 0477 - 2287602,
9605282139, e-mail: aloysiusdf@gmail.com

പറവൂർ
15. 07. 2010

## അലോഷ്യസ് ഡി. ഫെർണാന്റസ്

കൊല്ലം ജില്ലയിൽ, കുമ്പളത്തു വലിയവിളപൊയ്കയിൽ 1947 ആഗസ്റ്റ് 29 നു ജനനം. അച്ഛൻ ദാവീദ് വി. ഫെർണാന്റസ്, അമ്മ ത്രേസ്യാമ്മ. കുമ്പളത്ത് സെന്റ്മേരീസ് സ്കൂളിലും തങ്കശ്ശേരി ഇൻഫന്റ്ജീസസിലുമായി സ്കൂൾ വിദ്യാഭ്യാസം. 9 വർഷം സെമിനാരി പഠനം. കേരളാ യൂണിവേഴ്സിറ്റിയിൽ നിന്നും ഇംഗ്ലീഷ് സാഹിത്യത്തിൽ ബി. എ., ആലുവ സെന്റ് ജോസഫ് പൊന്റിഫിക്കൽ സെമിനാരിയിൽ നിന്നും ബി. ഡി., അമേരിക്കയിലെ ബോസ്റ്റൻ കോളേജിൽ നിന്നും ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം. 1970 ൽ പൗരോഹിത്യം സ്വീകരിച്ചു. ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിവിധ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നും സോഷ്യൽവർക്കിലും കമ്മ്യൂണിറ്റി ഓർഗനൈസേഷനിലും സർട്ടിഫിക്കറ്റുകൾ.

ക്രിസ്തുദർശനത്തിലെ മാർക്സിയൻ ചിന്താധാരകളെയും മാർക്സിയൻ പ്രത്യയശാസ്ത്രത്തിലെ ക്രിസ്തുദർശനങ്ങളെയും മനുഷ്യവിമോചനത്തിനായി സമന്വയിപ്പിച്ചു വളർത്തുന്ന വിമോചനദൈവശാസ്ത്ര വക്താവ്. കർഷകത്തൊഴിലാളികളുടെയും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെയും സമൂഹത്തിലെ അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങളുടെയും അവകാശ-വിമോചനപ്പോരാട്ടങ്ങളിൽ അവരോടൊപ്പം നടന്നുനീങ്ങുന്ന പോരാളി. ഈ പോരാട്ട പ്രക്രിയയ്ക്കു നിദാനമായി ആലപ്പുഴ, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ സാമൂഹ്യപ്രതിരോധ സംഘങ്ങളുടെ രൂപീകരണത്തിലും വളർച്ചയിലും നിർണായകമായ പങ്കുവഹിച്ച കാര്യദർശി, സാമൂഹ്യാപഗ്രഥനത്തിലൂന്നിയ നേതൃത്വപരിശീലന കോഴ്സ് നല്കുന്നതിൽ അനുഭവസമ്പന്നൻ.

ജാതി-മത-ദൈവ-അണുകുടുംബ-കൂലിവേല-കീഴ്മേൽ സംവിധാനങ്ങളെ നിരാകരിച്ചുകൊണ്ട്, സംഘാത്മകതയിലും മാനവികതയിലും പ്രാപഞ്ചികതയിലും ഊന്നിയ, സ്വാതന്ത്ര്യത്തിന്റെയും സഹവർത്തിത്വത്തിന്റെയും സംഘജീവിതാന്വേഷണത്തിലാണിപ്പോൾ. 28 വർഷങ്ങളായി മനുഷ്യവിമോചന ശബ്ദമായി പ്രസിദ്ധീകരിച്ചുവരുന്ന ഓറ മാസികയുടെ സ്ഥാപകാംഗം; തുടർന്ന് മാനേജിംഗ് എഡിറ്റർ. ഇപ്പോൾ മുഖ്യഉപദേഷ്ടാവ്. ഒപ്പം ജനജാഗൃതി ഡയറക്ടറും. കൊച്ചുമോൾ എം. റ്റി. യാണ് കൂട്ടുകാരി.

## പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

1. കറുത്ത കുർബ്ബാന - ഞാൻ നടന്ന വഴികൾ (ആത്മകഥ)
2. അവർക്കു ഭക്ഷിപ്പാൻ കൊടുപ്പിൻ (ലേഖനസമാഹാരം)
3. മരണത്തിലൂടെ ജീവൻ (ലേഖനസമാഹാരം)
4. നേർക്കാഴ്ചകൾ (ലേഖനസമാഹാരം)
5. ആത്മീയതയുടെ സൂപ്പർമാർക്കറ്റ് (ലേഖനസമാഹാരം)
6. സോളമനച്ചൻ ആത്മസമർപ്പണത്തിന്റെ പ്രതീകം (ജീവചരിത്രം)
7. വിഭജിക്കപ്പെട്ട സമൂഹം (ലേഖനസമാഹാരം)
8. ഒരു ഫെമിനിസ്റ്റാവുക (പഠനം)
9. തിരുമേനിമാർക്ക് യേശു മാപ്പുതരില്ല (പഠനം)
10. ഒരു പുരോഹിതന്റെ ഡയറിക്കുറിപ്പുകൾ (അനുഭവം)
11. പെരുവട്ടന്മാരുടെ സുവിശേഷം (പഠനം)
12. ബൈബിൾ - കറുത്തനീതിയുടെ പാഠപുസ്തകം (ലേഖനസമാഹാരം)
13. മണ്ണും പെണ്ണും കറുത്ത ദൈവവും (ലേഖനസമാഹാരം)
14. സൗഹൃദത്തിന്റെ രസതന്ത്രം (പഠനം)
15. ഓർമ്മകളിലെ വേനലും വസന്തവും (അനുഭവം)
16. വെളുത്ത ദൈവത്തെ കൊല്ലുക (ലേഖനസമാഹാരം)
17. ഞങ്ങൾക്കു ബറാബാസിനെ മതി (പഠനം)
18. പുതിയ ഗാഗുൽത്തകൾ (ലേഖനസമാഹാരം)
19. ഒതപ്പ് നൽകുന്നവർ (ലേഖനസമാഹാരം)
20. സഭയും സംസ്കാര സാത്മീകരണവും (പഠനം)
21. വില്ക്കാനുണ്ട് ബ്രഹ്മചര്യം (ലേഖനസമാഹാരം)
22. ഒരു പുരോഹിതന്റെ ബദൽ ജീവിതരേഖ (അനുഭവം)
23. പ്രപഞ്ചസിംഫണി (പഠനം)
24. അനുഭവങ്ങൾ: തണൽമരങ്ങൾ, തീക്കനലുകൾ (അനുഭവം)
25. തിരുസഭയുടെ ചാവുദോഷങ്ങൾ (പഠനം)
26. അരാഷ്ട്രീയക്കാരന്റെ രാഷ്ട്രീയം (ലേഖനസമാഹാരം)
27. Black Mass - The Path I have Trodden (Autobiography)
28. The Chemistry of Intimacy (a Study)
29. ഇവൻ യേശു (ജീവചരിത്രം)
30. വിവാഹസർട്ടിഫിക്കറ്റ് (ലേഖനസമാഹാരം)
31. കാതുള്ളവർ കേൾക്കട്ടെ (ലേഖനസമാഹാരം)
32. അനുഭവം സമ്പത്ത് (അനുഭവം)
33. പുന്നപ്രവയലാർ സമരം - അനുഭവങ്ങളിലൂടെ (എഡിറ്റർ)

# ഉള്ളടക്കം


| | | |
|---|---|---|
| | അവതാരിക | 09 |
| 1 | കൂടെയുണ്ട്; ധൈര്യമായി മുന്നേറുക | 11 |
| 2 | ചരിത്രപാഠം | 15 |
| 3 | വഴിത്തിരിവുകൾ | 19 |
| 4 | നിങ്ങൾ പറഞ്ഞതിൽ കാര്യമുണ്ട് | 22 |
| 5 | സമ്പന്നമായൊരു ദിനം | 25 |
| 6 | അനുസ്മരണം: പുസ്തക പ്രകാശനം | 29 |
| 7 | സാമൂഹ്യമാറ്റത്തിനായി | 42 |
| 8 | നീ വിലപ്പെട്ടവനാണ് | 48 |
| 9 | സ്തോത്രത്തേക്കാൾ വലുത് പ്രവൃത്തിതന്നെ | 52 |
| 10 | പ്രകൃത്യാതീത ദൈവികശക്തിക്കെതിരെ പ്രപഞ്ചപരിണാമം | 56 |
| 11 | രോഗം, പട്ടിണി മതത്തിന്റെ പണസമ്പാദന മാർഗ്ഗങ്ങൾ | 60 |
| 12 | ഞാൻ താങ്കൾക്കായി പ്രാർത്ഥിക്കാം; അതുവേണ്ട, ഞാൻ സന്തുഷ്ടനാണ് | 63 |
| 13 | ബ്രദറൻ സഭയിലെ ക്രീമിലെയർ | 68 |
| 14 | എക്സ് കന്യാസ്ത്രീകളുടെ പുനരധിവാസം | 71 |
| 15 | സ്നേഹിക്കുന്നവർ പാപക്കറയിലോ | 79 |
| 16 | ഉത്കണ്ഠ | 82 |
| 17 | മതമൗലികതാവാദം | 86 |
| 18 | പത്രവായന | 90 |
| 19 | തടവറയിൽ നന്മയുടെ മുത്തുകൾ | 92 |
| 20 | സ്നേഹം | 99 |
| 21 | ക്രിയാത്മകമായ ഇടതിന്റെ സാധ്യത ? | 103 |
| 22 | ഗലീലിയോ നാടകം ഇന്ന് | 108 |
| 23 | യുക്തിഭദ്രമായ സമീപനം ജീവിതവിജയത്തിന്റെ ആധാരം | 115 |

# അവതാരിക

***വെ***ളുപ്പിലെ കറുപ്പും കറുപ്പിലെ വെളുപ്പും തേടിയുള്ള ഒരു പ്രയാണം. ഒരു ഭ്രമണം. മനസ്സിന്റെ നിരന്തര തീർത്ഥയാത്ര. അനുഭവങ്ങളെല്ലാം വിഭിന്നങ്ങളെങ്കിലും അവ വഴിവിളക്കുകളായി തെളിഞ്ഞു നിൽക്കുന്നു. ആ വെളിച്ചമാണ് ആത്മാവിന്റെ സമ്പാദ്യം.

കടലോരം മുതൽ മലയോരം വരെ മനുഷ്യരുണ്ട്. പ്രശ്നങ്ങളുണ്ട്. അവയുടെ സങ്കീർണ്ണതകളെ സങ്കീർത്തനങ്ങളാക്കുക എന്നത് ഘടനാപരമായ വിശകലനത്തിന്റെ അനിവാര്യതയാണ്. അതിനായ് ബ്യൂറോക്രസിയുടെ അധികാരകേന്ദ്രീകരണത്തിന്റെ കട പുഴക്കുക. അങ്ങനെ ക്രിസ്തുവിന്റെ അനുയായി ആകാൻ ളോഹ ഊരിയെറിഞ്ഞ ഒരു സാധാരണ പുരോഹിതന്റെ അസാധാരണ പ്രതികരണമാണ് ഏതാനും ചിതറിയ ചിന്തകളുടെ സമാഹാരമായ ഈ കൃതി.

യേശുദർശനമൂല്യങ്ങൾ ഉൾക്കൊണ്ട് ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമാകാൻ 39 കൊല്ലത്തെ പൗരോഹിത്യജീവിതം നയിച്ച ശ്രീ. അലോഷ്യസ് ഡി. ഫെർണാന്റസ്, യേശുവിനെ ക്രിസ്തീയ കാരാഗൃഹത്തിൽ നിന്ന് മോചിപ്പിക്കുകയാണ് മാനവധർമ്മമെന്നും തനിക്കു കാവൽ മതമല്ല, താൻ തന്നെയാണെന്നും, യേശു മെത്രാന്മാരുടേതല്ല ലോകത്തിന്റെ സമ്പാദ്യമാണെന്നും അറിഞ്ഞത് അനുഭവങ്ങളിലൂടെയാണ്. കരയിക്കുകയും ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്ത മൂർച്ചയുള്ള കുറെ അനുഭവങ്ങൾ. വ്യക്തികൾ, കുടുംബങ്ങൾ, പ്രസ്ഥാനങ്ങൾ, സ്ഥാപനങ്ങൾ ... എവിടെയും മുഴങ്ങുന്നത് അനുഭവങ്ങളുടെ കൂട്ടമണിനാദമാണ്.

പ്രാതിനിധ്യത്തിൽ ആത്മീയതയില്ല. ഉള്ളതോ പണവും സ്വാധീനവും അധികാരവുമാണ്. അടിമത്തത്താൽ അവരോധിക്കപ്പെട്ട ആധിപത്യത്തിന്റെ സ്വരൂപമാണ് ദൈവസങ്കല്പം. ആദിപാപത്തിനപ്പുറം ആദ്യാനുഗ്രഹത്തെ കാണുന്ന ഒരു ദൈവശാസ്ത്രസമീപനം ബോധപൂർവ്വം വളർത്തിയെടുക്കാനുള്ള നീണ്ട യാത്രയിലാണ് ഈ ഗ്രന്ഥകാരൻ. ഓരോ അനുഭവവും ഓരോ നാഴികക്കല്ലെന്നു വിശേഷിപ്പിക്കാം. ഇതിലെ ലേഖനങ്ങളെല്ലാം തന്നെ ഹൃദയനൊമ്പരങ്ങളുടെ

സ്തോത്രകാഴ്ചകളാണ്; തീവ്രമായ ആവിഷ്കാര സ്ഫുരണങ്ങളാണ്; ഒരു ബദൽ അന്വേഷണത്തിന്റെ സത്യസന്ധസ്പന്ദങ്ങളാണ്. യേശുവിന്റെ യഥാർത്ഥ വഴി വെട്ടിത്തെളിക്കാൻ പ്രേരകമായ സാധകമുണ്ടിതിൽ. മതേതരരാഷ്ട്രത്തിൽ മതനിരപേക്ഷത എന്ന ഏറെ പ്രാധാന്യമുള്ള മഹാസമസ്യയാണ് ഓരോ ലേഖനത്തിന്റെയും അടിത്തട്ടിലുള്ളത്.

സ്വാനുഭവങ്ങളുടെ സമ്പത്താണെങ്കിൽപോലും സമൂഹത്തിലെ പ്രാന്തവൽക്കൃതരുടെ അനുഭവങ്ങളുടെ ശരിപ്പകർപ്പുകൾ ഇതിലുണ്ട്. പ്രപഞ്ചനന്മ മാത്രം ലാക്കാക്കുന്ന ഒരു വ്യക്തിക്ക് സാമൂഹ്യ യാഥാർത്ഥ്യങ്ങളുടെ നേരേ കണ്ണടയ്ക്കാനാവില്ലെന്നതിനു തെളിവാണ് 'അനുഭവം സമ്പത്ത്' എന്ന ഈ കൃതി. ഈ സമ്പാദ്യം ഗ്രന്ഥകാരന്റെ തുറന്ന മനസ്സിന്റെ സേനവതല്പരതയുടെ, സത്യസന്ധതയുടെ അക്ഷരശേഖരത്തിലും, ഇതിലെ മഹിതാശയങ്ങൾ ജനമനസ്സുകളിലും ഒരു സ്ഥിരനിക്ഷേപമാവട്ടെ, കാലം ഊരിയെറിയാത്ത ഒരു ളോഹയാവട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഈ പുസ്തകം ഞാൻ സസന്തോഷം അവതരിപ്പിക്കുന്നു.

**പുലിയൂർ രവീന്ദ്രൻ**

പുലിയൂർ

10. 06. 2010

# 1

# കൂടെയുണ്ട്; ധൈര്യമായി മുന്നേറുക

2009 ജൂലൈയിലെ ഓറ മാസികയിൽ കൊല്ലം ബിഷപ്പ് ഡോ. സ്റ്റാൻലി റോമന് എന്റെ തുറന്ന കത്തും, ഞാനുമായി ശ്രീ. ഡെൽസൺ എം. സ്കറിയ നടത്തിയ അഭിമുഖം 2009 സെപ്റ്റംബർ 28 നു മാധ്യമം ആഴ്ചപ്പതിപ്പിൽ വന്നതും വായിച്ചിട്ട് എന്റെ ഒരു പഴയ സുഹൃത്ത്, നല്ല വാഗ്മി, കവി, സാഹിത്യകാരൻ, സാമൂഹ്യപ്രവർത്തകൻ, അധ്യാപകൻ, സർവ്വോപരി തികഞ്ഞ മനുഷ്യസ്നേഹിയായ ഒരു വ്യക്തി എന്നെ വന്നുകണ്ടിട്ടു കുശലം പറഞ്ഞു. അദ്ദേഹത്തിന്റേത് നല്ല ഉൾക്കാഴ്ചയുള്ള നിരീക്ഷണങ്ങൾ ആയതുകൊണ്ടു കുറിക്കണമെന്നു തോന്നി.

"ഓറയും മാധ്യമവും കണ്ടു. ഇപ്പോൾ ഫാദർ അലോഷ്യസ് സ്വതന്ത്രമനുഷ്യനായി, അല്ലേ?" ഞാൻ പുഞ്ചിരിച്ചതേയുള്ളു.

അദ്ദേഹം തുടർന്നു. "ഞാൻ അവ വായിച്ചപ്പോൾ അത്ഭുതമൊന്നും തോന്നിയില്ല. വർഷങ്ങളായി വിശ്വസിക്കുകയും പല രീതിയിൽ പ്രകടമാക്കുകയും ചെയ്തിരുന്നവ വ്യക്തമായി എഴുതി എന്നുമാത്രം. അതു നല്ലതായാണു ഞാൻ കാണുക. നമ്മുടെ നിലപാടു ശരിയാംവണ്ണം വ്യക്തമാക്കി പോകുന്നതാണ് നല്ലത്'. അതിനോട് ഞാൻ: 'നേരത്തേതന്നെ പരുവപ്പെടുത്തിയ ക്രിസ്ത്യാനിത്വവും പട്ടത്വവും ഞാൻ ഹൃദയംകൊണ്ടും ജീവിതംകൊണ്ടും ഉപേക്ഷിച്ചിരുന്നതാണ്. കഴിഞ്ഞ ഏതാണ്ടു ഒരു വർഷമായി കൊല്ലം ബിഷപ്പ് കത്തുകളിലൂടെയും അവസാനം സന്ദർശനത്തിലൂടെയും എന്റെ സ്വസ്ഥമായ ജീവിത നീക്കത്തിനു ഇടംകോൽ ഇടാൻ ശ്രമിക്കുന്നുണ്ടായിരുന്നു. അതിനു വിരാമം ഇടേണ്ടതു ചരിത്രപരമായ ഒരാവശ്യമായികണ്ട്, സ്പഷ്ടമായും എന്റെ നിലപാടു വ്യക്തമാക്കുകയായിരുന്നു. ഇതിനു ഒത്തിരിയേറെ

പ്രതികരണങ്ങൾ, അനുകൂലിച്ചും പ്രതികൂലിച്ചും വന്നു. അങ്ങയുടെ വരവ് എനിക്കു കൂടുതൽ ശക്തിപകരുന്നു."

അദ്ദേഹം സംസാരം തുടർന്നു: "നിർബന്ധിച്ചു പന്നിയിറച്ചി തീറ്റിച്ചതു ദഹിക്കാതെ കിടക്കുകയായിരുന്നു. അച്ചൻ അതു ഛർദ്ദിച്ചുകളഞ്ഞു. ഇപ്പോൾ ആശ്വാസമായി. അങ്ങനെതന്നെയാണ് ചെയ്യേണ്ടത്." കൊച്ചുസെമിനാരിയിൽ പ്രവേശിച്ച ദിവസം അവിടത്തെ ഫാദർ പ്രീഫക്റ്റ് പന്നിയിറച്ചി തിന്നാൻ നിർബന്ധിച്ചതും അവസാനം കണ്ണടച്ച് ആ കഷ്ണങ്ങളൊക്കെ വായിൽ പെട്ടന്ന് കുത്തിക്കേറ്റി വിഴുങ്ങിയതും മാധ്യമത്തിലെ അഭിമുഖത്തിൽ സൂചിപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിലായിരുന്നു എന്റെ സുഹൃത്തിന്റെ നിരീക്ഷണം.

അദ്ദേഹം തുടർന്നു: "ഇന്നു വൈദികവൃത്തിയിലും കന്യകാലയങ്ങളിലും എത്രയെത്രപേർ ഇങ്ങനെ കണ്ണുമടച്ചു പന്നിയിറച്ചി വായിൽ കുത്തിക്കയറ്റി വിഴുങ്ങിയിട്ടു അതു ദഹിക്കാതെ ബുദ്ധിമുട്ടിലും വലിച്ചിലിലും കഴിയുന്നു! അവരുടെ ശ്രമം മുഴുവനും ഛർദ്ദിക്കാതെയിരിക്കാനാണ്. ഫലമോ? നിരന്തരമായ അസ്വസ്ഥതകൾ മാത്രം. എനിക്കു എന്റെ അദ്ധ്യാപക ജോലിയുടെ ഭാഗമായി ഒത്തിരി വൈദികരെയും കന്യാസ്ത്രീകളെയും അറിയാം. പലരുമായും ഹൃദയം തുറന്നു സംസാരിക്കുവാനുള്ള അവസരവും സ്വാതന്ത്ര്യവും കിട്ടിയിട്ടുണ്ട്. ഒരു കാര്യം അതിൽനിന്നു മനസ്സിലായി. അവരുടെ ചിരിയുടെ പിന്നിൽ വേദനയുടെയും സഫലീകൃതമല്ലാത്ത ഹൃദയാഭിവാഞ്ഛയുടെയും ഏകാന്തതയുടെയും നിരാശയുടെയും ഇച്ഛാഭംഗത്തിന്റെയും ഇറച്ചി കഷ്ണങ്ങൾ അങ്ങനെ ദഹിക്കാതെ കിടക്കുകയാണ്. പലരുടെയടുത്തും ഞാൻ ചോദിച്ചിട്ടുണ്ട്, ഈ വേദനാജനകമായ അവസ്ഥയിൽ എന്തിനിതിനകത്തു ഇനിയും ഇങ്ങനെ അസ്വസ്ഥതയിൽ, വേദനയിൽ, ഉത്ക്കണ്ഠയിൽ ശ്വാസംമുട്ടി കഴിയുന്നു? പുറത്തുപോയിക്കൂടെ? അതിനു കിട്ടിയ ഉത്തരം ഞെട്ടിപ്പിക്കുന്നതായിരുന്നു. അതിങ്ങനെ: 'പുറത്തു എവിടേയ്ക്കു പോകും? മാതാപിതാക്കൾക്കും സഹോദരങ്ങൾക്കും വേണ്ട; അവർക്കു ഞങ്ങൾ ഒരു ഭാരമാണ്. പുറത്തുപോയാൽ എന്തു ചെയ്യും? എല്ലായിടത്തുനിന്നും കിട്ടുന്നതു അവഗണനയും വിവേചനവുമാണ്. ഞങ്ങളിൽ പലർക്കും മറ്റൊരുജോലിയും അറിയി

ല്ല. ചെയ്യുന്നതിലും പറയുന്നതിലും വിശ്വാസമില്ലെങ്കിലും, ഇതൊരു പ്രൊഫഷൻ/ജോലി എന്ന നിലയിൽ ചെയ്തു പ്രതിഫലവും വാങ്ങി സുരക്ഷിതമായി അല്ലലില്ലാതെ ജീവിക്കാമല്ലോ? നിങ്ങളുടെ ജോലിയിൽ നിങ്ങൾ അഡ്ജെസ്റ്റ്മെന്റ് ചെയ്യുന്നില്ലേ, അതുപോലെ ജീവിക്കാൻവേണ്ടിയുള്ള അഡ്ജെസ്റ്റ്മെന്റ്സ്. അത്രമാത്രം.'

അവരുടെ പാപ്പരത്തത്തെ ഓർത്തു പലപ്പോഴും സഹതപിച്ചിട്ടുണ്ട്. അവിടെയാണ് അലോഷ്യസച്ചന്റെ (താങ്കൾ ക്രിസ്ത്യാനിറ്റി വിട്ടാലും പൗരോഹിത്യം ഉപേക്ഷിച്ചാലും എന്നെപ്പോലെയുള്ളവർക്കു അലോഷ്യസച്ചൻ തന്നെ) തീരുമാനത്തിന്റെ വലിപ്പവും മഹത്വവും. ഇങ്ങനെയൊരു തീരുമാനം എടുക്കണമെങ്കിൽ അസാമാന്യമായ കരളുറപ്പും ധൈര്യവും വേണം."

ക്ലാസിലെ ഒരു കുട്ടി അദ്ധ്യാപകനെ കേൾക്കുന്നതുപോലെ ശ്രദ്ധയോടെ അദ്ദേഹത്തെ നോക്കിയിരുന്നു എല്ലാം കേട്ടു. തുടർന്നു ഞാൻ ഇങ്ങനെ പ്രതികരിച്ചു; 'ഒട്ടുമിക്ക വൈദികരും കന്യാസ്ത്രീകളും ഇങ്ങനെ ആണെന്നു കാടടച്ചു പറയുന്നതു ശരിയോ? അതിലൊരു exaggeration ഇല്ലേ?' അതിനോടു അദ്ദേഹം പറഞ്ഞതു ശ്രദ്ധാർഹമാണ്: 'എല്ലാവരും അങ്ങനെയാണെന്നല്ല ഞാൻ പറഞ്ഞത്. വിവിധ തുറകളിലുള്ള നല്ലൊരു നമ്പർ വൈദികരെയും കന്യാസ്ത്രീകളെയും എനിക്കു നല്ലതുപോലെയറിയാം. ഇങ്ങനെ അസ്വസ്ഥതയും നിരാശയുമുള്ളവരെയും ഞാൻ പോയി തേടിപിടിച്ചതല്ല. തീർത്തും യാദൃശ്ചികമായി ബന്ധപ്പെട്ടവർ. പിന്നെ അവരിൽ നിന്നാണു വിവിധ മഠങ്ങളിലും വൈദികവൃത്തിയിലും നടക്കുന്ന ഭയപ്പെടുത്തുന്ന, ഭീകരമായ അനുഭവകഥകൾ കേട്ടത്. അല്ലാതെ ഇവയൊന്നും എന്റെ ഭാവനാവിലാസമല്ല. തീർത്തും വിശ്വാസയോഗ്യമായ പങ്കുവയ്ക്കലിലൂടെയാണിവ മനസ്സിലാക്കിയത്'.

ഞാൻ അതിനെ എതിർക്കാൻ പോയില്ല. അവസാന വിലയിരുത്തലിലും അപഗ്രഥനത്തിലും അദ്ദേഹം പറഞ്ഞതു ശരിയാണെന്നു എന്റെ കഴിഞ്ഞ 39 വർഷത്തെ വൈദിക ജീവിതം സ്ഥിരീകരിക്കുന്നതാണ്. എന്നെ അത്ഭുതപ്പെടുത്തിയതു ഒരു സാധാരണ അൽമേനി എങ്ങനെ ഈ വർഗ്ഗത്തിന്റെ കാപട്യവും ഇരട്ടത്താപ്പും ഇത്ര വസ്തുനിഷ്ഠമായി മനസ്സിലാക്കി എന്നതാ

ണ്. അവസാനമായിട്ടു അദ്ദേഹം എന്നോടു ചോദിച്ചു: 'അലോഷ്യസച്ചൻ ദഹിക്കാതെ കിടന്ന പന്നിയിറച്ചി ഛർദ്ദിച്ചുകഴിഞ്ഞപ്പോൾ ഇപ്പോൾ അനുഭവിക്കുന്ന സന്തോഷവും സംതൃപ്തിയും എങ്ങനെ ഈ പാവപ്പെട്ട വൈദികഗണത്തിനും കന്യാസ്ത്രീവ്യൂഹത്തിനും കൈവരിക്കാൻ പറ്റും? അതിനെന്തെങ്കിലും പ്ലാൻ ആസൂത്രണം ചെയ്യേണ്ടതല്ലേ?' അതിനു ഞാൻ പറഞ്ഞു: 'തീരുമാനം മരുന്നു കുത്തിവയ്ക്കുന്നതുപോലെ കുത്തിവയ്ക്കാവുന്നതല്ല. ഉത്തരവാദിത്വത്തോടെ ബോധപൂർവ്വം സ്വയം തീരുമാനം എടുക്കുമ്പോൾ അവിടെ സംതൃപ്തി കളിയാടും'.

പന്നിയിറച്ചി വിഴുങ്ങിയതിനെ അടിസ്ഥാനമാക്കി നടന്ന ദൈവശാസ്ത്ര വിചിന്തനം രസകരവും ധന്യവുമായി അനുഭവപ്പെട്ടു. യാത്രപറയാൻ ഞങ്ങൾ എഴുന്നേറ്റപ്പോൾ ഹസ്തദാനം ചെയ്തുകൊണ്ടു അദ്ദേഹം പറഞ്ഞു: 'കൂടെയുണ്ട്; ധൈര്യമായി മുന്നേറുക.' അദ്ദേഹം നടന്നുനീങ്ങി, മറക്കാനാവാത്ത ഒരനുഭവം പ്രദാനം ചെയ്തുകൊണ്ട്.

# 2
# ചരിത്രപാഠം

ഇന്നലെ എന്റെ കൂട്ടുകാരി കൊച്ചുമോളും ഞാനുംകൂടി ഞങ്ങളുടെ ഒരു സുഹൃദ് കുടുംബത്തെ സന്ദർശിച്ചു. കുശലം പറഞ്ഞുതുടങ്ങിയപ്പോഴേ ചർച്ചയുടെ ഗതി രാഷ്ട്രീയമായി. പിന്നെ നല്ലൊരു രാഷ്ട്രീയ സംവാദമാണു നടന്നത്.

സി. പി. ഐ. (എം.) പെരുമാറ്റചട്ടത്തിനുള്ള കരടുരേഖ കൊണ്ടുവരാൻ ഇന്നു പോളിറ്റ്ബ്യൂറോ ദില്ലിയിൽ കൂടുകയാണ്. അങ്ങനെ എന്തെങ്കിലും കർശനമായും വസ്തുനിഷ്ഠമായും വന്നാൽ പാർട്ടി രക്ഷപെട്ടേക്കുമെന്ന ഞങ്ങളുടെ സുഹൃത്തിന്റെ നിരീക്ഷണത്തോടു കൊച്ചുമോൾ പ്രതികരിച്ചു: 'കരടുരേഖ കൊണ്ടും പെരുമാറ്റച്ചട്ടം കൊണ്ടും തിരുത്താനും രൂപീകരിക്കാനും പറ്റുന്ന ഒരു സമയമുണ്ടായിരുന്നു. അതിന്റെ സീമകളൊക്കെ അതിലംഘിച്ചു കഴിഞ്ഞിരിക്കുന്നു, ഇന്നത്തെ അവസ്ഥയെ വിലയിരുത്തുമ്പോൾ പാർട്ടിയിൽ ഏറ്റവും താഴെയുള്ള വെറും മെമ്പർതൊട്ടു പോളിറ്റ്ബ്യൂറോവരെ വിഭാഗീയതയും കാലുവാരലും ആസൂത്രിതമാംവിധം നടക്കുമ്പോൾ വെറും പെരുമാറ്റച്ചട്ട കരടുരേഖകൊണ്ടു പ്രശ്നം പരിഹരിക്കാൻ പറ്റുകയില്ല. വേണ്ടതു നമ്മിൽ ഒരോരുത്തരിലുമുള്ള മാറ്റമാണ്. സത്യത്തിൽ പാർട്ടിയെ സ്നേഹിച്ചാൽ ഞാൻ അധികാര മോഹിയാവില്ല; ധനാർത്തി എനിക്കുണ്ടാകില്ല. എന്റെ ജീവിതം തന്നെ ജനബന്ധിതമാകും. ഇതൊരു പ്രക്രിയയാണ്. അതിനാണ് ഗൗരവബുദ്ധ്യാ തുടക്കം ഇടേണ്ടത്. അതിനു സഖാവ് പ്രകാശ് കാരാട്ടിനു ഉൾദർശനവും കരുത്തുമുണ്ടോ എന്നു എനിക്ക് സംശയമാണ്'.

ഞങ്ങളുടെ സുഹൃത്തു തുടർന്നു: 'എന്തൊക്കെ പറഞ്ഞാലും

കേരളത്തിലെ ഈ സർക്കാർ ജനോപകാരപ്രദമായ ധാരാളം കാര്യങ്ങൾ, ഏതാണ്ട് അഴിമതി രഹിതമായിതന്നെ, ചെയ്തുകൂട്ടുന്നുണ്ട്. പക്ഷേ ക്ലച്ച് പിടിക്കുന്നില്ല. ചെയ്യുന്ന കാര്യങ്ങൾ ജനങ്ങളുടെയടുത്തു ചർച്ചയാകുന്നില്ല. അതു സജീവമാക്കേണ്ടതു കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റു പാർട്ടികളാണ്, ഡി. വൈ. എഫ്. ഐ., എസ്. എഫ്. ഐ., അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷൻ, എ. ഐ. വൈ. എഫ്. പോലുള്ള ബഹുജന സംഘടനകളാണ്. അവർക്കാ ഉത്തരവാദിത്തം ഇല്ലാത്തരീതിയിലാണ് അവരുടെ പോക്ക്. ഇപ്പോൾ പെരുമാറ്റചട്ട കരടു രേഖവരുമ്പോൾ, ചിലപ്പോൾ ഏകോപനം ഉണ്ടാകാനും കാര്യങ്ങൾ സജീവചർച്ചയാകാനും സാധ്യത തുറന്നു കിടക്കുന്നു. മാത്രമല്ല, ഇപ്പോൾ നടക്കാൻ പോകുന്ന മൂന്നു ഉപതെരഞ്ഞെടുപ്പിൽ (ആലപ്പുഴ, എറണാകുളം, കണ്ണൂർ) ഇടതുമുന്നണി ജയിച്ചാൽ വലിയ ബൂസ്റ്റാകും; പാർട്ടിയും സർക്കാരും കൂടുതൽ സജീവമാകും'. (മൂന്നിലും പരാജയപ്പെട്ടു എന്നതു പിന്നെ നടന്ന സംഭവം).

അപ്പോൾ ഞങ്ങളുടെ സുഹൃത്തിന്റെ സഹധർമ്മിണി ഇടപെട്ടു. 'നിങ്ങളെപ്പോലെയുള്ള ഇടതുപക്ഷ തീവ്രവാദികളാണിപ്പോഴും ഈ പ്രതീക്ഷവച്ചുകൊണ്ടു പോകുന്നത്. പൊതുജനം ഈ ഭരണം ഒന്നു മാറണം എന്നു തന്നെ ചിന്തിക്കുന്നവരാണ്. ഈ സർക്കാർ ഒത്തിരി നല്ല കാര്യങ്ങളൊക്കെ ചെയ്യുന്നു എന്നതു ശരിയാണ്. പക്ഷേ ഈ സർക്കാരിന്റെ പ്രതിച്ഛായ എന്തായാലും ഗുണകരമല്ല'.

എനിക്കു രണ്ടു നിരീക്ഷണങ്ങളാണ് പറയാനുള്ളത് എന്നു സൂചിപ്പിച്ചിട്ടു ഞാൻ ഇങ്ങനെ പറഞ്ഞു. ഒന്നു താങ്കളുടെ ഈ നിരീക്ഷണം കേരളത്തിലെ ഒരു നല്ല ഗണം വരുന്ന മധ്യവർഗ്ഗക്കാരുടെയും അതിനു തൊട്ടുതാഴെയുള്ളവരുടെയും സ്വാർത്ഥചിന്തയുടെ ഭാഗമാണ്. അവർക്ക് എപ്പോഴും വേണ്ടത്, ആരു ഭരിച്ചാലും, അവരുടെ സ്വാർത്ഥതാല്പര്യ സംരക്ഷണം നിറവേറ്റപ്പെടണം എന്നതാണ്. ഈ സർക്കാരിനെക്കൊണ്ടു നേടാവുന്നതൊക്കെ നേടിക്കഴിഞ്ഞു. ഇനി അടുത്ത മാറിയ സർക്കാർ വന്നാൽ അവരെക്കൊണ്ടും പലനേട്ടങ്ങളും കൊയ്യാനുണ്ട്. മറ്റു സംസ്ഥാനങ്ങളിൽ ഇങ്ങനെയുള്ള മധ്യവർഗ്ഗം വളരെ കുറവാ

ണ്. ഇതു കേരളത്തിന്റെ സവിശേഷതയാണ്. ഇവരാണ് ഓരോ പ്രാവശ്യവും ഭരണം മാറ്റിമറിക്കാനായിട്ടുള്ള മാധ്യമധർമ്മം കാര്യക്ഷമമായി നടത്തുന്നത്. ഇവരാണു അഭിപ്രായ സ്രഷ്ടാക്കൾ. അതു നമ്മെപ്പോലെയുള്ളവർ ഏറ്റുപറയുന്നു എന്നുമാത്രം. അതാണു ഇവർക്കുവേണ്ടത്. അങ്ങനെ നമ്മളും ഈ സ്വാർത്ഥ താല്പര്യക്കാരുടെ വക്താക്കളായി മാറുന്നു.

ഈ പറയുന്നതു വെറുമൊരു ഊഹാപോഹമല്ല. എന്റെ കൊച്ചു ഇടപെടലിൽ ഈ സർക്കാരിൽ നിന്നും ധാരാളം ആനുകൂല്യങ്ങൾ, ഇവരുടെ സഹയാത്രികർ എന്നു നടിച്ചു വാങ്ങിയിട്ടു, ഇനി മറ്റൊരു ഗവൺമെന്റ് എന്നു രഹസ്യമായും അവരവരുടെ കൊച്ചുലോകത്തു പരസ്യമായും പറയുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന എത്രയോ പേരെ നിരത്തി വയ്ക്കാൻ പറ്റും. എന്റെ കൊച്ചു നിരീക്ഷണത്തിൽ കേരളത്തിന്റെ ശാപമാണീ 'മധ്യവർഗ്ഗ വിപ്ലവകാരികൾ.' അവരെപ്പോലെ സ്വാർത്ഥമതികളും നിക്ഷിപ്ത താല്പര്യക്കാരും വേറെയില്ലെന്നു തന്നെയാണ് എന്റെ സുചിന്തിതമായ അഭിപ്രായം. ഇവർക്കു താഴോട്ടു നോക്കാൻ അറിയില്ല. എപ്പോഴും നോട്ടം മുകളിലോട്ടു തന്നെ-വലിയ സമ്പന്നരാണ് മാതൃക. സ്വാർത്ഥലാഭത്തിനായി ദരിദ്രജനങ്ങളെ ഉപയോഗിക്കുക ഇവരുടെ സർവ്വ സാധാരണമായ തൊഴിലാണ്. അതേ സമയം വലിയ സമ്പന്നർക്കറിയാം ദരിദ്രനാരായണരായ തൊഴിലാളി വർഗ്ഗത്തെ അവർക്ക് ആവശ്യമാണ്-അവർക്ക് സമ്പത്ത് സ്വരുക്കൂട്ടാനായി. അതുകൊണ്ടു അവർ താഴോട്ടു നോക്കാൻ നിർബന്ധിതരാകുന്നു. മധ്യവർഗ്ഗത്തിന് ആ സമ്മർദ്ദം പോലുമില്ല. ദരിദ്ര ജനതയെ ഇത്ര പുച്ഛത്തോടെ കാണുന്ന മറ്റൊരു വർഗ്ഗമില്ല. ഇവരുടെ ഈ ഇരട്ടത്താപ്പുനയവും കാപട്യവും എത്ര ഉറക്കെപ്പറഞ്ഞാലും മതിയാകില്ല. അത്രമാത്രം ദ്രോഹമാണു ഈ മധ്യവർഗ്ഗം കേരള രാഷ്ട്രീയത്തോടു കാണിക്കുന്നത്.

മറ്റൊരു നിരീക്ഷണം ഇതാണ്. കേരളത്തിലെ സാമാന്യജനതയ്ക്കു പൊതുവേ ഓർമ്മശക്തി കുറവാണ്; അഥവാ ഉണ്ടെങ്കിലും, കാര്യങ്ങൾ ഓർത്തിരുന്നു രാഷ്ട്രീയ തീരുമാനം എടുക്കുന്ന രീതി പൊതുവേയില്ല. ഭരണത്തിന്റെ അവസാന കാലയളവിൽ എങ്ങനെ ഭരണം കൊണ്ടുപോകുന്നു എന്ന പ്രതിച്ഛായക്കൊത്തായിരിക്കും അവരുടെ വോട്ടുചെയ്യുന്ന രീതി. കഴിഞ്ഞ

ഇടതുപക്ഷ നായനാർ സർക്കാർ ജനകീയാസൂത്രണം പോലുള്ള എന്തുമാത്രം ജനോപകാര പ്രവൃത്തിയാണ് ചെയ്തത്. പക്ഷേ അവസാനം ട്രഷറി മരവിപ്പിച്ചതും മറ്റും അവർക്കെതിരെയുള്ള തുറുപ്പു ചീട്ടായിമാറി. അവർ ദയനീയമായി തോറ്റു. യു.ഡി. എഫിനു 100 സീറ്റാണു കൊടുത്തത്! അതുപോലെ ഇനിയും ഒന്നര വർഷമുണ്ട്. കാര്യങ്ങൾ നേരേയാക്കാനും പ്രതിച്ഛായ മാറ്റാനും സാധാരണ ജനം അനുഗുണമായി വോട്ടു ചെയ്യാനുള്ള സാഹചര്യം സൃഷ്ടിക്കാനും ഈ സർക്കാരിനു വേണമെങ്കിൽ പറ്റും. ഭരണം അവസാനിക്കാറാകുമ്പോൾ ചെയ്യുന്ന കാര്യങ്ങളും നടത്തുന്ന പ്രചരണങ്ങളും തെരഞ്ഞെടുപ്പിൽ എപ്പോഴും നിർണ്ണായകമായ പങ്കുവഹിക്കുന്നതായാണ് ചരിത്ര പാഠം.

ഇങ്ങനെ തികച്ചും യാദൃച്ഛികമായ സുഹൃദ് സന്ദർശനം അർത്ഥവത്തായ ഒരു രാഷ്ട്രീയ ചർച്ചക്കു കളമൊരുക്കിയതിൽ ഏറെ തൃപ്തി തോന്നി.

# 3

# വഴിത്തിരിവുകൾ

7. 7. 2009 പ്രഭാതം. മഞ്ഞുമൂടിക്കിടക്കുന്നു. വളരെ.ലൈറ്റായി നീർത്തുള്ളി തൂകി നിൽക്കുന്നു. എല്ലാ ചെടികളും മരങ്ങളും നിശ്ചലം. നിശ്ചലമായി നിൽക്കുന്ന ഓരോ ഇലയ്ക്കും ഇതളിനും എന്തോ ഏറെ കാര്യങ്ങൾ പങ്കുവയ്ക്കാനുള്ളതുപോലെ. അവയുടെ അഗാധ നിശ്ചലതയിൽ വികാരതീവ്രത അനുഭവപ്പെട്ടു. നിശബ്ദതയിലെ വാചാലത. ശരിക്കും സംവദിക്കുന്ന അനുഭവം. എല്ലാംകൊണ്ടും എന്തോ വലിയൊരനുഭൂതിയുടെ പ്രതീകം.

അപ്പോഴാണു ഗൾഫിൽനിന്നൊരു ഫോൺ. '2009 ജൂലൈയിലെ ഓറയിൽ, കൊല്ലം ബിഷപ്പിനുള്ള തുറന്ന കത്തു വായിച്ചു. ആദ്യം അനുഭവപ്പെട്ടത് വലിയൊരു ഷോക്ക് ആയിരുന്നു. ഇന്നു നിലകൊള്ളുന്ന വിവിധ മതങ്ങളിൽ മെച്ചം കത്തോലിക്കാ സഭയാണ്; പ്രത്യേകിച്ച്, വിദ്യാഭ്യാസ മേഖലയിൽ സമൂഹത്തിൽ വലിയ സംഭാവന ചെയ്യുന്നു. കത്തോലിക്കാ സഭയിൽ ധാരാളം കുറ്റങ്ങളും കുറവുകളും കാണും. അവയുടെ കാഠിന്യത്തെപ്പറ്റിയൊക്കെ താങ്കൾക്കു അറിയാവുന്നതുപോലെ എനിക്കറിയാൻ പറ്റുകയില്ലല്ലോ. കത്തോലിക്കാ സ്ഥാപനങ്ങളിൽ പഠിക്കാൻ അവസരം കിട്ടി എന്നല്ലാതെ, കുടുംബ പശ്ചാത്തലം ഹൈന്ദവമാണല്ലോ. എങ്കിലും എന്റെ ചിന്ത പങ്കുവയ്ക്കട്ടെ. രാജിവച്ചു പുറത്തുപോകുന്നതിനേക്കാൾ ഉത്തമം, അതിനകത്തുനിന്നുകൊണ്ടുതന്നെ, അതിലെ തിന്മക്കെതിരെ പോരാടുകയല്ലേ? എന്റെ ഹൃദയവികാരം അറിയിച്ചെന്നേയുള്ളു. അന്തിമ തീരുമാനം താങ്കളുടേതാണ്'.

പ്രകൃതിയുടെ ഗംഭീര നിശബ്ദതയിൽ എന്റെ സുഹൃത്തിന്റെ

വാക്കുകൾ ഇടിമുഴക്കംപോലെ എന്റെ കർണ്ണപുടങ്ങളിൽ തുളച്ചുകയറി. ഇന്നലെ വൈകിട്ടു എന്നെ കാണാൻവന്ന ക്രൈസ്തവ-ഹിന്ദു-മുസ്ലീം മതങ്ങളിൽപ്പെട്ട ഏഴുപേർ ഓറയിലെ എന്റെ കത്തുവായിച്ചവർ ആയിരുന്നു. അവർ ഏഴു പേരുടെയും സമീപനം മറ്റൊന്നായിരുന്നു. കത്തുനന്നായി. നിലപാടു വ്യക്തമാക്കുന്ന കത്ത്. ഇങ്ങനെ നമ്മുടെ നിലപാടു വ്യക്തമാക്കുന്നതാണ് നമ്മുടെ മനസ്സിന്റെ സുഖത്തിനും ജീവിതസാഫല്യത്തിനും നല്ലത്. ഓറ മാസിക ജനങ്ങളുടെ അടുത്തുകിട്ടാൻ തുടങ്ങിയിട്ടേയുള്ളു. ഇനിയും മറ്റു പ്രതികരണങ്ങൾ പ്രതീക്ഷിക്കാം.

എന്നോടും എന്റെ നിലപാടിനോടും താല്പര്യമുള്ളവരുടെ പ്രതികരണങ്ങൾ എല്ലാം കൊണ്ടും വിലപ്പെട്ടതാണ്. അവയെ മനസ്സിലിട്ടു മനനം ചെയ്തുകൊണ്ടു പ്രകൃതിയെ നിരീക്ഷിച്ചുകൊണ്ടിരിക്കെ, മൂടിക്കിടക്കുന്ന ഇരുൾ പടലം പറന്നു മാറുന്നു, മന്ദമാരുതൻ എന്നെ വലയം ചെയ്യുന്നു, നിശ്ചലമായിരുന്ന ഇലകൾ സംഗീത സാന്ദ്രമായി മർമ്മരസ്വരം പുറപ്പെടുവിച്ചുകൊണ്ടു നൃത്തമാടുന്നു. എല്ലാംകൊണ്ടും ഹൃദയത്തിൽ ആനന്ദ നിർവൃതിയുടെ മോഹന നിമിഷങ്ങൾ. എന്റെ മനസ്സും ഉണർന്നു. എന്റെ സുഹൃത്തുക്കളുടെ മനോവികാരങ്ങളെ എങ്ങനെയാണു ഞാൻ വിലയിരുത്തുക?

ജീവിതം ഒരു യാത്രയാണ്. യാത്രയ്ക്ക് ഒരു ലക്ഷ്യമുണ്ട്. ആ ലക്ഷ്യസാക്ഷാത്കാരമാണ് ജീവിത സാഫല്യം. പ്രകൃതി പഠിപ്പിക്കുന്ന വലിയ പാഠമിതാണ്. ജീവിതം നിശ്ചലമല്ല. നിതാന്ത ചലനമാണ്, യാത്രയാണ്, അതൊരു ആനന്ദ നൃത്തമാണ്. ഈ ചലനവും നൃത്തവും പുതിയൊരു സമൂഹസൃഷ്ടിക്കുവേണ്ടിയാകുന്നിടത്താണ് ജീവിത സാഫല്യം. അപരനും പ്രകൃതിയും പ്രപഞ്ചവും എന്റെ ശ്രദ്ധാകേന്ദ്രമാകുന്നിടത്താണ് ജീവിതം അർത്ഥസമ്പന്നമാവുക. ഇങ്ങനെയൊരു വിശാല പ്രതലം മതസംവിധാനത്തിനില്ല. അവിടെ അകത്തു നിന്നുകൊണ്ട് നവീകരിക്കുകയല്ലേ പുറത്തുപോകുന്നതിനേക്കാൾ നല്ലത് എന്ന ചോദ്യം ഉദിക്കുന്നതേയില്ല. പക്ഷേ ഇങ്ങനെയൊരു മതനിരപേക്ഷ-പ്രാപഞ്ചിക ദർശനം രൂപപ്പെടുന്നതിനു പല തട്ടുകളിലൂടെ കടന്നു വരേണ്ടതുണ്ട്, യാത്ര ചെയ്യേണ്ടതുണ്ട്. ഇതൊരു നീണ്ട പ്രക്രിയയാണ്. 'ക്രിസ്ത്യാനി' എന്നോ 'പുരോ

ഹിതനെ'ന്നോ ഒന്നും വേണ്ട എന്നു തീരുമാനിച്ചുറച്ചു പ്രഖ്യാപിക്കുന്നത് ഈ പ്രക്രിയയുടെ ഭാഗമാണ്.

എന്റെ മറ്റൊരു സുഹൃത്ത് തീർത്തും അപ്രതീക്ഷിതമായി കടന്നുവന്നു. സംസാരം ആരംഭിച്ചു. കത്തു വായിച്ചു. ഓരോ വാക്കും അളന്നുകുറിച്ചാണ് എഴുതിയിരിക്കുന്നത്. വളരെ വ്യക്തതയോടെയുള്ള തീരുമാനം. അച്ചന്റെ ഈ തീരുമാനത്തിൽ എനിക്കത്ഭുതമൊന്നുമില്ല. എത്രയോ വർഷങ്ങളായി താങ്കളുമായി എനിക്കു പരിചയമുണ്ട്. താങ്കളുടെ ജീവിതം തന്നെ വേറിട്ട പടവുകൾ ചവുട്ടി കയറുന്നതാണല്ലോ. സാധാരണ മനുഷ്യർക്കു ജീവിതത്തിൽ ചിലപ്പോൾ ഒരു വഴിത്തിരിവ്. അത്രമാത്രം. അച്ചന്റെ ജീവിത കഥയിൽ എത്രയെത്ര വഴിത്തിരിവുകൾ-ഓരോന്നും നേരത്തെ എടുത്ത തീരുമാനങ്ങളേക്കാൾ ഊർജ്ജിതവും ശക്തിമത്തും. തുടർന്ന് സ്നേഹബുദ്ധ്യാ ഇങ്ങനെ പറഞ്ഞു: “എനിക്ക് ഒന്നേ പറയാനുള്ളു, അച്ചത്തവും ക്രിസ്ത്യാനിത്തവും രാജിവച്ചതുകൊണ്ട് എല്ലാമായെന്നു കരുതരുത്. ഇനിയും പുതിയ വേറിട്ട കാൽവയ്പുകൾ പ്രതീക്ഷിക്കുന്നു. അതിനു സാധ്യതയുള്ള വ്യക്തിയാണ് താങ്കൾ. തളരാതെ മുന്നേറുക. ഒപ്പം ഉണ്ട്.” എന്തൊരു വലിയ വ്യക്തിത്വത്തിന്റെ ഉടമ.

# 4

# നിങ്ങൾ പറഞ്ഞതിൽ കാര്യമുണ്ട്

പത്തനംതിട്ട ടൗണിനടുത്തുള്ള ഒരു ചെറിയ മാർക്കറ്റിൽ ഇ-മെയിൽ നോക്കിയിട്ടു തിരികെ ഞാൻ താമസിച്ചുകൊണ്ടിരുന്ന സ്ഥാപനത്തിലേക്കു നടക്കുകയായിരുന്നു. മൂന്നു കിലോമീറ്റർ നടക്കണം. അതിൽ രണ്ടേമുക്കാൽ കിലോമീറ്ററും കയറ്റമാണ്. ഏതാണ്ടു ഒന്നര കിലോമീറ്റർ നല്ല കയറ്റവും. ഓട്ടോറിഷക്കാർക്കു മടിയാണ് ഈ കയറ്റം കയറാൻ. കുറച്ചായപ്പോൾ ഏതാണ്ടു 55-60 വയസുതോന്നിക്കുന്ന ഒരു വ്യക്തി ഒരു സഞ്ചി നിറയെ സാധനങ്ങളുമായി റോഡിനരുകിൽ നില്ക്കുന്നു. കയറ്റം കയറിയതിന്റെ ക്ഷീണം മാറ്റുകയാണ്. അദ്ദേഹം ചോദിക്കാതെ തന്നെ അദ്ദേഹത്തിന്റെ സഞ്ചി ഞാനെടുക്കാമെന്നു പറഞ്ഞുകൊണ്ടു അദ്ദേഹത്തിന്റെ അടുത്തു ചെന്നു. 'വേണ്ട, ഞാൻ എടുത്തുകൊള്ളാം' എന്നായി. എങ്കിൽ നമുക്കു രണ്ടുപേർക്കും സഞ്ചിയുടെ രണ്ടു വള്ളിയിലും പിടിച്ചുകൊണ്ടു നടക്കാം എന്നായി ഞാൻ. അതിനിടയിൽ അദ്ദേഹ്ത്തിന്റെ സ്ഥലം എവിടെ എന്നന്വേഷിച്ചു. ഞാൻ താമസിക്കുന്നതിന്റെ 5-6 വീടിനടുത്താണെന്നു മനസ്സിലാക്കി. ഞങ്ങൾ കുശലം പറഞ്ഞു രണ്ടുപേരും സഞ്ചി മാറി മാറി ഒറ്റയ്ക്കും കൂട്ടായിട്ടും പിടിച്ചുകൊണ്ടു ഏതാണ്ടു ഒന്നര കിലോമീറ്റർ നടന്നു. അവിടെവരെ എത്തിയപ്പോൾ ഒരു ഓട്ടോവന്നു. ഞങ്ങൾ രണ്ടുപേരെയും അവരവരുടെ വീട്ടിൽ എത്തിച്ചു. പൈസ ഞങ്ങൾ തുല്യമായി പങ്കിട്ടു.

രണ്ടുദിവസം കഴിഞ്ഞ് എന്റെ കൂട്ടുകാരി കൊച്ചുമോളും ഞാനും വൈകിട്ടു നടക്കാൻ ഇറങ്ങിയപ്പോൾ, അദ്ദേഹം പശുവിനു പോച്ചയറുത്തുകൊണ്ടു വീട്ടിലേയ്ക്കു പോകുന്നു. എന്നെ കണ്ടപ്പോൾ എന്റെ മുമ്പിൽ പോച്ചക്കെട്ടുമായി നിന്നു വഴിതട

ഞ്ഞു. 'മനസ്സിലായോ' എന്ന ചോദ്യവും. കുശലം പറഞ്ഞപ്പോൾ ഞങ്ങളെ വീട്ടിലേയ്ക്കു ക്ഷണിച്ചു. ഞങ്ങൾ അദ്ദേഹത്തിന്റെ വീട്ടിലെത്തി. ഭാര്യ മാത്രമേയുള്ളു. 5 മക്കൾ എല്ലാവരും വിവാഹിതരായി, ഇപ്പോൾ എല്ലാവരും അമേരിക്കയിലും ഗൾഫിലും.

ഞങ്ങൾ പരസ്പരം പേരും നാടും പറഞ്ഞു പരിചയപ്പെടുത്തി. വീട്ടുകാരി ചോദിച്ചു:

'ഏതു മതത്തിൽ പെട്ടവരാണ്?'

'ഒരു മതത്തിലും പെട്ടവരല്ല' എന്ന് എന്റെ കൂട്ടുകാരി, 'അതല്ല; നിങ്ങൾ ബ്രദറൻ സഭക്കാരാണ്. കഴുത്തിൽ സ്വർണ്ണമാലയൊന്നുമില്ലല്ലോ.'

'ഇല്ല ഞങ്ങൾ ബ്രദറരല്ല. ഞങ്ങൾ വെറും മനുഷ്യർ' എന്നു കൊച്ചുമോൾ.

'എങ്കിൽ സ്വർണ്ണമിടാമായിരുന്നു. നിങ്ങൾ രക്ഷിക്കപ്പെട്ട ബ്രദറർതന്നെ'.

ശക്തമായി കൊച്ചുമോൾ പറഞ്ഞു: 'ഇല്ല ഞങ്ങൾ വെറും മനുഷ്യർ'.

'ഇവിടെ അടുത്തുള്ളവരൊക്കെ ബ്രദറരാണ്. ഞങ്ങൾ സ്വർണ്ണം ഉപയോഗിക്കില്ല. ദൈവം അനുഗ്രഹിച്ചു എല്ലാമുണ്ട്. മക്കളൊക്കെ നല്ല നിലയിലാണ്. എല്ലാം ദൈവകൃപ. നിങ്ങൾ രണ്ടുപേരും ബ്രദറർ തന്നെ. അതുകൊണ്ടല്ലേ ഈ സഹോദരൻ കഴിഞ്ഞ ദിവസം എന്റെ ഭർത്താവിന്റെ ഭാരം ചുമക്കാൻ കൈത്താങ്ങു നൽകിയത്?'

അതിനു കൊച്ചുമോൾ പ്രതികരിച്ചു: 'ചേച്ചിയുടെ ന്യായം ശരിയല്ല. ബ്രദറൻ അല്ല, അതുകൊണ്ടാണ് അദ്ദേഹം കൈത്താങ്ങു നൽകിയത്. ഇവിടങ്ങളിൽ ധാരാളം ബ്രദറന്മാർ ഉണ്ടായിട്ടും അങ്ങനെ ഒന്നും ഇതുവരെ ചെയ്തിട്ടില്ലല്ലോ? അദ്ദേഹം മനുഷ്യൻ ആയതുകൊണ്ടാണ് സഹായത്തിനു മുൻകൈ എടുത്തത്.'

അപ്പോൾ 'നിങ്ങൾ നിരീശ്വര വാദികളോ,' എന്നായി അവർ. അതിനു ഞാൻ: 'ഞങ്ങൾ ഒരു വാദികളുമല്ല, ഞങ്ങൾ പച്ചയായ മനുഷ്യർ. മനുഷ്യർക്കേ മനുഷ്യരുടെ വേദന അറിയാൻ പറ്റൂ. ദൈവകൃപകൊണ്ടു നിങ്ങളുടെ അഞ്ചുമക്കളെ അനുഗ്രഹിച്ചപ്പോൾ, തൊട്ടടുത്തുള്ള സഹോദരരുടെ മക്കളെ കൃപകൊണ്ടു

അനുഗ്രഹിച്ചില്ലെന്നു മാത്രമല്ല, അവരുടെ ജീവിതം വളരെ ദുരിത പൂർണ്ണമാക്കിയിരിക്കുന്നു. ഇങ്ങനെ പക്ഷഭേദം കാണിക്കുന്ന ഒരു ദൈവത്തെ നമുക്കു വേണ്ട. വേണ്ടതു മനുഷ്യരെയും പ്രപഞ്ച ത്തെയും സ്നേഹിക്കുന്ന മനുഷ്യരെയാണ്. മനുഷ്യരെ മനുഷ്യ രായി കാണാൻ പറ്റുന്ന ഒരു കണ്ണാണ് നമുക്ക് വേണ്ടത്. നിങ്ങൾ രക്ഷിക്കപ്പെട്ട ബ്രദറരായിട്ട് എന്തുകൊണ്ട് മനുഷ്യരുടെ ഇടയിൽ താണജാതിക്കാരെന്നു പറഞ്ഞു വിവേചനം കാണിക്കുന്നു. അപ്പോൾ ഇങ്ങനെ രക്ഷിക്കപ്പെട്ടിട്ടു കാര്യമില്ല. ചുരുക്കത്തിൽ ഞങ്ങൾ വെറും മനുഷ്യർ; പ്രപഞ്ച പരിണാമത്തിലെ ഒരു ചെറു കണ്ണി. അത്രമാത്രം.'

അവർ പിന്നെ 'രക്ഷ'യെപ്പറ്റി സംസാരിക്കാൻ മുതിർന്നില്ല. 'ഇനിയും വരണം' എന്നു പറഞ്ഞെങ്കിലും അതിൽ ആദ്യത്തെ ഹൃദ്യതയില്ലായിരുന്നു. കാണാനും ഹൃദയ വികാരം പങ്കുവയ്ക്കാ നുമുള്ള അവസരം കിട്ടിയതിനു നന്ദി പറഞ്ഞുകൊണ്ടു ഞങ്ങൾ യാത്ര പറഞ്ഞു. അവിടെ അദ്ദേഹം 'നിങ്ങൾ പറഞ്ഞതിൽ കാര്യ മുണ്ട്' എന്നു പറഞ്ഞു ഹസ്തദാനം ചെയ്തു.

## 5

# സമ്പന്നമായൊരു ദിനം

18. 10. 2009 എല്ലാം കൊണ്ടും നല്ലൊരു ദിനം. കേരള യുക്തിവാദി സംഘത്തിന്റെ പത്തനംതിട്ട ജില്ലാ സമ്മേളനത്തിൽ സെമിനാർ വിഷയമായ 'മതഭീകരതയ്ക്കെതിരെ മതേതര മാനവീകത അഥവാ ജനാധിപത്യം' എന്ന പ്രബന്ധം അവതരിപ്പിക്കേണ്ട ചുമതല എനിക്കായിരുന്നു. അതു ഏതാണ്ടു നല്ല രീതിയിൽ പ്രായോഗികതലങ്ങളെ തൊട്ടു സംസാരിച്ചതിൽ സംതൃപ്തി തോന്നി. അതിനേക്കാൾ സമ്പന്നമായതു അവിടെ നടന്ന ചർച്ചകളായിരുന്നു. അവിടെ നിന്നും ലഭിച്ച ഉൾക്കാഴ്ചകൾ ചുരുക്കി പറയട്ടെ.

- സാംസ്കാരിക വിപ്ലവം നടന്നാലേ സോഷ്യലിസമെന്ന യഥാർത്ഥ സമഗ്ര വിപ്ലവം സാധിതമാകൂ.
- ജനങ്ങളെ മാനസികമായി മതം അടിമത്തത്തിൽ നിലനിർത്തുന്നു.
- മതവും രാഷ്ട്രീയവുമിന്നു അവിഹിത ബന്ധത്തിലാണ്. മതസ്വാധീനമില്ലാത്ത രാഷ്ട്രീയമാണ് ഇന്നുവേണ്ടത്.
- ദൈവവും സ്വർഗ്ഗവുമുണ്ടെന്നു ശാസ്ത്രീയമായി തെളിയിച്ചാൽ സ്വീകരിക്കാം. അതുകൊണ്ടു ദൈവ വിശ്വാസികളോടു എതിരില്ല. പക്ഷേ ഇന്നേവരെ ആർക്കും തെളിയിക്കാൻ സാധിച്ചിട്ടില്ല. പിന്നെ എന്തിനീ പാഴ് വേല!
- 2009 സെപ്റ്റംപർ 29 ലെ ഹിന്ദുവിൽ യു. പി. യിൽ ദുർഗ്ഗാശക്തിയുടെ മുമ്പിൽ പോലീസ് ആയുധങ്ങൾ പൂജയ്ക്കുവയ്ക്കുന്നു! ഒരു മതേതര രാഷ്ട്രത്തിന്റെ അവസ്ഥ!
- 2001 ലെ കണക്കനുസരിച്ച് ഇന്ത്യയിൽ 2.5 മില്യൻ പള്ളി

കൾ, മോസ്ക്കുകൾ, അമ്പലങ്ങൾ. 2.1 മില്യൻ വിദ്യാലയ ങ്ങളേയുള്ളു. ദില്ലി മെട്രോപൊളിറ്റൻ സിറ്റിയിൽ തന്നെ 60,000 ദൈവ മന്ദിരങ്ങൾ! വീണ്ടും മതേതര ഇന്ത്യയുടെ ചിത്രമാ ണിത്!

- Believers' Church (Bp. K.P യോഹന്നാന്റെ കീഴിലുള്ള) നു 2001-08 വർഷങ്ങളിലെ വരവ് 100044 കോടിയാണ്. സമഗ്രാ ന്വേഷണം വേണമെന്നു മൂന്നുപ്രാവശ്യം നീക്കങ്ങൾ ഉണ്ടാ യിട്ടും, അവരുടെ മത-രാഷ്ട്രീയ ശക്തിക്കു തേച്ചുമായിച്ചു കളയാൻ പറ്റി. വീണ്ടും മതേതര ഇന്ത്യയുടെ ഗതികേട്!
- മതം ആത്മീയമേഖലയിൽ മാത്രം നില്ക്കണം; പക്ഷേ ഇന്നു ഭരണത്തിൽ, വിദ്യാഭ്യാസത്തിൽ പൊതുജീവിതത്തിലൊക്കെ ഇടപെടുന്നു. ഇത് അപകടമാണ്.
- വ്യക്തികളെ മതത്തിൽ നിന്നു മോചിപ്പിക്കുക; ഒപ്പം സാമൂ ഹ്യകെട്ടുപാടുകളിൽ നിന്നും. അവിടെയാണ് സമഗ്രമാറ്റം ഉണ്ടാവുന്നത്.
- സൗദി അറേബ്യയിലെ ഭരണഘടനയ്ക്ക് ഒരു വാചകം: വിശുദ്ധ ഖുർആനാണു ഭരണഘടന. ഇവിടെ എങ്ങനെ മതേ തര മാനവീകതയുണ്ടാകും.
- ഇന്ത്യ-പാക്കിസ്ഥാൻ വിഭജനത്തിന്റെ അടിസ്ഥാനം രണ്ടു മതങ്ങളാണ്, അത്യാധുനിക വിശകലനത്തിൽ.
- മതങ്ങൾ മണ്ണടിയട്ടെ; മനുഷ്യൻ ഒന്നാകട്ടെ എന്നതാണ് മുദ്രാവാക്യം.
- പുറംപോക്ക് ദൈവങ്ങൾ റോഡിന്റെ വികസനത്തിന് എതിര്
- യഥാർത്ഥ ജനകീയ മതേതര സർക്കാർ അന്ധവിശ്വാസ ത്തെയും മതാചാരങ്ങളെയും സ്പോൺസർ ചെയ്യാൻ പാടി ല്ല. ഹജ്ജിനു പോകുന്ന ഓരോ വ്യക്തിക്കും 1800 രൂപ സെൻട്രൽ സർക്കാർ ട്രഷറിയിൽ (പൊതുഖജനാവിൽ) നിന്നു കൊടുക്കുന്നത്. എന്തൊരു മതേതരത്വം!
- സിസ്റ്റർ അൽഫോൻസായെ പുണ്യവതിയാക്കിയപ്പോൾ മന്ത്രി മോൻസ് ജോസഫിനെ സർക്കാർ ചെലവിൽ റോമി ലയച്ചത് എവിടുത്തെ മതേതരത്വം!
- കേരളത്തിലെ റോഡുകൾ, ദേശീയപാതകൾ ഉൾപ്പെടെ, അവ താളത്തിൽ കിടക്കുമ്പോഴാണ്, യുദ്ധകാലാടിസ്ഥാനത്തിൽ

ഭരണങ്ങാനത്തേയ്ക്കുള്ള വഴികളൊക്കെ പൊതുഖജനാവിൽ നിന്നും പൈസ എടുത്തു ഭംഗിയാക്കിയത്. ഇതാണ് മതേതര പ്രവൃത്തി!

- മനുഷ്യന്റെ കാലത്തോളം പഴക്കമുണ്ട് ബൗദ്ധിക അന്വേഷണത്തിന് (rational enquiry). മനുഷ്യന്റെ മസ്തിഷ്ക്കത്തിന്റെ 3/4 ലും യുക്തിപൂർണ്ണമാണ്; 1/4 യുക്തിരഹിതവുമാണ്.
- മതവും ഉത്തരാധുനികതയും റാഷണൽ എൻക്വയറിയുടെ ശത്രുപക്ഷത്താണ്. ധനാധിപത്യവും മതാധിപത്യവും എല്ലാ യുക്തിയെയും തകിടം മറിക്കുന്നു. ആൾദൈവങ്ങളിലേയ്ക്കുള്ള ഉത്തരാധുനികരുടെ പരക്കം പാച്ചിലിൽ യുക്തിരാഹിത്യത്തിന്റെ പരമകാഷ്ഠയാണുള്ളത്.
- നിരന്തരം ചോദ്യം ചെയ്യുന്ന വിദ്യാഭ്യാസമാണ് ഇന്നാവശ്യം.
- നിഷേധിയുടേതാണ് യുക്തിവാദം; party affiliation നും യുക്തിവാദവും ഒത്തുപോകുകയില്ല.
- മതഭീകരവാദം മാത്രമല്ല, സാമ്പത്തിക ഭീകരവാദവും പരിസ്ഥിതി ഭീകരവാദവും അഭിസംബോധന ചെയ്യേണ്ടതുണ്ട്.
- സമീപകാലത്ത് എല്ലാ രാജ്യങ്ങളെയും ചൂഷണം ചെയ്തുകൊണ്ടു യു. എസ്. എ. നിഷ്ഠൂരമായി ഞെക്കികൊല്ലുകയാണ് - അതാണ് സാമ്രാജ്യത്വം.
- അതുപോലെ ഗുണ്ടാവാഴ്ചയും ആഗോളവത്ക്കരണത്തിന്റെ ഉപഭോഗഘടകമാണ്. കഴുത്തുവെട്ടിയാലും ക്വൊട്ടേഷൻ സ്വീകരിച്ചാലും എനിക്കു എത്രലക്ഷം എന്നതാണു കണക്ക്.
- പരിസ്ഥിതിക്കെതിരെ ഭീകരവാദം ഇന്നു കൂടിവരുന്നു. വികസനം വേണം. പക്ഷേ ചുറ്റുപാടുകൾ സ്റ്റാറ്റിക് അല്ല. കാടു വെറും മരങ്ങളല്ല; കാവ് വെറും മരങ്ങളുടെ കൂട്ടമല്ല, something more than that.

Can a rationalist be a believer? No. Can a believer be a rationalist? Yes.

- വിശ്വാസി യുക്തിചിന്തയ്ക്കു വിധേയമാകാം.
- What we want is a thinking society, a questioning society.
- പുരോഹിത'ൻ അവൻ എത്ര പുരോഗമനവാദിയായാലും,

അവനിൽ ഒരു മൗലികതാവാദം ഉണ്ട് എന്നതാണ് വസ്തുത.

- സ്വാധീനിക്കുന്ന ആശയങ്ങളുടെ സമുച്ചയമാണ് പ്രത്യയ ശാസ്ത്രം. ഓരോവ്യക്തിക്കും സമൂഹത്തിനും പ്രത്യയശാസ്ത്രമുണ്ട്. ഒരു പ്രത്യയശാസ്ത്രം ഉപേക്ഷിച്ചു മറ്റൊന്നിലേയ്ക്കു പോകാം. ഇവിടെ ഏതാണു നല്ലത്? പല കാഴ്ചപ്പാടാകാം എന്റെ ദർശനമോ? ബഹു ഭൂരിപക്ഷത്തിനു ഗുണം വരുത്തുന്നതാകണം പ്രത്യയശാസ്ത്രം.
- ഇന്നു പൊതുവേയുള്ളതൊക്കെ ആശയപരമായ (idealist ideology) പ്രത്യയ ശാസ്ത്രങ്ങളാണ്; വേണ്ടതോ, ചരിത്ര പരവും ഭൗതികവുമായ പ്രത്യയശാസ്ത്രമാണ്.
- God is a wrong inference or a wrong hypothesis എന്ന തിരിച്ചറിവിനു സമയം എടുത്തു. വിമോചനവും വിവേചനവുമായ ശേഷിയുണ്ടിന്നവനു.
- മതം-രാഷ്ട്രീയം-മാദ്ധ്യമങ്ങൾ ഇന്നു അവിശുദ്ധകൂട്ടുകെട്ടിലാണ്. മലയാളികൾക്കെല്ലാം ഇന്നു ഏറ്റവും സുപരിചിതമായ വാക്ക് 'ഇടയലേഖനം' ആണ്. ഇടയൻ തങ്ങളുടെ കുഞ്ഞാടുകൾക്കു നല്കുന്ന കല്പനയാണ് ഇടയലേഖനം. നമുക്കും ഇടയലേഖനങ്ങൾ ഇറക്കാം!!

അങ്ങനെ എല്ലാംകൊണ്ടും സമ്പന്നമായൊരു ദിനം.

6

# അനുസ്മരണം: പുസ്തകപ്രകാശനം

14. 11. 2008 പലതുകൊണ്ടും ധന്യത നല്കിയ ദിനം. ജനകീയ സംഘടനകൾക്ക് എന്നും പ്രചോദനവും ഉത്തരവാദിത്വമുള്ള അധ്യാപകനും പൊതുകാര്യങ്ങളിൽ തല്പരനുമായിരുന്ന ശ്രീ. അലോഷ്യസ് ഫെർണാന്റസായ എന്റെ ജ്യേഷ്ഠൻ അണ്ണാണ്ണന്റെ 12-ാം ചരമ വാർഷിക ഒത്തുചേരൽ അർത്ഥ സംപുഷ്ടമായിരുന്നു. അദ്ദേഹത്തിന്റെ 11-ാമത് അനുസ്മരണത്തിൽ അടർന്നു വീണൊരു ചിന്തയായിരുന്നു 12-ാമത് അനുസ്മരണത്തിൽ അണ്ണാണ്ണന്റെ കുടുംബാംഗങ്ങൾ സുഹൃത്തുക്കൾ, സഹപ്രവർത്തകർ എന്നിവരുടെ ഓർമ്മകളെ ക്രോഡീകരിച്ചുകൊണ്ടുള്ള ഒരു സ്മരണിക പ്രസിദ്ധീകരിക്കുക എന്നത്. അതിന്റെ വെളിച്ചത്തിൽ അണ്ണാണ്ണന്റെ രണ്ടാമത്തെ മകൻ ജോണിയും ഞാനുംകൂടി ഒരു കത്തുണ്ടാക്കി 48 പേർക്ക് അയച്ചു. 25 പേർ പ്രതികരിച്ചു. മറുപടി നൽകി. അതായതു 50% ത്തിൽ കൂടുതൽ. ഇതു സാധാരണ നടക്കുന്ന രീതിയല്ല. ഇതുപോലുള്ള കാര്യങ്ങൾക്കായി പലപ്രാവശ്യം കത്തുകൾ അയച്ചിട്ടുണ്ട്. 10% പ്രതികരണം കിട്ടിയാൽ സംരംഭം വിജയം എന്നാണ് വയ്പ്. അവിടെ 50%ത്തിൽ കൂടുതൽപേർ സഹകരിച്ചതു, ഈ സ്മരണികയുടെ പ്രസക്തി വർദ്ധിപ്പിക്കുന്നു. ഇക്കാര്യം അങ്ങേയറ്റം സന്തോഷം നല്കുന്ന അനുഭവമാണ്. സഹകരിച്ച എല്ലാവർക്കും നിറഞ്ഞ സ്നേഹത്തോടെ നന്ദി.

ഈ സ്മരണികയുടെ പേര്: 'വലിയവിള അലോഷ്യസ് ഡി. ഫെർണാന്റസ്-ഞങ്ങളുടെ പപ്പാ ഞങ്ങളുടെ സാർ, ഞങ്ങളുടെ അണ്ണാണ്ണൻ' എന്നാണ്. ഇതു ഓർമ്മകൾ. 25 ൽ മൂന്നെണ്ണത്തിനേ അല്പ സ്വല്പ ലേഖനരൂപമുള്ളു. പക്ഷേ ഈ സ്മരണിക ബന്ധ

പ്പെട്ടവരുടെ ഹൃദയവികാരത്തിന്റെ പ്രകാശനമാണ്. അല്ലാതെ, അലോഷ്യസ് സാറിന്റെ ജീവിത ചരിത്രമല്ല. അതുകൊണ്ടുതന്നെ ഇതു അണ്ണാണ്ണന്റെ വ്യക്തിത്വത്തെ മുഴുവനായി എടുത്തു കാട്ടുന്നില്ല. വരുംതലമുറയ്ക്കു എങ്ങനെ അണ്ണാണ്ണൻ പ്രചോദനമാകുമെന്നു കുറച്ചു വ്യക്തികൾ അവരുടെ ഓർമ്മകൾ പങ്കുവയ്ക്കുന്നുവെന്നുമാത്രം കണ്ടാൽമതി. പക്ഷെ ഒരു കാര്യം വ്യക്തമാണ്. പല വ്യക്തികൾ അവരവർക്കു ലഭിച്ച അഗ്നിസ്ഫുരണങ്ങൾ പങ്കുവച്ചപ്പോൾ, ഒരു തീജ്ജ്വാലയായി മാറി. അതേ, അണ്ണാണ്ണൻ ചരിത്രത്തിൽ മരിക്കാതെ തീനാളമായി ഉയർന്നു നിൽക്കും.

ഈ സ്മരണിക പുസ്തകം പ്രകാശനം ചെയ്തപ്പോൾ ഏറ്റുവാങ്ങി സദസ്യർക്കു പ്‌രിചയപ്പെടുത്തിയതു ജീവിതത്തിൽ അണ്ണാണ്ണനെ ഒരിക്കൽപോലും കാണുകയോ കേൾക്കുകയോ സംവദിക്കുകയോ ചെയ്തിട്ടില്ലാത്ത ശ്രീ. പ്രദീപ്കുമാറാണ്. അദ്ദേഹം അണ്ണാണ്ണനെ അതിമനോഹരമായാണു ചിത്രീകരിച്ചതു-തീർത്തും നിസാരമെന്നു തോന്നുന്ന അതേസമയം കൃത്യതയും ക്ലിപ്തതയും നല്കുന്ന ഹൃദ്യമായ അവതരണം. ഭാഷയുടെ ഭംഗിയല്ല ആഴത്തിലുള്ള ഹൃദയബന്ധത്തിന്റ ആവിഷ്ക്കരണം. സാധാരണ സ്മരണികയിൽ ആദർശവത്ക്കരണത്തിന്റെ മുഖംമൂടി കടന്നുവരാറുണ്ട്. മറയില്ലാതെ കൊച്ചു-വലിയ കാര്യങ്ങൾ ഇതിലുണ്ട്; അപ്പനോട് നീതി പുലർത്താൻ പറ്റിയില്ലെന്ന മകന്റെ കുമ്പസാരംവരെയുണ്ടിതിൽ. അവ ജീവസുറ്റതാണ്. അണ്ണാണ്ണന്റെ ജീവിതത്തെ തൊട്ടുകൊണ്ടുള്ള അനുഭവം പങ്കുവയ്ക്കൽ ജീവിതത്തിൽ നമ്മൾ കൈവിട്ടുപോയ ചില മൂല്യങ്ങളുടെ പ്രയോഗമാണ് അണ്ണാണ്ണനിൽ കാണുക. ഒരു സാധാരണ മനുഷ്യനിൽ നില്ക്കുന്ന ചുറ്റുപാടുകളിൽ നിന്നുകൊണ്ടു എങ്ങനെ മറ്റു ചുറ്റുപാടുകളോടു അല്പം സ്നേഹവും കരുതലും കരുണയും പകർന്നു കൊടുക്കാൻ പറ്റും എന്നു അലോഷ്യസ് സാർ പഠിപ്പിക്കുന്നു എന്നു പ്രദീപ് പറഞ്ഞവസാനിപ്പിച്ചു.

അണ്ണാണ്ണന്റെ മകനും മരുമകളും പറഞ്ഞതു ശ്രീ. പ്രദീപ്കുമാർ അണ്ണാണ്ണനെ തൊട്ടറിഞ്ഞതുപോലെയാണ് പ്രതിപാദിച്ചത്-ചില ഉൾക്കാഴ്ചകൾ തീർത്തും പുതുമയുള്ളതും അർത്ഥസാന്ദ്രവുമായിരുന്നു. കൃത്യനിഷ്ഠ, സമയ നിഷ്ഠ, വാക്കുപാലി

ക്കൽ, സ്വജീവിതത്തിൽ പിശുക്കും സാമൂഹ്യ ഉത്തരവാദിത്വ ത്തിൽ ധാരാളിത്തവും. സാധാരണ ജീവിതം പക്ഷേ ഏറ്റവും ഉദാത്ത ജീവിതം-ഇങ്ങനെ നമ്മുടെ ഓരോരുത്തരുടെയും ജീവി തത്തിൽ പകർത്താൻ ഒത്തിരിയേറെ കൊച്ചുകൊച്ചുകാര്യങ്ങൾ ചെയ്തു കടന്നുപോയ അണ്ണാണ്ണൻ ചരിത്രത്തിൽ ജീവിക്കും.

തുടർന്നു നടന്നത്, എന്റെ പുതിയ ഏഴു പുസ്തകങ്ങളുടെ പ്രകാശനമാണ്. ഓരോ പുസ്തകത്തെപ്പറ്റിയും താഴെ പറയാം. അതിനു മുൻപ് ഈ പുസ്തകങ്ങളുടെ അന്തഃധാരയെപ്പറ്റി ഒരു വാക്ക് അത്യാവശ്യമെന്നു തോന്നുന്നു. ഇപ്പോൾ 22 പുസ്തക ങ്ങൾ രചിച്ചിട്ടുണ്ട്. ഇതോടെ 29 എണ്ണം ആവുകയാണ്. എന്റെ പുസ്തകങ്ങളെപ്പറ്റി ഗൗരവതരമായ ഒരു വിമർശനമുണ്ട്-പുസ്ത കത്തിൽ ആവർത്തനമുണ്ട്. സമയവും സാവകാശവുമെടുത്തു തീർത്തും പുതിയ സൃഷ്ടിയാണ് ഇനി വരേണ്ടതു എന്ന അഭി പ്രായം പങ്കുവച്ചവർ പലരുണ്ട്. അവർക്ക് എന്നോടുള്ള കരുത ലിനും താല്പര്യത്തിനും സ്നേഹത്തിനും നന്ദിയുമുണ്ട്. പക്ഷേ ഈ പുസ്തകങ്ങളെപ്പറ്റി എനിക്കു പറയാനുള്ളത് ഇതാണ്- ഇവ യൊക്കെത്തന്നെ എന്റെ ഹൃദയ നൊമ്പരങ്ങളാണ്, തീവ്രമായ ആത്മാവിഷ്ക്കാരത്തിന്റെ സ്ഫുരണങ്ങളാണ്, ഒരു ബദൽ അന്വേ ഷണത്തിന്റെ സത്യസന്ധമായ ഹൃദയത്തുടിപ്പുകളാണ്. ആ രീതി യിൽ ചില ചെറിയ ആവർത്തനമുണ്ടെങ്കിലും, അതിൽ പുതു മയും ജീവനും ആത്മാംശവുമുണ്ട്. ഈ ചിന്തയാണ് ഈ എഴു ത്തുകളുടെ/കുറിപ്പുകളുടെ പ്രേരകശക്തി, ഈ സമീപനം ഉത്തേ ജനാത്മകമോ അല്ലയോ എന്നു വായനക്കാർ വിധിഎഴുതട്ടെ.

മറ്റൊരുകാരണം കൂടിയുണ്ട് ഇങ്ങനെ എഴുതാൻ. മലയാളി സമൂഹത്തിൽ വിമോചന ദൈവശാസ്ത്രത്തെപ്പറ്റിയോ വിമോ ചന ധാരയെപ്പറ്റിയോ, എഴുതിയിട്ടുള്ളവർ ഡോ. എം. എം. തോമ സ്, ഫാ. സെബാസ്റ്റ്യൻ കാപ്പൻ, ആർച്ചുബിഷപ്പു മാർ ഗ്രിഗോറി യോസ്, ബിഷപ്പ് പൗലോസ് മാർ, പൗലോസ് എന്നിവരാണ്. ഇവരൊക്കെത്തന്നെ മരണപ്പെട്ടു. ജീവിച്ചിരിക്കുന്നവരായി ഇപ്പോ ഴുള്ള ഫാ. സാമുവേൽരായൻ എസ്.ജെ., ഫാ. സെബാസ്റ്റ്യൻ കിഴക്കേക്കുറ്റു, റവ. എം. ജെ. ജോസഫ്, ഫാ. തോമസ് കോച്ചേരി, ശ്രീ. ജോസഫ് പുലിക്കുന്നേൽ തുടങ്ങിയവർ വിമോചന ധാര യെപ്പറ്റി അല്പസ്വല്പമൊക്കെപ്പറയുന്നെങ്കിലും സഭയുടെ/മത

ത്തിന്റെ കുടക്കീഴിൽ നിന്നുകൊണ്ടുള്ള വിമർശനങ്ങൾക്കു അപ്പുറത്തേയ്ക്കുള്ള കാൽവെയ്പ്പില്ല. അവിടെയാണ് എന്റെ വിമർശനം. ഇവയ്ക്കൊക്കെ അപ്പുറത്ത്, പൂർണ്ണമായും മതനിരപേക്ഷമായും മാനവീകമായും പ്രാപഞ്ചികമായും കാര്യങ്ങളെ വീക്ഷിക്കുകയും വിലയിരുത്തുകയും ഉൾക്കൊള്ളുകയും ചെയ്യുന്നു. വേറിട്ടൊരു ദർശനത്തിനു വേണ്ടിയാണ് എന്റെ നിലപാട്. നേരുചികയുന്ന ഈ പുതിയ ദർശനമാണ് എന്റെ എഴുത്തുകളുടെ ബലവും കാലിക പ്രസക്തിയും.

ഈ പുസ്തകങ്ങൾ വായിച്ചുകൊണ്ടുള്ള സത്യസന്ധവും ആത്മാർത്ഥവും ക്രിയാത്മകവും വിമർശനാത്മകവുമായ പ്രതികരണങ്ങളാണ് തുടർന്നുള്ള നീക്കത്തിനു ശക്തി എന്നു കൂടി പറയട്ടെ. ഈ ആമുഖത്തോടെയാണ്, സദസിലും വേദിയിലും സന്നിഹിതരായിരുന്നവരെ സഹർഷം സ്വാഗതം ചെയ്തത്.

യോഗത്തിനു ആദ്ധ്യക്ഷ്യം വഹിച്ചതു ആലപ്പുഴ പുന്നപ്ര വടക്കു പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി പി. കെ. രതിയാണ്. യോഗത്തിൽ ശ്രീ. അലോഷ്യസ് ഡി. ഫെർണ്ണാന്റസ് (സീനിയർ) ന്റെ അനുസ്മരണം ഏറ്റവും ഹ്രസ്വമായി, പക്ഷേ ഹൃദയഹാരിയായി, നടത്തിയതു ശ്രീ. എൻ. ജി. ശാസ്ത്രിയാണ്. അണ്ണാണ്ണന്റെ സ്മരണികയും എന്റെ ആറുപുസ്തകങ്ങളും പ്രകാശനം ചെയ്തത് 'കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്' ഡയറക്ടർ ഡോ. പി. കെ. പോക്കറായിരുന്നു. എന്നാൽ 'അനുഭവങ്ങൾ-തണൽ മരങ്ങൾ, തീക്കനലുകൾ' എന്ന പുസ്തകത്തിന്റെ ഒരു പ്രതി സാഹിത്യപ്രവർത്തക സഹകരണസംഘം പ്രസിഡന്റ് ശ്രീ. ശിവരാമൻ ചെറിയനാടിനു കൊടുത്തുകൊണ്ട് അദ്ധ്യക്ഷയാണ് പ്രകാശനം ചെയ്തത്.

ശ്രീ. ശിവരാമൻ ചെറിയനാട് എതാണ്ടിങ്ങനെ സദസ്യർക്ക് പുസ്തകത്തെ ചുരുക്കി പരിചയപ്പെടുത്തി. ആത്മകഥ എന്നു തോന്നും, പക്ഷേ അതല്ല; എന്നാൽ ആത്മാംശങ്ങൾ വന്നിട്ടുണ്ട്. യാത്രാവിവരണം എന്നു തോന്നും; പക്ഷേ അതല്ല. അനുഭവങ്ങൾ ജീവന്റെ ഭാഗമാണ്. കഥയോ നോവലോ അല്ല. എഴുത്തിന്റെ ഒരു പുതിയ മേഖലതന്നെയല്ലേ ഇതെന്നു തോന്നിപ്പോകുന്നു. ഒന്നാമത്തെ അധ്യായം തുടങ്ങുന്നത് 'എനിക്കു ഭയമാകുന്നു' എന്ന ശീർഷകത്തോടെയാണ്. ഒരു തീവണ്ടിയാത്ര.

നമ്മളൊക്കെ എന്തുമാത്രം തീവണ്ടിയാത്രകൾ നടത്തുന്നു. യാത്രയിലെ ഇടപെടൽ നിസാരവത്ക്കരിക്കാതെ അർത്ഥ സമ്പുഷ്ടതയുള്ളതാക്കി മാറ്റുന്നു ഗ്രന്ഥകാരൻ. ഈ യാത്ര അവസാനിക്കുന്നില്ല; ബന്ധങ്ങൾ തുടരുകയാണ്. ഇങ്ങനെ ഓരോ അനുഭവവും ജീവദായകമായാണനുഭവപ്പെടുക.

ഒരുകാര്യം വിമർശന വിധേയമാക്കണമെന്നും ശ്രീ. ശിവരാമൻ ചെറിയനാട് സൂചിപ്പിച്ചു. കത്തോലിക്കാ സഭയെയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെയും ഒരുപോലെ പരാമർശിക്കുന്ന ഒരു ഭാഗമുണ്ട്. ലോകത്തു, ഇന്ത്യയിൽ ഒത്തിരി രാഷ്ട്രീയ പാർട്ടികളുണ്ട്. ലോകത്തിലുള്ള എല്ലാ മാധ്യമങ്ങളും കൂടി ഒരു പാർട്ടിയെ നന്നാക്കാൻ ഇറങ്ങിയിരിക്കുന്നത് മാർക്സിസ്റ്റ് പാർട്ടിയെയാണ്. അച്ചൻ അതിനു തുനിയരുതായിരുന്നു. അതെഴുതണ്ട, എന്നു താൻ പറയുന്നില്ല. സംവാദങ്ങളുണ്ടാവുകയും തെളിവെള്ളം പുറത്തുകൊണ്ടുവരികയും ചെയ്യാൻ സാധിക്കും. ഇനിയും ധാരാളം പുസ്തകക്കുറിപ്പുകൾ വായനക്കാരിലേയ്ക്ക് എത്തിക്കാൻ കഴിയട്ടെ എന്ന ആശംസയോടെയാണ് അദ്ദേഹം അവസാനിപ്പിച്ചത്.

ഇവിടെ ശ്രീ. ശിവരാമൻ ചെറിയനാട് എന്നെ തെറ്റിദ്ധരിച്ചെന്നുവേണം പറയുവാൻ. ഞാൻ മാർക്സിസ്റ്റു പാർട്ടിയെ നന്നാക്കാനോ തിരുത്താനോ ആളല്ല. എന്റെ വ്യക്തമായ ഇടതുപക്ഷ നിലപാടു ഒളിഞ്ഞും തെളിഞ്ഞും പുസ്തകത്തിലുടനീളം ദർശിക്കാൻ പറ്റും. പക്ഷേ ഒരു കാര്യം സത്യം. മാർക്സിസ്റ്റു പാർട്ടി കർശനമായ സ്വയം വിമർശനത്തിനു വിധേയമാകേണ്ടതുണ്ട്. ഈ സത്യം പറയുന്നതിൽ ആരും കുണ്ഠിതപ്പെടേണ്ട കാര്യവുമില്ല.

ഡോ. പി. കെ. പോക്കർ തന്റെ മുഖ്യപ്രഭാഷണത്തിൽ ആമുഖമായി പറഞ്ഞു. 10-30 പേർ പങ്കെടുക്കുന്ന ഒരു പരിപാടിയിൽ തിരുവനന്തപുരത്തുനിന്ന് ആലപ്പുഴ ജനജാഗൃതിയിൽ വരേണ്ടതുണ്ടോ എന്ന ആലോചന തനിക്കുണ്ടായി. അതിനു കിട്ടിയ ഉത്തരമിതാണ്. ജനജാഗൃതിയും ഫാദർ അലോഷ്യസും ചെയ്യുന്ന സേവനത്തിന്റെ ഭാഗമാവുക തന്റെ ഉത്തരവാദിത്വമാണ് എന്ന ബോധ്യം. അച്ചൻ നടത്തുന്ന സാമൂഹ്യ ഇടപെടലുകളെ ആദരപൂർവ്വം അർഹിക്കുംവിധം ഉയർത്തിപ്പിടിക്കുകയും

പിന്തുണ നൽകുകയും ചെയ്യുക നമ്മുടെ എല്ലാവരുടെയും കട മയാണ് എന്ന ചിന്തയാണ് അദ്ദേഹത്തെ ജനജാഗൃതിയിൽ എത്തിച്ചത് എന്നദ്ദേഹം പറഞ്ഞു.

തുടർന്നദ്ദേഹം പറഞ്ഞു, അലോഷ്യസച്ചൻ തന്റെ വീക്ഷണ ത്തിലൂടെയാണു യേശുവിനേയും സഭയേയും കാണുന്നത്. ഇതു സ്വന്തം വഴിയല്ല. ചരിത്രത്തിൽ മറ്റുള്ളവർ തെളിച്ചവഴിയിലൂടെ യാണ് ഫാദറും നീങ്ങുന്നത്. കസാൻദ്സക്കീസ് ആണ് തനിയ്ക്കു യേശുവിനെ കാട്ടിക്കൊടുത്തത് എന്നുമദ്ദേഹം പറഞ്ഞു. ഒരു ഭൃത്യനു ഒരേസമയം രണ്ടു യജമാനന്മാരെ എങ്ങനെ സേവി ക്കാൻ കഴിയും? അങ്ങനെയൊരു ദൗത്യം ഏതെങ്കിലും മത സ്ഥാപനം ചെയ്യുന്നെങ്കിൽ അതിൽ പ്രശ്നമുണ്ട്. അതാണച്ചൻ വ്യക്തമാക്കുന്നത്. അവിടെ യേശുവിന്റെ യഥാർത്ഥവഴി അച്ചൻ വെട്ടിത്തെളിക്കുന്നു.

തുടർന്നു 'പ്രപഞ്ചസിംഫണി' എന്ന പുസ്തകം പാലക്കാട് അട്ടപ്പാടിയിലെ വിശ്വമൈത്രിയുടെ സ്ഥാപകനും ബദൽ സംഘ ജീവിതത്തിനായി സ്വയം അർപ്പിതനുമായ പി. ഡി. മാണിയാണ് ഏറ്റുവാങ്ങി സദസ്യർക്കു പരിചയപ്പെടുത്തിയത്. അദ്ദേഹം ഏതാ ണ്ടിങ്ങനെ പറഞ്ഞുവച്ചു. ഞങ്ങളുടെയൊക്കെ വഴിമാറി നടക്ക ലിന്റെ ജീവിതയാത്രയുടെ തുടക്കം വിമോചന ദൈവശാസ്ത്ര മെന്നു പറയാം. പക്ഷേ ഇന്നു ഞങ്ങൾ ആ മേഖലയിൽ നിന്നും വളരെ മാറിക്കഴിഞ്ഞു. സത്യത്തിൽ വിമോചനദൈവശാസ്ത്ര വുമായി പുലബന്ധംപോലുമില്ല എന്നു പറയുന്നതാകും ഉത്ത മം. ഒരു ഉപമ ഓർമ്മവരുന്നു.

വടക്കോട്ടുപോകുന്ന ട്രയിനിൽ തെക്കോട്ടുപോകേണ്ടയാൾ ദിശതെറ്റി കയറുന്നു. യാത്ര ആരംഭിച്ചുകഴിഞ്ഞു. ദിശതെറ്റി എന്നു മനസ്സിലായി. 25-30 ബോഗികളുള്ള ട്രയിനിന്റെ നീണ്ട വരാന്ത യിൽ തെക്കോട്ടു നടക്കുകയോ ഓടുകയോ ചെയ്യാം; തെക്കോട്ട് പോകുകയാണ് എന്ന മിഥ്യാബോധത്തിൽ. ട്രയിൻ വടക്കോട്ടു തന്നെ പോകും. ഇതിനു സമാനമാണ് വിമോചന ദൈവശാ സ്ത്രം. ശരിയായ പാതയിലല്ല മതം/സഭനീങ്ങുന്നതെന്നറിയാം; പക്ഷേ അതിനകത്തു നിന്നുകൊണ്ടുതന്നെ മറുപാത തിരയുക യാണ്. ലക്ഷ്യത്തിൽ എത്തുകയില്ല. വേണ്ടതു ട്രയിൻ പിടിച്ചു നിർത്തുകയോ (risk) സാഹസികത ഉണ്ടെങ്കിൽ പോലും എടു

ത്തുചാടുകയോ ചെയ്തിട്ടു തെക്കോട്ട് ലക്ഷ്യത്തിലേക്കു പോവുകയാണ്. ഈ തെക്കോട്ടുള്ള യാത്രയുടെ തിരിച്ചറിവിന്റെ വിശദാംശങ്ങളാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം.

ബോധം വഴിമാറി നടക്കുന്നതിന്റെ ഫലമായി സുദീർഘമായി ഉണ്ടായിരുന്ന സുഹൃത്തുക്കൾ നഷ്ടപ്പെടും. ദൈവവിശ്വാസവും മതവും വടക്കോട്ടു കൊണ്ടുപോകുന്ന ട്രയിനാണ്. ഇവിടെ എടുത്തു ചാടുകയേ നിവൃത്തിയുള്ളു; തെക്കോട്ടുള്ള ലക്ഷ്യത്തിൽ എത്തിച്ചേരാൻ. തന്റെ തന്നെ ഒരനുഭവ കഥ. 13 വർഷമായി നിഷ്കളങ്ക പ്രേമബന്ധിതരായ രണ്ടു വ്യക്തികൾ. രണ്ടു (ക്രിസ്ത്യാനി-ഹിന്ദു) മതവിശ്വാസികൾ. അവർക്ക് ഒന്നിക്കാൻ സാധിക്കുന്നില്ല. മതവും ദൈവവും മത-ദൈവ വിശ്വാസികളും അവരെ വല്ലാതെ വേദനിപ്പിച്ചു. അവസാനം അവർ വിവാഹിതരാകുന്നു. മംഗളപത്രത്തിൽ ഇനിയുള്ള നിങ്ങളുടെ ദാമ്പത്യജീവിതം പൂവണിയാൻ ദൈവം അനുഗ്രഹിക്കട്ടെ എന്നാണ് ആശംസ. മാണിയുടെ ചോദ്യമിതാണ്. 13 വർഷങ്ങളായി സ്നേഹം പൂവണിയാൻ തടസം നിന്ന ദൈവവിശ്വാസവും അനുഷ്ഠാനവും ഇനി എന്തിന്? ഈ വിശ്വാസം ഉപേക്ഷിക്കുകയാണു വേണ്ടത്. ഉത്തരവാദിത്വമുള്ള ദമ്പതികളായി സ്വയം ജീവിക്കുകയാണ് വേണ്ടത്.

അതുപോലെ ഇന്നത്തെ കുടുംബസംവിധാനം, ലൈംഗികതയെപ്പറ്റിയുള്ള വികലമായ ധാരണകൾ, കൂലിവേല, അധികാര ക്രമം-ഇവയൊക്കെ ഈ പുസ്തകത്തിൽ വിമർശനത്തിനു വിധേയമാക്കുന്നു; ഇവയൊക്കെ ബദലുകൾ ആവശ്യമാണെന്നു വ്യക്തമാക്കുന്നു. അങ്ങനെ അർത്ഥപൂർണ്ണവും ഉത്തരവാദിത്വപരവുമായ സ്ത്രീപുരുഷബന്ധം, ജൈവഘടനയുടെ സുസ്ഥിരതയ്ക്കും വളർച്ചയ്ക്കും അനിവാര്യമായ ലൈംഗികത, സഹകരണാടിസ്ഥാനത്തിലുള്ള ആത്മാവിഷ്ക്കാരമായ അധ്വാനം, കളിക്കൂട്ടസംഭാവനയിലുള്ള ജീവിതം-ഇവയിലൂടെ ഉരുത്തിരിയുന്ന ഒരു ബദൽ സംഘജീവിതത്തിലേയ്ക്കാണ് പുസ്തകം വിരൽ ചൂണ്ടുന്നത്.

"വിവാഹ സർട്ടിഫിക്കറ്റ്" എന്ന പുസ്തകം ശ്രീ. കെ. ബി. അജയനാണ് ഏറ്റുവാങ്ങി സദസ്യർക്കു പരിചയപ്പെടുത്തിയത്. എല്ലാ ലേഖനങ്ങളും സഭയെക്കുറിച്ചാണ്. കേരളത്തിലെ

സാമൂഹ്യ-രാഷ്ട്രീയ മേഖലകളിൽ സഭ എന്നും ഇടപെട്ടിട്ടുണ്ട്. ഇടപെടുന്ന രീതിക്ക് ഒരു പ്രത്യേകതയുമുണ്ട്-കമ്മ്യൂണിസ്റ്റ് വിരുദ്ധ സമീപനം. 1950 കളിൽ കൊല്ലം ബിഷപ്പും കേരള ബിഷപ്പ്സ് കോൺഫറൻസും ആർക്ക് വോട്ടുചെയ്യണം, ആർക്കു വോട്ടുചെയ്യരുത് എന്നു വ്യക്തമാക്കി ഇടയലേഖനങ്ങൾ ഇറക്കിയിട്ടുണ്ട്. സമകാലീന രാഷ്ട്രീയ സാഹചര്യത്തിലും ഇടയലേഖനങ്ങൾ ഇറക്കുന്നു. ധർമ്മം ഒന്നേയുള്ളു. മതങ്ങളുടെ/സഭയുടെ നിക്ഷിപ്ത താല്പര്യങ്ങളെ തൊട്ടു എപ്പോൾ ചോദ്യമുണ്ടാകുന്നുവോ, അവിടെ സഭ അങ്കത്തട്ടിലിറങ്ങുകയായി; ഏതു നീചവും ക്രൂരവുമായ ഇടപെടലുകൾ നടത്തുകയായി. ബ്രൂണോയോ ഗലീലിയോയോ ഒറ്റപ്പെട്ട വ്യക്തികളല്ല സഭാചരിത്രത്തിൽ; ബ്രൂണോമാരും ഗലീലിയോമാരും എന്നും ഉണ്ടായിക്കൊണ്ടിരുന്നു. അവരുടെ നേരേ സഭ എന്നും വാളോങ്ങുന്നു. ഇന്നും ആ പ്രക്രിയ നടക്കുകയാണ്. സഭയുടെ സ്വഭാവത്തിൽ ഒരു മാറ്റവുമില്ല. മാറ്റം ഒന്നേയുള്ളു സഭയുടെ നിക്ഷിപ്ത താല്പര്യസംരക്ഷണത്തിനെതിരെ നിൽക്കുന്നവർക്കു എതിരെയുള്ള ഇന്നത്തെ ഇടപെടൽ കൂടുതൽ രൂക്ഷവും ആസൂത്രിതവുമാണ്. അലോഷ്യസച്ചൻ സൂക്ഷിച്ചു നീങ്ങണം; അപകടകരമായ നിലപാടാണ് ഈ പുസ്തകങ്ങളിലൂടെ എടുത്തിരിക്കുക. പക്ഷേ അതു സത്യത്തിന്റെ പാതയാണ്, കുരിശിന്റെ വഴിയാണ്. അതിനു ചരിത്രം സാക്ഷി.

'അരാഷ്ട്രീയക്കാരന്റെ രാഷ്ട്രീയം' എന്ന പുസ്തകം ഏറ്റുവാങ്ങി സദസ്യർക്കു പരിചയപ്പെടുത്തിയത് കേരളസാഹിത്യ അക്കാദമി നിർവ്വാഹക സമിതിയംഗം ഡോ. അമൃതയാണ്. മാർക്സിസം ദാരിദ്ര്യത്തിന്റെയും ഇല്ലായ്മയുടെയും തത്വശാസ്ത്രമല്ല, മറിച്ച് ജനശക്തിയുടെയും ജനക്ഷേമത്തിന്റെയും ജനവിമോചനത്തിന്റെയും രീതി ശാസ്ത്രമാണെന്നു കേരളത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ പരിസ്ഥിതികളെ ഇടതുപക്ഷ പരിപ്രേക്ഷ്യത്തിൽ പരിശോധിക്കുകയാണ് അലോഷ്യസച്ചൻ ചെയ്യുന്നത് എന്നു വ്യക്തമാക്കി. ആലോചനാമൃതങ്ങളായ നിരവധി വിഷയങ്ങളെ ഇടതുപക്ഷ ദർശനത്തിന്റെ വെളിച്ചത്തിലാണ് വിശകലനം ചെയ്യപ്പെടുക. കേരള സമൂഹത്തിന്റെ ഏറ്റവും വലിയ ശാപം ഒരു രാഷ്ട്രീയവുമില്ലെന്നു പ്രഖ്യാപിച്ചിട്ട് വലതുപക്ഷ

രാഷ്ട്രീയത്തിനു വളംവച്ചുകൊടുക്കുന്ന മധ്യവർഗ്ഗ അരാഷ്ട്രീയക്കാരാണ് എന്നും അച്ചൻ വ്യക്തമാക്കുന്നു. നല്ല വായനാനുഭവം നൽകുന്ന കൊച്ചൊരു പുസ്തകം.

'കത്തോലിക്കാസഭയുടെ ചാവുദോഷങ്ങൾ' എന്ന പുസ്തകം ഏറ്റുവാങ്ങി സദസ്യർക്ക് പരിചയപ്പെടുത്തിയതു കാലടി സംസ്കൃത സർവ്വകലാശാലയിലെ റീഡർ ഡോ. ധർമ്മരാജ് അടാട്ടാണ്. വഴിയോരങ്ങളിലൂടെ ആരോടെന്നില്ലാതെ സത്യം വിളിച്ചോതുന്ന ഒരു വ്യക്തിയെയാണ് അലോഷ്യസച്ചനിൽ കണ്ടെത്തുക. മതവും വിശ്വാസവും ഇന്നു മനുഷ്യരെ അന്ധരും അടിമകളുമാക്കുന്നു എന്ന പരമസത്യത്തെ അച്ചൻ സധൈര്യം വിളിച്ചു പറയുന്നു. 99 ശതമാനം ജനവും വിശ്വാസത്തിൽ ആണ്ടു കിടക്കുന്ന ഒരു രാജ്യത്തു വിശ്വാസം ഒരു ദുരന്തമാണ് എന്നു ഉറക്കെ പ്രഖ്യാപിക്കാൻ കരളുറപ്പുവേണം. മതത്തെയും ദൈവ വിശ്വാസത്തെയും അതിജീവിച്ചുകൊണ്ടുള്ള മതനിരപേക്ഷതയും മാനവീകതയും പ്രാപഞ്ചികതയുമാണ് അലോഷ്യസച്ചൻ സ്വപ്നം കാണുന്നത്. താൻ ജനിച്ചുവീണ, തന്നെ നിരന്തരം പരുവപ്പെടുത്തിയ സഭയോട് സദാ കലഹിക്കുന്ന അലോഷ്യസച്ചൻ മാറ്റത്തിന്റെ പ്രതീക്ഷയാണ്. ഈ പുസ്തകം അവസാനിക്കുന്നത്. 21.6.2009 കൊല്ലം ബിഷപ്പിനുള്ള തുറന്ന കത്തോടുകൂടിയാണ്. അതിലെ അവസാന വാചകമിതാണ്: "ഒരു പുരോഹിതനെന്ന നിലയിലോ മതപരമായ നിലയിലോ എല്ലാ ബന്ധങ്ങളും ഇതോടെ അവസാനിക്കട്ടെ. ഇതെന്റെ രാജിക്കത്തായി സ്വീകരിക്കുക-അലോഷ്യസ് ഡി. ഫെർണാന്റസ്" ഇതിനോടുള്ള വിയോജിപ്പുകൂടി ഡോ. ധർമ്മരാജ് അടാട്ട് രേഖപ്പെടുത്തി. 'ഫാദർ' എന്ന വിശേഷണം ആരുടെയും ഔദാര്യമല്ല. സഭയ്ക്കുള്ളിൽ നിന്നുകൊണ്ടു സഭയിലെ അനീതികളെ ചെറുക്കുകയാണ് വേണ്ടത് എന്ന് അദ്ദേഹം വ്യക്തമാക്കി. യോഗം കഴിഞ്ഞും പലരും ഈ ആശയത്തെ ആസ്പദമാക്കി സംസാരിക്കുകയും ആശയവിനിമയം നടത്തുകയും ചെയ്തു. അതുകൊണ്ട് അതിനെപ്പറ്റി എന്റെ ചിന്ത സംക്ഷിപ്തമായി ഇവിടെ പറയേണ്ടതുണ്ട് എന്നു തോന്നുന്നു.

ഡോ. അടാട്ട് സൂചിപ്പിച്ച അതേ കത്തിൽ തന്നെ എന്റെ ജീവിത പരിണാമത്തെപ്പറ്റി പരാമർശിച്ചിട്ട് എന്റെ ഹൃദയദാഹം

ഇങ്ങനെ വ്യക്തമാക്കുന്നു. "തീർത്തും മനുഷ്യത്വരഹിതമായ ഈ ക്രിസ്തീയ പരുവപ്പെടുത്തലിലൂടെ എനിക്കു കിട്ടിയത് അർത്ഥശൂന്യമായ രണ്ടു സാമുദായിക മുദ്രകളാണ് 'ക്രിസ്ത്യാനി' യും 'ഫാദ'റും. ഇവ എനിക്കാവശ്യമില്ല. സത്യത്തിൽ ഇവ രണ്ടിൽ നിന്നുമുള്ള സ്വാതന്ത്ര്യം കൊതിച്ചുകൊണ്ടുള്ളതാണ് എന്റെ ഭാവിയിലേയ്ക്കുള്ള ജീവിതം. എന്നാൽ വിക്രമാദിത്യന്റെ കഴുത്തിൽ തൂങ്ങിക്കിടക്കുന്ന വേതാളത്തെപ്പോലെ ഈ 'ഫാദർ-ക്രിസ്ത്യാനി' വിളി ഒഴിയാബാധയായി കൂടിയിരിക്കുന്നു. ജനമധ്യത്തിലും സാമൂഹ്യവ്യവഹാരങ്ങളിലും ഞാൻ കൃത്യമായി 'ലേബൽ' ചെയ്യപ്പെടുന്നു. ഈ മത-പൗരോഹിത്യ പ്രതിനിധാനങ്ങളെ പൂർണ്ണമായി ഒഴിവാക്കാൻ ഞാൻ എന്താണ് ചെയ്യേണ്ടത്. ഒന്നുകൂടി വ്യക്തമാക്കട്ടെ, ഇന്നത്തെ സമ്പന്ന-അധീശ-ക്രൈസ്തവസഭയിലെ ഒരംഗമോ ഒരു വൈദികനോ ആയിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല... വിശ്വസാഹോദര്യത്തിനുവേണ്ടി നിലകൊള്ളുന്ന ഒരു സാമൂഹ്യജീവിയായി, ഒരു മനുഷ്യജീവിയായി, പ്രാപഞ്ചിക പരിണാമത്തിന്റെ കണ്ണിയായി അലിഞ്ഞു ചേരുക. അതാണ് എന്റെ ജീവിത-സാഫല്യം." ഇത്ര വ്യക്തമായിട്ടാണു എന്റെ നിലാപടു വ്യക്തമാക്കിയിരിക്കുന്നത്. ഈയൊരു വ്യക്തതയിൽ ഞാൻ വിശ്വസിക്കാത്ത, വിലമതിക്കാത്ത, അർത്ഥശൂന്യമെന്നും ചൂഷണാധിഷ്ഠിതമെന്നും വ്യക്തതയുള്ള 'ഫാദർ' പദവി ഇനിയും സ്വയം പേറുക ആത്മവഞ്ചന ആകുകയില്ലേ? അതിനു ഞാനില്ല. എന്തെല്ലാം കുറവുകളും പാളിച്ചകളും ഉണ്ടെങ്കിലും ജീവിതത്തിൽ ഇന്നോളം വിലകൊടുത്തു തന്നെ കാത്തുസൂക്ഷിച്ചതു എന്നോടുതന്നെയുള്ള വിശ്വസ്തതയാണ്. ഇവിടെയും ഞാനതു പാലിച്ചിരിക്കും. ഇവിടെയാണ് 'ക്രിസ്ത്യാനി'യും 'ഫാദറും' എന്ന ലേബലിനു ഇനി ഞാൻ നിന്നു കൊടുക്കുകയില്ല എന്നു വ്യക്തമാക്കുന്നത്. ഇതു എന്റെ ബോധ്യമാണ്. മറ്റുള്ളവർ എന്നെ എങ്ങനെ കാണുന്നു എന്നതല്ല പ്രധാനം; ഞാൻ എങ്ങനെ എന്നെ കാണുന്നു എന്നതിനാണ് പ്രാമുഖ്യം. അവിടെ എന്റെ നിലപാടിൽ വ്യക്തതയോടെ ഉറച്ചു നിൽക്കുന്നു.

'ഒരു പുരോഹിതന്റെ ബദൽ ജീവിതരേഖ' എന്ന പുസ്തകം ഏറ്റുവാങ്ങിയതു പ്രൊഫ. എരുമേലി പരമേശ്വരൻ പിള്ളയാണ്.

അദ്ദേഹം ഇന്നുവരെ ഞാൻ പുറത്തിറക്കിയിട്ടുള്ള 22 പുസ്തകങ്ങളും താല്പര്യപൂർവ്വം വായിച്ചിട്ടുള്ള ഒരു മാന്യദേഹമാണ്. ആ പുസ്തകത്തിന്റെ പുറംതാളിൽ രേഖപ്പെടുത്തിയിരുന്ന "ഭൂമിയിൽ നരകയാതന അനുഭവിക്കാൻ വിധിക്കപ്പെട്ട ഹൃദയരേഖ.. മതങ്ങൾ ഉയർത്തിക്കാട്ടുന്ന സ്വർഗ്ഗത്തിന്റെ ബദൽ രേഖ.. പുരോഹിതമുദ്രയായ 'ഫാ.' ഉപക്ഷിക്കുന്ന ജീവിതരേഖ...." എന്നതു അക്ഷരാർത്ഥത്തിൽ ശരിയാണ്. ഭൂരിപക്ഷം പിടിച്ചുകൊണ്ടുള്ള തന്റെ ജീവിതയാത്ര തുടരുമ്പോൾ മതങ്ങൾ എടുത്തുകാട്ടുന്ന മോഹിപ്പിക്കുന്ന സ്വർഗ്ഗത്തിനും പേടിപ്പിക്കുന്ന നരകത്തിനും ബദൽ എടുത്തുകാട്ടേണ്ടതു തന്റെ ദൗത്യമായി അലോഷ്യസച്ചൻ കാണുന്നു. അതുപോലെ പൗരോഹിത്യവർഗ്ഗത്തിന്റെ തിന്മയുടെയും അനീതിയുടെയും ചൂഷണത്തിന്റെയും പ്രതീകമായ 'ഫാ.' ഉപേക്ഷിക്കുക ജീവിതത്തോടുള്ള സത്യസന്ധതയാണ്. അങ്ങനെ എല്ലാംകൊണ്ടും വായിക്കേണ്ട ഒരു പുസ്തകമെന്ന ദ്ദേഹം തറപ്പിച്ചു പ്രഖ്യാപിച്ചു.

"ഇവൻ യേശു-ഒരു മനുഷ്യപുത്രന്റെ ജീവിത കഥ" എന്ന പുസ്തകം ഏറ്റുവാങ്ങി സദസ്യർക്കു പരിചയപ്പെടുത്തിയത് കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് റിസർച്ച് ഓഫീസർ ഡോ. എ. ജി. ഒലീനയാണ്. അവരുടെ അവതരണ രീതിതന്നെ എല്ലാവരെയും ആകർഷിച്ചു. ശാന്തതയോടെ, പുഞ്ചിരിയോടെ നിന്നുകൊണ്ട് വ്യത്യസ്തനായൊരു യേശുവിനെ അവതരിപ്പിച്ച ശൈലി സ്തുത്യർഹമാണ്. അവർ വ്യക്തമാക്കി, സാഹിത്യലോകത്തു ബൈബിൾതൊട്ട് ധാരാളം പുസ്തകങ്ങൾ യേശുവിനെപ്പറ്റി എഴുതിയിട്ടുണ്ട്;യേശുവിന്റെ ജീവിത ചരിത്രം എഴുതിയവർ അനേകം. അവ മിക്കവയും അവർ വായിച്ചിട്ടുണ്ട് എന്നും അവർ സാക്ഷ്യപ്പെടുത്തി. അവയൊക്കെ ആരാണു യേശു എന്നു പറയാൻ ശ്രമിക്കുകയായിരുന്നു. പക്ഷേ ഇവിടെ അലോഷ്യസച്ചൻ "ഇവൻ യേശു" എന്നു പറഞ്ഞുകൊണ്ട് യേശു ആരല്ല എന്നു വ്യക്തമാക്കുന്നു. അദ്ദേഹത്തിന്റെ സമീപനത്തിലെ നൂതനത്വം അതാണ്. വലിപ്പവും സവിശേഷതയും അതാണ്. അതിനുതകുന്ന മനോഹരമായ ഒരു രണ്ടാം തലക്കെട്ടും 'ഒരു മനുഷ്യപുത്രന്റെ ജീവിത കഥ' എല്ലാം കൊണ്ടും അർത്ഥവത്തായി. പുസ്തകം നല്ലൊരു വായനാനുഭവം നൽകുന്നു. മാത്രമല്ല,

ധാരാളം ശത്രുക്കളെ നേടുന്നതുമാണ്. പക്ഷേ അതു ദരിദ്ര പക്ഷം പിടിക്കുന്ന യഥാർത്ഥ യേശുവിനെ അനാവരണം ചെയ്യുന്നതു കൊണ്ടാകയാൽ, ആ വാളിനു ജീവന്റെയും ഉത്ഥാനത്തിന്റെയും തുടിപ്പുകളുണ്ട്. ഈ പുസ്തകം വായിക്കപ്പെടണം. വിപുലമായ ചർച്ചയ്ക്കും വിധേയമാകണം.

ദിവസത്തെ മുഴുവൻ പരിപാടികളെ വിലയിരുത്തിയിട്ടു പ്രൊഫ. വി. സി. ജോൺ ഏറ്റവും ചുരുക്കി മൂന്നു കാര്യങ്ങളാണു വ്യക്തമാക്കിയത്. ഒന്ന് എല്ലാംകൊണ്ടും ഹൃദ്യമായൊരനുഭവമാണിവിടെ ലഭിച്ചത്. എല്ലാ പുസ്തകങ്ങളിലും ഇന്നത്തെ സാമൂഹ്യ - രാഷ്ട്രീയ - മതപരമായ കർശനമായ വിമർശനങ്ങൾ ഉള്ളപ്പോഴും അവയിൽ ആത്മാംശം കളയാതെ അലോഷ്യസച്ചൻ നിറഞ്ഞുനിൽക്കുന്നതു അദ്ദേഹത്തിനു മാത്രം പറ്റുന്ന സവിശേഷതയത്രേ. രണ്ട്, ധാരാളം പുസ്തക പ്രകാശനത്തിൽ പങ്കെടുത്തിട്ടുണ്ട്. ഒരേ സമയത്തു 12 ഉം 20 ഉം പുസ്തകങ്ങൾ പ്രകാശനം ചെയ്തിട്ടുള്ള കർമ്മത്തിലും പങ്കെടുത്തിട്ടുണ്ട്. അതു 12 പേരുടെയോ 20 പേരുടെയോ പുസ്തകങ്ങളാണ്. ഒരേ ആളിന്റെ 7 പുസ്തകങ്ങൾ ഒന്നിച്ചു പ്രകാശനം നടക്കുക അപൂർവ്വ സംഭവമാണ്. എഴുതുക, ഡി. റ്റി. പി. ചെയ്തു പ്രൂഫ് നോക്കുക, ലേയൗട്ടു കവർ ചിത്രങ്ങൾ പ്രിന്റിംഗ് ഒക്കെ ഒന്നിച്ചു നടക്കുക ശ്രമകരമായ ജോലിയാണ്. ഇതു എല്ലാ രീതിയിലും അഭിനന്ദനം അർഹിക്കുന്നു. മൂന്ന്, നല്ല അനുഭവം എന്നു പറഞ്ഞു പിരിഞ്ഞു പോവുകയല്ല നാം ചെയ്യേണ്ടത്. നല്ല ഈടുറ്റ പുസ്തകങ്ങളാണിവ എന്നും നാം കണ്ടു കഴിഞ്ഞു. ഇവിടെ നമ്മൾ ഓരോരുത്തരുമാണ് ഇവയെ ജനസമക്ഷം എത്തിക്കാനുള്ള ചുമതല ഏറ്റെടുക്കേണ്ടത്. വിതരണശൃംഖല നാമായി മാറണം. നമ്മുടെ സ്വാധീന മേഖലകളിൽ ഇവ പഠന-ചർച്ചാ വിഷയമാക്കണം. ഈയൊരു ഇടപെടലായിരിക്കും ഈ സംരഭത്തിന്റെ യഥാർത്ഥ വിജയം.

ഇത്ര മനോഹരവും അർത്ഥസമ്പുഷ്ടവുമായ ഒരു ദിനത്തെപ്പറ്റി ഞാൻ ഒന്നും പറയാതെ ഈ കുറിപ്പ് അവസാനിപ്പിക്കുക അക്ഷന്തവ്യമായ അപരാധമായിരിക്കും. ഏതാണ്ടു 150 പേരെ ക്ഷണിക്കുകയും കഷ്ടിച്ച് 50 പേരെ പ്രതീക്ഷിക്കുകയും ചെയ്തിരുന്ന സ്ഥലത്തു 80 പേർ തന്നെ പേരു രജിസ്റ്റർ ചെയ്തതു

അങ്ങേയറ്റം സന്തോഷം നൽകുന്നതാണ്. വന്നവരിൽ കുറച്ചു പേർ എന്തൊക്കെയാണെങ്കിലും പേരു രജിസ്റ്റർ ചെയ്യുകയില്ല. എണ്ണം മാത്രമല്ല സന്തോഷത്തിനു കാരണം, പിന്നെയോ വന്ന വരൊക്കെ ഗുണമേന്മയുള്ള വ്യക്തിത്വങ്ങളായിരുന്നു. ശ്രദ്ധ യോടെ കേൾക്കാനും വിമർശനബുദ്ധ്യാ വിലയിരുത്തി ഉൾക്കൊ ള്ളാനും തള്ളാനും ശേഷിയുള്ള സദസ്യർ ഏറ്റവും വലിയ അനു ഗ്രഹമായി. അതു സംതൃപ്തിയാണു പ്രദാനം ചെയ്യുന്നത്.

വ്യക്തിഗതമായി എന്നെ സംബന്ധിച്ചു പറയാനുള്ളത് 21 - 06 - 2009 -ൽ കൊല്ലം ബിഷപ്പിനു ഞാനയച്ച കത്തോടുകൂടി എന്റെ ജീവിതത്തിൽ പുതിയൊരു കാൽവയ്പ് നടത്തിക്കഴിഞ്ഞു. ഇനി എന്റെ ജീവിത ഊന്നലും അന്വേഷണവും പുത്തൻ ബദ ലിനു വേണ്ടിയാണ്. ഇനി സഭയെ വിമർശിച്ചുകൊണ്ടുള്ള പുസ്തകങ്ങൾക്കു വലിയ പ്രസക്തിയില്ല. ചില പ്രത്യേക സാഹ ചര്യങ്ങളിൽ ചില കുറിപ്പുകളും ഇടപെടലുകളും സഭയെപ്പറ്റി ഉണ്ടാകേണ്ടി വന്നേക്കും എന്നതൊഴിച്ചാൽ, പൊതുവേ അനുഭ വങ്ങളും ബദൽ അന്വേഷണങ്ങളുമായിരിക്കും എന്റെ ചിന്താവി ഷയവും എഴുത്തു വിഷയവും. ആ രീതിയിൽ ഈ നല്ല അനു ഭവത്തോടെ തന്നെ അതിൽ ഒരു വിടപറയലും ഉൾചേർന്നിട്ടു ണ്ട്. അങ്ങനെ നോക്കുമ്പോൾ എന്റെ ജീവിതത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്ന ദിനാമാണിന്ന്. ജീവിത ദർശനത്തിലെ ദിശമാറ്റത്തിനു 80 പേരുടെ സാന്നിദ്ധ്യവും സ്നേഹവും സ്മൃതി മണ്ഡപത്തിൽ നിറഞ്ഞു നിൽക്കുന്ന അനുഭവമാണ്. ഏഴു പുതിയ പുസ്തകങ്ങളോ പ്രകാശനത്തിന്റെ ഭൗതിക നേട്ടത്തി നോടൊപ്പം പുതിയതിലേക്കുള്ള വ്യക്തമായ കാൽവെയ്പ്പിൽ സ്നേഹമയികളായ ഒരു കൂട്ടം ജനം ഇവിടെ ഉണ്ടായിരിക്കുക അത്ഭുതപൂർവമായ അനുഭവം തന്നെ. അതിനു സഹകരിച്ച എല്ലാവരോടുമുള്ള നന്ദിയും ഹൃദയവികാരവും നിസീമമാണ്.

# 7

# സാമൂഹ്യമാറ്റത്തിനായി

2009 നവംബർ 22 ഏറെ യാത്ര ചെയ്തെങ്കിലും ക്ഷീണം തോന്നാത്ത നല്ലോരു ദിനം. തൃശൂർ കണിമംഗലത്തു വലിയാലുക്കൽ സെന്ററിനു സമീപം വി. ടി. ട്രസ്റ്റ് മന്ദിരത്തിൽ വച്ചു കൂടിയ സംഗമം എല്ലാം കൊണ്ടും അർത്ഥസമ്പുഷ്ടമായി. ചർച്ചാവിഷയം "അന്ധവിശ്വാസ ദുരീകരണത്തിൽ മാധ്യമങ്ങളുടെ പങ്ക്." 50 ഓളം പേർ പങ്കെടുത്തു. എല്ലാവരും തന്നെ ജീവിതത്തെ ഗൗരവമായി എടുത്തു ചിന്തിക്കുന്ന വ്യക്തികൾ. ചിലരൊക്കെ സ്വയം വിശേഷിപ്പിക്കുന്നതു 'ഞങ്ങൾ യുക്തിവാദികൾ' എന്നാണെങ്കിലും, പൊതുവെ കണ്ടതു ഒരു തുറന്ന മനസ്ഥിതിയായിരുന്നു. സമയം ഉച്ചകഴിഞ്ഞു 3 മണിയായിരുന്നു. ഞാൻ വളരെ നേരത്തെ ചെന്നതുകൊണ്ട്, യോഗത്തിലേക്കു വന്ന ഓരോ വ്യക്തിയേയും വ്യക്തിഗതമായിട്ടു തന്നെ പരിചയപ്പെടാൻ അവസരം കിട്ടിയതു തന്നെ സമ്പന്നമായൊരു അനുഭവമായി മാറി. അങ്ങനെ നേരിൽ കണ്ടു പരിചയപ്പെട്ടവരിൽ ഒരാൾ വർഷങ്ങളായി ഫോണിലൂടെയും കത്തിലൂടെയും ബന്ധപ്പെട്ടിട്ടുണ്ടെങ്കിലും, നേരിൽ കണ്ടു ഇടപഴകണമെന്നു പലവട്ടം താൽപര്യം പ്രകടിപ്പിച്ചെങ്കിലും, സാധിക്കാതിരുന്ന 'യുക്തിവിചാരം' എഡിറ്റർ ശ്രീ. എ. വി. ജോസാണ്. പരസ്പരം പരിചയപ്പെട്ടപ്പോൾ ഞങ്ങൾ രണ്ടുപേർക്കുമുണ്ടായ ആനന്ദം അവാച്യമാണ്. രണ്ടുപേരും ഏതാണ്ടു ഒരേ സമയം ഒരുപോലെ അറിയാതെ പറഞ്ഞുപോയി. ഒത്തിരി കേട്ടിട്ടുണ്ട്. തുടർന്നു ഏറെ സമയം കാര്യങ്ങൾ പങ്കുവെക്കാൻ കഴിഞ്ഞു.

ശ്രീ. എ. വി. ജോസിന്റെ അധ്യക്ഷതയിലായിരുന്നു യോഗം. അദ്ദേഹമാണ് വി. ടി. ട്രസ്റ്റിന്റെ പ്രസിഡന്റ്. ശ്രീ. സി. ബി. എസ്.

മണിയാണ് സെക്രട്ടറി. രണ്ടുപേരും യോഗത്തിൽ യഥാക്രമം സ്വാഗതവും അധ്യക്ഷ പ്രസംഗവും നടത്തി വിഷയത്തിന്റെ പ്രസക്തിയും പ്രാധാന്യവും ശരിക്കും വരച്ചു കാട്ടി.

'അന്ധ' മായി വിശ്വസിക്കുന്നതാണു അന്ധവിശ്വാസമെന്നു പറഞ്ഞിട്ടു ജോസ് ചേട്ടൻ പറഞ്ഞതിൽ ഒരു കാര്യം മാത്രം ഇവിടെ എടുത്തു പറയണമെന്നു തോന്നുന്നു. കഴിഞ്ഞിടെ സന്തോഷ് മാധവനും ഒപ്പം കുറച്ചു ചെറിയ ആൾദൈവങ്ങളും പിടിക്കപ്പെട്ടപ്പോൾ പത്ര മാധ്യമങ്ങളിൽ വലിയ കോളിളക്കം. പക്ഷേ അവർ പാവങ്ങളല്ലേ. കൊച്ചുതട്ടിപ്പ്, ആലിംഗനം, അൽപ്പം രതിമൂർച്ച, കുറച്ചു ധനസമ്പാദനം അതിൽ നിന്നും ചെറിയ ദാന ധർമ്മങ്ങൾ തുടങ്ങിയവയൊക്കെ അവരുടെ സവിശേഷത. ഇതു ഇത്ര വിശേഷമാക്കണോ? ഇവിടെയെത്ര വലിയ ആൾ ദൈവ തിമിംഗലങ്ങൾ ആടി വിലസുന്നു. എങ്ങനെ? സാക്ഷാൽ ദൈവങ്ങളായി വെറും കല്ലും മണലും സിമന്റും കൊണ്ടുള്ള പ്രതിമകൾ അമ്പലങ്ങളിൽ വിലസുകയാണ്. ഗുരുവായൂരിൽ, ശബരിമലയിൽ മലയാറ്റൂരിൽ കിലോക്കണക്കിനു സ്വർണ്ണക്കട്ട വാരി ഈ പ്രതിമകളിലേക്കു എറിയുകയാണ്. എന്തൊരു വിരോധാഭാസം! ഇവിടെ ഒരു പത്രമാധ്യമങ്ങളും ഒരു ബഹളവും കാണിക്കുന്നില്ല. ഒരു പോലീസും പിടിക്കുന്നില്ല. സന്തോഷ് മാധവനെ പോലെയുള്ളവർ കുറഞ്ഞപക്ഷം ഒന്നു ചിരിക്കുമല്ലോ, ഒരു ഉമ്മ കൊടുക്കുമല്ലോ. അവിടെ ജീവന്റെ തുടിപ്പുണ്ടു, മറ്റേടത്തോ, വെറും തടിയും സിമന്റും. ഇങ്ങനെ തീർത്തും ലളിതം എന്നാൽ സുന്ദരവും സവിശേഷത അർഹിക്കുന്നതുമായ ചില ഉൾകാഴ്ചകളാണ് അവിടെ പങ്കുവയ്ക്കാനുള്ളത്.

മാതൃഭൂമിയിൽ ദീർഘനാൾ എഡിറ്ററായി, റിട്ടയർ ചെയ്തു ഇപ്പോൾ ജനയുഗത്തിന്റെ തൃശൂർ ബ്യൂറോ ചീഫ് ആയി പ്രവർത്തിക്കുന്ന ശ്രീ. കെ. പ്രഭാകരൻ രസകരമായൊരനുഭവം പങ്കുവെച്ചു. 1968-ൽ അദ്ദേഹം തിരുവനന്തപുരം മാതൃഭൂമിയിൽ പ്രവർത്തിച്ചിരുന്നു. അന്നു ആറ്റുകാൽ ദേവിയെ ചൊല്ലിയുള്ള പൊങ്കാലയ്ക്കു കഷ്ടിച്ചു 250 - 300 സ്ത്രീകൾ. മാതൃഭൂമി അതിന്റെ ഫോട്ടോയും മറ്റു വിവരണങ്ങളും ഒപ്പം ഏതു ആവശ്യവും നിറവേറ്റി കൊടുക്കുന്ന ദേവി എന്നും മറ്റുമുള്ള സവിശേഷതകൾ ബഹുവർണ്ണ ചിത്രത്തിൽ/പേപ്പറിൽ മനോഹരമായി

കൊടുത്തു. പൊങ്കാല വളരാൻ പത്രം നല്ല പങ്കുവഹിച്ചു. അതിശയോക്തി ചെലുത്തിയിട്ടുള്ള വാർത്തകൾ സുലഭമായി പത്രത്തിൽ കൊടുത്തു ഫലമോ? ഇന്നു ഏതാണ്ടു 10 ലക്ഷം സ്ത്രീകളാണ് തിരുവനന്തപുരത്തു ആറ്റുകാൽ ദേവിക്കു പൊങ്കാല സമർപ്പിക്കുക. ഏതാണ്ടു 15 കിലോമീറ്റർ ചുറ്റളവിലാണിവർ ഇന്നീ അനുഷ്ഠാനം നടത്തുക. അതുപോലെ ബീമാപള്ളി, വെട്ടുകാടു തിരുനാൾ തുടങ്ങിയവ. ചക്കുളത്തു കാവിലമ്മ ആലപ്പുഴയിലെ ഒരു കൊച്ചു ഗ്രാമത്തിലാണ്. ഇന്നു എല്ലാ ജില്ലകളിലും ചക്കുളത്തു കാവിലമ്മയെ സ്തുതിച്ചുകൊണ്ടുള്ള പത്രസമ്മേളനങ്ങൾ നടത്തുകയാണ്. കഴിഞ്ഞ വർഷം പൊങ്കാലയുടെ നീളം ഏതാണ്ടു 16 കിലോ മീറ്ററായിരുന്നു. ഇന്നു ഭക്തി എല്ലാ രീതിയിലും ബിസിനസ്സാണ്. നാം ഏതാണ്ടു നിസഹായരായി നോക്കിനിൽക്കപ്പെടുന്ന അവസ്ഥയും. പത്ര ഉടമസ്ഥർക്ക് സമ്പത്തു കൂട്ടണം സർക്കുലേഷൻ വർദ്ധിപ്പിക്കണം. അതിനുതകുന്ന വാർത്ത വിളമ്പിത്തരുന്നതാണ് അവരുടെ വിജയം. ചുരുക്കത്തിൽ ക്രിയാത്മകമായ, സാമൂഹ്യ കാമ്പുള്ള വാർത്തയിൽ പത്രങ്ങൾക്കു താൽപര്യമില്ല. അവിടെ ജനത്തെ വശീകരിക്കാൻ കണ്ടെത്തിയ ഏറ്റവും നല്ല മാർഗമാണ് ഭക്തിയും ഭക്തിബന്ധ അനുഷ്ഠാനങ്ങളും.

എന്തുകൊണ്ടാണ് ജനം ഇങ്ങനെയുള്ള വ്യർത്ഥമായ കാര്യങ്ങളിൽ അമിത പ്രാധാന്യം കൊടുക്കുന്നത്. സമൂഹത്തിലെയും വ്യക്തിയുടെയും ആന്തരിക സംഘർഷം മൂലമാണ് ജനം ഇങ്ങനെ അധഃപതിച്ചു പോകുന്നത് എന്നാണ് ശ്രീ. പ്രഭാകരന്റെ വിലയിരുത്തൽ. അദ്ദേഹം ജനിച്ച കുടുംബത്തിൽ 36 പേർ ഉണ്ടായിരുന്നു. കുട്ടികളായി ഏതാണ്ടു അടുത്ത പ്രായക്കാരായി പത്തു പേർ. കളിച്ചു രസിച്ചു കൃഷി ചെയ്തു ജീവിച്ചു. ചിലപ്പോൾ അൽപ്പം വിശപ്പും പട്ടിണിയും ആയിരുന്നെങ്കിലും ജീവിതം സുരക്ഷിതമായിരുന്നു. ഇന്നോ? കുടുംബം തന്നെ സ്വാർത്ഥതയിൽ അടിത്തറയിട്ടിരിക്കുന്നു. സ്വന്തം കാര്യത്തിൽ മാത്രം ശ്രദ്ധ. വീട്ടിൽ ഭാര്യയും ഭർത്താവും തമ്മിൽ ഭിന്നിപ്പ്, മക്കളോട് വഴക്ക്, അയൽപക്കക്കാരോട് അകൽച്ച, മറ്റു സാമൂഹ്യ ബന്ധങ്ങളില്ല, എവിടെങ്കിലും ബന്ധങ്ങളുണ്ടാകുന്നുണ്ടെങ്കിൽ അവിടെ സ്വാർത്ഥതാൽപര്യത്തിനായിരിക്കും മുൻതൂക്കം. ഒരേയൊരു

ശ്രദ്ധ – ഞാൻ മാത്രം. പത്ര – ദൃശ്യ മാധ്യമങ്ങൾ മനുഷ്യന്റെ ഈ ബലഹീന വശത്തെയാണ് ശാസ്ത്രീയമായി ഉപയോഗിക്കുന്നത്, വിലയ്ക്കെടുക്കുന്നത്. മനുഷ്യന്റെയും സമൂഹത്തിന്റെയും ഈ സ്വാർത്ഥത നിറഞ്ഞ ആന്തരിക സംഘർഷം അന്ധവിശ്വാസത്തെ വർദ്ധിപ്പിക്കാനേ ഉപകരിക്കൂ മാധ്യമങ്ങളെ പഴിച്ചിട്ടു കാര്യമില്ല. ഇവിടെ വേണ്ടത് വി.ടി.യെപ്പോലെ, എം. സി. ജോസഫിനെപ്പോലെ ധീരമായി വ്യക്തിജീവിതത്തിൽ നാം ഓരോരുത്തരും പരിവർത്തനം വരുത്തുകയാണ്. വ്യക്തമായ യുക്തിചിന്തയിൽ വളരുകയാണ്.

അഡ്വ. ആർ. കെ. ആശ ജനാധിപത്യത്തിന്റെ ജുഡീഷ്യറി, എക്സിക്യൂട്ടീവ്, ലജിസ്ലേച്ചർ എന്നിവയോടു കൂട്ടിച്ചേർക്കുന്ന നാലാമത്തെ തൂണാണു മാധ്യമമെന്നു സൂചിപ്പിച്ചുകൊണ്ട്, എങ്ങനെയാണിന്നു മാധ്യമം വാർത്ത നിർമ്മിക്കുന്നതു എന്നോർമ്മിപ്പിച്ചു. ദേശാഭിമാനി – ജനയുഗം ഇടതുപക്ഷത്തും മലയാള മനോരമ വലതുപക്ഷത്തും എന്നു പറഞ്ഞിട്ടു മാതൃഭൂമി ഏതാണ്ടു മധ്യത്തിലെന്നു ചിലർ പറയാറുണ്ട്. പക്ഷേ മാതൃഭൂമി അന്ധവിശ്വാസത്തെ വളർത്തുന്നതു പോലെ മറ്റു പത്രങ്ങൾ ചെയ്യുന്നോ എന്നു ചിന്തിച്ചു പോകുന്നു. അമൃതാനന്ദമയി, ശ്രീശ്രീരവിശങ്കർ തുടങ്ങിയവർ ഒന്നു തുമ്മിയാൽ മാതൃഭൂമിയിൽ അത് നിറഞ്ഞിരിക്കും. ഒറ്റ ലക്ഷ്യമേയുള്ളൂ വിപണി, ഇവർ ഇന്നു നല്ല കച്ചവട ചരക്കാണെന്നു കാണുന്നു. അവരെ ശാസ്ത്രീയമായി ഉപയോഗിക്കുക തന്നെ. അതു മാധ്യമ മേഖല ദൃശ്യ ശ്രാവ്യമുൾപ്പടെ ആകെത്തന്നെ നമ്മുടെ കുട്ടികളെ, നമ്മുടെ സ്വപ്നങ്ങളെ, നമ്മുടെ താല്പര്യങ്ങളെ ഒക്കെ ഹൈജാക്ക് ചെയ്തു കഴിഞ്ഞു. ഉദാഹരണത്തിന്, നമ്മൾ ചന്തയിൽ കുട്ടിയുമായി പോകുന്നു. ഇന്നസാധനം വേണമെന്നു കുട്ടി ആവശ്യപ്പെടുന്നു. എന്താണ് മോനെ കാരണം? ഇന്നകാര്യം ഫ്രീയായി കിട്ടും. നോക്കണം നമ്മുടെ കുട്ടിയെ എതാണ്ട് തെണ്ടിയാക്കി മാറ്റിക്കഴിഞ്ഞു മാധ്യമം. കമ്പ്യൂട്ടർ കളിയിൽ കുട്ടികൾ ഏറ്റം രസിക്കുന്നതു കാറോടിക്കലാണ്. കാറുകൾ തമ്മിൽ കൂട്ടിയിടിക്കുന്നു, രസിക്കുന്നു. ഈ കുട്ടികൾ വളർന്നുവരുമ്പോൾ ട്രാഫിക് നിയമങ്ങൾ പാലിക്കുമോ? ഒരിക്കലുമില്ല. ചുരുക്കത്തിൽ ഇന്നത്തെ മാധ്യമം വാർത്തകൾ സൃഷ്ടിക്കുന്നത് അവരുടെ

ലക്ഷ്യപ്രാപ്തി (പണസമ്പാദനം)യ്ക്കാണ്; സാമൂഹ്യമാറ്റത്തിനല്ല.

തുടർന്ന് ആശ കാര്യമായ രണ്ടു നിരീക്ഷണങ്ങൾ നടത്തി. ഒന്ന്, മനുഷ്യന്റെ പ്രത്യേകതയാണ് നീണ്ട ശൈശവം. അവന്റെ/അവളുടെ ജൈവഘടനയും മാനസിക ഘടനയും ഏറെ പരിമിതികളോടെ ആശ്രയിച്ചു ജീവിക്കേണ്ടതായിരിക്കുന്നു. ഇവിടെ പലവിധത്തിലുള്ള ദൈവങ്ങളും തൽഫലമായുള്ള അന്ധവിശ്വാസങ്ങളും ഉടലെടുക്കുന്നു. രണ്ട്, വിപ്ലവ പ്രസ്ഥാനങ്ങൾ മാറ്റത്തിന്റെ വാഹകരായ എൻ. ജി. ഓസ്, നവസാമൂഹ്യസംഘടനകൾ, ഇവയിൽ ഒക്കെത്തന്നെ പ്രവർത്തിച്ചവർക്കു വ്യക്തമായ ബോധ്യമോ പ്രത്യയശാസ്ത്ര അടിത്തറയോ ഇല്ലായിരുന്നു. അതുകൊണ്ടു പ്രതിസന്ധിഘട്ടത്തിലും സുഖലോലുപതയുടെ സാധ്യതയുടെ മുമ്പിലും അവർ പതറുന്നു. വഴിമാറി നടക്കുന്നു. ഇവിടെ വേണ്ടതു ഒരു തിരിച്ചറിവാണ്. പേഴ്സണൽ ഈസ് പൊളിറ്റിക്കൽ എന്ന ബോധ്യത്തിൽ സാമൂഹ്യമാറ്റത്തിനായി ജീവാർപ്പണം ചെയ്യുക എന്റെ ആവശ്യമാണെന്ന ബോധ്യമാണു വേണ്ടത്. എന്റെ യുവത്വം മുഴുവൻ വല്ല പാർട്ടിക്കാർക്കുവേണ്ടി, പ്രതിരോധസംഘടനയ്ക്കുവേണ്ടി, പുരോഗമന പ്രസ്ഥാനങ്ങൾക്കുവേണ്ടി ത്യാഗം/വ്യയം ചെയ്തതാണ് എന്ന ചിന്ത അപകടകാരിയാണ്. അങ്ങനെ ത്യാഗം കഴിച്ചിട്ടു കാര്യമില്ല. ഇവിടെ വേണ്ടത് ത്യാഗമല്ല. അങ്ങനെ ഇടപെടേണ്ടത് എന്റെ/നമ്മുടെ ആവശ്യമായിരുന്നു എന്ന ബോധ്യമാണ് എന്നെ/നമ്മെ നയിച്ചതെങ്കിൽ ഇനിയും ഞാൻ/നമ്മൾ മുന്നോട്ടുതന്നെ നീങ്ങും. മാറ്റപ്രക്രിയയ്ക്കു ജീവിതത്തിൽ അർത്ഥം നല്കുന്നവർക്ക് ഈ തിരിച്ചറിവ് അത്യാവശ്യമാണ്.

തുടർന്നു നടന്ന പൊതുചർച്ചയിൽ ഉരുത്തിരിഞ്ഞ ചില കാര്യങ്ങൾകൂടി സൂചിപ്പിക്കട്ടെ.

1. എല്ലാവരും തുല്യരാണ്; എന്നാൽ ചിലർ കൂടുതൽ തുല്യർ (all are equal but some are more equal) എന്നൊരു ചൊല്ലുണ്ട്. നമ്മുടെ കുടുംബവും സ്ത്രീപുരുഷബന്ധവും ഇങ്ങനെയാണ്. രണ്ടുപേരും തുല്യരാണ് എന്നാൽ പുരുഷൻ കൂടുതൽ തുല്യൻ. സ്ത്രീകൾ രംഗത്തുവരുന്നില്ല. മാറ്റം ഉണ്ടാകുകയുമില്ല.

2. പണാധിപത്യം വേരുറപ്പിച്ചിരിക്കുന്ന ഇന്നത്തെ അവസ്ഥയിൽ, ഗിരിപ്രഭാഷണം കൊണ്ടോ വാഗ്ധോരണികൊണ്ടോ മാറ്റം സംഭവിക്കുകയില്ല. വേണ്ടതു ശക്തമായ ആശയ പ്രചരണവും സമരവുമാണ്. ഇതിന്റെ അടിസ്ഥാനമോ ശാസ്ത്രബോധവും ചരിത്രബോധവുമാണ്.
3. ഇന്നു മാധ്യമം നടത്തുന്നതു സാമൂഹ്യ വ്യഭിചാരമാണ്. ഇവിടെ വേണ്ടതു നമ്മുടെ ബോധമണ്ഡലം ഉയരുകയാണ്; ദാർശനികമായ അടിത്തറയിൽ രാഷ്ട്രീയ വ്യക്തതയോടെയുള്ള ഇടപെടലാണ്. ഇതില്ലെങ്കിൽ താളം തെറ്റും. നാം ഓരോരുത്തരും ഓരോ പ്രസ്ഥാനമാകണം. ചിന്തയും പ്രവൃത്തിയും സമന്വയിക്കുന്ന മാറ്റത്തിന്റെ വക്താക്കൾ. അടിസ്ഥാനമാറ്റത്തിനു ഈ വ്യക്തത അനിവാര്യം. മാധ്യമത്തിനു ഈ വ്യക്തതയെ തോല്പിക്കാൻ കെല്പില്ല.
4. നമുക്കു ഇന്നത്തെ അന്തർദേശീയ മാധ്യമലോകത്തെ തകർക്കാൻ പറ്റില്ല. പക്ഷേ നമുക്ക് ചെറിയ കാര്യങ്ങൾ ചെയ്യാം. നിലവിലുള്ള ബദൽ മാധ്യമങ്ങളെ പ്രചരിപ്പിക്കാൻപറ്റും. അവയുടെ വരിക്കാരാകാം. വരിക്കാരെ ചേർക്കാം, നാം ബന്ധപ്പെടുന്നവരുമായി നമ്മുടെ ബോധ്യങ്ങൾ പങ്കുവയ്ക്കാം.
6. യുവാക്കളും സ്ത്രീകളുമല്ല ഈ യോഗത്തിൽ. 50 കഴിഞ്ഞവരാണ് എല്ലാവരും. പുതിയ തലമുറ സ്ത്രീകൾ ഉൾപ്പെടെ രംഗത്തുവന്നാലേ മാറ്റം സാധിതമാകൂ. വി. ടി. അതാണു പഠിപ്പിച്ചത്; ചെയ്തത്.

എന്റെ പ്രസംഗം വേറെ ലേഖന രൂപത്തിൽ ഉള്ളതുകൊണ്ട് ഇവിടെ ആവർത്തിക്കുന്നില്ല. ചുരുക്കത്തിൽ നല്ലൊരു സന്ധ്യ എന്നു വിശേഷിപ്പിക്കാം. കൂടിയവർക്കൊക്കെ സാമൂഹ്യമാറ്റ പ്രക്രിയയിൽ ഒരു പങ്കുവഹിക്കാനുണ്ട് എന്നൊരു പൊതുഅന്തരീക്ഷത്തിലാണു ഞങ്ങൾ പിരിഞ്ഞത്. ആ രീതിയിൽ യോഗത്തിനു ഗുണമേന്മയുള്ള അനുഭവം സംഭവത്തെ കൂടുതൽ സമ്പന്നമാക്കി.

# 8

# നീ വിലപ്പെട്ടവനാണ്

2009 ഡിസംബർ 23 പത്തനംതിട്ട ജില്ലയിൽ കുമ്പനാടിന ടുത്ത് കടപ്രയിൽവച്ചു നടന്ന എൻ. എസ്സ്. എസ്സ്. (നാഷണൽ സർവ്വീസ് സ്കീം) വോളന്റിയേഴ്സിന്റെ ക്യാമ്പ്, കോഴഞ്ചേരി സെന്റ് തോമസ് കോളേജിലെ വിദ്യാർത്ഥികളാണ് പങ്കാളികൾ. എണ്ണം 45. മൂന്ന് അദ്ധ്യാപകർ ക്യാമ്പ് കോ-ഓർഡിനേറ്റേഴ്സ്, പ്രിൻസിപ്പളും മറ്റ് അദ്ധ്യാപകരും പലപ്പോഴായി ക്യാമ്പ് സന്ദർശി ക്കാറുണ്ട്. അവിടെ എനിക്ക് രണ്ട് സെഷൻ എടുക്കേണ്ടിവന്നു. 'എന്റെ ജീവിതം എന്റെ സന്ദേശം' എന്ന തലക്കെട്ടിൽ എന്റെ ജീവിത പരിണാമപാത പങ്കുവച്ചതോടെ, അപരൻ വിലപ്പെട്ട താണ് എന്ന സന്ദേശവും ചർച്ച ചെയ്യപ്പെട്ടു.

നീ അഥവാ അപരൻ വിലപ്പെട്ടവനാണ്/വിലപ്പെട്ടവളാണ് (You are important, the other is important)എന്ന ചർച്ച നടന്നത് തീർത്തും നാടകീയമായിട്ടാണ്. ഹൃദയസ്പർശിയായ അനുഭ വമായി നിലകൊള്ളുന്നു. അതു പങ്കുവയ്ക്കുക സമ്പന്നമായ ഒന്നായിരിക്കും. ഞങ്ങൾ എല്ലാവരും ക്യാമ്പംഗങ്ങളും സുഹൃ ത്തുക്കളും സഹപാഠികളുമാണെങ്കിലും, അവരിൽ ഏറ്റവും ഇഷ്ടവും താല്പര്യവും അടുപ്പവുമുള്ളവർ അടുത്തു ഇരിക്കാ നാണ് തീരുമാനിച്ചത്. ആദ്യമായി അടുത്തിരുന്ന തന്റെ ചങ്ങാ തിയുമായി പരസ്പര സാന്നിദ്ധ്യ സുഖം പങ്കുവയ്ക്കാൻ അല്പ സമയം ചെലവഴിച്ചു. ആ ഹൃദ്യമായ അനുഭവത്തിൽ എല്ലാവരും സ്വസ്ഥരായി.

തുടർന്നു നടന്നത് ശക്തമായൊരു അഭ്യാസം തന്നെയാണ്. ഞാൻ പറയുന്നത് ചോദ്യങ്ങൾ ഇല്ലാതെ ഏതാണ്ട് 10 മിനിട്ട് നേരത്തേക്കു എല്ലാവരും ഗൗരവബുദ്ധ്യാതന്നെ എന്നോടൊപ്പം യാത്രചെയ്യും എന്ന വ്യവസ്ഥ ആദ്യമായി എല്ലാവരും അംഗീക

രിച്ചു. തുടർന്ന് ഞാൻ പറയുന്നത് ന്യായയുക്തികൾ നോക്കാതെ സത്യമാണെന്ന് ആത്മാർത്ഥമായി സങ്കല്പ്പിക്കുക എന്ന ആമുഖത്തോടെ ഞാൻ സംസാരിച്ചു തുടങ്ങി. 'എല്ലാവരും കണ്ണടച്ചു കൊണ്ടിരിക്കുക...' എന്റെ അടുത്തിരുന്നു സ്നേഹം പങ്കുവച്ച സുഹൃത്ത് എന്നെ ഉപേക്ഷിച്ചിട്ടു നടന്നകലുന്നു. 'വീണ്ടും ഈ വലിയ ഹാളിൽ മറ്റാരുമില്ല; ഞാൻ മാത്രമേയുള്ള... ഈ സ്ഥാപനത്തിന്റ വിവിധങ്ങളായ കെട്ടിടസമുച്ചയത്തിൽ മറ്റാരുമില്ല, ഞാൻമാത്രം... 10 ഏക്കർ വരുന്ന ഈ സ്ഥാപനത്തിന്റെ കോമ്പൗണ്ടു മതിലിനുള്ളിൽ ഞാൻ മാത്രം. ഇവയെല്ലാം എന്റെ സ്വന്തം. ഇവിടെയുള്ളതെല്ലാം എന്റെ ഇഷ്ടംപോലെ ഉപയോഗിക്കാം. ഞാൻ മാത്രം.. കൊച്ചുഗ്രാമമായ കടപ്രയിൽ ഞാൻമാത്രം. കടപ്രയിലെ വസ്തുവകകൾ, ഫലവൃക്ഷങ്ങൾ, മറ്റുവിഭവങ്ങൾ-എല്ലാം എന്റേത് ഞാൻമാത്രം..... കുമ്പനാട് എന്ന വലിയ ഗ്രാമം മുഴുവനും എന്റേത് അവിടെ മറ്റാരുമില്ല. ഞാൻമാത്രം... കോഴഞ്ചേരി താലൂക്കുമുഴുവൻ, അതിന്റെ എല്ലാ വിഭവങ്ങളോടും എന്റേത്, എനിക്കിഷ്ടമുള്ളതുപോലെ അവ ആസ്വദിക്കാം, ഉപയോഗിക്കൻ ഞാൻ മാത്രം. പ്രകൃതി കനിഞ്ഞനുഗ്രഹിച്ച വിഭവസമൃദ്ധമായ പത്തനംതിട്ട ജില്ല മുഴുവൻ എന്റെ സ്വന്തം. എല്ലാം എന്റെ ഇഷ്ടംപോലെ അനുഭവിക്കാം. ഞാൻ മാത്രം... കേരളം എന്ന സംസ്ഥാനത്ത് ഞാൻ മാത്രം. എനിക്ക് എവിടെയും സ്വന്തമായി കടന്നുചെല്ലാം. എല്ലാസമ്പത്തും സ്വന്തം. എല്ലാറ്റിന്റെ മേലും അധികാരമുണ്ട്. ഞാൻ മാത്രം.. ഇന്ത്യ എന്ന മഹാരാജ്യം അതിന്റെ അത്ഭുതപ്പെടുത്തുന്ന വിഭവസമ്പത്തുകളോടെ എന്റെ സ്വന്തം. വനവും കായലും കരയും കടലും അവയിലെ വിഭവങ്ങളും എന്റെ സ്വന്തം. അവിടെ ഞാൻ മാത്രം... ഏഷ്യാഭൂഖണ്ഡം അതിന്റെ സമ്പദ്സമൃദ്ധിയിൽ എന്റേത്. അവിടെയും ഞാൻ മാത്രം ... ഈ ഭൂമിയും അതിലെ സർവ്വ സമ്പത്തും വിഭവങ്ങളും എന്റേതാണ്. എനിക്കത് എങ്ങനെയും ആസ്വദിക്കാം, ഉപയോഗിക്കാം, നശിപ്പിക്കാം. എല്ലാം എന്റേത്, അവിടെയും ഞാൻ മാത്രം. ഈ അണ്ഡകടാഹത്തിൽ ഓരേയൊരു വ്യക്തി: ഞാൻ മാത്രം. ഞാൻ മാത്രം. വളരെ സാവകാശം കണ്ണുതുറക്കുക. നമ്മൾ ഒത്തുകൂടിയിരിക്കുന്നു സ്ഥലത്ത് അല്പസമയമെടുത്തുതന്നെ സ്വന്തമാക്കുക.

സ്വസ്ഥമായികഴിഞ്ഞപ്പോൾ, ഈ യാത്രാപ്രക്രിയയിൽ അവരവരിൽ ഉണ്ടായ വികാരങ്ങൾ ഒന്നോരണ്ടോ വാക്കിൽ അടയാളപ്പെടുത്താൻ ആവശ്യപ്പെട്ടു. അവയുടെ ചുരുക്കമിതാണ്. ദുഃഖം അനുഭവപ്പെട്ടു, ഭയങ്കരമായ ഭയം, കഠിനമായ എകാന്തത, ഭീതിദമായ അസ്വസ്ഥത, പങ്കിടാൻ ആരുമില്ലാത്ത നിരാശ, പങ്കുവയ്ക്കാൻ കൂട്ടില്ലെങ്കിൽ എന്തിനു സമ്പത്ത്, ഒരാശയുമില്ല, നിരാശകൊണ്ടു മരിച്ചുപോകുന്ന അവസ്ഥ, വാവിട്ടുകരയാൻ തോന്നി, ഭയങ്കര വിരസത, എനിക്കു മാത്രമായി ഈ വിഭവങ്ങളൊക്കെ എന്തിന്? ഇങ്ങനെ പോയി വികാരവിവരണങ്ങൾ.

എന്തിലേയ്ക്കാണീ അനുഭവം വിരൽചൂണ്ടുക? ഒറ്റയ്ക്കുള്ള ജീവിതം ദുസ്സഹം. അപരൻ വേണം. അപരൻ/നീ വളരെ വിലപ്പെട്ടവനാണ്/വളാണ് എന്റെ ജീവിതത്തിൽ എന്നു വളരെ വേഗം തന്നെ ക്യാമ്പ് പങ്കാളികൾ നിഗമനത്തിലെത്തി. അടുത്തിരുന്ന ഓരോരുത്തരുടെയും പ്രത്യേക കൂട്ടുകാരൻ/കൂട്ടുകാരിയെ സ്പർശിച്ചിട്ട് 'You are important' എന്ന് സ്നേഹപൂർവ്വം മന്ത്രിച്ചപ്പോൾ അവിടെ പ്രഭാവ പുഷ്പവ്യൂഹം വിടർന്ന അനുഭവമാണുണ്ടായത്.

ഈ അനുഭവം നുണച്ചിറക്കിയശേഷം വീണ്ടും ഞാൻ ആവശ്യപ്പെട്ടു. 'ദയവായി എല്ലാവരും കണ്ണടയ്ക്കുക. ലോകാവസാനത്തെ ധ്വനിപ്പിക്കുന്ന 2012 സിനിമയിൽ ഭയങ്കരമായ ഭൂകമ്പത്തിലൂടെയും വെള്ളപ്പൊക്കത്തിലൂടെയും മനുഷ്യരാശി മുഴുവൻ, അവരുടെ സമ്പത്ത് സമൃദ്ധിയും സാംസ്കാരിക പൈതൃകവും ശാസ്ത്രീയ നേട്ടവും ഒക്കെ നശിച്ചു വെണ്ണീറാകുന്ന അവസ്ഥ മനസ്സിൽ കാണുക. കാലിഫോർണിയായിൽ തുടങ്ങുന്ന ഭയങ്കരമായ ഭൂകമ്പത്തിൽ നിന്നും കഷ്ടിച്ചു രക്ഷപെട്ടത് രണ്ടു മക്കളുള്ള ഒരു കുടുംബവും (അത് എന്റെ കുടുംബമെന്ന് ഭാവനയിൽ കാണുക) രണ്ടു മൂന്നു ശാസ്ത്രജ്ഞരുമാണ്. ആധുനിക സാങ്കേതികവിദ്യകൊണ്ട് ഭൂകമ്പം വരാൻ പോകുന്നു എന്നറിയിച്ചിട്ട് എല്ലാവരും രക്ഷപെടാൻ ഓടുകയാണ്. കഷ്ടിച്ച് ഇവർ രക്ഷപെടുന്നു. മറ്റുള്ളവരോ ഭൂമി കീറി അതിലേയ്ക്കു വീഴുന്നു. പത്തും നൂറും നിലവരുന്ന വൻകെട്ടിടങ്ങൾ, അവയിൽ താമസിക്കുന്ന ആളുകളോടൊപ്പം അഗാധമായ ഗർത്തത്തിൽ നിപതിച്ചു. മണ്ണടിയുകയാണ്. അമേരിക്ക മുഴുവൻ നശി

ച്ചു. എങ്ങനെയെങ്കിലും പ്ലെയിനിൽ രക്ഷപെടാൻ പലരും ശ്രമിക്കുന്നു. ഭയങ്കരമായ, ഭീതിദമായ, അപകടകരമായ കാറ്റ്. പ്ലെയിനുകൾ നശിക്കുന്നു. അവിടെയും ഇവരുടേതു മാത്രം രക്ഷപെട്ടു. ആഫ്രിക്കയിൽ എത്തി. ഭൂകമ്പം കൂടെവരുകയാണ്, എല്ലാ നാശവും വിതറിക്കൊണ്ട്. അവർ കിഴക്കൻ രാജ്യത്തിലേക്കു പറക്കുകയാണ്. നേപ്പാൾ.. അവിടെ ഭയങ്കര വെള്ളപ്പൊക്കം. ഒരന്തർവാഹിനിയിൽ രക്ഷപെടാനുള്ള തീവ്രയത്നം. വെള്ളം ഇളകി മറിയുകയാണ്. അന്തർവാഹിനിക്കും എന്തും സംഭവിക്കാം. ഏറ്റവും ഉയർന്ന ഹിമാലയം വരെ വെള്ളപ്പൊക്കം. ആഴ്ചകൾ എടുക്കും വെള്ളപ്പൊക്കം കുറയാൻ. ആഹാരമില്ല, വെള്ളമില്ല. ശാസ്ത്രജ്ഞന്മാർ മരിച്ചു, കുട്ടികൾ മരിച്ചു, എന്റെ കൂട്ടുകാരനും/കൂട്ടുകാരിയും മരിച്ചു. ആകെ രക്ഷപെട്ടത് ഞാൻ മാത്രം. ഞാൻമാത്രം.. ചീഞ്ഞളിഞ്ഞ ശവങ്ങൾ. വളരെ സാവകാശം കണ്ണുകൾ തുറക്കു. സ്വസ്ഥമാകാൻ സമയമെടുക്കുക. തുടർന്ന് എന്തനുഭവപ്പെട്ടു എന്ന ചോദ്യത്തിന് ഏതാണ്ട് ഒരേസ്വരത്തിൽ 'എനിക്ക് ഒറ്റയ്ക്കു ജീവിക്കണ്ട' 'കൂട്ട് ഇല്ലാത്ത ജീവിതം വേണ്ടേ വേണ്ട' എന്നായിരുന്നു പ്രതികരണം.

വീണ്ടും 'അടുത്തിരിക്കുന്ന കൂട്ടുകാരനെ/കൂട്ടുകാരിയെ ഒന്നു സൂക്ഷിച്ചു നോക്കുക; സ്പർശിക്കുക' എന്നു ഞാൻ ആവശ്യപ്പെട്ടു. എന്താണനുഭവം? ഹൃദ്യതയുടെ ആഴം വലുതാണ്. അപരന്റെ സാന്നിധ്യസുഖം എല്ലാംകൊണ്ടു വേറിട്ടതാണ് എന്നവർ അറിയാതെ പറഞ്ഞുപോയി. അതേ നീ/അപരൻ എന്റെ ജീവിതത്തിൽ വളരെ വിലപ്പെട്ടതാണ്. അവർ എല്ലാവരും പരസ്പരം കരങ്ങൾ കോർത്തു പിടിച്ചുകൊണ്ടു കരങ്ങൾ ഉയർത്തിയിട്ടു ഒരേ സ്വരത്തിൽ ഏറ്റുപറഞ്ഞു: You are important; yes, you are important. അങ്ങനെ നമ്മൾ വിലപ്പെട്ടവരായിമാറുന്നു.

അങ്ങനെ സമാപിച്ചപ്പോൾ, ധാരാളം ക്യാമ്പംഗങ്ങൾവന്നു പങ്കുവച്ചു എല്ലാംകൊണ്ടും ഹൃദയസ്പർശിയായ അനുഭവം. അവിസ്മരണീയമായ അനുഭവം എന്നും ജീവിക്കുന്ന അനുഭവമായിരിക്കുമിത്. ഏറെ തൃപ്തിയും സന്തോഷവും നൽകിയ നിമിഷങ്ങൾ. അതേ നീ/അപരൻ വിലപ്പെട്ടവനാകുന്നതിലൂടെ ഞാൻ വിലപ്പട്ടവൻ/വൾ ആകൂ; നമ്മൾ വിലപ്പട്ടവരാകൂ.

9

# സ്തോത്രത്തേക്കാൾ വലുത് പ്രവൃത്തിതന്നെ

ഈയിടെ കുറച്ചുദിവസം ഒരു സ്ഥാപനത്തിൽ ചെലവഴിക്കേണ്ട സാഹചര്യമുണ്ടായി. സൗന്ദര്യം തുളുമ്പിനിൽക്കുന്ന ഭൂപ്രകൃതി. എല്ലാംകൊണ്ടും സുഖാനുഭൂതി പരത്തുന്ന അന്തരീക്ഷം. പ്രസ്ഥാനത്തിലേയ്ക്ക് കടന്നു ചെല്ലുമ്പോൾ ഹൃദയഹാരിയായ സ്വാഗതം. തുടർന്ന് താല്പര്യപൂർവ്വമായ ശുശ്രൂഷ എല്ലാംകൊണ്ടും നല്ല അനുഭവം.

പ്രസ്ഥാനത്തന്റെ മുഖ്യപ്രവർത്തകരൊക്കെ യേശുവിശ്വാസികളാണ്. 'സ്തോത്രം' എന്നുച്ചരിച്ചേ അവർ എന്തും ചെയ്യുകയുള്ളു. നടക്കുമ്പോഴും വെറുതെയിരിക്കുമ്പോഴും ഏതുകാര്യം ചെയ്യാൻ തുടങ്ങുമ്പോഴും അതിനിടയിലും യേശുവിനു നിരന്തരമായി സ്തോത്രം അർപ്പിക്കുന്നത് അടുത്തുനിന്നാൽ നമുക്ക് കേൾക്കത്തക്ക രീതിയിലാണ്. ഒരു പ്രാവശ്യം അവരിൽ ഒരാളുമായി ചെറിയൊരു ചർച്ച നടത്തി. 'നിരാശയിലും ദുഃഖത്തിലുമാണ്ടിരുന്ന അവർക്ക് ഒരു പുതുജീവൻ നല്കി. യേശുവിനെ കണ്ടെത്തിയില്ലായിരുന്നെങ്കിൽ ഇന്നു ഈ ഭൂമിയിൽ കാണുകയില്ലായിരുന്നു. ആത്മഹത്യ ചെയ്യാൻ പലവട്ടം ഒരുമ്പെട്ടതാണ്. യേശു എന്നെ രക്ഷിച്ചു സ്തോത്രം എന്നിങ്ങനെ പോയി അവരുടെ സംസാരം. അതിനോടു തിരിച്ചു ഞാനൊന്നു പ്രതികരിച്ചു. 'എനിക്കും ജീവിതത്തിൽ ധാരാളം ബുദ്ധിമുട്ടും ദുഃഖവും നിരാശജനിപ്പിക്കുന്ന അനുഭവവുമുണ്ടായിട്ടുണ്ട്. അവിടെ ഞാൻ ജീവിക്കാനുള്ളവനാണ് എന്നു ചിന്തിച്ചുകൊണ്ട് പ്രയാസങ്ങൾ നിറഞ്ഞ സാഹചര്യത്തെ ധൈര്യപൂർവ്വം അഭിമുഖീകരിച്ചു. പലപ്പോഴും സാമ്പത്തികമായി ഏറെ ബുദ്ധിമുട്ടി. അതിനു ഉത്തരമായി ഞാൻ ഒന്നേ കണ്ടുള്ളു. കഠിനാധ്വാനം. നിങ്ങൾ തന്നെ

ഇവിടെ അതിരാവിലെ മുതൽ രാത്രിവരെ എന്തുമാത്രം ജോലി ചെയ്യുന്നു. അതിന്റെ ഫലമായി ഇവിടെ താമസിക്കുന്ന ഞങ്ങൾ സന്തുഷ്ടരായി കഴിയുന്നു. നിങ്ങൾ സ്തോത്രം പറഞ്ഞിരുന്നി രുന്നെങ്കിൽ കാര്യങ്ങൾ ഒന്നും ഓടുകയില്ല. നിങ്ങൾ അധ്വാനി ക്കുന്നതുകൊണ്ടാണ് കാര്യങ്ങൾ ഓടുന്നത്. ഇനി യേശുവിന് സ്തോത്രം പറയാതെ കഠിനാധ്വാനം ചെയ്താലും ഇപ്പോൾ നിങ്ങൾ നടത്തുന്ന കാര്യങ്ങളൊക്കെ നടക്കും. അപ്പോൾ അനി വാര്യമായി വേണ്ടതു സ്തോത്രമല്ല, ജീവിത സാഹചര്യം ഏതാ യാലും ബുദ്ധിപൂർവ്വമുള്ള കഠിനാധ്വാനമാണ്. ചർച്ച തുടരുന്ന തിൽ അർത്ഥമില്ലെന്നോ അതോ എന്നെ മാനസാന്തരപ്പെടു ത്താൻ പറ്റുകയില്ലെന്നോ, അതോ മറിച്ചു ഉത്തരം മുട്ടിയെന്നോ തോന്നിയിട്ടാകണം അവിടെ നിന്നു തിരിച്ചുപോകുംവരെ യേശു വിനെപ്പറ്റി എന്നോടു സംസാരിച്ചിട്ടില്ല. അവിടെ വരുന്ന പല രോടും വീണ്ടും യേശുവിന്റെ അത്ഭുത ഇടപെടലിനെപ്പറ്റി 'സ്തോത്രം' പറഞ്ഞു വിശദീകരിക്കുന്നതു ശ്രദ്ധിച്ചിട്ടുണ്ട്.

ദിവസങ്ങൾ കഴിഞ്ഞു. പ്രസ്ഥാനം നടത്തുന്നവരും അവിടെ ജോലി ചെയ്യുന്നവരും പലതട്ടുകളിലാണെന്ന് അനുഭവപ്പെട്ടു. കാര്യം അല്പംകൂടി മനസ്സിലാക്കാൻ ശ്രമിച്ചു. അവിടുത്തെ 'താണ' ജോലികൾ (പറമ്പു വൃത്തിയാക്കൽ, തുണി അലക്ക്, മുറികളും കക്കൂസും വരാന്തയും മറ്റും അടിച്ചു വൃത്തിയാക്കി തുടക്കൽ തുടങ്ങിയവ) ചെയ്യുന്നവർക്കു ശമ്പളം കുറവ്. മാത്ര മല്ല, അവരോടുള്ള സമീപനത്തിൽ അവജ്ഞ കാട്ടുന്നതായും അവരോടുള്ള സംസാരത്തിൽ ഒരു മയവുമില്ലാത്ത ക്രൂരവും ശക്തവുമായ വാക്കുകൾ ഉപയോഗിക്കുന്നതായും ശ്രദ്ധയിൽ പെട്ടു. ഇവിടെ എന്തേ 'സ്തോത്രം' പറയാൻ പറ്റുന്നില്ല എന്ന എന്റെ അടിസ്ഥാന ചോദ്യം നിലനിൽക്കുന്നു. എന്നെപ്പോലെ ഒരു ശല്യത്തിനും പോകാത്ത നിരുപദ്രവകാരികളായ സന്ദർശ കരോടും തിരിച്ചു പ്രതികരിക്കാൻ സാധിക്കാത്ത കാര്യങ്ങളിലും ഇടപെട്ടുകൊണ്ടിരിക്കുമ്പോൾ, സ്തോത്രം പറയുക എല്ലാം കൊണ്ടും എളുപ്പമാണ്. ജീവിതത്തിന്റെ പരുപരുപ്പൻ യാഥാർത്ഥ്യ ങ്ങളുടെ നടുവിൽ സ്തോത്രം വിലപ്പോവില്ല; പ്രശ്നങ്ങളെ ധൈര്യമായി, വസ്തുതാപരമായി നേരിട്ടേപറ്റൂ എന്നതു ചരി ത്രസത്യം.

യേശുവിനെ ഇവർ മുറുകെ പിടിച്ചിരിക്കുന്നു; യേശുവിന്റെ രക്ഷ അവർ അനുഭവിച്ചിരിക്കുന്നു. യേശുവിന്റെ പഠനത്തിന്റെ അന്തഃസത്തയോ ദൈവം പിതാവ്, എല്ലാവരും ദൈവമക്കൾ, പരസ്പരം സഹോദരീസഹോദരന്മാർ എന്നാണ്. അതെ, വിശ്വ സാഹോദര്യം യേശുദർശനത്തിന്റെ കാതലാണ്. ഇവർക്ക് എങ്ങ നെയാണ് മനുഷ്യരെ പലതട്ടുകളിൽ കാണാൻ പറ്റുക. പറയു ന്നതു ചെയ്യാൻ നാം സന്നദ്ധരാകണം; പ്രസംഗം പ്രായോഗിക തലത്തിൽ കാട്ടിക്കൊടുക്കാൻ നാം ബാധ്യസ്ഥരാണ്.

ഒരു അനുഭവകഥ ഓർമ്മവരുന്നു. ജർമ്മനിയിലെ ഒരു കുലീ നകുടുംബത്തിൽ ജനിച്ചു തത്വശാസ്ത്രത്തിലും വേദശാസ്ത്ര ത്തിലും സംഗീതത്തിലും ഡോക്ടറേറ്റ് നേടിയതിനുശേഷം അന്നത്തെ കറുത്തവർഗ്ഗക്കാരുടെ നാടായ ആഫ്രിക്കയിൽപോയി ആശുപത്രിസ്ഥാപിച്ച് കുഷ്ഠരോഗികളെ ശുശ്രൂഷിച്ച വ്യക്തി യാണ് ഡോ. ആൽബർട്ട് ഷ്വൈറ്റ്സർ. അദ്ദേഹത്തിന്റെ "ബ്രദർഹുഡ് ഓഫ് ദ നേഷൻസ്" എന്ന പ്രസ്ഥാനത്തിൽകൂടി ലോകസമാധാത്തിനുവേണ്ടി സ്തുത്യർഹമായ സേവനത്തിന്റെ അംഗീകാരമായി 57 വർഷങ്ങൾക്കു മുൻപ്. 1952 ൽ സമാധാന ത്തിന്റെ നോബൽസമ്മാനം കരസ്ഥമാക്കി. 1953 ൽ അദ്ദേഹ ത്തിനു അമേരിക്കയിലെ ഷിക്കാഗോ ഒരു ഗംഭീര അനുമോദന സ്വീകരണം ഒരുക്കി. നഗരാധിപർ, ഉദ്യോഗസ്ഥ പ്രമുഖർ, പൗര പ്രധാനികൾ, മാധ്യമപ്രവർത്തകർ എന്നുവേണ്ട വലിയൊരു ജനാ വലി അദ്ദേഹത്തെ സ്വീകരിക്കാൻ റയിൽവേ സ്റ്റേഷനിൽ സന്നി ഹിതരായി. കൃത്യസമയത്ത് ട്രയിൻ എത്തി. 78 കാരനായ ഡോ. ഷ്വൈറ്റ്സർ കാബിനിൽ നിന്ന് ഇറങ്ങി നടന്നു. പ്ലാറ്റുഫോമിൽ അനുമോദനത്തിന്റെ ആർപ്പുവിളികൾ. ഹാരമണിയിക്കാനും ഹസ്തദാനം ചെയ്യാനും തിക്കും തിരക്കും. ഇങ്ങനെ സ്വീക രണം നടക്കുന്നതിനിടയിൽ വിശിഷ്ടാതിഥി ആതിഥേയരോട് 'രണ്ടു മിനിട്ടു തന്നോടു ക്ഷമിക്കണം' എന്നു പറഞ്ഞുകൊണ്ട് ജനക്കൂട്ടത്തിന്റെ നടുവിലേക്കു നടന്നു നീങ്ങി. രണ്ടു പെട്ടികളും താങ്ങി വിഷമിച്ചു നടക്കാൻ ശ്രമിക്കുന്ന ഒരു കറുത്തവർഗ്ഗക്കാ രിയായ വയോധിക. അവളുടെ കൈയിൽ നിന്നും രണ്ടു പെട്ടി കളും അദ്ദേഹം എടുത്തുകൊണ്ടു അവരോടൊപ്പം സ്റ്റേഷനു പുറത്തുള്ള ബസ്സിൽ അവരെയും അവരുടെ പെട്ടികളും സുര

ക്ഷിതമായി കയറ്റിയിട്ട് ആതിഥേയ സമൂഹത്തിന്റെ അടു ക്കൽവന്നു വിനയപൂർവ്വം പറഞ്ഞു: 'നിങ്ങളെ ഇത്രയു സമയം കാത്തു നിർത്തേണ്ടിവന്നതിൽ ക്ഷമിക്കണം. ഇതുകണ്ടുനിന്നി രുന്ന ഒരു വ്യക്തി മാധ്യമറിപ്പോർട്ടറോടു പറഞ്ഞു: "That is the first time I ever saw a sermon walking" (നടക്കുന്ന ഒരു പ്രസംഗം ഞാൻ ആദ്യമായിട്ടാണ് കാണുന്നത്). പ്രസംഗത്തേക്കാൾ, സംസാരത്തേക്കാൾ, പ്രാർത്ഥനയേക്കാൾ, സ്തോത്രത്തേക്കാൾ വലുതും വിലപ്പെട്ടതും പ്രവൃത്തി തന്നെയാണ്-പ്രത്യേകിച്ച് അവ ശത അനുഭവിക്കുന്നവരുടെ ജീവിതത്തിൽ ഇടപെട്ടുകൊണ്ടുള്ള പ്രവൃത്തി.

# 10

# പ്രകൃത്യാതീത ദൈവികശക്തിക്കെതിരെ പ്രപഞ്ചപരിണാമം

ഒരു ത്രിദിന സെമിനാറിൽ പങ്കെടുക്കുകയാണ്. ആദ്യത്തെ പരിപാടി സ്വയം പരിചയപ്പെടുത്തലാണ്. രണ്ടാമത്തെ ദിവസം ഒരാൾവന്നു അല്പം സംസാരിക്കണമെന്നാവശ്യപ്പെട്ടു. വളരെ സന്തോഷപൂർവ്വം ഞങ്ങൾ ചർച്ച ആരംഭിച്ചു. 'വൈദികനായിട്ടു പള്ളികളിൽ സേവനം അനുഷ്ഠിച്ചിരുന്നപ്പോൾ ദൈവവിശ്വാസം ഉണ്ടായിരുന്നോ?' എന്നു ചോദ്യം. 'അതെ, ചെയ്തതൊക്കെ ആത്മാർത്ഥമായിട്ടായിരുന്നു. അന്ന് എന്നെ അങ്ങനെ പരുവപ്പെടുത്തിയിരുന്നു. അതിനോടു വിശ്വസ്തത പുലർത്തി. പക്ഷേ എപ്പോഴും സത്യം അന്വേഷിച്ചുകൊണ്ടിരുന്നു. കിട്ടുന്ന വെളിച്ചത്തോടു വിശ്വസ്തത പുലർത്തുകയാണ് ജീവിത സാഫല്യം. നമുക്ക് ഒരു ജീവിതമല്ലേയുള്ളൂ. അവിടെ കാപട്യം പറ്റുകയില്ല. എന്നായി എന്റെ പ്രതികരണം.

'ഇങ്ങനെ ദൈവവിശ്വാസത്തെ നിഷേധിക്കാനുണ്ടായ കാര്യങ്ങൾ പറയാമോ?' 'അനേകം കാരണങ്ങളുണ്ട് അവയങ്ങനെ ഒറ്റയടിക്കു പറഞ്ഞുതീർക്കാനാവില്ല.' 'അങ്ങനെയെങ്കിൽ ഇങ്ങനെ ഒരു തീരുമാനത്തിൽ വരാൻ ഉണ്ടായ കാരണങ്ങളിൽ ഏറ്റവും തീവ്രമായ ഒരു കാരണം പറയാമോ?' എന്നായി എന്റെ സുഹൃത്ത് 'തീർച്ചയായും' ഞാൻ തുടർന്നു. 'ഇന്നു സമൂഹം ഉള്ളവനും ഇല്ലാത്തവനും തമ്മിൽ വിഭജിക്കപ്പെട്ടിരിക്കുകയാണ്. ഉള്ളവർ വളരെ ചെറിയൊരു ന്യൂനപക്ഷം; ഇല്ലാത്തവരോ ബഹുഭൂരിപക്ഷം. ക്രിസ്ത്വാബ്ദം ഏതാണ്ടു മൂന്നു നൂറ്റാണ്ടു കഴിഞ്ഞപ്പോഴേ ക്രൈസ്തവ സഭ സമ്പന്നപക്ഷത്തേക്കു ചേർന്നു കഴിഞ്ഞു. യേശു ദരിദ്രപക്ഷത്താണ് നിലയുറപ്പിച്ചത്. 'യേശുവിന്റെ സഭ'യെന്നു സ്വയം വിശേഷിപ്പിക്കുന്ന ക്രൈസ്തവസഭ

എല്ലാംകൊണ്ടു സമ്പന്ന-അധീശവർഗ്ഗത്തോടു പക്ഷം ചേർന്നാണു യാത്ര. നൂറ്റാണ്ടുകളായിട്ടുള്ള യാത്രയാണിത്. ഇന്നത്തെ ക്രൈസ്തവസഭയ്ക്ക് യേശുവിനോടു പുലബന്ധം പോലുമില്ല. അതുപോലെതന്നെ ഈ സഭയും ബൈബിൾ എടുത്തുകാട്ടുന്നതുമായ ഒരു ദൈവം അധിനിവേശ തല്പരനാണ്. അവരെ അടിച്ചമർത്തി സ്വന്തം സ്ഥാനം ഉറപ്പിക്കുന്നതിൽ അതിവിദഗ്ദ്ധർ, 'നിന്റെ തമ്പുരാൻ കർത്താവ് ഞാനാകുന്നു. ഞാനല്ലാതെ മറ്റൊരുദൈവം നിനക്കുണ്ടാകരുത്- ഇതു താക്കീതാണ്. തീർത്തും അസൂയാലുവായ അധിനിവേശ ദൈവസങ്കല്പം. ഈ ദൈവസങ്കല്പം ഈ കാഴ്ചപാട് പഴയനിയമംകൊണ്ടു അവസാനിക്കുന്നില്ല. ഈ ദൈവസങ്കല്പം ഓരോ കാലം കഴിയുംതോറും രൂഢമൂലമാവുകയാണ്. ഇന്നത് 'യേശു എല്ലാ പ്രശ്നത്തിനും ഉത്തരം' വരെ എത്തിയിരിക്കുന്നു. ഇങ്ങനെയൊരു ദൈവത്തെ, ബഹുഭൂരിപക്ഷം വരുന്ന, കഷ്ടപ്പെടുന്ന മനുഷ്യരുടെ കണ്ണീരു കണ്ടിട്ട് വലിയവന്റെ പക്ഷംപിടിക്കുന്ന ഒരു ദൈവത്തെ എനിക്കുവേണ്ട. അങ്ങനയൊരു ദൈവത്തിൽ വിശ്വസിച്ചിട്ടു ഒരുകാര്യവുമില്ല. അങ്ങനെയുള്ള വിശ്വാസം നമ്മുടെ മനുഷ്യത്വത്തെപ്പോലും ചോർത്തിക്കളയും.

നമുക്കു തുടർന്നും സംസാരിക്കണമെന്നും പറഞ്ഞു അദ്ദേഹം ഇങ്ങനെ പറഞ്ഞു; ലോകത്ത് രണ്ട് ശക്തികളാണുള്ളത്. ദൈവികശക്തിയും പൈശാചികശക്തിയും. ദൈവമില്ലെന്നു പറഞ്ഞാൽ, പിന്നെ പൈശാചികത മാത്രമേയുള്ളു. അതപകടമാണ്: ഇതിനോട് നൂറുശതമാനവും വിയോജിപ്പാണ് എനിക്കുള്ളതെന്ന് ഞാൻ വ്യക്തമാക്കി. സാവകാശം ചർച്ചയാകാമെന്ന ധാരണയിൽ ഞങ്ങൾ പിരിഞ്ഞു.

മൂന്നാമത്തെ ദിവസം അയാളും ഞാനും സംസാരിക്കാൻ ഒത്തുകൂടി. അതിനിടെ അദ്ദേഹം എന്റെ ആത്മകഥയായ 'കറുത്ത കുർബാന' യുടെ കുറച്ചുഭാഗം വായിച്ചു കഴിഞ്ഞിരുന്നു. ചർച്ച ആരംഭിച്ച് ഏതാണ്ടിങ്ങനെ: 'കറുത്ത കുർബാനയിൽ വായിച്ചിടത്തോളം എല്ലാം വളരെ പോസിറ്റീവായിട്ടാണല്ലോ പറയുന്നത്. ദൈവത്തിലുള്ള വിശ്വാസവും യേശുവിൽ നിന്നുള്ള പ്രചോദനവും എല്ലാം അവിടെ വ്യക്തമാക്കുന്നല്ലോ. എല്ലാ ഘടനയിലും തിന്മയുണ്ട്. എത്ര നല്ല ഉദ്ദേശ്യത്തോടെ ആരംഭിക്കുന്നതും

ഘടനയാകുമ്പോൾ അവിടെ തിന്മ കടന്നുവരുന്നത് അനുഭവ സത്യം. ആദ്യക്രൈസ്തവ സമൂഹങ്ങളൊക്കെ കൂട്ടായ്മകളായിരുന്നു; സ്ഥാപനമേയല്ലായിരുന്നു. കൊറിന്തിക്കാരുടെ കൂട്ടായ്മ, എഫേസിയാക്കാരുടെ കൂട്ടായ്മ, തെസലോണിയാക്കാരുടെ കൂട്ടായ്മ എന്നല്ലാതെ സഭയോ സ്ഥാപനമോ അവിടെയെങ്ങുമില്ല. ഇനി ഘടനയായപ്പോൾ തിന്മകൂടുന്നു. നമുക്ക് അവയെ നവീകരിക്കാം. പക്ഷേ ഘടന മുൻകൈ എടുക്കുന്ന കഥകളല്ലേ മത മേഖലയിൽ മാത്രമല്ല, എല്ലാ മേഖലകളിലും നാം കാണുന്നത്. 50–60 വർഷങ്ങൾക്കു മുൻപ് കുറച്ചു മനുഷ്യസ്നേഹികൾ ജീവാർപ്പണം കൊടുത്തല്ലേ കമ്മ്യൂണിസ്റ്റു പാർട്ടി ഉണ്ടായത്. ഇപ്പോൾ അതെന്തായി? അധികാരത്തിനും സമ്പത്തിനും സുഖലോലുപതയ്ക്കും എന്തിനു അഴിമതിക്കുപോലും പാത്രമാകുന്ന കമ്മ്യൂണിസ്റ്റുകാർ! അഹിംസയിലൂടെയും നിരാഹാരത്തിലൂടെയും സത്യത്തിനു സാക്ഷ്യം നല്കി തീർത്തും ലളിതജീവിതം നയിച്ച ഗാന്ധിജിയും അന്നത്തെ കോൺഗ്രസ്സുകാരും ഇന്നത്തെ ഖദർധാരികളും എവിടെ നിൽക്കുന്നു. യേശുവിന്റെ കൂട്ടായ്മയും പുറംതള്ളപ്പെട്ടവരോടൊപ്പമുള്ള പന്തിഭോജനവും ഇന്നത്തെ അധീശ-സമ്പന്ന സഭകളുടെ മേൽക്കോയ്മയും എവിടെ നില്ക്കുന്നു! ഇതൊക്കെ സൂചിപ്പിക്കുന്നത് ഇവിടെ തിന്മയുടെ ശക്തി സജീവമാണ് എന്നതല്ലേ. നല്ലതുവരണമെന്നു ആഗ്രഹിച്ചുറപ്പിച്ചു തുടങ്ങുന്ന കാര്യങ്ങൾതന്നെ തിന്മയുടെ ഘടനയിൽ ചെന്നെത്തുന്നു എന്നു കാണുമ്പോൾ നമ്മുടെ പരിമിതികളും പൈശാചികശക്തിയും എത്ര ശക്തം എന്നു കാണേണ്ടയോ? ഇതിനോടു ഞാൻ ഇങ്ങനെ പ്രതികരിച്ചു: 'ഘടനാപരമായ തിന്മയുണ്ട്; നമുക്കു പരിമിതികളുണ്ട്. ഇതു വസ്തുതയാണ്. ഇതിന്റെ പേരിൽ മനുഷ്യനുപരി ഒരു പൈശാചിക ശക്തിയെ എന്തിനാണ് പ്രതിഷ്ഠിക്കുക എന്നു മനസ്സിലാകുന്നില്ല. അതിനു ന്യായീകരണമോ സാംഗത്യമോ കാണുന്നില്ല. ഇതിനോടദ്ദേഹം തിന്മയുടെ ശക്തിയെ നശിപ്പിക്കുന്ന ഒരു ദൈവത്തിലുള്ള വിശ്വാസം അഥവാ അസ്വാഭാവിക ശക്തിയിലുള്ള വിശ്വാസം നമ്മുടെ പരിമിതികളെ നികത്തുകയല്ലേ ചെയ്യുക. ഈ വിശ്വാസം നമ്മിൽ പ്രതീക്ഷ ഉണർത്തുന്നു. ഞാൻ ഒരു പാവപ്പെട്ടവനു 10 രൂപ സഹായിക്കുമ്പോൾ ഈ അതിസ്വാഭാവിക ചിന്തയില്ലെങ്കിൽ,

അതു വെറുമൊരു സഹായം. ഇത് ദൈവിക ചിന്തയോടെ ചെയ്താൽ അതിനു നിത്യമായൊരു മാനം സിദ്ധിക്കുകയാണ്. അത് ഒരിക്കലും നശിക്കാത്ത നന്മയായി നിലകൊള്ളുന്നു. അതിനു വിശാലമായൊരു പ്രതലം ലഭിക്കുകയാണ്. അങ്ങനെ ദൈവം ഭരിക്കുന്ന ഒരു രാജ്യം വരും. തിന്മയെ അതിജീവിച്ച രാജ്യം. അതിനോടു ഞാൻ ഇങ്ങനെ; 'ഞാൻ ചെയ്യുന്ന ഓരോ പ്രവൃത്തിയും, അതു പ്രപഞ്ചത്തിലെ ഓരോ മനുഷ്യനും ജീവിയും വസ്തുവും എല്ലാം പ്രപഞ്ചത്തിന്റെ മടിത്തട്ടിൽ തുള്ളി ക്കളിക്കുകയല്ലേ ശരി. പ്രപഞ്ചപരിണാമപ്രക്രിയയിൽ നാമെല്ലാം അലിഞ്ഞുചേരുകയാണ്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ഒന്നും നശിക്കുന്നില്ല. പ്രപഞ്ചപരിണാമത്തെ അനിവാര്യ കണ്ണിയായി നാമെല്ലാം, ഈ പ്രപഞ്ചത്തിലെ കല്ലും മണ്ണും പുല്ലും ചെടിയും പൂവും വൃക്ഷങ്ങളും പറവകളും മൃഗങ്ങളും മനുഷ്യരും എല്ലാം മാറുകയാണ്. അതിന്റെ വിശാല പ്രതലം നിങ്ങൾ പറഞ്ഞതി നേക്കാൾ എത്ര വലുതും. അവിടെ ദൈവികശക്തിയുടെ ആവ ശ്യമേയില്ല. നമ്മൾ ചെയ്യേണ്ട കാര്യങ്ങൾ പ്രകൃതിയ്ക്കനുസ രിച്ച് ചെയ്താൽ തിന്മയുടെ ശക്തി സ്വാഭാവികമായി നശിച്ചു കൊള്ളും. അതിനും ഒരു ദൈവികശക്തിയെ എഴുന്നള്ളിക്കേണ്ട ആവശ്യമില്ല. അദ്ദേഹത്തിനു കാര്യം ദഹിച്ചില്ലെങ്കിലും ശ്രദ്ധ യോടെ കേട്ടിട്ട് നമ്മുടെ ചർച്ച തുടരണം എന്നു പറഞ്ഞാണ് ഞങ്ങൾ പിരിഞ്ഞത്.

# 11

# രോഗം, പട്ടിണി
# മതത്തിന്റെ പണസമ്പാദന മാർഗ്ഗങ്ങൾ

എന്റെ ഒരു സുഹൃത്ത്, അംഗീകാരമുള്ള വക്കീൽ, പേരുകേട്ട ഒരു കോളേജിൽ നിയമത്തിൽ ക്ലാസ്സെടുക്കുന്നവൻ. അർപ്പണ ബോധത്തോടെ ഇടപെടുന്ന പ്രദേശത്തെ രാഷ്ട്രീയക്കാരൻ. ജീവിതത്തെ എല്ലാംകൊണ്ടും ഗൗരവമായികണ്ടു ജീവിക്കുന്ന വൻ. അദ്ദേഹവുമായി ഈയിടെ കുറച്ചേറെ സമയം സംസാരി ക്കാൻ ഇടയായി. എങ്ങനെയോ സംസാരത്തിന്റെ ശ്രദ്ധാകേന്ദ്രം മതങ്ങളായി. കിട്ടിയ ഉൾക്കാഴ്ചകൾ ഏറ്റവും ചുരുങ്ങിയ വാ ക്കുകളിൽ കുറിക്കട്ടെ.

ഇന്ത്യ ഒരു മതേതര/മതനിരപേക്ഷ രാഷ്ട്രമാണ്. ഇതാണ് ഭരണഘടനയുടെ പ്രിയാമ്പിൾ പ്രഖ്യാപിക്കുന്നത്. ഇങ്ങനെ പ്രഖ്യാപിക്കുന്ന രാഷ്ട്രത്തിലാണ് മതത്തിന്റെ പേരിൽ നിരവ ധിയായ അപരാധങ്ങളും തോന്ന്യാസങ്ങളും നടക്കുന്നത്. ഇന്നു ഏതു പബ്ലിക് ചടങ്ങിനും ഒരു കൂസലുമില്ലാതെ തുടക്കം കുറി ക്കുന്നത് പ്രാർത്ഥന കൊണ്ടാണ്. അതിൽ പങ്കെടുക്കുന്നവരിൽ കുറച്ചുപേരെങ്കിലും പ്രാർത്ഥനയിലോ ദൈവത്തിലോ മത ത്തിലോ വിശ്വസിക്കാത്തവർകാണും. അവർക്കു ഭരണഘടന ഉറപ്പുനൽകുന്ന മതനിരപേക്ഷതയെ സത്യത്തിൽ വെല്ലുവിളി ക്കുന്നതാണ് ഈ പ്രാർത്ഥനാരീതി. ഇപ്പോൾ ഒരു ഫാഷനായി വന്നിരിക്കുന്നത്, ഈ പ്രാർത്ഥനയുടെ വാക്കുകളിൽ ഒരു മത ത്തിന്റെയും ദൈവത്തെ എടുത്തു പറയുന്നില്ല; ദൈവത്തെ ഒരു പൊതുനാമമായിട്ടാണ് വിശേഷിപ്പിച്ചിരിക്കുക. ഏതെങ്കിലും ഒരു മതത്തിന്റെ ദൈവത്തെ വാഴ്ത്തലല്ലാത്തതുകൊണ്ട്, അതിൽ

പ്രശ്നമില്ലെന്നാണ് പലരും പറയുക. പക്ഷേ ദൈവത്തിലും മതത്തിലും വിശ്വസിക്കാത്ത ന്യൂനപക്ഷത്തോടു കാണിക്കുന്ന ഏറ്റവും വലിയ അപരാധവും അവഹേളനവുമാണീ ശൈലി.

ഇന്നും മതം കൊഴുത്തു വളരുന്നത് രണ്ടുകാര്യങ്ങൾ എടുത്തുകാട്ടിയാണ്-രോഗവും പട്ടിണിയും. പെരുന്നാളുകൾ, തീർത്ഥാടന കേന്ദ്രങ്ങൾ രോഗശാന്തി-അത്ഭുത മഹാസമ്മേളനങ്ങൾ ഒക്കെയിന്നു വലിയ കച്ചവട കേന്ദ്രങ്ങളായി മാറിയിരിക്കുന്നു. ഇത്രമാത്രം നേർച്ചകാഴ്ചകൾ ഇട്ടിട്ട് ശബരിമല അയ്യപ്പൻമാരുടെ രോഗം മാറുന്നില്ലല്ലോ. ആയിരങ്ങൾ ഒത്തുകൂടി കൈകൊട്ടി അട്ടഹസിച്ചു പ്രാർത്ഥിച്ചിട്ടും അനേകരെക്കൊണ്ടു രോഗശാന്തി സാക്ഷ്യം പറയിപ്പിച്ചിട്ടും, അനുദിനം ആശുപത്രികൾ പെരുകുന്നു; രോഗികളുടെ എണ്ണമോ ക്രമാതീതമാകുന്നു. ഭീതിപ്പെടുത്തുന്ന, കഠിനമായ പുതിയ രോഗങ്ങൾ വേരുറപ്പിക്കുന്നു. ഇവിടെയൊക്കെ സഭാ/മത സംവിധാനത്തിലേയക്ക് പണം കണക്കും കൈയ്യുമില്ലാതെ ഒഴുകി വീഴുകയാണ്. ഈയിടെ ദില്ലി സർക്കാർ പരസ്യ രോഗശാന്തി പ്രതിഭാസത്തെ അപലപിച്ചുകൊണ്ടും നിരോധിച്ചുകൊണ്ടും ഓർഡർ ഇറക്കിയതു ആശ്വാസമായി. ഓരോ വ്യക്തിക്കും അവരവരുടെ ദൈവത്തെ പ്രാർത്ഥിക്കാനും രോഗശാന്തി നടത്താനും പറ്റും; പക്ഷേ പരസ്യ പ്രതിഭാസമാക്കാൻ പാടില്ല എന്നാണ് ധ്വനി. അതു അത്രയ്ക്കു നല്ലത്. പക്ഷേ ഒരു മതേതര രാഷ്ട്രത്തിൽ മതനിരപേക്ഷതയ്ക്കല്ലേ കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടത് എന്ന വലിയ ചോദ്യം നിലനിൽക്കുന്നു.

ഇന്നു ഇന്ത്യയിലും ലോകത്തിലായാലും ബഹു ഭൂരിപക്ഷം ജനങ്ങളും കൊടും പട്ടിണിയിലാണ്. സാധാരണ ജനത്തിന്റെ പട്ടിണി സഭയ്ക്കും മതത്തിനും അടിമകളെ സൃഷ്ടിക്കുന്നു. കുറച്ചു പട്ടിണിക്കാരെ അത്യാവശ്യത്തിനു സഹായിക്കുന്നതല്ലാതെ, പട്ടിണി ഇല്ലാത്തൊരവസ്ഥയെപ്പറ്റി അവർക്കു സ്വപ്നം പോലുമില്ല. ഈ അവസ്ഥയെ നീതീകരിച്ചുകൊണ്ട് ബൈബിളിൽ നിന്നും രണ്ടു ഉദ്ധരണികളും ചേർത്തു പറയുമ്പോൾ തെറ്റു ശരിയായിമാറും- ദരിദ്രർ നിങ്ങളോടൊപ്പം എന്നും ഉണ്ടായിരിക്കും നേർച്ചപ്പെട്ടിയിൽ ധനികർ ധാരാളം പൈസയിട്ടെങ്കിലും വിധവയുടെ മുഴുവൻ സമ്പത്തായ 'ചില്ലിക്കാശ്' ഇട്ട

താണ് ഏറ്റവും വിലപ്പെട്ടത് ഇങ്ങനെ പട്ടിണിയെ വാഴ്ത്തിയിട്ട്, അവരുടെ ചില്ലിക്കാശുപോലും തട്ടിയെടുക്കന്ന മതപുരോഹിത വർഗ്ഗം കൊഴുത്തു വളരുകയാണ്.

സഭയും മതങ്ങളും ദൈവങ്ങളും വർഷങ്ങളായി ആഞ്ഞുതുഴഞ്ഞിട്ടും വഞ്ചി തിരുനക്കരത്തന്നെ: രോഗവും പട്ടിണിയും വർദ്ധിക്കുന്നതേയുള്ളു. അപ്പോൾ ഈ രണ്ടു പ്രശ്നങ്ങളും ഉത്തരം/ബദൽ മറ്റെന്തോ അല്ലേ. ഇവരെ വിട്ടിട്ടു യഥാർത്ഥ കാരണങ്ങളിലേയക്കു നീങ്ങണ്ടേ?

## 12

# ഞാൻ താങ്കൾക്കായി പ്രാർത്ഥിക്കാം; അതു വേണ്ട, ഞാൻ സന്തുഷ്ടനാണ്

എന്റെ ആത്മകഥയായ 'കറുത്ത കുർബ്ബാന' കണ്ടപ്പോൾ ആ തലക്കെട്ടിൽത്തന്നെ ആകൃഷ്ടനായി ഒരാൾ രണ്ടു ദിവസം കൊണ്ട് ആ പുസ്തകം ആദ്യന്തം വായിച്ചു. സഭയോടു മറുത്തും വെറുത്തും വഴക്കിട്ടും തെറ്റിപ്പിരിഞ്ഞ പല വൈദികരെയും അദ്ദേഹം കണ്ടിട്ടുണ്ട്. 'കറുത്ത' എന്ന വിശേഷണം തന്നെ അങ്ങനെ വല്ല തിക്താനുഭവകഥയായിരിക്കും എന്നു കണ്ടാണ് പുസ്തകം കയ്യിൽ കിട്ടിയ ഉടൻതന്നെ വായിച്ചു തീർത്തത്. പുസ്തകം മുഴുവൻ വായിച്ചപ്പോൾ തീർത്തും നിരാശനായി. അവിടെയെങ്ങും ബിഷപ്പിനോടോ സഭയോടോ എതിർപ്പൊന്നും കാണുന്നില്ല. മാത്രമല്ല, നിരീശ്വരവാദത്തിന്റെ ധ്വനികൾ അവിടെ നിഴലിക്കുന്നതായും ശ്രദ്ധിച്ചു. അദ്ദേഹത്തിനു എന്നോടു സംസാരിക്കണമെന്നു തോന്നി എന്റെ മുറിയിലെത്തി.

സ്വയം പരിചയപ്പെടുത്തിയിട്ട് ചർച്ച ആരംഭിച്ചു. ഏതാണ്ട് 75 വയസ്സ് തോന്നിക്കും. സ്വരത്തിനു അല്പം മൃദുലത ഒഴിച്ചാൽ നല്ല ആരോഗ്യം. 'ആഗപ്പേ' പ്രസ്ഥാനത്തിന്റെ സ്ഥാപക അംഗങ്ങളിൽ ഒരാൾ. ടെലഫോൺസിൽ പത്തനംതിട്ട ജില്ലയിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥനായി ജോലിചെയ്തു വിരമിച്ചു. നല്ല വായനാശീലം. രണ്ടു പുസ്തകങ്ങളുടെ കർത്താവ്. കൊല്ലം ലത്തീൻ കത്തോലിക്കാ രൂപതയിലെ ഒരു വൈദികനായിരുന്നതിനാൽ, അദ്ദേഹം തന്റെ സംസാരം ആരംഭിച്ചതു എറണാകുളം-എളമക്കരയിലെ ആന്റണി ക്ലമന്റ് എന്ന പരമ്പരാഗത കത്തോലിക്കൻ, 1976 ൽ പുരോഹിതനായെന്നും 1984 ൽ അതുപേക്ഷിച്ചെന്നും തുടർന്ന് അദ്ദേഹവുമായുള്ള തന്റെ സംസാരിത്തിലൂടെ യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ രക്ഷിക്കപ്പെട്ടു

ഇപ്പോൾ എറണാകുളത്തുതന്നെ സുവിശേഷവേല ചെയ്യുന്നു എന്നും പറഞ്ഞു. അങ്ങനെ ഇപ്പോൾ സുവിശേഷത്തിനു സാക്ഷ്യം വഹിക്കുന്നു. അതിനോട് ഞാൻ ചോദിച്ചു. ഈ പറയപ്പെട്ട ആന്റണി ക്ലമന്റിനു യേശുക്രിസ്തുവിലൂടെ രക്ഷ നേരത്തെ കിട്ടിയില്ലേ. 'ഇല്ല' എന്നാണ് പ്രതികരണം. 'വേണ്ടതു യേശുക്രിസ്തുവിലുള്ള വിശ്വാസമാണ്. അതിനു കത്തോലിക്കാസഭ പഠിപ്പിക്കുന്നതുപോലെ കൂദാശകളോ മദ്ധ്യസ്ഥന്മാരോ അധികാരഘടനയോ ഒന്നും ആവശ്യമില്ല. ഞങ്ങളുടെ സഭാംഗങ്ങളുമായി ബന്ധപ്പെട്ട് "ബൈബിൾ പഠിച്ചപ്പോൾ ആന്റണി ക്ലമന്റ് എന്ന കത്തോലിക്കാ പുരോഹിതനു അതു മനസ്സിലായി. യേശുക്രിസ്തുവിലുള്ള വിശ്വാസം നമ്മെ രക്ഷിക്കും. നിത്യജീവൻ പ്രദാനം ചെയ്യും."

നിത്യജീവൻ എന്നൊന്നു മറ്റൊരു സ്ഥലത്തില്ല. എന്നു ഞാൻ പറഞ്ഞതിനോടുടൻ 60-80 വർഷമാകുമ്പോഴേക്കും മരണമില്ലേ എന്നായി. അതിന്, 'മരണം ഒരു പ്രക്രിയയാണ്, ഈ പ്രപഞ്ച പരിണാമത്തിന്റെ അനന്തവും നിതാന്തവുമായ ഒഴുക്കിൽ നാം അലിഞ്ഞു ചേരുകയാണ്. എന്നു ഞാൻ പ്രതികരിച്ചു. അതിനു അദ്ദേഹം തന്റെ ഭാര്യയുടെയും മറ്റൊരു സ്ത്രീയുടെയും കഥകൾ സാവധാനം വിശദമായി പറഞ്ഞു കേൾപ്പിച്ചു. കഥകളുടെ ചുരുക്കമിതാണ്. അദ്ദേഹത്തിന്റെ ഭാര്യ വർഷങ്ങളായി കാൻസർ രോഗിയാണ്. ഭാര്യയുടെ കുടുംബം മണർകാട് യാക്കോബ വിശ്വാസികളായിരുന്നു. ബ്രദറൻ സുവിശേഷകന്റെ പ്രസംഗത്തിൽ ആകൃഷ്ടനായി ആദ്യം തന്റെ ഭാര്യ, പിന്നെ പിതാവ്, പിന്നെമാതാവും യേശുവിൽ രക്ഷിക്കപ്പെട്ടു. അങ്ങനെ സകുടുംബം രക്ഷപ്രാപിച്ചു. അദ്ദേഹം ആ മകളെയാണു വിവാഹം കഴിച്ചത്. കാൻസർ കഠിനമായി. ഏതാണ്ടു മരണ ശയ്യയിലായി. അങ്ങനെ ആശുപത്രിയിലായിരിക്കെ ഒരുദിവസം രാവിലെ അവൾ സാധാരണയുള്ളതിനേക്കാൾ തീർത്തും മ്ലാനവതിയായി കാണപ്പെട്ടു. എന്തുപറ്റിയെന്നു ചോദിച്ചപ്പോൾ, രാത്രി ഉറക്കത്തിൽ അവൾ സ്വർഗ്ഗത്തുപോയി; എല്ലാംകൊണ്ടും മനോഹരമായ സ്ഥലം. അവാച്യമായ ആനന്ദം. ഇതാസ്വദിച്ചുകൊണ്ടിരിക്കേ ബോധം തെളിഞ്ഞു. ആ അനുഭവം നഷ്ടപ്പെട്ടതിലുള്ള മ്ലാനതയാണ്. വീണ്ടും 1 മാസം ജീവിച്ചു ക്രിസ്തുവിൽ നിദ്രപ്രാപിച്ചു. അതുപോലെ മറ്റൊരു സ്ത്രീ ഒരിക്കൽ മരിച്ചു. അവരെ മോർച്ചറിയിൽ വച്ചിരിക്കുകയാണ്. ബന്ധുക്കൾ മോർച്ചറിയിൽ ഞരക്കം കേൾക്കുന്നു. വിവരം ഡോക്ടറെ അറിയിച്ചപ്പോൾ

മരണം സ്ഥിരീകരിച്ചിട്ടാണ് മോർച്ചറിയിൽ വെച്ചതെന്നു പറഞ്ഞു. വീണ്ടും ശ്രദ്ധിച്ചപ്പോൾ ഞരക്കങ്ങൾ കേൾക്കുന്നതായി അനുഭവപ്പെട്ടു. ഡോക്ടർ വന്നപ്പോൾ മരിച്ചവ്യക്തി അവിടെ ഇരിക്കുന്നു. എന്താണു സംഭവിച്ചതെന്ന് ആരാഞ്ഞപ്പോൾ അവൾ മരിച്ചു. ആരോ വന്നു ഒരു തടാകത്തിലേക്കു കൂട്ടികൊണ്ടുപോയി. തടാകത്തിനടുത്തായപ്പോൾ അവൾ പോകാൻ മടിച്ചു. അവളെ കൂടെവന്നയാൾ നിർബന്ധിച്ചു തടാകത്തിലേക്കു വലിച്ചിറക്കാൻ ശ്രമിച്ചു. അപ്പോഴാണ് ഞരക്കം ഉണ്ടായത് എന്നും അവൾ സാക്ഷ്യം നൽകി. അവളും കുറച്ചുനാൾകൂടി ജീവിച്ചു യേശുക്രിസ്തുവിൽ രക്ഷിക്കപ്പെട്ടു. അങ്ങനെ നിത്യജീവനും നിത്യശിക്ഷയുമുണ്ട് എന്ന് പറഞ്ഞിട്ട് പഴയനിയമത്തിലേയും പുതിയ നിയമത്തിലേയും കുറച്ചു ബൈബിൾ വാക്യങ്ങൾ ഉദ്ധരിച്ചു. ഞാൻ ഇങ്ങനെ പറഞ്ഞു. നാമൊക്കെ എത്രയോ തരത്തിലുള്ള സ്വപ്നങ്ങളാണു കാണുക; ചിലപ്പോൾ വളരെ തീക്ഷ്ണമായവ, ചിലപ്പോൾ ആനന്ദദായകമായവ. മാത്രമല്ല മനശ്ശാസ്ത്രം വ്യക്തമായി തെളിയിച്ചിട്ടുള്ളതല്ലേ 'Hallucination' ന്റെ കാര്യങ്ങൾ. ഇതൊക്കെ സ്വർഗ്ഗ-നരകത്തിന്റെ തെളിവായി കാണുക ബാലിശമല്ലേ.

അദ്ദേഹം വിഷയം മാറ്റി. നമ്മുടെ പാപപരിഹാരത്തിനായി യേശുക്രിസ്തു കുരിശിലേറി മരിച്ചു. അങ്ങനെയാണ് പാപിയായ മനുഷ്യരെ തന്നിലുള്ള വിശ്വാസത്താൽ രക്ഷ ഏറിയത്. വീണ്ടും സുവിശേഷ വാക്യങ്ങളുടെ ഉദ്ധരണി. അതിനു എന്റെ പ്രതികരണം ഏതാണ്ടിങ്ങനെ പോയി. 'സാറേ, ക്രിസ്ത്യാനികൾ, അവർ ഏതു ക്രിസ്തീയ സഭാവിഭാഗത്തിൽ പെട്ടവരാണെങ്കിലും മനുഷ്യകുലത്തോടു കാണിക്കുന്ന കൊടും ക്രൂരതയാണ് മനുഷ്യൻ പാപിയാണെന്ന പഠനവും പാപബോധം സൃഷ്ടിക്കാനുള്ള സഭകളുടെ നിരന്തര പ്രയത്നവും. മനുഷ്യന്റെ അടിസ്ഥാനപരമായ അഭിവാഞ്ഛ നന്മയിലേക്കാണ്. പ്രപഞ്ചത്തിലുള്ള എല്ലാത്തിനെയും നല്ലതായി സൃഷ്ടിച്ചെന്നു പറയുന്നിടത്ത് എങ്ങനെയാണു മനുഷ്യൻ ജനിക്കുന്നതുതന്നെ പാപിയായിട്ട്. ഈ സമീപനത്തിൽ എന്തോ കാര്യമായ തകരാറില്ലേ? അതിനദ്ദേഹം തന്റെ രണ്ടു വയസ്സുള്ള കുഞ്ഞിന്റെ കഥ പറഞ്ഞു. 'റ്റീപോയിയിൽ വച്ചിരുന്ന പുസ്തകങ്ങളും പേപ്പറുകളുമെല്ലാം കുഞ്ഞു വാരിവിതറിയിട്ടു. ആരെടാ ഇങ്ങനെ ചെയ്തതെന്നു അപ്പൂപ്പൻ ചോദിച്ചപ്പോൾ കുട്ടി വരാന്തയിലേക്കു ഇറങ്ങി നിന്നിട്ടു അമ്മയാണതു ചെയ്തതെന്നു

പറഞ്ഞു. എങ്ങനെ ആ കുട്ടിക്കു കള്ളം പറയാൻ സാധിച്ചു? പാപ ഹേതു ആ കുട്ടിയിൽ ഉള്ളതുകൊണ്ടല്ലേ? അതിനോടു ഞാൻ പറഞ്ഞു: 'ഒരിക്കലും കുട്ടി അങ്ങനെ പറഞ്ഞത് ആ കുട്ടിയിലുള്ള പാപാഭിവാഞ്ഛയല്ല. അവന്റെ ചുറ്റിലെ സമൂഹത്തിന്റെ ശൈലി കുട്ടി സ്വീകരിച്ചെന്നുമാത്രം. ഇതാണ് ഇന്നു നടക്കുന്ന പരുവപ്പെടുത്തൽ പ്രക്രിയ. കുട്ടികളാണു നന്മയുടെ നിറകുടം. അദ്ദേഹം പറഞ്ഞു: ഞങ്ങളുടെ വീട്ടിൽ ആരും കള്ളം പറയുകയില്ല; രക്ഷിക്കപ്പെട്ട ഞങ്ങൾ കള്ളം പറയില്ല. കുട്ടി പ്രായമായി യേശുക്രിസ്തുവിൽ വിശ്വ സിക്കുമ്പോഴേ രക്ഷിക്കപ്പെടൂ. അദ്ദേഹത്തിന്റെ ഈ നിലപാടോടു സഹതാപമാണു തോന്നിയത്. ഞാൻ തുടർന്നു. നിങ്ങൾ കള്ളം പറ യുകയില്ലെങ്കിൽ, ഇന്നീ സമൂഹത്തിൽ നടക്കുന്ന എല്ലാതിന്മകളുടെയും അടിച്ചമർത്തലുകളുടെയും സ്വാധീനം എല്ലാ വശങ്ങളിൽ നിന്നും നിങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു. മാത്രമല്ല, നിങ്ങളുടെ വീട്ടിൽ ധാരാളം പേർവരുന്നുണ്ടല്ലോ. അവരുടെ സ്വാധീനവും കുട്ടിയിലുണ്ട്. ഇതു കുട്ടിയിൽ വരുത്തുന്ന സാമൂഹിക പരുവപ്പെടുത്തലാണ് മന സ്സിലാക്കേണ്ടത്. എന്റെ സാറേ, ക്രിസ്ത്യാനിയുടെ 'പാപവും രക്ഷയും' എന്ന ചിന്താധാര എത്ര ഇടുങ്ങിയതാണ്. 'യേശുക്രിസ്തു വിൽ' വിശ്വസിച്ചു രക്ഷിക്കപ്പെട്ടു നിത്യജീവൻ നുകരുക എന്ന കർശന ചിന്ത എത്ര അപകടം പിടിച്ചതെന്നു മനസ്സിലാക്കാൻ കൂടുതൽ ബുദ്ധി മുട്ടേണ്ടതുണ്ടോ? ഇന്ത്യയിൽ ഇപ്പോൾ 110 കോടിയിലേറെ ജനസം ഖ്യ. ഇതിൽ വെറും 25% മാത്രമേയുള്ളു എല്ലാ ക്രിസ്തീയ വിഭാഗ ങ്ങളിൽപ്പെട്ടവരായി. അവരിൽ വളരെ ചെറിയൊരു ശതമാനമേയു ള്ളൂ രക്ഷിക്കപ്പെട്ട ബ്രദറന്മാർ. ഈ അവസ്ഥ എന്തു ബീഭത്സം. ഇന്ത്യ യിലെ 99% ജനവും രക്ഷപെടാതെ നിത്യാഗ്നിയിലേക്ക് എന്ന ചിന്ത എങ്ങനെയാണ് സ്വീകരിക്കാൻ പറ്റുക. ഈ രക്ഷിക്കപ്പെട്ടു നല്ലവരായി ജീവിക്കുന്നവരെപ്പോലെ, ചിലപ്പോൾ അവരേക്കാൾ കൂടുതൽ സൽസ്വ ഭാവികളായി നല്ലവരായി ജീവിക്കുന്ന, യേശുവിൽ വിശ്വസിക്കാത്ത വർ അനേകം പേർ ഈ ഇന്ത്യയിലുണ്ട്. നാം അല്പം കൂടി വിശാല മായി ചിന്തിക്കേണ്ടതുണ്ട്.

അദ്ദേഹം വിഷയം മാറ്റി പ്രാർത്ഥനയിലേയ്ക്കുവന്നു. കത്തോലി ക്കാസഭയിൽ നിന്നും വിട്ടുപോയ ആന്റണിക്ലമന്റ് തന്റെയടുത്തുവന്നു ജീവിത കഥയൊക്കെ പങ്കുവച്ചപ്പോൾ അതെല്ലാം കേട്ടിട്ടു അദ്ദേഹം ക്ലമന്റിൻമേൽ പ്രാർത്ഥിച്ചു. അദ്ദേഹത്തിൽ മാനസാന്തരത്തിന്റെ ചല

നങ്ങളുണ്ടായി. പിന്നെ ബൈബിൾ പഠിച്ചു. മാനസാന്തരപ്പെട്ടു യേശു ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ടകാര്യം അദ്ദേഹം ഓർമ്മിപ്പിച്ചു. പ്രാർത്ഥനയിൽ എനിക്കു വിശ്വാസമില്ലെന്നു ഞാൻ സ്പഷ്ടമായും വ്യക്തമാക്കി. ഇന്ന് മനുഷ്യന്റെ ഏറ്റവും വിശിഷ്ടവസ്തുവായ സ്വാതന്ത്ര്യത്തെ അടിയറവച്ചിട്ട് ഏതാണ്ടു ദാസ്യത്തിലേയ്ക്കും അടിമത്വത്തിലേയ്ക്കും വിദഗ്ദ്ധമായും ശാസ്ത്രീയമായും വഴിതെളിക്കുന്ന ഏറ്റവും വലിയ തന്ത്രമാണ് പ്രാർത്ഥനയെന്ന് ഞാൻ വിശദീകരിച്ചു.

അദ്ദേഹം എന്റെ നിലപാടിനെ സ്വീകരിച്ചില്ല. അദ്ദേഹം പ്രാർത്ഥനവഴി ദൈവവുമായൊരു അവാച്യമായ ബന്ധവും അനുഭൂതിയും സ്വായത്തമാക്കുന്നുണ്ടല്ലോ. അതു വലിയൊരനുഭവമാണെന്നു സാക്ഷ്യപ്പെടുത്തി. അതിനു ചിലർക്ക് പ്രാർത്ഥന ഒരു ഹരമാകുന്നു എന്നതിനെ നിഷേധിക്കാൻ ഞാനാളല്ല എന്നു വ്യക്തമാക്കി. അതവരുടെ വ്യക്തിഗത അനുഭവം. പക്ഷേ ഇതു തീർത്തും വ്യക്തിഗതമാണ്; വസ്തുനിഷ്ഠമല്ല. മാത്രമല്ല, ഒരു സ്വതന്ത്രവ്യക്തിയെ തന്റെ അടിമയാക്കി നിറുത്തി അവന്റെ സ്തുതിയും ഗാനാലാപനങ്ങളും പ്രാർത്ഥനയും ഏറ്റുവാങ്ങുന്ന ഒരു ദൈവസങ്കല്പം എല്ലാംകൊണ്ടും ബോറാണ്. അത്രയും പറഞ്ഞിട്ടു ഞാൻ വ്യക്തമായി പറഞ്ഞു: 'എനിക്ക് ദൈവത്തിൽ വിശ്വാസമില്ല. കാരണം അങ്ങനെ ഒന്നില്ല. ഇല്ലാത്ത ഒന്നിന്റെ പുറകേ പോകാൻ ഞാനില്ല.'

'കറുത്ത കുർബാന' വായിച്ചപ്പോൾ പ്രതീക്ഷയ്ക്കൊത്തു വരാത്തതിൽ നിരാശതോന്നി എന്നെ മാനസാന്തരപ്പെടുത്താനാണ് എന്റെ സുഹൃത്തു വന്നത്. അവിടെ ഞാൻ വഴങ്ങുന്നില്ല എന്നു മനസ്സിലാക്കി അദ്ദേഹം യാത്രപറയാൻ എഴുന്നേറ്റു. തുടർന്നദ്ദേഹം പറഞ്ഞു: 'ഞാൻ പ്രാർത്ഥിക്കാം. അതിനു ഞാൻ പറഞ്ഞു. 'അതുവേണ്ടാ. ഞാൻ സന്തുഷ്ടനാണ്. ഞങ്ങൾ പരസ്പരം ഹസ്തദാനം ചെയ്തു പിരിഞ്ഞു. പോയിക്കഴിഞ്ഞപ്പോൾ, എന്റെ മനസ്സ് പറഞ്ഞു. ആത്മാർത്ഥതയുള്ളൊരു യേശുവിശ്വാസത്തിന്റെ അടിമ. അദ്ദേഹത്തെയോർത്തു സഹതാപം തോന്നി. ഒപ്പം എന്റെ വ്യക്തതയിൽ ഉറച്ചു നില്ക്കാനുള്ള ശക്തിയും

13

# ബ്രദറൻ സഭയിലെ ക്രീമിലെയർ

ഈയിടെ ഒരു കുടുംബത്തെ പരിചയപ്പെട്ടു. അമ്മ, അച്ഛൻ, മകൻ, മകൾ. അച്ഛന് പ്ലംബിംഗും ഒപ്പം ബ്രദറൻ സഭയിലെ സുവിശേഷവേലയും. അമ്മക്ക് മറ്റ് ജോലിയില്ല. മകൻ മദ്രാസിൽ ജോലി. മകൾ നേഴ്സിംഗിന് ഒന്നാംവർഷം പഠിക്കുന്നു. അവൾ അതിമിടുക്കിയാണ്. നല്ല ബുദ്ധിവൈഭവമുള്ളവൾ. നല്ല ആശയസംവേദനശൈലി. ആരെയും കൂസാത്ത ബാഹ്യചലനങ്ങളും ചേഷ്ടകളും. അവൾക്ക് ഒരു പ്രശ്നം. ആശുപത്രിയുടെ ഹോസ്റ്റലിൽ താമസിച്ചു പഠിക്കാൻ ഇഷ്ടമില്ല. സീനിയർ സ്റ്റുഡന്റ്സ് അവളെ കാണുമ്പോൾ കമന്റ്സ് അടിക്കുന്നു. അങ്ങനെയെങ്കിൽ പഠിക്കാൻ പോകുന്നില്ല എന്ന ചിന്തയിലാണവൾ. വീടു ദൂരെയാണ്. ഹോസ്പിറ്റലിനടുത്തു വീടു വാടകക്കെടുത്തു അവളെ നേഴ്സിംഗിനു വിടാനുള്ള സാമ്പത്തിക ശേഷിയില്ല. കുടുംബം ഇവളെയോർത്തു തീരാദുഃഖത്തിലാണ്. ഈ മകളെ ചികിത്സയ്ക്കായി ഒരു കൗൺസിലിംഗ് സെന്ററിൽ കൊണ്ടുവന്നു. അവിടെവച്ചാണ് ഇവരെ പരിചയപ്പെട്ടത്.

ഇക്കാര്യങ്ങളൊക്കെ പറഞ്ഞിട്ട്; പൈശാചിക പരീക്ഷയായിരിക്കും ഇതെന്നു പറഞ്ഞു ആ അമ്മ ആശ്വസിച്ചു. അതിന് കൂടെയുണ്ടായിരുന്ന എന്റെ കൂട്ടുകാരി കൊച്ചുമോൾ പറഞ്ഞു. ഇവിടെ പിശാചിന്റെ പരീക്ഷണം എന്ന കാര്യമേയില്ല. അവൾക്കു എന്തോ കാര്യമായ മാനസിക ബുദ്ധിമുട്ടുണ്ട്. അതിനെ നേരിടാൻ അവൾക്കു കരുത്തുണ്ടാകണം. അല്ലാതെ മറ്റു പ്രശ്നങ്ങളൊന്നുമില്ല. അപ്പോൾ പറഞ്ഞു: 'അവൾ മോശമായി നടക്കുന്നു' എന്നു അവർ പറഞ്ഞു പരത്തുന്നു. അതവൾക്കു സഹിക്കുകവയ്യ. മറ്റുള്ളവർ ദൂഷ്യം പറഞ്ഞുപരത്തുന്നു. സത്യമല്ലാത്ത കാര്യം പറഞ്ഞു നടന്നാൽ അതെങ്ങനെ സമചിത്തതയോടെ അഭിമു

ഖീകരിക്കും. അങ്ങനെ അമ്മയും കൊച്ചുമോളും ഞാനും സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ, ഈ യുവതിയും ഞങ്ങളുടെ ചർച്ചയിൽ ചേർന്നു.

ഞങ്ങൾ പരസ്പരം പരിചയപ്പെടുത്തി. എന്നെ പരിചയപ്പെടുത്തിയതിൽ, എന്റെ ദരിദ്രപക്ഷ കാഴ്ച്പ്പാടുകൂടിയുള്ള യാത്രയിൽ സഭാധികാരികളിൽ നിന്നും വിശ്വാസികളിൽ നിന്നും സമൂഹത്തിൽ നിന്നും അനുഭവിക്കേണ്ടിവന്ന തെറ്റിദ്ധാരണകളും എതിർപ്പും ഞാൻ സൂചിപ്പിച്ചു. അവിടെ തളരാതെപോകാൻ സഹായകമായത് കാര്യങ്ങളെക്കുറിച്ചുള്ള എന്റെ വ്യക്തതയായിരുന്നു; എന്റെ ബോധ്യത്തോടുള്ള വിശ്വസ്തതയായിരുന്നു എന്റെ യഥാർത്ഥ, അജയ്യിയായ ബലം. അതുകൊണ്ടു ഞാൻ സന്തുഷ്ടനാണ്; ഇത്രവലിയ എതിർപ്പുണ്ടായിട്ടും. അവൾക്കതിൽ സന്തോഷം തോന്നി.

അതുകഴിഞ്ഞു നടന്ന ചർച്ചയിൽ ആ യുവതി പറഞ്ഞു അങ്കിൾ ജാതിയിലും മതത്തിലും ബൈബിളിലും വിശ്വസിക്കുന്നില്ല എന്നു പറഞ്ഞതു മനസ്സിലാക്കാം. പക്ഷേ ദൈവത്തിൽ വിശ്വസിക്കുന്നില്ല എന്നു പറഞ്ഞതു സ്വീകരിക്കാൻ പറ്റുന്നില്ല. എല്ലാത്തിനും ഒരുകാരണവും നിയന്ത്രകനും വേണമെന്നല്ലേ നമ്മുടെ അനുഭവം. അങ്ങനെയെങ്കിൽ ഒരു ആദികാരണവും നിയന്താവും ആവശ്യമാണെന്നു കട്ടായമായി അവൾ പറഞ്ഞു. അതിനു പ്രപഞ്ചപരിണാമ പ്രക്രിയയിലാണ് ഞാൻ അർത്ഥം കാണുന്നതെന്നു ഞാൻ പറഞ്ഞു.

തുടർന്നു അവളുടെ അമ്മ ഈ മകൾ കാരണം അനുഭവിക്കുന്ന ദുഃഖത്തെപ്പറ്റി വീണ്ടും പറയാൻ തുടങ്ങി. എസ്. എസ്. എൽ. സി. വരെ ഒരു പ്രശ്നവുമില്ലായിരുന്നു. ഇക്കഴിഞ്ഞ മൂന്നു വർഷമായി പ്രശ്നങ്ങളുടെ പുറത്തു പ്രശ്നങ്ങൾ-ധാരാളം പൈസയുടെ ചെലവും. ഞങ്ങൾക്ക് സാമ്പത്തികം കുറവും. ഞങ്ങളുടെ സഭയിലെ സുവിശേഷകൻ ഞങ്ങളുടെ സഭാവിശ്വാസികളുടെ കൈയ്യിൽ നിന്നേ പണം പറ്റൂ. അവിശ്വാസികളിൽ നിന്നും പണം സ്വീകരിക്കുകയില്ല. അങ്ങനെയും പണമില്ല. പിന്നെ എല്ലാം ദൈവം നോക്കിക്കോളും. ദൈവത്തോടു പ്രാർത്ഥിക്കുകയേ വഴിയുള്ളു. അതിനു കൊച്ചുമോൾ പ്രതികരിച്ചു. ഇത്രയൊക്കെ പ്രാർത്ഥിച്ചിട്ടും പ്രശ്നങ്ങൾ കൂടുന്നത

ല്ലാതെ കുറയുന്നില്ലല്ലോ. അപ്പോൾ പ്രശ്നപരിഹാരമാർഗ്ഗം പ്രാർത്ഥനയല്ലെന്നു ചിന്തിച്ചുകൂടെ. പ്രശ്നത്തെ വസ്തുനിഷ്ഠമായി അഭിമുഖീകരിക്കാനുള്ള മാർഗ്ഗങ്ങളല്ലേ തേടേണ്ടത് അതിനോടു ഞാൻ കൂട്ടിച്ചേർത്തു. വർഷങ്ങളായുള്ള എന്റെ ബൈബിൾ പഠനത്തിലൂടെ എനിക്കു വ്യക്തമായ ബൈബിൾ പഠനം-ദൈവം പിതാവ് മനുഷ്യരെല്ലാം ദൈവമക്കൾ പരസ്പരം സഹോദരർ എന്നാണ്. അപ്പോൾ ഈ സാഹോദരരിൽ ഏറെപ്പേരെയും അവിശ്വാസികളായി മുദ്രകുത്തുന്നതിൽ എന്തോ അപാകത നാം കാണേണ്ടേ? തിരഞ്ഞെടുക്കപ്പെട്ട ജനമെന്നു വിശേഷിപ്പിച്ചിരുന്ന യഹൂദാ സമൂഹത്തിനു പുറത്തുള്ള പുറജാതിക്കാരോടും സമരിയക്കാരോടും പാപികളോടും ചുങ്കക്കാരോടും ഒക്കെ യേശു ഇടപെട്ട കഥകളല്ലേ നാം ബൈബിളിൽ വായിക്കുക. അപ്പോൾ പിന്നെ എങ്ങനെ ഞങ്ങളുടെ സഭാവിശ്വാസികൾ എന്നും അവിശ്വാസികൾ എന്നും ജനത്തെ അടയാളപ്പെടുത്താൻ പറ്റും. അതു യേശുവിരുദ്ധമല്ലേ. അതിനോടു അവർക്ക് പ്രത്യേകിച്ചു ഒന്നും പറയാനില്ലായിരുന്നു.

അങ്ങനെ സംസാരിച്ചുകൊണ്ടിരിക്കെ, മോതിരവും മാലയുമിട്ട ഒരു വിശ്വാസിയും മറ്റൊരു സുഹൃത്തും കൂടെച്ചേർന്നു. നമ്മൾ സംസാരിച്ചുകൊണ്ടിരിക്കുന്ന ബ്രദറൻ വിശ്വാസികൾ സ്വർണ്ണാഭരണങ്ങൾ ധരിക്കുകയില്ല. എന്താണു ഈ വ്യത്യാസം എന്നു ചോദിച്ചപ്പോൾ, ബ്രദറൻ വിഭാഗത്തിൽ വളരെ കുറച്ചു പേർ സ്വർണ്ണം ഉപയോഗിക്കുന്നവരുണ്ട് എന്നു പറഞ്ഞു. 'ബ്രദറിനു മനസ്സിലാക്കാൻ ഇക്കാര്യം ഇങ്ങനെ പറയട്ടെ. ഇക്കൂട്ടർ വളരെ കുറച്ചുപേരേയുള്ളൂ. വളരെ സമ്പന്നരും. അവർ ബ്രദറൻ സഭയിലെ ക്രീമിലെയർ' ആണ്. ദൈവം സമൃദ്ധമായി അനുഗ്രഹിച്ചവർ. കാര്യം മനസ്സിലായില്ലെങ്കിലും ഇങ്ങനെ മനുഷ്യനെ വേർതിരിച്ചു അനുഗ്രഹിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്ന ദൈവത്തെ എനിക്കുവേണ്ട എന്നു കൂടുതൽ ഉറച്ചു. മാത്രമല്ല, ഇങ്ങനെയുള്ള ദൈവസങ്കല്പം തന്നെ മനുഷ്യന്റെ അടിസ്ഥാന വളർച്ചയ്ക്കും സ്വാതന്ത്ര്യത്തിനും വിഘാതമാണ്. അനീതി നിറഞ്ഞ സാമൂഹ്യ-രാഷ്ട്രീയ ഘടനയുടെ മുന്നിൽ ഉത്തരവാദിത്വത്തിൽ നിന്നു ഒളിച്ചോടുന്ന ഇത്തരക്കാർ സാമൂഹ്യമാറ്റത്തിന്റെ ശത്രുക്കൾ എന്നല്ലാതെ എങ്ങനെ വിശേഷിപ്പിക്കാൻ.

## 14

# എക്സ് കന്യാസ്ത്രീകളുടെ പുനരധിവാസം

2009 ഒക്ടോബർ 24-ാം തീയതി തൃശൂർ സാഹിത്യ അക്കാഡമിയുടെ വൈലോപ്പിള്ളി ഹാളിൽ കേരള കാത്തലിക്ക് ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ "കത്തോലിക്കാ സഭയിലെ കന്യാസ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ" എന്ന വിഷയത്തെ ആസ്പദമാക്കിയ സെമിനാർ എല്ലാംകൊണ്ടും പ്രത്യാശ ഉണർത്തുന്നതായിരുന്നു. അവിടെ നടന്ന ചർച്ചകളിൽ ഉയർന്നുവന്ന ഉൾക്കാഴ്ചകളും നിരീക്ഷണങ്ങളും പുതിയൊരു സമൂഹത്തെ സ്വപ്നം കാണുന്നവർക്കു പ്രചോദനമാകുമെന്നുള്ള ചിന്തയാണീ കുറിപ്പെഴുതാൻ പ്രേരണ.

അടുത്തകാലത്തു മാധ്യമശ്രദ്ധ പിടിച്ചുപറ്റിയ ഒരു വിഷയമാണ് കന്യാസ്ത്രീമഠങ്ങളിൽ നടക്കുന്ന പല സംഭവങ്ങളും. കത്തോലിക്കാസഭയെ ബോധപൂർവ്വം വേട്ടയാടാനുള്ള ചിലരുടെ ശ്രമമാണിതെന്ന് ആണ് പൊതുവേ സഭാനേതൃത്വത്തിന്റെ പ്രതികരണം. ഏതു ജീവിതാവസ്ഥയിലും ചില പാളിച്ചകളും കുറവുകളുമുണ്ട്. അതുപോലെ കന്യാസ്ത്രീമഠങ്ങളിലുമുണ്ട്. ഇങ്ങനെയുള്ള ഒറ്റപ്പെട്ട സംഭവങ്ങളെ പർവ്വതീകരിക്കുന്നതിന്റെ പിന്നിൽ ചിലരുടെ നിക്ഷിപ്ത താല്പര്യങ്ങൾ ഉണ്ട്. ഈയൊരുവാദത്തെ സെമിനാർ അഭിസംബോധന ചെയ്യുന്നു. വൈകിട്ടു 5.30 നു തുടങ്ങിയ യോഗം രാത്രി 9 നാണ് സമാപിച്ചത്. ഒട്ടുമിക്കവരും അവസാനംവരെ പങ്കെടുത്തതും ഈ വിഷയത്തിന്റെ കാലിക പ്രസക്തിയും പ്രാധാന്യവും വിളിച്ചോതുന്നതാണ്.

അസുഖംകൊണ്ട് യാത്രചെയ്യാൻ സാധിക്കാത്തതിനാൽ, സെമിനാറിന്റെ ഉദ്ഘാടനപ്രസംഗം ശ്രീ. ജോസഫ് പുലിക്കുന്നേൽ എഴുതി ഇ-മെയിൽ ചെയ്തതു സഭയിൽ വായിച്ചു.

അവിടെ അദ്ദേഹം മറ്റൊരു പൊതുധാരണയെ ചോദ്യം ചെയ്യുന്നു. കന്യാസ്ത്രീകൾ മഠത്തിൽ നിന്നും പുറത്തുപോകുന്നതിന്റെയോ ദുരൂഹസാഹചര്യത്തിൽ തിരോധാനം ചെയ്യുന്നതിന്റെയോ കാരണം ലൈംഗികതയുമായി ബന്ധപ്പെട്ട വൈകൃതങ്ങൾ എന്ന ചിന്താധാര പ്രശ്നത്തെ ഉപരിവിപ്ലവമായി എളുപ്പത്തിൽ കണ്ടുപിടിക്കുന്ന കാരണം മാത്രമാണ്. മറിച്ച്, മഠങ്ങൾക്കുള്ളിലെ മനുഷ്യസ്വാതന്ത്ര്യത്തെ നിഷേധിക്കുന്ന സംവിധാനമാണ് മൂലകാരണം എന്നതാണ് അദ്ദേഹത്തിന്റെ സുനിശ്ചിതമായ അഭിപ്രായം. കത്തോലിക്കാസഭ പൊതുവായും സന്യാസസഭകൾ പ്രത്യേകിച്ചും, അതിലും വിശേഷിച്ചു കന്യാസ്ത്രീമഠങ്ങൾ കേന്ദ്രീകൃത അധികാര സ്ഥാപനമായി മാറിയിരിക്കുന്നു. അങ്ങനെ സേവനം മാറി ഭരണമായിരുന്നു അവിടത്തെ ജീവിതശൈലി. രാജാധികാര പരിവേഷിതമായ സഭയിൽ യേശുവിനെ പിൻചെല്ലാൻ സുപ്പീരിയറിന്റെ അനുവാദം ആവശ്യമായി വന്നിരിക്കുന്നു. ആഗോളതലത്തിൽ പുരുഷന്മാർക്കെന്നപോലെ ഏകദേശം ആറാം നൂറ്റാണ്ടോടുകൂടി സ്ത്രീകൾക്കും സന്യാസ ഭവനങ്ങൾ സ്ഥാപിതമായി. പിൽക്കാലത്ത് സന്യാസിനി-സന്യാസ സഭകൾ യൂറോപ്പിൽ സമ്പന്ന സ്ഥാപനങ്ങളായി തുടർന്നു; അധികാര കേന്ദ്രീകരണത്തോടെ. ഒരു ചെടി തലതിരിച്ചു മണ്ണിൽ നടാൻ സുപ്പീരിയർ സന്യാസി/നിയോടു പറഞ്ഞാൽ അതങ്ങനെ ചെയ്യുന്ന അന്ധമായ അനുസരണം പുണ്യമായി മാറി. കേരളത്തിൽ സന്യാസ സമ്പ്രദായം കർമ്മലീത്താ സന്യാസസഭയുടെ മത അധിനിവേശകാലമായ 19-ാം നൂറ്റാണ്ടിലാണ് ആരംഭിച്ചത്.

ശ്രീ പുലിക്കുന്നേലിന്റെ പ്രഭാഷണത്തിൽ സരസമായ ഒരനുഭവം സാക്ഷ്യപ്പെടുത്തുന്നു. ഈയിടെ രണ്ടു കന്യാസ്ത്രീകൾ അദ്ദേഹത്തെ കാണാൻ വന്നപ്പോൾ അദ്ദേഹം ചോദിച്ചു. നിങ്ങൾ ആരോടാണ് ബ്രഹ്മചര്യവും ദാരിദ്ര്യവും അനുസരണയും വാഗ്ദാനം ചെയ്തിരിക്കുന്നത്. 'ഈശോയോട്' എന്നവരുടെ ഉത്തരം. അതിനു അവരുടെ വാഗ്ദാനം ഈശോയോടല്ല, കാനോൻ നിയമമനുസരിച്ചാണെന്നും അതിന്റെ 412-ാം നമ്പറിൽ 1 ഉം 2 ഉം വകുപ്പുകളനുസരിച്ച് തങ്ങളുടെ പരമോന്നത ശ്രേഷ്ഠനെന്ന നിലയിൽ എല്ലാ സന്യാസികളും റോമാ മാർപ്പാപ്പയ്ക്ക് വിധേയരായിരിക്കുന്നതോടൊപ്പം അനുസരണാവ്രത

ത്തിന്റെ പേരിൽ അദ്ദേഹത്തെ അനുസരിക്കുന്നതിന് കടപ്പെട്ടിരിക്കുക കൂടിചെയ്യുന്നു. ഒപ്പം സന്യാസ സമൂഹങ്ങളുടെ നന്മയും പ്രേഷിതരംഗത്തെ ആവശ്യങ്ങളും കൂടുതൽ മെച്ചമായി സാധിക്കുന്നതിനു വേണ്ടി സമർപ്പിത സമൂഹങ്ങളെ രൂപതാമെത്രാന്റെ ഭരണത്തിൽ നിന്നു സ്വതന്ത്രമാക്കി തനിക്കുമാത്രം വിധേയമാക്കാവുന്നതാണ്. ചുരുക്കത്തിൽ സന്യസ്തർ വത്തിക്കാൻ രാഷ്ട്രത്തലവന്റെ അന്തർദേശീയ സേനാവ്യൂഹമാണ്.

ഇനി കേരളത്തിലേയ്ക്കു വരാം. ഇന്ന് എല്ലാ സന്യാസസഭകളും വമ്പിച്ച സമ്പത്തിന്റെ ഉടമകളാണ്. ഏതാണ്ട് വലിയ കോർപ്പറേറ്റ് ധന സ്ഥാപനങ്ങൾ. സാമാന്യജനത്തിന്റെ ചിന്താഗതിയെ ശരിക്കും പരുവപ്പെടുത്തിക്കൊണ്ട്, സന്യാസിനികൾക്കു ഭൂമിയും പണവും ദാനം ചെയ്യുന്നതു ഏറ്റവും വലിയ പുണ്യമായി കാണുന്ന അവസ്ഥ തന്നെ സൃഷ്ടിച്ചിരിക്കുന്നു. ഇന്ത്യൻ സ്വാതന്ത്ര്യത്തിനു മുൻപ് രണ്ടോ മൂന്നോ സന്യാസിനി സഭകൾ മാത്രമേ കേരളത്തിൽ ഉണ്ടായിരുന്നുള്ളു. ഇന്നു ആ അവസ്ഥ മാറി. നൂറുകണക്കിനു സന്യാസിനി സഭകൾ കൂൺപോലെ മുളച്ചുപൊങ്ങുകയാണ്. സന്യാസിനികൾ സേവന സന്നദ്ധരായ, അർപ്പണ മനോഭാവത്തോടെ ശുശ്രൂഷചെയ്യുന്ന, എല്ലാം ക്രിസ്തുവിനുവേണ്ടി ത്യജിച്ച ഒരു കൂട്ടം ത്യാഗധനർ എന്നാണു പൊതുസമൂഹധാരണ. യൂറോപ്പിൽ പല കാരണങ്ങൾകൊണ്ടു കുറ്റിപോയ സന്യാസിസഭകൾക്കു കേരളം പുതിയ മേച്ചിൽപുറമായി അനുഭവപ്പെട്ടു. അങ്ങനെ സ്വദേശത്തു നിന്നും വിദേശത്തു നിന്നും ധാരാളം സംഭാവന ലഭിക്കുകയായി. മാത്രമല്ല ലക്ഷക്കണക്കിനു രൂപയാണ് ഓരോ സന്യാസിനി മഠങ്ങളിലേയ്ക്കും സർക്കാരിൽ നിന്നും ശമ്പളമായും പെൻഷനായും വന്നുകൂടുന്നത്. ജോലി ചെയ്യുന്ന സന്യാസിനി അധ്യാപകർക്കും മറ്റുദ്യോഗസ്ഥർക്കും 'തിന്നാനും കുടിക്കാനും സൗകര്യങ്ങൾ കൊടുക്കുന്നു' എന്നല്ലാതെ ശമ്പളം ചെന്നു വീഴുന്നതു സന്യാസസഭകളുടെ ബാങ്ക് അക്കൗണ്ടിലാണ്. 'വേതനം കൂടാതെ ജോലി ചെയ്യാൻ സന്നദ്ധത' എന്ന സവിശേഷതയുള്ളവർക്കാണ് സന്യാസികളുടെ 'ദൈവവിളി' ലഭിക്കുക. ചുരുക്കത്തിൽ, അവകാശങ്ങൾ ഇല്ലാത്ത, കടമകൾ മാത്രമുള്ള ലോകത്തിലെ ഏക വിഭാഗമാണ് സന്യസ്തർ.

ഇതു മനസ്സിലാക്കാൻ ഏറെ ബുദ്ധിമുട്ടുണ്ട്. കാരണം, സന്യാസിമാരെല്ലാം ക്രിസ്തുവിനുവേണ്ടി എല്ലാം ത്യജിച്ചവരാണു എന്നൊരു പൊയ്മുഖം സഭകൾ സൃഷ്ടിച്ചിട്ടുണ്ട്. പൊതു (സിവിൽ) സമൂഹം, ജാതിമത ഭേദമന്യേ, അതു അംഗീകരിച്ചിട്ടുമുണ്ട്. അവർക്കു ചൊല്ലും ചോറും കൊടുക്കുന്നതു കൊണ്ടു അവരുടെ ഭൗതിക ജീവിതം സുരക്ഷിതമാണ്. പക്ഷേ ജീവിതം അടിമത്തമാണ് എന്ന വസ്തുത അൽപ്പം ചിന്തിച്ചാൽ ആർക്കും മനസ്സിലാകും. പക്ഷേ ആ ചിന്തക്കു നമ്മെ തന്നെ വിട്ടുകൊടുക്കാൻ നമ്മുടെ (ക്രിസ്തീയ) പരുവപ്പെടുത്തൽ അനുവദിക്കുന്നില്ല. അതുകൊണ്ടാണു മഠം വിട്ടുപോകുന്നവർക്കു എതിരെ ജനാഭിപ്രായം ഉണ്ടായിരിക്കുന്നത്. മാത്രമല്ല അവർക്കെതിരെ കള്ളകഥകളും അർദ്ധസത്യങ്ങളും പറഞ്ഞുണ്ടാക്കുക സഭാധികാരികളുടെ ഹോബികൂടിയാണ്. സത്യത്തിൽ സമൂഹം ഇവരോടു ഇങ്ങനെയല്ല പെരുമാറേണ്ടത്. സഭയ്ക്കുള്ളിലെ അനീതികൾക്കെതിരെ പോരാടിയതിന്റെയോ സ്വരം ഉയർത്തിയതിന്റെയോ ഫലമായി പുറത്തുപോകാൻ തയ്യാറാകുന്ന കന്യാസത്രീകൾക്കു സമൂഹത്തിന്റെ പൂർണ്ണപിന്തുണയല്ലേ ലഭിക്കേണ്ടത് / നൽകേണ്ടത്. ഇന്നത്തെ അവസ്ഥ ഇതല്ല. ഫലമോ ? ബഹുഭൂരിപക്ഷവും മഠങ്ങൾക്കുള്ളിൽ ഞെരിഞ്ഞമരുകയാണ്. 20 വർഷം മഠത്തിൽ കന്യാസ്ത്രീയായി ജീവിക്കുകയും സെന്റ് അലോഷ്യസ് കോളേജ് എൽത്തുരുത്തിൽ ഹിസ്റ്ററി വകുപ്പിൽ ഇന്നും പഠിപ്പിക്കുകയും 10 വർഷങ്ങൾക്കു മുമ്പ് മഠം ഉപേഷിച്ചതുമായ പ്രൊഫ. ഡോ. റെജീന വലിയവീട്ടിൽ സെമിനാറിൽ പങ്കെടുത്തുകൊണ്ട് വെളുപ്പെടുത്തിയ ചില കാര്യങ്ങൾ ഞെട്ടിപ്പിക്കുന്നതാണ്. സത്യദീപത്തിന്റെ സർവ്വേ അനുസരിച്ചു 25% കന്യാസ്ത്രീകളും അസംതൃപ്തരാണെന്ന പ്രസ്താവനയോടു ഡോ. റജീനയുടെ വ്യക്തമായ അഭിപ്രായം 25% അല്ല 75% ത്തിൽ കൂടുതൽ കന്യാസ്ത്രീകളും അസംതൃപ്തരാണ് എന്നാണ്. ഒരുദാഹരണം. അവരുടെ ബാച്ചിൽ 33 കന്യാസ്ത്രീകളുണ്ടായിരുന്നു. ഇവരിൽ 5 പേർ മാത്രമാണ് കോളേജ് വിദ്യാഭ്യാസം കഴിഞ്ഞു വന്നവരും സാമ്പത്തികമായി കഴിവുള്ളവരും. ബാക്കി 28 പേരും (85%) എസ്. എസ്. എൽ. സി. കഴിഞ്ഞു മഠത്തിൽ ചേർന്നവർ, മിക്കവരും ദരിദ്ര ക്രൈസ്തവ കുടുംബങ്ങളിൽ

നിന്നും വന്നവർ. അവർക്കു 15-16 വയസു പ്രായം. അതായതു തുള്ളിച്ചാടി ഓടിക്കളിച്ചു നടക്കേണ്ട കൗമാര പ്രായം. പല മാതാപിതാക്കൾക്കും സഹോദരന്മാർക്കും പെൺകുട്ടികൾ മഠത്തിൽ പോകുന്നതു ഇഷ്ടമാണ്. അവരുടെ വലിയൊരു ഭാരം തലയിൽ നിന്നു ഒഴിയുകയാണ്. മാത്രമല്ല ഒരു കുടുംബത്തിൽ ഒന്നു-രണ്ടു കന്യാസ്ത്രീകളുണ്ട് എന്നതു ഒരു ബഹുമാനമായിട്ടു പൊതുസമൂഹം കാണുന്നുമുണ്ട്. ഇവർ അവധിക്കു വീട്ടിൽ വരുമ്പോൾ, നേരത്തേ ഒരിക്കലും കിട്ടിയിട്ടില്ലായിരുന്ന അംഗീകാരവും ബഹുമാനവും പരിഗണനയും ലഭിക്കുന്നതു കണ്ട് ഇവരും ആ ലഹരിയിൽ മയങ്ങുകയാണ്.

എന്താണ് ഈ പെൺകുട്ടികൾക്കു സംഭവിക്കുക? കുറഞ്ഞതു മൂന്നു വർഷത്തേക്കെങ്കിലും (ആസ്പിരൻസി ഒരു വർഷം, പോസ്റ്റിലൻസി ഒരു വർഷം, നൊവീഷിയേറ്റു ഒന്നോ രണ്ടോ വർഷം) അവർ പ്രത്യേകമായ രീതിയിൽ ചിട്ടയായിട്ടും കർശനമായും പരുവപ്പെടുകയാണ്. പ്രത്യേകമായ ഡ്രസ് കോഡ്, വിശേഷതരത്തിലുള്ള അഭിസംബോധന, കരങ്ങൾ കൂട്ടി കുമ്പിടൽ, ഭക്തിനിർഭരമായ ചേഷ്ടകൾ, പതുങ്ങിയ സ്വരത്തിലെ സംസാരരീതി, തീർത്തും ചിട്ടപ്പെടുത്തിയതും നിയന്ത്രിതവുമായ ശാരീരിക ചലങ്ങൾ - എന്നു വേണ്ട എല്ലാ രീതിയിലും അവരെ ഒരു പ്രത്യേക ഫ്രെയിമിലിട്ടു കാച്ചിക്കുറുക്കുകയാണ്. തീർന്നില്ല, ഈ ഇളംമനസ്സിലേക്കു യേശുവിന്റെ മണവാട്ടിയാകാൻ ഓരോരുത്തരും ഒരുങ്ങുകയാണെന്നു പഠിപ്പിച്ചിട്ട് അവരുടെ മനസ്സുകളെ ആ രീതിയിൽ ട്യൂൺ ചെയ്തിരിക്കുന്നു. ലൈംഗികതയെയും ലൈംഗിക വികാരങ്ങളെയും മോശമായി ചിത്രീകരിച്ചിട്ടു അവയൊക്കെ പിശാചിന്റെ പ്രലോഭനമാണെന്നും, അവയെ ശാരീരിക പീഡയിലൂടെയും സംയമനത്തിലൂടെയും നിയന്ത്രിക്കേണ്ടതാണെന്നും, അങ്ങനെ നിയന്ത്രിക്കാൻ പറ്റാതെ മനസ്സിലൂടെ കടന്നുവരുന്ന എല്ലാ ലൈംഗിക വിചാരങ്ങൾ പോലും പാപമാണെന്നും, അവയെ വൈദികന്റെ അടുത്തു കുമ്പസാരിച്ചു പവിത്രയായിട്ടു വേണം ദിവസേന കുർബാന സ്വീകരിക്കേണ്ടതെന്നും നിരന്തരം പഠിപ്പിച്ചു ആ രീതിയിൽ അവരുടെ മനസ്സുകളെ ഒരുക്കുന്നു. ദിവസേനയുള്ള കുർബ്ബാന, പല നേരങ്ങളിലുള്ള പ്രാർത്ഥനകൾ, പലതരത്തി

ലുള്ള പുണ്യപ്രവൃത്തികളും ഭക്താഭ്യാസങ്ങളും, ശരീരവും ലൈംഗികതയും മ്ലേച്ഛമാണെന്നു കാണുന്ന രീതിയിലുള്ള കഥകളും കെട്ടുകഥകളും പഠനങ്ങളും ശരീരവികാരങ്ങളെ ദൈവത്തിങ്കലേക്കു ഉയർത്താനുള്ള വ്യർത്ഥ ശ്രമത്തിലൂടെ സബ്ലിമേറ്റ് ചെയ്യിക്കൽ, നിരന്തരമായി ആധ്യാത്മികഗുരുവിന്റെ അടുത്തു നിന്നുള്ള അപക്വവും അശാസ്ത്രീയവുമായ ശിക്ഷണം - ഇങ്ങനെ ഈ പാവം പെൺകുട്ടികളെ ഒരു പരുവത്തിലാക്കിയിട്ടു ചോദിക്കും. നിങ്ങൾക്കു കന്യാസ്ത്രീയാകണോ വേണ്ടയോ? 100% വും ഉത്തരം ഒന്നായിരിക്കും. ഞങ്ങൾക്കു കന്യാസ്ത്രീയാകണം. ഇപ്പോൾ അവർക്കു 18 - 19 വയസ്സ്, പ്രായപൂർത്തിയായി. സഭാധികാരികളുടെ ന്യായീകരണം ഇതാണ്. പ്രായപൂർത്തിയായിട്ടാണു അവർ കന്യാസ്ത്രീയായത്. അതിനു മുൻപ് 3 - 4 വർഷം ആ യുവതികളുടെ മനസ്സിനെ ഒരു പ്രത്യേക ചാനലിലൂടെ പരുവപ്പെടുത്തി അടിമകളാക്കുന്ന, തീർത്തും അപഹാസ്യമായ പരിശീലനരീതിയെപ്പറ്റി അവർ കുറ്റകരമായ നിശബ്ദതയാണു കാട്ടുക. ഇതിനെയാണു വനിതാകമ്മീഷൻ ന്യായപൂർവ്വം ചോദ്യം ചെയ്തത്. അതിനെതിരെ കന്യാസ്ത്രീമഠത്തിലെ അധികാരികൾ മാത്രമല്ല, കത്തോലിക്കാസഭയിലെ എല്ലാ മേലധികാരികളും രംഗത്തു വന്നു. എന്താണിതിനു കാരണം? ഈ വൻ അടിമപ്പടയെ സഭാമേലധികാരികൾക്കും സന്യാസസഭാമേധാവികൾക്കും ഒരുപോലെ ആവശ്യമാണ് എന്നതുകൊണ്ടാണ്.

ഡോ. റജീന ഒരു കാര്യം തറപ്പിച്ചു പറഞ്ഞു. കന്യാസ്ത്രീകളെ പൊതുവെ പറയാറുള്ളതു ക്രിസ്തുവിന്റെ മണവാട്ടികൾ എന്നാണ്. ഒരു വീട്ടിലെ മണവാട്ടിക്കു എന്തൊരു വലിയ സ്ഥാനമാണുള്ളത്. അവിടെ അവർ ചിലപ്പോൾ നേരിടേണ്ടതു ഒരു അമ്മായിയമ്മയെ ആണ്. മഠത്തിൽ അങ്ങനെയല്ല. ഒരു വിലയുമില്ലാത്ത മണവാട്ടികൾ. പല പെൺകുട്ടികളും നല്ല ഉദ്ദേശ്യത്തോടെ മഠത്തിൽ ചേരുന്നവരാണ്. ദൈവജനത്തിനു സേവനം ചെയ്യാൻ വേണ്ടി തന്നെ വിവാഹം വേണ്ട എന്നുവച്ചിട്ടു, സമൂഹത്തിന്റെ വിപുലമായ ബന്ധവലയത്തിലേക്ക് സ്വയം അർപ്പിക്കുന്നവർ. പക്ഷേ അകത്തു കടന്നു ചെന്നാൽ, അവരുടെ ജീവിതത്തെ നയിക്കുന്നതു വെറും നിർജ്ജീവമായ കാനോൻ നിയമ

ങ്ങൾ മാത്രം. അവരുടെ ഓരോരുത്തരുടെയും വ്യക്തിത്വം ബലി കഴിക്കപ്പെടുന്നു. വ്യക്തിത്വത്തിനു യാതൊരു സ്ഥാനവുമില്ല. സർവ്വശക്തനായ ദൈവത്തിനു എന്നുപറഞ്ഞു കാനോൻ നിയമത്തിനു അടിമയാക്കപ്പെടുന്നു. കാനോൻ നിയമം എന്നു പറയുമ്പോൾ പ്രായോഗികമായി ആ മഠത്തിലുള്ള സീനിയർ കന്യാസ്ത്രീകൾ. ഒറ്റവാക്കിൽ കുടുംബത്തിൽ മണവാട്ടികൾക്കു ഒരമ്മായിയമ്മയാണെങ്കിൽ മഠത്തിൽ ക്രിസ്തുവിന്റെ മണവാട്ടിക്കു 10 – 15 അമ്മായിയമ്മമാർ ! ജീവിതം ദുരിതപൂർണ്ണം. ജീവിതം തീർത്തും യാന്ത്രികമാവുന്നു. സുപ്പീരിയറിനെ അന്ധമായി അനുസരിക്കുക. ദൈവത്തെ സ്നേഹിക്കുക എന്നാൽ അയൽക്കാരെ സ്നേഹിക്കുകയാണ് എന്ന ബൈബിൾ പഠനം മറന്ന് ആളുകളെ സ്നേഹിക്കാൻ പാടില്ലാത്ത ഒരവസ്ഥ അവിടെ സൃഷ്ടിക്കപ്പെടുന്നു. എല്ലാ ബന്ധങ്ങളെയും സംശയബുദ്ധ്യാ നോക്കിക്കാണുന്ന രീതി. ആഹാരം, വസ്ത്രം, താമസം എന്നീ അടിസ്ഥാന ഭൗതികാവശ്യങ്ങൾ സമൃദ്ധിയിലുണ്ട്. പക്ഷേ സ്വതന്ത്രമായി നിൽക്കാനോ വളരാനോ ഉള്ള സാഹചര്യമേയില്ലവിടെ.

അനുസരിച്ചു വിധേയപ്പെട്ടു ജീവിക്കാൻ വയ്യ എങ്കിൽ തിരിച്ചു പൊയ്ക്കൊള്ളുക എന്നാണ് പൊതുവേ അധികാരിയുടെ സ്വരം. ഡോ. റെജീനക്കു കോളേജിൽ ജോലി ഉണ്ടായിരുന്നതുകൊണ്ടു ഇറങ്ങിപ്പോകാനും ഒരു വീടെടുക്കാനും തുടർന്നു പഠിപ്പിച്ചു മുന്നോട്ടു പോകാനും സാധിച്ചു. ബഹുഭൂരിപക്ഷത്തിനും ഈ സാധ്യതയില്ല. തിരിച്ചുപോയാൽ കുടുംബത്തിൽ ആർക്കും വേണ്ട, സമൂഹത്തിൽ. അവജ്ഞ, തൊഴിൽ സാധ്യതാക്കുറവ്, അസുരക്ഷിതത്വം ഏറെ, അങ്ങനെയെല്ലാംകൊണ്ടും ജീവിതം പ്രയാസജനകം. അതുകൊണ്ടു മിക്കവാറും അടിമപ്പണി തുടരും എന്ന രീതിയിൽ 'ഈശോക്കുവേണ്ടി സഹിച്ചു പുണ്യത്തിൽ വളരുന്നു'

ഓർക്കുക, കേരളത്തിലെ ഏറ്റവും വലിയ തൊഴിൽ ശക്തിയാണ് (ലേബർ ഫോഴ്സ്) കന്യാസ്ത്രീകൾ. സൗജന്യമായി രാവും പകലും ജോലിചെയ്യുന്നു. ഇത്ര വലിയൊരു ഗണം ആളുകൾ ചെയ്യുന്നതു അടിമപ്പണിയാണെങ്കിലും അതു അർപ്പണബോധത്തോടെ ചെയ്യുന്നതു കൊണ്ടു കേരള സമൂഹത്തെ കപ

ടമായിട്ടാണെങ്കിലും വസ്തുനിഷ്ഠമായിട്ടു ഏറ്റവും കൂടുതൽ സ്വാധീനിക്കുന്നു. ഈ അവസ്ഥയെ നാം ബോധപൂർവ്വം ചോദ്യം ചെയ്യേണ്ടതുണ്ട്.

ഒരു ജനാധിപത്യ രാജ്യത്തിനു അതിന്റെ ഭരണഘടനയുണ്ട്. അവിടെ മറ്റൊരു രാജ്യത്തിന്റെ കാനോൻ നിയമം പാരലൽ ആയി നടപ്പിലാക്കുക രാജ്യത്തിനു ഹാനികരമാണ്. സമാന്തരനിയമം കോടതി, ജുഡീഷ്യറി, ഉണ്ടാകുക എല്ലാ രീതിയിലും അപലപനീയമാണ്. ഇതു പൗരാവകാശ ലംഘനമാണ്.

ഇത്ര മനുഷ്യത്വഹീനമായൊരവസ്ഥ വിട്ടു പുറത്തുവരുന്നവരുടെ ജീവിതം ധന്യമാകുന്നതിനു മൂന്നു തരത്തിലുള്ള പരിഹാര ഇടപെടൽ ഉണ്ടാകണമെന്ന് അഭിപ്രായമുണ്ടായി. സർക്കാർതലത്തിൽ ഇവർക്കു അനുഗുണമായ നിയമങ്ങൾ ഉണ്ടാകണം. അവരുടെ പാട്രിമോണി ആരംഭത്തിൽ കൊടുത്തത് ഇന്നത്തെ വിലയ്ക്കു തുല്യമായി തിരികെ കിട്ടാനും, അവർ മഠത്തിൽ ഇത്രയും വർഷം ചെയ്ത ജോലിക്ക് ആനുപാതികമായുള്ള തുക തിരികെ കിട്ടത്തക്ക വിധം സാമൂഹ്യരീതിയിൽ അടിയുറച്ച നിയമങ്ങൾ കൊണ്ടുവരാനും, 18 വയസ്സു കഴിഞ്ഞേ പെൺകുട്ടികളെ മഠത്തിൽ ചേർക്കൂ എന്ന നിയമം നടപ്പിലാക്കാനും സർക്കാർ തയ്യാറാകണം. സമൂഹമെന്ന നിലയിൽ മഠത്തിൽ നിന്നു തിരിച്ചു വരുന്നവരെ പൂർണ്ണമനസ്സോടെ സ്വീകരിക്കുന്നൊരവസ്ഥ ഉണ്ടാകണം. ഇതൊരു ഗൗരവതരമായ പുനർ വിദ്യാഭ്യാസത്തിലൂടെ മാത്രമേ സാധിതമാകൂ. സന്യാസസഭയുടെ തലത്തിൽ പുറത്തു പോകുന്ന കന്യാസ്ത്രീകളെ പുനരധിവസിപ്പിക്കാനുള്ള എല്ലാ ഉദ്യമങ്ങളും താൽപ്പര്യപൂർവ്വം കാലേക്കൂട്ടി ക്രമീകരിച്ചിരിക്കണം.

ഇന്നത്തെ വ്യവസ്ഥിതിയിൽ ഈ പ്രശ്നത്തോടു നമുക്കു ചെയ്യാവുന്ന പാച്ചുവർക്കുകളാണിവ. അതു നടക്കട്ടെ. പക്ഷേ ഇന്നത്തെ അനീതി നിറഞ്ഞ വ്യവസ്ഥിതി മാറണം. അവിടെ കന്യാസ്ത്രീകൾക്കു ഒരു ധർമ്മവുമില്ല. സത്യത്തിൽ ഇങ്ങനെയൊരു വർഗം ഇല്ലാതാവുകയാണ് ആവശ്യമെന്നുള്ള എന്റെ നിരീക്ഷണത്തെ ഹർഷാരവത്തോടെയാണ് സദസ്യർ സ്വീകരിച്ചത്. പക്ഷേ ഇത് ഒരു നീണ്ട പ്രക്രിയയാണ്.

## 15

# സ്നേഹിക്കുന്നവർ പാപക്കറയിലോ

കൊല്ലം കുണ്ടറ കുമ്പളത്തെ സെന്റ് ട്രീസാസ് കോളേജ് ഓഫ് എഡ്യുക്കേഷൻ എന്ന സ്ഥാപനത്തിന്റെ ബി. എഡ്. കോഴ്സി നെപ്പറ്റിയൊരു ചർച്ച 2.8.09 ഞായർ 10 മണിക്കു വച്ചിരുന്നു. സ്ഥാപനത്തിന്റെ ചെയർമാന് അത്യാവശ്യമായും അദ്ദേഹത്തിന്റെ ഹൈസ്ക്കുൾ പ്രിൻസിപ്പലിന്റെ കുഞ്ഞിന്റെ ജ്ഞാനസ്നാന ത്തിനു പോകേണ്ടതു കൊണ്ട് 12 മണിയിലേക്കു മാറ്റി. അതുക ഴിഞ്ഞു ഞങ്ങൾ കൂടിയപ്പോൾ, എന്തേ ഇങ്ങനെ ഒഴിച്ചുകൂടാൻ പറ്റാത്ത അവസ്ഥവന്നെന്നു ചേദിച്ചപ്പോൾ പ്രിൻസിപ്പലിന്റെ കുഞ്ഞു ജനിച്ചിട്ടു ഇന്ന് 29 ദിവസമായി. ഒരു കുഞ്ഞു ജനിച്ചാൽ 30 ദിവസം കഴിഞ്ഞാൽ, എന്തുകൊണ്ടു സ്നാനം നല്കിയില്ലെന്ന വിശദീകരണം നല്കിയിട്ടു രൂപതാദ്ധ്യക്ഷനായ ബിഷപ്പിന്റെ പ്രത്യേക അനുവാദത്തോടെ മാത്രമേ സ്നാനം നല്കാൻ പറ്റൂ. കൊല്ലം രൂപതയിലെ പുതിയ നിയമമാണിത്. ജ്ഞാനസ്നാനം വേഗം കൊടുക്കാനുള്ള സമ്മർദ്ദതന്ത്രം എന്നേ പറയേണ്ടു.

നേരത്തെ തന്നെ ഇതുപോലുള്ള നിയമം കല്യാണവുമായി ബന്ധപ്പെട്ടുണ്ട്. വിവാഹ നിശ്ചയം കഴിഞ്ഞു സാധാരണ മൂന്നു ഞായറാഴ്ചകളിൽ പള്ളിയിൽ വിളിച്ചു ചൊല്ലും, ആർക്കെങ്കിലും എന്തെങ്കിലും കാനോൻനിയമ തടസമുണ്ടെങ്കിൽ അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട്. അങ്ങനെ വിളിച്ചുചൊല്ലാൻ പറ്റാത്ത പ്രേമ വിവാഹം പോലുള്ള സാഹചര്യത്തിൽ അങ്ങനെ ചെയ്യാതെ കല്യാണം നടത്തികൊടുക്കാനുള്ള അനുവാദം നല്കേണ്ടത് ബിഷപ്പാണ് (അല്ലെങ്കിൽ ബിഷപ്പ് ഹൗസിലെ ബിഷപ്പിന്റെ പ്രതി നിധിയാണ്). ഈയിടെ എന്റെ ഒരു ബന്ധു ഒരു യുവാവുമായി സ്നേഹത്തിലായി. അവന്റെ കൂടെ ഇറങ്ങിപ്പോയി. വേണ്ടത്ര ചിന്തിച്ചിട്ടും മനസ്സിലാക്കിയിട്ടുമാണോ അവൾ ഇറങ്ങിത്തിരി

ച്ചത് എന്ന ഉത്കണ്ഠയുള്ളതുകൊണ്ട് അവരുടെ വിവാഹം ഉടൻ നടത്താതെ അല്പം വൈകിപ്പിക്കുന്നതായിരിക്കും ഉചിതം എന്നു കണ്ട് പെൺകുട്ടിയുടെ മാതാപിതാക്കൾ സഹകരിച്ചില്ല. ചെറുക്കന്റെ വീട്ടുകാർ ബിഷപ്പിനെ കണ്ടു കല്യാണം രഹസ്യത്തിൽ നടത്തികൊടുക്കണമെന്നാവശ്യപ്പെട്ടു. ബിഷപ്പ് അനുവാദം നൽകി. വിവരമറിഞ്ഞു മകളുടെ മാതാപിതാക്കൾ ബിഷപ്പിനെ കണ്ട് അവരുടേതന്നെ ഭാവിയ്ക്കു വിവാഹം അല്പം വൈകിപ്പിക്കുന്നതാണ് നല്ലതെന്നു പറഞ്ഞു മനസ്സിലാക്കി. ബിഷപ്പിന്റെ പ്രതികരണം ഏതാണ്ടിങ്ങനെ: 'നിങ്ങൾ പറയുന്നതിൽ കാര്യമുണ്ട്. പക്ഷേ ഇന്നവർ പാപത്തിൽ കഴിയുകയാണ്. അതിൽ നിന്നും അവർ മോചിതരാകണമെങ്കിൽ പള്ളിയിൽ വച്ചു വിവാഹം നടക്കണം. പാപക്കറ മാറ്റാൻ എത്രയും വേഗം വിവാഹം നടത്തുകയാണ് വേണ്ടത്; അങ്ങനെയാണ് വിവാഹം നടത്തികൊടുക്കാൻ ഞാൻ അനുവാദം കൊടുത്തത്.' ദൈവവിശ്വാസികളും ഭക്തരുമായ പെൺകുട്ടിയുടെ മാതാപിതാക്കൾ ബിഷപ്പിന്റെ ഈ വാക്കുകൾക്കു മറുപടിയില്ലാതെ വിഷമിക്കുകയായിരുന്നു. 'തങ്ങളുടെ മകൾ പാപത്തിലാണ്' എന്നുള്ള ബിഷപ്പിന്റെ വാക്കുകൾ അവരെ തളർത്തി. 10 മാസംപേറി പ്രസവിച്ചു ഇത്രയുംനാൾ എല്ലാ രീതിയിലും തങ്ങളുടെ മകളെ അവർ വളർത്തി. അവൾ ഒരു യുവാവിനെ സ്നേഹിക്കുന്നു. ആ നടപടിയിൽ അപാകതയില്ലേ എന്ന ഉത്കണ്ഠയാണ് ഈ മാതാപിതാക്കൾക്കുണ്ടായിരുന്നത്. അവരുടെ മകളുടെ ഭാവി ചിലപ്പോൾ ഇരുണ്ടതായിപ്പോയേക്കാം, പലസാഹചര്യങ്ങളിലും എന്നു മനസ്സിലാക്കിയ മാതാപിതാക്കൾ അവരുടെ കല്യാണം നടത്തിക്കൊടുക്കുന്നതിൽ അല്പം സാവകാശം കൊടുക്കണം; അത് അവരുടെ മകളുടെ ഭാവി നന്മയ്ക്കാവശ്യമാണ് എന്നു ബിഷപ്പിനെ ബോധ്യപ്പെടുത്താൻ വന്ന മാതാപിതാക്കളെ ബിഷപ്പിന്റെ കപട അധികാരം ഉപയോഗിച്ചു പീഡിപ്പിക്കുകയാണു ചെയ്തത്. അവരുടെ മകൾ പറയപ്പെട്ട യുവാവുമായി ഒത്തുപോയിട്ടു മാസം രണ്ടായി. ഏറെ വേദനാജനകമായ സംഭവം. അവിടെ അവർ തളർന്നില്ല. മകളുടെ ഭാവിസുരക്ഷയ്ക്കുവേണ്ടി കൊതിച്ചുകൊണ്ടു പല ഇടപെടലും നടത്തി കാത്തിരിക്കുകയായിരുന്നു. കൂടുതൽ ആശ്വാസത്തിനു ബിഷപ്പിനെ കണ്ടതു വിനയായി. പാപക്കറ കഴുകിക്കളയാൻ അവരുടെ വിവാഹം ഉടൻ നടത്താൻ

അനുമതി നല്കിയിരിക്കുന്നു. എങ്ങനെയാണ് ഒരു യുവാവിന്റെയും യുവതിയുടെയും സ്നേഹവും ബന്ധജീവിതവും പാപജീവിതമാവുക? അവർ എങ്ങനെയാണ് പാപക്കറയിൽ ജീവിക്കുക? അവരുടെ സ്നേഹം ആത്മാർത്ഥമെങ്കിൽ, സത്യസന്ധമെങ്കിൽ അവരുടെ സ്നേഹത്തേക്കാൾ പവിത്രതയോ പരിശുദ്ധിയോ മറ്റെന്തെങ്കിലിനുമുണ്ടോ? ഇല്ല എന്നതാണു ശരി ഉത്തരം. 'അവർ പാപത്തിൽ കഴിയുന്നു' എങ്കിൽ അച്ചന്റെ ആശീർവാദം കൊണ്ടു എങ്ങനെ അവർ പുണ്യത്തിലേക്കു സ്വിച്ചോൺ ചെയ്യും? വിചിത്രമല്ലേ ഈ ചിന്താരീതി? ഇതു സാമാന്യബുദ്ധിയാണ്. പക്ഷേ എന്റെ ബന്ധുകുടുംബം അവരുടെ അന്ധവിശ്വാസം കാരണം ബിഷപ്പിന്റെ വാക്കിൽ വിശ്വസിച്ച് അവരുടെ വിവാഹം നടത്താൻ സഹകരിച്ചു, അവരുടെ ഭാവി സുരക്ഷിതമാവില്ലായെന്ന ആശങ്കയോടെതന്നെ. ചുരുക്കത്തിൽ അവരുടെ പാപക്കറ കഴുകിക്കളയട്ടെ എന്ന ചിന്തയുടെ ഉടമകളായി അവളുടെ മാതാപിതാക്കൾ. എന്തൊരു ഭീകരത! ബിഷപ്പിനെ കാണുന്നതുവരെ ഈ പ്രശ്നത്തിലെ ഓരോ ചലനവും എന്നെ അറിയിച്ചുകൊണ്ടിരുന്നു. ഏതാണ്ടു കരളുറപ്പോടെയാണവർ മുന്നോട്ടുപൊയ്ക്കൊണ്ടിരുന്നത്. ബിഷപ്പിന്റെ ഈ രീതിയിലുള്ള ഇടപെടൽ എല്ലാവിധ ധാർമ്മികതയ്ക്കും മനുഷ്യത്വത്തിനും, ദൈവികത എന്നൊന്നുണ്ടെങ്കിൽ അതിനും, എതിരാണ് -വിരുദ്ധമാണ് എന്നു ഞാൻ വ്യക്തമാക്കി. പിന്നെ എന്നോടുള്ള പങ്കുവയ്ക്കൽ ബോധപൂർവ്വം കുറച്ചതായി ഞാൻ ശ്രദ്ധിച്ചു. അതിൽ എനിക്കു വിഷമമില്ല. വിഷമം മറ്റൊന്നിലാണ്. മനുഷ്യസ്നേഹത്തെ മ്ലേച്ഛവും നിന്ദ്യവും പാപവുമാക്കാൻ കഴിവുള്ള ഈ മതവിശ്വാസത്തെയും അതിനെ ഊട്ടിവളർത്തുന്ന പൗരോഹിത്യവർഗ്ഗത്തെയും മെത്രാൻസമിതിയെയും എങ്ങനെയാണു പാവം ജനതയിൽ നിന്നും മോചിപ്പിക്കുക? ഏതു ചാട്ടവാറെടുത്താണു ഇവരെ ദേവാലയത്തിൽ നിന്നും മതവേദികളിൽ നിന്നും ആട്ടിപുറത്താക്കുക? ഇതു ഒറ്റപ്പെട്ട എന്റെ ബന്ധുകുടുംബത്തിന്റെ മാത്രം കഥയല്ല. ഇങ്ങനെ എത്രയെത്ര നീറുന്ന അനുഭവകഥകളാണു നിരത്തിവയ്ക്കാനുള്ളത്. അർത്ഥശൂന്യവും അശാസ്ത്രീയവും യുക്തിരഹിതവുമായ മതാധികാരികളുടെ ഇവ്വിധനിലപാടുകൾക്കെതിരെ മനുഷ്യാവകാശലംഘനത്തിനു കേസെടുക്കേണ്ടതുണ്ട് എന്നാണ് എന്റെ ചിന്ത.

# 16
# ഉത്ക്കണ്ഠ

ഈയിടെ യാദൃച്ഛികമായി കൊല്ലം ബസ്റ്റാന്റിൽവച്ചു ഒരാളെ പരിചയപ്പെട്ടു. അദ്ദേഹത്തിന്റെ നില്പിലും ചലനത്തിലും നോട്ടത്തിലുമൊക്കെ ഒരു പ്രത്യേകത. അദ്ദേഹത്തെ ഞാൻ ശ്രദ്ധിക്കുന്നതായി അയാൾക്കു മനസ്സിലായി. വിട്ടുവിട്ടു അദ്ദേഹം എന്നെ നോക്കുന്നതും ഉടൻതന്നെ കണ്ണുവെട്ടിക്കുന്നതും ഞാൻ ശ്രദ്ധിച്ചു. ഹൃദ്യമായ പുഞ്ചിരിയോടെ അദ്ദേഹത്തെതന്നെ നോക്കിക്കൊണ്ടു കുറച്ചേറെ സമയം അവിടെ ഞാനും നിന്നു. വളരെ പണിപ്പെട്ടുകൊണ്ടു അദ്ദേഹം തിരിച്ചു പിശുക്കിയൊന്നു മന്ദഹസിച്ചു. അതിനു എന്റെ പ്രതികരണം, 'എന്തൊക്കെയുണ്ടു വിശേഷം ? അറിയുമോ? എവിടെയോ കണ്ടുമറക്കുന്നു... "അതിനോടദ്ദേഹത്തിന്റേതു ഏതാണ്ടു സ്വാഭാവിക പ്രതികരണമായിരുന്നു. 'എന്റെ സാറെ, ജീവിതം കൊണ്ടുമടുത്തു. എവിടെയും എപ്പോഴും ഭയവും ഉത്ക്കണ്ഠയുമാണ്. എന്തുണ്ടു ഭയപ്പെടാതിരിക്കാൻ? ആർക്കും എന്തും ഏതു സമയത്തും എങ്ങനെയും സംഭവിക്കാം. 15 മിനിട്ടു മുൻപ് താങ്കൾ എന്നെ ശ്രദ്ധിക്കുന്നതു കണ്ടപ്പോഴേ ഭയമായിരുന്നു..' ഇങ്ങനെ ഏതാണ്ടു അണപൊട്ടിയ രീതിയിൽ ധാരാളം ചോദ്യങ്ങളും പ്രതികരണങ്ങളുമടങ്ങിയ സംസാരം ഞാൻ ശ്രദ്ധയോടെ ശ്രവിച്ചു. താല്പര്യപൂർവ്വമാണ് ഞാനദ്ദേഹത്തെ കേൾക്കുന്നത് എന്ന കാര്യം അദ്ദേഹത്തെ കൂടുതൽ കാര്യങ്ങൾ പങ്കുവയ്ക്കാൻ പ്രേരിപ്പിച്ചു. ഏതാണ്ടു അരമണിക്കൂറിൽ 29 മിനിട്ടും അദ്ദേഹമാണു സംസാരിച്ചത്. ഇടയ്ക്കൊക്കെ സംസാരം മുന്നോട്ടുപോകാൻ മൂളുകയും, കൊള്ളാം, കേൾക്കട്ടെ തുടങ്ങിയ ചില ആംഗ്യങ്ങളും വാക്കുകളുമാണ് ഞാൻ പ്രയോഗിച്ചത്. സംഭാഷണം തുടരണമെന്നു പറഞ്ഞു ഫോൺ നമ്പർ കൈമാറി ഞങ്ങൾ പിരിഞ്ഞു. സംസാ

രത്തിൽ മുഴുവനും നിറഞ്ഞു നിന്നത് ഒരൊറ്റ വാക്കിൽ സംഗ്ര ഹിക്കാം-താൻ ഉത്കണ്ഠാകുലനായിരുന്നു എന്ന്.

തുടർന്നുള്ള എന്റെ ആലപ്പുഴ യാത്രയിൽ ഈ യുവാവ് എന്നിൽ നിറഞ്ഞു നിന്നു. വിദ്യാഭ്യാസം, ജോലി, സമ്പത്ത് ഒക്കെ യുണ്ടായിട്ടും ജീവിതം ഭയവും ഉത്കണ്ഠയുമായി മാറുന്ന അവ സ്ഥ. ഇതു ഒറ്റപ്പെട്ട സംഭവമോ? അതോ അദ്ദേഹം ഇന്നത്തെ തലമുറയുടെ പ്രതിബിംബമോ? ഇത്രവാചാലമായി പറയുകയി ല്ലെങ്കിലും ഇന്നു ഓരോമനുഷ്യനും പൊതുവേപറഞ്ഞാൽ ഭയ വിഹ്വലനും ഉത്കണ്ഠാകുലനുമാണ് എന്ന വസ്തുത സമൂ ഹത്തെ ഉപരിപ്ലവമായൊന്നു വീക്ഷിച്ചാൽ നമുക്ക് മനസ്സിലാ കും. ഈ പ്രതിഭാസത്തെപ്പറ്റി ഗൗരവമാംവിധം മനനം ചെയ്യാനും വായിക്കാനും പഠിക്കാനും പിന്നെവന്ന രണ്ടു-മൂന്നു മാസം ചെല വഴിച്ചു. മനുഷ്യാസ്തിത്വത്തെ അതിന്റെ ആഴത്തിൽ സ്പർശിക്കുന്ന, വളരെ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ട, വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് ഉത്കണ്ഠയെന്നു വ്യക്തമായി. കിട്ടിയ ചില ഉൾക്കാഴ്ചകൾ ചുവടെ കുറിക്കുന്നു.

മനുഷ്യൻ പ്രകൃതിയോടു സമരസപ്പെട്ടും മല്ലടിച്ചും, ഇണ ങ്ങിയും പിണങ്ങിയും വീണ്ടും ഇണങ്ങിയും നൂറ്റാണ്ടുകളായി ജീവിച്ചുപോരുന്ന കഥയാണല്ലോ യഥാർത്ഥ മാനവചരിത്രം/നര വംശചരിത്രം. പക്ഷേ 20-ാം നൂറ്റാണ്ടിൽ ആറ്റംബോംബിന്റെ കണ്ടുപിടിത്തത്തോടെയും അതിന്റെ ഏറ്റവും ചെറിയ പ്രയോ ഗമായ ഹിരോഷിമ-നാഗസാക്കി അനുഭവത്തോടെയും മനുഷ്യൻ നഗ്നമായി ഉത്കണ്ഠാകുലനായി. അന്നുവരെ കൂട്ടക്കൊല ഉണ്ടാ യിട്ടില്ലെന്നല്ല അർത്ഥമാക്കുന്നത്. യുദ്ധങ്ങളുടെയും കൊലയു ടെയും നിഷ്ഠൂരമായ പീഡനങ്ങളുടെയും അതിക്രമങ്ങളുടെയും കഥകൂടിയാണ് മനുഷ്യചരിത്രം. പക്ഷേ ഇവിടെ അതിനൊരു പുതിയ മുഖമുണ്ടാവുകയാണ്. മുൻനിരയിൽ നിന്നു യുദ്ധംചെ യ്യുന്നവരെ എതിരാളികൾ/ ശത്രുക്കൾ മുൻനിരയിൽ നിന്നുതന്നെ നേരിടുന്ന രീതിയായിരുന്നു നേരത്തെ ഉണ്ടായിരുന്നത്. ചില പ്പോൾ കൗശലത്തോടെ എതിരാളിയെ കബളിപ്പിച്ചു പരാജയ പ്പെടുത്തിയ കഥകളുമുണ്ട്. ഒരു സമൂഹത്തെ മുഴുവൻ, നിഷ്കള ങ്കരായ കുഞ്ഞുങ്ങളെയും സ്ത്രീകളെയും ഉൾപ്പെടെ, എന്തിനു പ്രപഞ്ചജീവികളെ മുഴുവനും, അല്ല പ്രകൃതിയെത്തന്നെ വിഷ

ലിപ്തമാക്കി കൂട്ടക്കൊല ചെയ്യുന്ന ഏറ്റവും ക്രൂരവും പൈശാചികവുമായ ഇടപെടലായിരുന്നു ഹിരോഷിമ-നാഗസാക്കി സംഭവങ്ങൾ. ഇന്നും അതിന്റെ പരിണിത ഫലങ്ങൾ മനുഷ്യർ അനുഭവിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യന്റെ, ജീവിയുടെ, പ്രപഞ്ചവസ്തുവിന്റെ അസ്തിത്വത്തെതന്നെ ചോദ്യം ചെയ്യുന്ന ഭീതിദമായ അവസ്ഥ. ഹിരോഷിമനാഗസാക്കി പ്രയോഗം തീർത്തും വീര്യം കുറഞ്ഞതാണ്. ആറ്റംബോംബും ഹൈഡ്രജൻ ബോംബും അതിന്റെ ആയിരക്കണക്കിനു ശക്തിയോടെയും വീര്യത്തോടെയും ലോകത്തെ മുഴുവൻ നിമിഷങ്ങൾകൊണ്ടു ചുട്ടുചാമ്പലാക്കാൻ ഏതു സമയത്തും/ നിമിഷത്തിലും സജ്ജമായിരിക്കുന്ന സാഹചര്യം. വാശിയോ വൈരാഗ്യമോ ഒന്നും വേണ്ട; ഒരാളിന്റെ സമനില അല്പം തെറ്റി ഒരു ബട്ടൻ അമർത്തിയാൽ മാനവസമൂഹം മുഴുവനും മനോഹരമായ ഈ പ്രകൃതിയും ഉർവരത നിറഞ്ഞു തുളുമ്പി നില്ക്കുന്ന ഈ ഭൂമിയും-ഒക്കെ നശിച്ചു വെണ്ണീറാകുന്ന അവസ്ഥ. ഇതു ജനിപ്പിക്കുന്നതു എല്ലാംകൊണ്ടും നിലനിൽപ്പിനെപ്പറ്റിയുള്ള അസ്തിത്വ ഭയവും ഉത്കണ്ഠയുമാണ്.

കഴിഞ്ഞ ഒരു നൂറ്റാണ്ടുകൊണ്ട് ഈ അസ്തിത്വ ഭയവും ഉത്കണ്ഠയും ശക്തമായെന്നുമാത്രമല്ല, അതു മനുഷ്യന്റെ എല്ലാ മേഖലകളെയും ആഴത്തിൽ സ്വാധീനിച്ചു കഴിഞ്ഞു. 'ഉത്ക്കണ്ഠയുടെ യുഗം' (the age of anxiety) എന്നാണു ഡബ്ല്യു. എച്ച്. ഓഡൻ (W.H. Auden) ഈ അവസ്ഥയെ അടയാളപ്പെടുത്തുന്നത്. മനുഷ്യന്റെ ആന്തരിക അനിശ്ചിതത്വം (confusion) അന്യവൽക്കരണം, മാനസിക ക്രമക്കേടുകൾ (disorientation), മൂല്യങ്ങളിൽ അവ്യക്തത തുടങ്ങിയ തീർത്തും വ്യക്തിനിഷ്ഠ സാഹചര്യങ്ങൾതൊട്ട്, മനുഷ്യന്റെ രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക, സാഹിത്യ പാരിസ്ഥിതിക, താത്വിക- ദൈവശാസ്ത്ര മേഖലകളിലൊക്കെ ഉത്ക്കണ്ഠ ഗൗരവതരമായി ബാധിച്ചതായി നാം കാണുന്നു. സ്ത്രീപുരുഷ ബന്ധമേഖലയിൽ ഉത്ക്കണ്ഠ വേരുറപ്പിച്ചു കഴിഞ്ഞു; പ്രപഞ്ച അസ്തിത്വം തന്നെ ചോദ്യം ചെയ്യപ്പെടുന്നൊരു അവസ്ഥ. ചുരുക്കത്തിൽ ഉത്കണ്ഠ കടന്നുചെല്ലാത്ത മേഖലയില്ല എന്നതാണ് വസ്തുത. ആൽബർട്ട് കാമു (Camus) ഈ അവസ്ഥയെ അടയാളപ്പെടുത്തുന്നതു 'ഭയത്തിന്റെ നൂറ്റാണ്ട്' ( the century of fear) എന്നാണ്.

ഇതാണ് ഇന്നത്തെ അവസ്ഥ. പക്ഷേ ഈ അവസ്ഥ മനുഷ്യ നിർമ്മിതമാണ്. മനുഷ്യ നിർമ്മിതമായ അവസ്ഥയിൽ മാറ്റം വരുത്തേണ്ടതു മനുഷ്യൻ തന്നെയാണ്. ഈ ഉത്തരവാദിത്വം എറ്റെടുക്കുകയാണ് ഓരോ വ്യക്തിയുടെയും മുമ്പിലുള്ള കടമ വെല്ലുവിളി. പ്രശ്നം വളരെ രൂക്ഷമാണ്. ഇവിടെയുണ്ടാകേണ്ടതു സമഗ്രമായൊരു വീക്ഷണവും സമീപനവുമാണ്. പക്ഷേ അങ്ങനെയൊരു സമീപനമല്ല പൊതുവേ ഉത്കണ്ഠയെ അഭിസംബോധന ചെയ്യുന്ന വ്യത്യസ്ത തിയറികൾ സ്വീകരിച്ചിട്ടുള്ളത്. ഏതെങ്കിലും ഒരു മേഖലയെ കേന്ദ്രീകരിച്ചുള്ള പരിഹാരമാർഗ്ഗങ്ങളെപ്പറ്റി മാത്രമേ നാം ഇന്നു ചിന്തിക്കുന്നുള്ളു, കാണുന്നുള്ളു. അന്തർദേശീയ സമാധാനത്തിനും ശാന്തിക്കും വേണ്ടിനില്ക്കുന്ന രാഷ്ട്രീയപ്രസ്ഥാനങ്ങൾക്കു മനുഷ്യവ്യക്തിയുടെ വ്യക്തിഗത ഉത്കണ്ഠകളും ഏകാന്തതയും ഭയവിഹ്വലതയും ബന്ധജീവിതത്തിലെ പാളിച്ചകളും കാപട്യവും തൽഫലമായുള്ള പിരിമുറുക്കത്തിനും മനശാസ്ത്രജ്ഞർ മുൻതൂക്കം കൊടുക്കുമ്പോൾ, സ്ത്രീപുരുഷ ബന്ധത്തിനാണ് ഫാമിലി-തെറപ്പിസ്റ്റുകൾ പ്രാമുഖ്യം നല്കുന്നത്. നാം പ്രപഞ്ച പരിണാമത്തിന്റെ സജീവ കണ്ണികളിൽ ഒന്നാണെന്ന വ്യക്തതയിൽ, സമഗ്രമായിട്ടുള്ള ഒരു സമീപനമാണിവിടെ ആവശ്യം. അതല്ലാതെ വ്യത്യസ്തമേഖലകളെ ഓരോന്നായി എടുത്തു അഭിസംബോധന ചെയ്യാനുള്ള ശ്രമം കൂടുതൽ പ്രശ്നങ്ങളേ സൃഷ്ടിക്കുകയുള്ളു. ആ അവസ്ഥയാണ് നാമിന്നു അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഒന്നിൽ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ, മറ്റൊന്നു കൂടുതൽ രൂക്ഷമായി പ്രത്യക്ഷപ്പെടുകയും ഉത്ക്കണ്ഠ പതിന്മടങ്ങു വർദ്ധിക്കുകയുമാണ് ചെയ്യുന്നത്. ഇതു മനസ്സിലാക്കുകയാണാദ്യം വേണ്ടത്.

## 17

# മതമൗലികതാവാദം

തീർത്തും യാദൃച്ഛികമായിട്ടാണു ഒരു വ്യക്തിയെ പരിചയപ്പെട്ടത്. കുശലം പറഞ്ഞു പിരിയാനായിരുന്നു എന്റെ ഉദ്ദേശ്യം. പേര്, സ്ഥലം, ജോലി തുടങ്ങിയവ പങ്കുവച്ചപ്പോഴേക്കും, അദ്ദേഹം ഒരു തത്വചിന്തകനെപ്പോലെ ഇങ്ങനെ പറഞ്ഞു. 'മനുഷ്യൻ; മനനം ചെയ്യുമ്പോഴാണ് യഥാർത്ഥത്തിൽ മനുഷ്യനാവുക. അല്ലാതെ കൈയ്യും കാലുമുണ്ടായാൽ മനുഷ്യനാവുകയില്ല'. അല്പം കൂടെ വിശദമാക്കാമോ എന്ന എന്റെ ചോദ്യത്തിന്, 'ദൈവം നമുക്കു നൽകിയ മനസ്സിനെ, ബുദ്ധിയെ ദൈവേച്ഛപ്രകാരം ഉപയോഗിച്ചു ജീവിക്കുകയാണ് മനുഷ്യധർമ്മം. അപ്പോഴാണ് മനുഷ്യൻ മനുഷ്യനാവുന്നത്. ദൈവത്തിനു നാലു സവിശേഷഗുണങ്ങളുണ്ട്. സർവ്വശക്തൻ, സർവ്വവ്യാപി, സർവ്വജ്ഞൻ, സർവ്വവല്ലഭൻ. ഈ ദൈവത്തെ സേവിക്കുകയാണ് മനുഷ്യധർമ്മം. അതാണു മനനം ചെയ്യുക എന്നുപറയുമ്പോൾ മനസ്സിലാക്കേണ്ടത്'.

ഇത്രയുമായപ്പോൾ സംസാരം തുടർന്നു കൊണ്ടുപോയിട്ടു കാര്യമില്ല; ചില മൗലിക അന്ധവിശ്വാസങ്ങളുടെ പ്രത്യേകതകൾക്കിരയാണദ്ദേഹം എന്നു തോന്നി. സംസാരിച്ചു സമയം കളഞ്ഞിട്ടു കാര്യമില്ല എന്നാണ് ഉള്ളു പറഞ്ഞത്. പിരിയാമെന്നു കരുതി യാത്രചോദിച്ചപ്പോൾ, മനുഷ്യനു 'മനനം ചെയ്യാനുള്ള എല്ലാ മാർഗ്ഗങ്ങളും ബൈബിൾ നമുക്കു പറഞ്ഞുതരുന്നു' എന്നദ്ദേഹം വ്യക്തമാക്കി. അപ്പോൾ ഞാൻ, താങ്കൾ ഒരു ക്രിസ്ത്യാനിയാണ്, അല്ലേ?' എന്നു ചോദിച്ചു. അതിനു അദ്ദേഹം: 'കൊച്ചിയിൽ ഒരു പരമ്പരാഗത ക്രൈസ്തവകുടുംബത്തിലാണ് ജനനം. എന്റെ വീട്ടിൽ നിന്നും 15 മിനിട്ടു നടന്നാൽ കടപ്പുറമായി.

മുക്കുവരാണ് അവിടെ താമസം. എന്റെ മാതാപിതാക്കൾ അവ രുമായി സമ്പർക്കം പുലർത്താൻ അനുവദിച്ചിരുന്നില്ല. പക്ഷേ ഞാൻ ബൈബിളിലൂടെ യേശുവിനെ പഠിച്ചു. യേശു ഒരനുഭവ മായി. കടലോരത്തെ ഈ മുക്കുവർ എന്റെ സഹോദരർ എന്ന വ്യക്തതയിൽ അവിടെപ്പോയി അവരുടെ കുടിലുകളിൽ കയറി യിറങ്ങി അവരോടൊപ്പം താമസിച്ചു യേശുവിനെ പ്രഘോഷി ച്ചു'.

അതിനോടു ഞാൻ ഇങ്ങനെ പറഞ്ഞു. 'നിങ്ങൾക്കുണ്ടായ അനുഭവത്തെ ചോദ്യംചെയ്യാൻ ഞാനാരുമല്ല. നിങ്ങളുടെ അനു ഭവം, നിങ്ങൾക്കു കൊള്ളാം. പക്ഷേ അതു എല്ലാവർക്കും ഉണ്ടാ കണമെന്ന വാശി ശരിയല്ല. ക്രൈസ്തവരുടെ ഏറ്റവും ക്രൂര മായ ഒരു സമീപനമാണിവിടെ കാണുന്നത്. ഞങ്ങളുടെ ദൈവ മാണ് സത്യദൈവം; ഞങ്ങളുടെ ബൈബിളോ വിശുദ്ധഗ്രന്ഥം, അതിലുള്ളതോ നിത്യജീവന്റെ വചനങ്ങൾ... ഇങ്ങനെ തീർത്തും മതമൗലിക ചിന്താഗതിക്കാരാണു പൊതുവേ ക്രൈസ്തവർ. ഇനി താങ്കളെപ്പോലെയുള്ള യേശുവിനെ അനുഭവിച്ചവർ ഇന്നു തീർത്തും അസഹിഷ്ണുക്കളാണ്.' ഞാൻ പറഞ്ഞു തീർക്കാൻ അനുവദിക്കാതെ അയാൾ ചോദിച്ചു. 'ബൈബിൾ വായിച്ചി ട്ടുണ്ടോ? അതും അല്പസ്വല്പമൊക്കെ 'മാർക്സിസം പഠിച്ചി ട്ടുണ്ടോ? അതും കുറച്ചൊക്കെ. 'എങ്കിൽ ഞാൻ നിരീശ്വരവാദി യായിരുന്നു. മാർക്സിസ്റ്റുകാരുടെ യോഗത്തിൽ സംസാരിച്ചിട്ടു ണ്ട്. വേദങ്ങൾ പഠിച്ചു. അതിന്റെ ഉള്ളടക്കം ഇതാണ്. 'അസ തോമാ സദ്ഗമയ തമസോമാ ജ്യോതിർ ഗമയാ, മൃത്യോമാ അമൃതം ഗമയാ. ഈ സത് ഈ വെളിച്ചം, ഈ ജീവൻ ഞാൻ കണ്ടെത്തിയതു ബൈബിളിലാണ്. തുടർന്നു ബൈബിളിലെ രണ്ടു-മൂന്നു വാചകങ്ങൾ ഉദ്ധരിച്ചു.

ഇത്രയുമായപ്പോൾ എന്റെ കഴിഞ്ഞകാല വ്യക്തിത്വം പരിച യപ്പെടുത്താമെന്നു കരുതി ബൈബിളും ഇൻഡ്യൻ ഫിലോസ ഫിയും ദൈവശാസ്ത്രവുമൊക്കെ പഠിച്ച ഒരു വൈദികനായി രുന്നു എന്നു വെളിപ്പെടുത്തി. ബൈബിൾ മുഴുവൻ പലവട്ടം വായിച്ചിട്ടുണ്ട്; പ്രത്യേകിച്ചു പുതിയ നിയമഭാഗങ്ങൾ അൽപ്പ സ്വൽപ്പമൊക്കെ എന്റെ മറുപടി. ഹിന്ദുയിസത്തിലെ വേദങ്ങൾ വായിച്ചിട്ടുണ്ടോ അതും ഇന്ത്യൻ ഫിലോസഫിയും മാർക്സി

സവും ഗൗരവബുദ്ധ്യാ പഠിക്കാൻ ശ്രമിച്ചിട്ടുണ്ട്. പഠനവും അന്വേഷണവും ഇപ്പോഴും തുടരുന്നു. ഈ പഠനങ്ങളുടെയും അവയെ ആഴത്തിൽ മനനം ചെയ്യാൻ ശ്രമിച്ചതിന്റെയും ഫലമായാണ് ഇന്നു ഞാൻ ഈ ബൈബിളിനെയോ ബൈബിളിലൂടെ പ്രഖ്യാപിക്കാൻ ശ്രമിക്കുന്ന ദൈവത്തിനെയോ വിശ്വസിക്കാതിരിക്കുക. ബൈബിളിലെ ദൈവം വൈരുദ്ധ്യങ്ങളുടെ ഒരു കൂമ്പാരമാണ് (a bundle of contradictions). താങ്കളുടെ നിലപാടു വ്യക്തമാക്കാൻ താങ്കൾ കുറച്ചു ബൈബിൾ വാക്യങ്ങൾ ഉദ്ധരിച്ചതുപോലെ, എന്റെ നിലപാടു വ്യക്തമാക്കാനും ബൈബിൾ ശകലങ്ങൾ ഉദ്ധരിക്കാൻ പറ്റും. അതുപോലെതന്നെ' ദൈവം പിതാവ്, എല്ലാവരും തന്റെ മക്കൾ, പരസ്പരം സഹോദരർ' എന്നു പഠിപ്പിക്കുന്ന ബൈബിളിലെ ദൈവം തന്നെയാണ്, തന്റെ തിരഞ്ഞെടുക്കപ്പെട്ട ഇഷ്ട ജനമായ ഇസ്രായേൽ ജനത്തിനുവേണ്ടി, അധിനിവേശ സ്വഭാവത്തോടെ അവരുടെ ശത്രുക്കൾക്കെതിരെ യുദ്ധം നയിക്കുന്നത്. ഇങ്ങനെ ചിന്തിക്കുന്ന, മനനം ചെയ്യുന്ന ഒരു മനുഷ്യനു ഒരു രീതിയിലും സ്വീകരിക്കാൻ വയ്യാത്ത ഒരു പുസ്തകമാണ് ബൈബിൾ. ഏതാണ്ടു ഉത്തരംമുട്ടിയ സാഹചര്യമായി. എങ്കിലും അദ്ദേഹം പറഞ്ഞു: 'എന്നെ ഒരു പുതുസൃഷ്ടിയാക്കിയത്, വീറും വൃത്തിയുമില്ലാത്ത മത്സ്യത്തൊഴിലാളികളുടെ കുടിലുകളിൽ കയറിയിറക്കിയത് എനിക്കു കിട്ടിയ യേശുദർശനമാണ്. അതുവലിയ കാര്യമല്ലേ?

അതിനു എന്റെയൊരു അനുഭവകഥപറഞ്ഞു. 1980 കളിൽ പത്തനംതിട്ട പുത്തൻപീടിക പള്ളിയിലെ വികാരിയായിരുന്നു ഞാൻ. എന്റെ ഇടവകക്കാരോ ദലിത് ക്രൈസ്തവരും. അവരുമായും അവരുടെ കുടുംബങ്ങളുമായും വളരെ അടുത്തു ഇടപഴകി ജീവിച്ചിരുന്ന കാലം. അന്നു ഏതാണ്ടു 70 വയസ്സ് പ്രായം വരുന്ന നിരക്ഷരനായ ഒരു ദളിത് സഹോദരൻ വികാരത്രീവ്രതയോടെ പറഞ്ഞതിതാണ്. 1940 കൾ ജന്മിമാരുടെ അടിമകളായി ഞങ്ങൾ ജീവിച്ചിരുന്ന കാലം. നേരെ നിവർന്നു നില്ക്കാൻ അനുവാദമില്ല. തിരുവായ്ക്കു എതിർവായില്ല. എന്തെങ്കിലും ചോദിച്ചാൽ, ചാട്ടവാറുകൊണ്ടു മർദ്ദനം-എന്തിന് ഞങ്ങളെ കൊന്നുകളയുന്ന കാലം. ഞങ്ങളെ മനുഷ്യരായി ആരും കരുതിയിരുന്നി

ല്ല. എന്തിന് ഞങ്ങൾപോലും ഞങ്ങളെ മനുഷ്യരായി കണ്ടിരുന്നില്ല. ഇക്കാലത്ത് ഞങ്ങളുടെ കൊച്ചുമാടങ്ങളിൽ സ. ഇ. എം. എസ്. വന്നു താമസിച്ച് ഞങ്ങളുടെ തോളിൽ കൈയ്യിട്ടുകൊണ്ട് ഞങ്ങളെ 'സഖാവെ' എന്നു വിളിച്ചു. പിന്നെ ഞങ്ങളുടെ വീട്ടിൽ കയറുന്നത് അച്ചനാണ്. ഈ അനുഭവകഥ പറഞ്ഞിട്ട്, എന്റെ സുഹൃത്തിനോടു ചോദിച്ചു സ. ഇ. എം. എസ്സിന് ഇങ്ങനെ ചെയ്യാനുള്ള പ്രചോദനം എവിടെനിന്നു കിട്ടി. മനുഷ്യനെപ്പറ്റി മനനം ചെയ്തപ്പോൾ, എല്ലാ മനുഷ്യരും തുല്യരാണെന്ന ബോദ്ധ്യം അദ്ദേഹത്തിനുണ്ടായി. അത് അദ്ദേഹം പ്രാവർത്തികമാക്കി.

ഇതിനു അദ്ദേഹത്തിന്റെ മറുപടി തീർത്തും മതമൗലികത നിറഞ്ഞതായിരുന്നു. അദ്ദേഹം പറഞ്ഞു. ഇ. എം. എസ്സും ബൈബിൾ വായിച്ചിട്ടുണ്ട്; മാർക്സ് യഹൂദനായിരുന്നു. ബൈബിൾ വായിച്ചിട്ടുണ്ട്. ഇത്രയുമായപ്പോൾ ഇനി ചർച്ച തുടരുന്നതിൽ അർത്ഥമില്ല എന്നും വ്യക്തമായി. യേശു-ബൈബിൾ ഭൂതം അദ്ദേഹത്തെ ബാധിച്ചിരിക്കുകയാണ്. സുഖമായി ജീവിക്കാനുള്ള ബാഹ്യപശ്ചാത്തലമുണ്ട്. അതുകൊണ്ട് ഈ ബാധയെ പ്രഘോഷിച്ചുപോകാം. ജീവിതം വഴിമുട്ടട്ടെ, ആളിനു മാറ്റമുണ്ടാകും. അവസാനമായി ഞാൻ ഇങ്ങനെ പറഞ്ഞവസാനിപ്പിച്ചു. താങ്കളുടെ യേശുഅനുഭവത്തെ ഞാൻ മാനിക്കുന്നു. പക്ഷേ എനിക്കും മറ്റെല്ലാവർക്കും ഈ അനുഭവമുണ്ടായാലെ ജീവിതം സഫലമാകൂ എന്ന ചിന്ത അപകടംപിടിച്ച മതമൗലികതീവ്രവാദമാണ്. അതംഗീകരിക്കാനാവില്ല.

# 18
# പത്രവായന

28. 09. 2008 പ്രകൃതിജീവനാനുഭവത്തിനായി പത്തനംതിട്ട ചീങ്കൽത്തടം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ആഗപ്പെ എന്ന പ്രകൃതിചികിത്സാകേന്ദ്രത്തിൽ വന്നു. എല്ലാം നല്ല രീതിയിൽ ക്രമീകരിച്ചിട്ടുണ്ട്. രുചികരമായ ആഹാരം, താമസസൗകര്യം അസൽ, പ്രകൃതിപശ്ചാത്തലം അതിമനോഹരം. അന്തരീക്ഷം കാര്യമായി വിഷലിപ്തമല്ല. മുറിയ്ക്കകത്തു ടി.വി. യുണ്ട്., മാധ്യമ സിൻഡിക്കേറ്റിൻ നിറച്ചാർത്തോടുകൂടിയ ന്യൂസ് ലഭിക്കുന്നുണ്ട്. ആകെ കണ്ട ഒരു കുറവ്, മലയാള മനോരമ ദിനപത്രമേയുള്ളു. മറ്റു പത്രങ്ങളെപ്പറ്റി ചോദിച്ചപ്പോൾ കിട്ടുകയില്ല എന്നായിരുന്നു മറുപടി.

ഇവിടെ ഈ-മെയിൽ സൗകര്യമില്ല. എന്റെ സുഹൃത്ത് ഫോൺ ചെയ്തു പറഞ്ഞു: വിശദമായി ഒരു കത്ത് - മെയിൽ ചെയ്തിട്ടുണ്ട്. അങ്ങനെ ഇന്റർനെറ്റിൽ നോക്കാനായി മൂന്നു കി.മീ. അകലത്തിലുള്ള മൈലപ്ര ടൗണിൽ പോയി. ധാരാളം കടകൾ. എല്ലാ ബിസ്സിനസ്സുമുണ്ട്. ഇന്റർനെറ്റിൽ നോക്കിയിട്ട് മാതൃഭൂമി, കേരള ശബ്ദം, കേരളകൗമുദി തുടങ്ങിയ ആഴ്ച്ചപ്പതിപ്പുകളും ദേശാഭിമാനി, മാതൃഭൂമി, കേരളകൗമുദി തുടങ്ങിയ ദിനപത്രങ്ങളും അന്വേഷിച്ചു. ടൗണിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെ നടന്നു. എങ്ങും മനോരമ വീക്കിലി ഒഴിച്ചു ഒരാഴ്ച്ചപ്പതിപ്പുമില്ല, പത്രങ്ങൾ ഒന്നുമേയില്ല. ചില കടയിൽ കയറി അന്വേഷിച്ചപ്പോൾ ഇവിടെ ഇങ്ങനെയുള്ളതൊന്നും കിട്ടുകയില്ല. എല്ലാവരും നല്ല ആധുനിക വസ്ത്രാലങ്കാരത്തോടെ ഒരുങ്ങി നീങ്ങുന്നു. ഒന്നിനും ഒരു കുറവും അനുഭവപ്പെടുന്ന ലക്ഷണമില്ല. അമ്പലത്തിന്റെ കൊടിതോരണങ്ങൾ, എവിടെയും; മാറിമാറി ഓരോ മുക്കിലും പള്ളികൾ, പ്രാർത്ഥനാലയങ്ങൾ.

മാസികകളും പത്രങ്ങളും കിട്ടാത്തതിന്റെ കുണ്ഠിതത്തിൽ തിരിച്ചെത്തി. സ്ഥലത്തെ ഒരാളിന്റെ മോട്ടോർസൈക്കിളിന്റെ പിറകിലിരുന്നാണ് വന്നത്. യാത്രയ്ക്കിടയിൽ ഇവിടെങ്ങും മറ്റു പത്രങ്ങങ്ങൾ കിട്ടില്ലേ എന്ന എന്റെ അന്വേഷണത്തിന് മലയാളമനോരമ കഴിഞ്ഞാൽ വളരെ കുറച്ചു 'ദീപിക'യുണ്ടിവിടെ. മറ്റു പത്രങ്ങൾ ഒന്നും ഇവിടെ കിട്ടുകയില്ല. വേണമെങ്കിൽ പത്തനംതിട്ട ആസ്ഥാനത്തുപോകണം.

ഇടതുപക്ഷത്തിന്റെ ഈറ്റില്ലമെന്നു കൊട്ടിഘോഷിക്കുന്ന കേരളത്തിലെ ഒരു ടൗണിന്റെ കഥയാണീപ്പറഞ്ഞത്. അതിനേക്കാൾ പരിതാപകരമാണ് ഉള്ളിലേയ്ക്ക് കടക്കുമ്പോൾ കാണുക. ഇതുകഴിഞ്ഞ് ഇക്കാര്യത്തെപ്പറ്റി പലരുമായി പലവട്ടം സംസാരിച്ചു. അവർക്കും ഇവിടെ ഒരു കുറവ് അനുഭവപ്പെട്ടതേയില്ല. ടി. വി. കഴിഞ്ഞാൽ മലയാള മനോരമയുടെ സത്യം. അതിന്റെ പൂർണതയിൽത്തന്നെ മനസ്സിലാക്കാൻ സാധിക്കുന്നു എന്നു ചിന്തിക്കുന്നവരാണ് ഒട്ടുമിക്കവരും. ദേശാഭിമാനി ദിനപത്രത്തെപറ്റി കേട്ടിട്ടില്ലാത്ത സമ്പന്നരും അഭ്യസ്തവിദ്യരുമായ ആളുകളെ കണ്ടുമുട്ടി.

ഇതു എന്റെ മുൻപിൽ വലിയൊരു ചോദ്യമാണുയർത്തുന്നത്. ഇവർക്കു കാര്യങ്ങളുടെ യാഥാർത്ഥ കിടപ്പു കാണാനുള്ള, സത്യം അറിയാനുള്ള സാഹചര്യം ഒരുക്കികൊടുക്കാനുള്ള ഉത്തരവാദിത്തം നമുക്കില്ലേ ? മാധ്യമങ്ങളിലുടെയാണ് ആശയവിനിമയം നടത്തപ്പെടുന്നതെന്ന് ആഞ്ഞ് വിശ്വസിക്കുന്ന ഇടതുപക്ഷത്തിനു ഈ കടപ്പാടില്ലേ? പത്തനംതിട്ട ജില്ലാ ആസ്ഥാനത്തിനിന്നും വെറും 3-4 കീ.മി. അകലമേയുള്ളു മൈലപ്രക്ക്. ഇവിടെ ഇതാണവസ്ഥയെങ്കിൽ, അങ്ങു ഹൈറേഞ്ചിലെ അവസ്ഥ എന്തായിരിക്കും. ചിന്തിക്കാൻ പോലും പറ്റുന്നില്ല. എന്നാണോ ആവോ നാം ഉണർന്നു പ്രവർത്തിക്കുക. ഇതിനൊരു അറുതി ഉണ്ടാകുക!

## 19

# തടവറയിൽ നന്മയുടെ മുത്തുകൾ

25. 12. 2008. ജനജാഗൃതിയെ സംബന്ധിച്ച് ധന്യമായൊരുദിനം. കോഴിക്കോട്ടു കോടഞ്ചേരിയിൽ മുംപത്തിയിൽ പാറശ്ശേരി വീട്ടിൽനിന്നും രാജുവും(42) ഭാര്യ ലീനയും(38) മകൾ നിമിഷയും(14) മകൻ നിർമലും(11) ജനജാഗൃതിയെലെത്തി. ഞങ്ങളുമൊത്തുള്ള താമസം ഏറെ ഹൃദ്യമായി. തീർത്തും യാദൃച്ഛികമായി രാജുവിന്റെ ജ്യേഷ്ഠൻ കൊല്ലപ്പെട്ടു. അന്നുവരെ അവർ ജ്യേഷ്ഠനും അനുജനും ഒരു വഴക്കും കൂടിയിട്ടില്ല. ജ്യേഷഠൻ അൽപ്പം മദ്യപിക്കും. രാജു അതുപോലുമില്ല. അവരുടെ അച്ഛന്റെ രണ്ടാം ചരമവാർഷികത്തിന്റെ തലേന്ന് തികച്ചും അപ്രതീക്ഷിതമായി ഒരു നേരത്തെ വികാരത്തള്ളലിൽ അങ്ങനെ സംഭവിച്ചു. കൊല്ലാനോ ജീവിതം തകർക്കാനോ ഉദ്ദേശിച്ചതേയില്ല. ചെറിയ വാക്കുതർക്കം. പിടിച്ചു തള്ളൽ. അടുത്തുകിടന്ന കത്തിയെടുത്ത് ഒറ്റവീശൽ. കരളിനു കൊണ്ടു. മരണം. ഇന്നു ജീവപര്യന്തം ശിക്ഷ-14-വർഷത്തേക്ക്. 20-09-03 രാത്രി ഏഴു മണിയോടെയാണ് സംഭവം. രാവിലെ 3 മണിക്കു പോലീസ് അറസ്റ്റുചെയ്തു. ഒരുദിവസം പോലീസ് സ്റ്റേഷനിൽ പിന്നെ 75 ദിവസം ജയിലിൽ - ജാമ്യംകിട്ടുന്നതിനു വക്കീലിനു പൈസ കൊടുക്കാനോ രാഷ്ട്രീയസമ്മർദ്ദം ചെലുത്താനോ ആളില്ലാതെ പിന്നെ രണ്ടുവർഷം കേസ് പറച്ചിൽ. കോഴിക്കോടു ജില്ലാ കോടതി ജീവപര്യന്തം വിധിച്ചു 28-11-2005 ൽ. അപ്പീലിനു പോകാൻ പൈസയില്ലാതെ ജയിൽവാസം തുടരുന്നു. അവിടെ ജയിൽ അധികൃതർ ഏല്പിക്കുന്ന ജോലികൾ ചെയ്തും സമയം കിട്ടുന്നതുപോലെ വായിച്ചും കഥയും കവിതയും എഴുതിയും മുന്നോട്ടു നീങ്ങുന്നു.

സമൂഹത്തിനു ഒരു ജയിൽപ്പുള്ളി - കൊലപാതകി. അതിന്റെ ഏറ്റവും വലിയ വേദനയും അവജ്ഞയും അനുഭവിക്കുന്നതോ നാട്ടിൽ താമസിക്കുന്ന ഭാര്യയും മക്കളും. ബന്ധുക്കൾക്ക്, എന്തിനു സ്വന്തം അമ്മയ്ക്കുപോലും സംസർഗ്ഗം പുലർത്താൻ മടി. ഒറ്റപ്പെടുത്തലിന്റെയും തൽഫലമായുള്ള ഒറ്റപ്പെടലിന്റെയും ഭീകരത. കേസു നടത്തണം, കുഞ്ഞുങ്ങളെ വളർത്തി പഠിപ്പിക്കണം, മറ്റുകാര്യങ്ങളൊക്കെ ഒറ്റയ്ക്കു ചെയ്യാൻ ബാധ്യസ്ഥയാകുന്ന ഭാര്യ. അവളെ സമൂഹം സഹായിക്കുന്നില്ലെന്നു മാത്രമല്ല, ഉപദ്രവിക്കുകയും അവഹേളിക്കുകയും ചെയ്യുന്ന അവസ്ഥ. അവരുടെ കുടുംബ ഓഹരിവിറ്റു, രാജുവിന്റെ കട വിറ്റു, സ്വർണം വിറ്റു, അവസാനം 6 സെന്റ് സ്ഥലം വാങ്ങി ഒരു വീടുവച്ചു. ഏതാണ്ട് 1 ലക്ഷം രൂപ കടം. അതിന്റെ ബദ്ധപ്പാടുകൾ നിൽക്കവേതന്നെ, വീട്ടിലെ എല്ലാക്കാര്യവും, കുട്ടികളുടെ പഠനമുൾപ്പടെ, നടക്കണം. എല്ലാത്തിനും കൂടി മെഡിക്കൽഷോപ്പിലെ ജോലിയിൽനിന്നു കിട്ടുന്ന മൂവ്വായിരം രൂപാ. ഒരോദിവസവും അവൾ കടിച്ചുപിടിച്ച് നീങ്ങുകയാണ്. ജീവിതത്തിൽ ഒരുരീതിയിലും മുന്നോട്ട് പോകാൻ പറ്റില്ലെന്നുതോന്നിയപ്പോൾ രണ്ടു കുഞ്ഞുങ്ങളെയും കൊന്നിട്ട് ആത്മഹത്യയ്ക്കുവരെ അവൾ ഒരുങ്ങിയതാണ്. പക്ഷേ സ്വപ്രയത്നം കൊണ്ടും ഉറച്ച തീരുമാനം കൊണ്ടും ആ അവസ്ഥയുടെ മറുകര കടന്നിരിക്കുന്നു. ഇനി എന്തു പ്രശ്നമുണ്ടെങ്കിലും ജീവിക്കുകതന്നെയെന്നു വ്യക്തമാക്കി.

ഭാര്യ ഇങ്ങനെ വാതോരാതെ ഹൃദയവികാരം പങ്കുവച്ചുകൊണ്ടിരിക്കെ, നിശബ്ദനായി എല്ലാം കേട്ടുകൊണ്ടു വിതുമ്പുന്ന, രണ്ടു പ്രാവശ്യം കണ്ണു നിറഞ്ഞ രാജുവിന്റെ ചിത്രമാണ് എന്റെ ഉള്ളിൽ തങ്ങിനിൽക്കുന്നത്. ഭാര്യയുടെ വേദന ശ്രീ. സി. പി. സുധാകരൻ സാറുമായി, പങ്കുവച്ചപ്പോൾ മാത്രം രാജുതന്റെ ഇപ്പോഴത്തെ നിസ്സഹായത ഏറ്റവും ചുരുങ്ങിയ വാക്കിൽ വ്യക്തമാക്കി. നാലുവശത്തും വിലങ്ങിൽ താമസിക്കുന്ന എനിക്ക് ഇവിടെ ഒന്നും ചെയ്യാൻ പറ്റാതെ വേദനയിൽ. ചുരുക്കത്തിൽ ഹൃദയങ്ങളുടെ സംഗമമായിരുന്നു നടന്നത്.

ഭാര്യയുടെ ഹൃദയത്തുടിപ്പുകൾ ആവോളം പറഞ്ഞുകഴിഞ്ഞപ്പോൾ, വളരെ പരിമിതമായ വാക്കിൽ സമചിത്തതയോടെ

രാജുവിന്റെ ജയിൽ അനുഭവം ഏതാണ്ടിങ്ങനെ വിശദമാക്കി. കണ്ണൂർ ജയിലിൽ 138 ഏക്കർ സ്ഥലമുണ്ട്. 38 ഏക്കറിലാണവർ താമസിക്കുന്നത്. പുറത്തുള്ള 100 ഏക്കറിലാണ് ഉദ്യോഗസ്ഥരുടെ ക്വാർട്ടേഴ്സ്, തോട്ടം തുടങ്ങിയവ. 1200 ഓളം അന്തേവാസികൾ. അവരിൽ 30 സ്ത്രീകൾ. അഞ്ചു വയസ്സിനു താഴെയുള്ള കുട്ടികൾ 5. വിചാരണയും വിധിയും നടക്കുന്നതിനു മുമ്പുള്ള റിമാന്റുകാർ 150 ഓളം. ശിക്ഷിക്കപ്പെട്ട തടവുകാരോ ആയിരത്തിലേറെ. വധശിക്ഷയ്ക്കു വിധിക്കപ്പെട്ടവർ 4 പേരുണ്ട്. അവരെ ഏകാന്ത തടവുമുറിയിലിട്ടുപൂട്ടുകയാണു പതിവ്. വധശിക്ഷ നമുക്കില്ലല്ലോ. ഹൈക്കോടതിയിൽ പോയി പിന്നെ ജീവപര്യന്തമാക്കുകയാണ് പതിവുരീതി. എല്ലാം കുടി പത്തു ബ്ലോക്കുകളാണുള്ളത്. അതിൽ ഒന്ന് സ്ത്രീകൾക്കായി. പത്താം ബ്ലോക്ക് മാനസികമായി തകർന്നവർക്കും എയിഡ്സുപോലെ തീരാരോഗികൾക്കുമുള്ള പ്രത്യേക സ്ഥലമാണ്.

ജയിലിലെ കാര്യങ്ങൾ നോക്കാൻ 100ലധികം ഉദ്യോഗസ്ഥരുണ്ട്. ഏറ്റവും വലിയ അധികാരി ജയിൽ സൂപ്രണ്ട്, പിന്നെ ഇങ്ങോട്ട് ജയിലർ, അസിസ്റ്റന്റ് ജയിലർ. ചീഫ് വാർഡർ, ഹെഡ് വാർഡർ, വാർഡന്മാർ എന്നിവരാണ്. പൊതുകാര്യങ്ങൾ നോക്കാൻ രണ്ടു വെൽഫെയർ ഓഫീസറന്മാരുമുണ്ട്.

രോഗികൾക്കായി ഒരാശുപത്രിയുണ്ട്. രണ്ടു ഡോക്ടർമാർ വരും. പക്ഷേ അവരുടെ സേവനം ഉച്ചവരെയേയുള്ളു. കിടത്തി ചികിത്സിക്കാൻ സാധിക്കുന്നരീതിയിലാണ് ആശുപത്രി സംവിധാനം. എയിഡ്സ് രോഗികൾ, ക്ഷയരോഗികൾ തുടങ്ങിയവരെ സ്ഥിരം താമസിപ്പിച്ചിരിക്കുന്നു. മറ്റുള്ളവരെ ആവശ്യാനുസരണം കിടത്തി ചികിത്സ നടത്തുന്നു.

+2 വരെ പഠിക്കുവാനുള്ള സ്കൂൾസൗകര്യങ്ങൾ അകത്തുണ്ട്. രണ്ടു ടീച്ചേഴ്സ് വെളിയിൽനിന്നു വരും. ബാക്കിക്ലാസ്സുകൾ വിദ്യാഭ്യാസമുള്ള അന്തേവാസികൾ നടത്തും. 4-ാം തരം, 7-ാം തരം, 10 -ാം തരം. +1 , +2, എന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. എസ്. എസ്. എൽ. സി., +1, +2, വിനു പുറത്തുകൊണ്ടുപോയി പരീക്ഷയെഴുതിക്കും. തടവുകാരിൽ ഒരാൾതന്നെയാണ് ലൈബ്രേറിയൻ. ഓരോപുസ്തകം കൊടുക്കും, തിരിച്ചുകൊടുക്കുമ്പോൾ മറ്റൊന്നെടുക്കാം. മലയാള മനോരമ, മാതൃ

ഭൂമി, ദേശാഭിമാനി, ദീപിക, മാധ്യമം, കേരള കൗമുദി, ഇന്ത്യൻ എക്സ്പ്രസ്സ്, ഹിന്ദു എന്നിവ വരുത്തുന്നുണ്ട്.

മറ്റു ക്ലാസ്സുകൾക്കുള്ള പരീക്ഷ അകത്തുതന്നെ നടത്തും. ഇപ്പോൾ 4-ാം തരത്തിൽ 16, 7-ാം, തരത്തിൽ 30, 10-ാം തരത്തിൽ 15, +1 ൽ 10 പേർ, +2 വിൽ 2 പേർ എന്ന രീതിയിൽ 73 പേർ പഠിക്കുന്നു. വായിക്കാൻ കൊച്ചൊരു ലൈബ്രറിയുണ്ട്. നല്ല ആഹാരമാണ്, ആഹാരം, ചികിത്സ, പഠനം, എല്ലാം പൂർണ്ണമായും സൗജന്യമാണ്.

ഇങ്ങനെ പൊതുവായിട്ട് കുറച്ച് കാര്യങ്ങൾ പറഞ്ഞിട്ട് അദ്ദേഹം വളരെ പ്രസക്ത്തമായ ചില നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും മുന്നോട്ടുവച്ചു.

***നിരീക്ഷണങ്ങൾ***

1. പുറംലോകം ഞങ്ങളെ കാണുന്നതു കൊടും കുറ്റവാളികളായിട്ടാണ്. ക്രിമിനൽസിന്റെ കൂടാരമാണ് ജയിൽ എന്നാണ്. പക്ഷേ അവിടെ നന്മയുടെ ആട്ടിൻപറ്റങ്ങളും തിന്മയുടെ ഒറ്റയാന്മാരുമാണുള്ളത് എന്നതാണ് പരമാർത്ഥം. വളരെയധികം പേർ നിഷ്കളങ്കരും നല്ലവരുമാണ്. പെട്ടുപോയി എന്നുമാത്രം. വേണ്ടത്ര 'സാക്ഷിമൊഴി'യില്ലാതെ പോയതിനാൽ ശിക്ഷിക്കപ്പെട്ടവർ. അവരുടെ വേദന ചെറുതല്ല.
2. ഞങ്ങൾ മോശക്കാരും കള്ളന്മാരും അക്രമികളും ദുർനടപ്പുകാരും ക്രൂരന്മാരും ആണെന്നുള്ള പൊതുധാരണ വ്യാപകമായും ആഴത്തിലാണ് നമ്മുടെ സമൂഹത്തിലുള്ളത്. മിക്ക കുടുംബക്കാർ പോലും തിരിഞ്ഞുനോക്കുകയില്ല; പരോളിന് ഇറങ്ങുമ്പോൾപോലും ഒറ്റപ്പെടുത്തലുണ്ട്. പള്ളിക്കാരും സന്നദ്ധസംഘടനക്കാരും ചിലപ്പോൾ സന്ദർശിക്കാറുണ്ട്. അവർ യഥാർത്ഥത്തിൽ ഞങ്ങളുടെ നന്മയാണോ കാംക്ഷിക്കുന്നത് എന്നതിൽ സംശയമുണ്ട്. അവർ ശരിയായവഴിയിൽ നടക്കുന്നവർ; ഞങ്ങളെ തിരുത്താനും ഉപദേശിക്കാനും അയക്കപ്പെട്ടവർ എന്ന ധാരണ ധ്വനിപ്പിക്കുന്ന സംസാരമാണു പലപ്പോഴും അവരിൽ നിന്നുണ്ടാകുക. ഏറ്റവും വേദനയും ദേഷ്യവും തോന്നുന്നതു അവരുടെ കപട സഹതാപ ശൈലികളാണ്. പിന്നെ വളരെ ദുർലഭമായി ആശ്വാസം കിട്ടുന്നതു

ആത്മാർത്ഥ സുഹൃത്തുക്കളുടെ സന്ദർശനവേളയിലാണ്.

3. ഇന്നു ഭരിക്കുന്ന എൽ. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നിട്ടു ഞങ്ങൾ അന്തേവാസികളുടെ മനോവികാരങ്ങളെ കണക്കിലെടുത്തു പല പരിഷ്ക്കാരങ്ങളും നടത്തി. ഉദാഹരണത്തിന് ക്ലാസ് രണ്ടു അന്തേവാസികൾക്കു ഒരു ദിവസത്തെകൂലി 9 രൂപ ആയിരുന്നത് 21 രൂപയും ക്ലാസ് ഒന്നു അന്തേവാസികൾക്ക് 13 രൂപ ആയിരുന്നത് 30 രൂപയുമായി ഉയർത്തിയതു ഞങ്ങളോടുള്ള അംഗീകാരത്തിന്റെ ഭാഗമാണ്.
4. അതുപോലെ ബീഡി, സിഗററ്റ് ഇല്ലാത്തതുകൊണ്ട് മാനസ്സികമായി തീർത്തും തളർന്നവർ ഒട്ടനവധിയാണ്. ഇതു അവർക്കു ഒരാശ്വാസമാണ്. അവിടെ 'പുണ്യം' പറഞ്ഞു നിൽക്കാതെ, ഈ എൽ. ഡി. എഫ്. സർക്കാർ കാന്റീൻവഴി ഞങ്ങൾക്കു ബീഡിയും സിഗററ്റും വിതരണം ചെയ്യാൻ തുടങ്ങി. അതു വലിയ ആശ്വാസമായി. വഴക്കും ശല്യവും കുറഞ്ഞു. ബീഡിയ്ക്കു 'ഡോളർ' എന്ന അപരനാമമാണ് ജയിലിലുള്ളത്!
5. ഏറ്റവും ആശ്വാസദായകമായ എൽ. ഡി. എഫിന്റെ ഒരു പ്രവൃത്തി മാസം അൻപതു രൂപയ്ക്കു ഫോൺചെയ്യാനുള്ള സൗകര്യം ഒരുക്കി എന്നുള്ളതാണ്. നേരത്തേ സെൻസർ ചെയ്തുകൊണ്ടുള്ള കത്തിടപാടുകൾ മാത്രമാണു വിനിമയമാർഗ്ഗമായി ഉണ്ടായിരുന്നത്. ലൗഡ്സ്പീക്കർ ഘടിപ്പിച്ച ഫോൺ ബൂത്തുസൗകര്യം നേരിട്ടു ഭാര്യയെയും കുഞ്ഞുങ്ങളെയും മറ്റു സുഹൃത്തുക്കളെയും വിളിക്കാനും അവരുടെ സ്വരം കേൾക്കാനും സാധിക്കുക എന്തൊരു ആശ്വാസം ആണ്.
6. മാധ്യമം ആവശ്യമില്ലാതെ തെറ്റിദ്ധാരണ ജനിപ്പിക്കുന്നതും സത്യമല്ലാത്തതുമായ കാര്യങ്ങൾ ഞങ്ങൾ തടവുകാരെപ്പറ്റി എഴുതി ഞങ്ങളെ വീണ്ടും വീണ്ടും വേദനിപ്പിക്കുന്ന രീതിയുണ്ട്. അതു കാരണം പലപ്പോഴും ഞങ്ങൾക്കു അസഹ്യമായ ദുഃഖം സഹിക്കേണ്ടിവരുന്നുണ്ട്.

<u>*നിർദ്ദേശങ്ങൾ*</u>

1. ആശുപത്രിയുണ്ടെങ്കിലും ഉച്ചവരെ മാത്രമേ ഡോക്ടർമാരുള്ളൂ. അടിയന്തിരമായിട്ടുണ്ടാകേണ്ട ഒരുകാര്യം 24 മണിക്കൂറും ഡോക്ടറുടെ സേവനമാണ്. എങ്കിൽ ഉടനെ ശ്രദ്ധ കിട്ടുകയും രോഗത്തിന് ആശ്വാസം ലഭിക്കുകയും ചെയ്യും.
2. ഗുരുതരമായ രോഗമായാൽ ഉടൻ ശുശ്രൂഷ കിട്ടുന്നതിനുള്ള സംവിധാനം വളരെ ദുർലഭം. നിയമ നൂലാമാലകൾ. ഉദാ. നമ്പരിടൽ, സെക്യൂരിറ്റി ലഭിക്കൽ, വണ്ടി, ഡ്രൈവർ തുടങ്ങി എല്ലാം നടത്തി രോഗിയെ ആശുപത്രിയിൽ എത്തിക്കുമ്പോഴേക്കും പലരും മരിച്ച സാഹചര്യംവരെ ഉണ്ടായിട്ടുണ്ട്. നേരത്തെ ശുശ്രൂഷ കിട്ടിയിരുന്നെങ്കിൽ മരിക്കുകയില്ലായിരുന്നുവെന്നബോധം നിതരാം തുടരുകയും ചെയ്യുന്നു.
3. ഇന്നത്തെ നിയമത്തിനനുസരിച്ച് പരോളിനു ആവശ്യമായ പോലീസ് റിപ്പോർട്ടു കിട്ടാതെ 12 വർഷത്തിൽ ഏറെ വർഷം പുറം ലോകം കാണാതെ കഴിയുന്നവർ ധാരാളം. രാഷ്ട്രീയ ബന്ധമോ സാമ്പത്തിക കഴിവോ ഇല്ലെങ്കിൽ പരോൾ ലഭ്യമല്ലാത്ത അവസ്ഥയാണുള്ളത്. ഇതു പലരെയും മാനസ്സികമായി വല്ലാതെ തളർത്തുന്നു. ഇതിനു എല്ലാവർക്കും നീതി ലഭിക്കത്തക്കരീതിയിൽ ക്രമീകരണങ്ങളും ചട്ടങ്ങളും നിയമങ്ങളും ഉണ്ടാക്കാൻപറ്റും, ഇച്ഛാശക്തിയും ഞങ്ങളെ സഹായിക്കാനുള്ള തീർപ്പുമുണ്ടെങ്കിൽ.
4. ഇന്നു നിലവിലുള്ള നിയമം വർഷത്തിൽ രണ്ടു പ്രാവശ്യം പരോൾ എന്നതാണ്. പക്ഷേ അതിൽ ഒരു വിചിത്രരീതിയുണ്ട്. പണ്ടു കാർഷിക മേഖലയിൽ കൂലിക്കു നെല്ലായിരുന്നു കൊടുത്തിരുന്നത്. ഇത്ര പറയ്ക്കു ഇന്നത് എന്ന രീതി. ഉദാഹരണത്തിനു 'ആറിൽ ഒന്നു' എന്നു കരുതുക. ജന്മികൾ ഇവിടെ ആറ് അളന്ന് കഴിഞ്ഞു ഒന്നു കർഷകത്തൊഴിലാളിക്കു മാറ്റുമായിരുന്നു. കർഷകത്തൊഴിലാളി യൂണിയനും ഇടതുപക്ഷ രാഷ്ട്രീയക്കാരുമാണ് ഇതിലെ പൊള്ളത്തരം എടുത്തുകാട്ടിയത്, 'ആറിൽ ഒന്നു' എന്നു പറയുമ്പോൾ അഞ്ചു ജന്മിക്കു അളന്നിട്ടു ഒന്നു തൊഴിലാളിക്കും അളക്കു

ന്നതാണ് ശരി എന്നു വ്യക്തമായി പഠിപ്പിച്ചത്; ഇപ്പോൾ അങ്ങനെയാണ് ചെയ്യുന്നതും. പക്ഷേ ജയിലിൽ ഇപ്പോഴും അന്നത്തെ ജന്മി സമ്പ്രദായമാണു നടക്കുന്നത്. ആറുമാസത്തിൽ ഒരു മാസം പരോൾ എന്നാണു നിയമം. ഇപ്പോൾ നടക്കുന്നതു ആറുമാസത്തെ ജയിൽ വാസം കഴിഞ്ഞു ഒരുമാസം പരോൾ എന്നാണ്: അതായത് ആറിലൊന്നല്ല, ഏഴിൽ ഒന്നാണ്, ഒരുവർഷം എന്നു പറയുന്നത് 14 മാസമാകുന്നു. ഇപ്പോഴത്തെ രീതിയിൽ സത്യത്തിൽ ഒരു വർഷത്തിനു 12 മാസമല്ലേയുള്ളൂ. അടിയന്തിരമായി ഈ രീതിയിൽ മാറ്റം വരുത്തേണ്ടത് തീർത്തും നീതിയുക്തമാണ്.

5. വായനാശീലം വർദ്ധിപ്പിക്കുന്നതിനുതകുന്ന പ്രോത്സാഹനവും ക്രമീകരണങ്ങളും നടത്താൻ പറ്റും. അതുപോലെ ലൈബ്രറി കൂടുതൽ ഫലപ്രദമായി ഉപയോഗിക്കുന്നതിനു വേണ്ട സാഹചര്യം സൃഷ്ടിക്കാൻ വലിയ ബുദ്ധിമുട്ടില്ലാതെ പറ്റും.
6. ന്യൂസ്പേപ്പർ മിക്കതും കിട്ടുന്നിടത്തു, ഇടതുപക്ഷത്തിന്റെ ഘടകകക്ഷികളിൽ പ്രധാന കക്ഷിയുടേതായ ജനയുഗം കൂടി പൊതുവായി ഇടുന്നതു എല്ലാം കൊണ്ടും യുക്തം തന്നെ.

ഇങ്ങനെയുള്ള ചർച്ചകൾക്കിടയിൽ ജനജാഗൃതിയുടെ നിരന്തര സഹകാരിയും ഔദ്യോഗിക സ്ഥാനങ്ങൾ വഹിക്കുന്നവരുമായ ശ്രീ. പ്രസന്നകുമാറിന്റെയും ശ്രീ. സി. പി. സുധാകരന്റെയും കുടുംബങ്ങളെ സന്ദർശിച്ചു. ആലപ്പുഴയുടെ ഉത്സവമായ മുല്ലയ്ക്കൽ ചിറപ്പും കണ്ടു. സന്ധ്യയ്ക്ക് ആലപ്പുഴ ബീച്ചും സന്ദർശിച്ചു. എല്ലാംകൊണ്ടും അവരുടെ സംസർഗ്ഗം വലിയൊരനുഭവമായി. കുട്ടികൾ രണ്ടുപേരും 2008-ൽ ക്രിസ്സ്മസ്സിനെ വിശേഷിപ്പിച്ചത് 'സൂപ്പർ' എന്നായിരുന്നു. അവിസ്മരണീയമായ അനുഭവമെന്നു രാജുവിന്റെ ഭാര്യയും. നിറഞ്ഞ ഹൃദയത്തോടെ ഹസ്തദാനം നടത്തി ഞങ്ങൾ സംഗമത്തിനു പരിസമാപ്തി കുറിച്ചു.

## 20

# സ്നേഹം

മനുഷ്യർ ഉണ്ടായകാലത്തോളം പഴക്കമുള്ളതാണ് സ്ത്രീ പുരുഷന്മാർ തമ്മിലുള്ള പ്രേമവും സ്നേഹവും. എന്റെ കഴിഞ്ഞ 62 വർഷത്തിൽ പ്രത്യേകിച്ചും കഴിഞ്ഞ 39 വർഷത്തെ പൊതുപ്രവർത്തന ജീവിതത്തിൽ, എണ്ണമറ്റ ആളുകളുടെ പ്രേമ -സ്നേഹ കഥകളിൽ ഇടപെടാനും അവരുടെ മുന്നോട്ടുള്ള പോക്കിൽ നിർണായകമായ പങ്കുവഹിക്കാനും സാധിച്ചിട്ടുണ്ട്. അതിൽ ഒത്തിരി മാനസിക തൃപ്തിയുണ്ട്. പക്ഷേ ഈയിടെ ഉണ്ടായ രണ്ടു-മൂന്നു യുവതികളുടെ പ്രേമകഥകൾ എന്നെ വല്ലാതെ ഉലച്ചു. സ്നേഹം ഇത്ര അന്ധമാകാമോ എന്നു ഞാൻ അത്ഭുതംകൂറി. ഒരു കഥയെങ്കിലും ചുരുക്കി പറയട്ടെ.

എന്റെ ഒരു സുഹൃദ് കുടുംബം- അച്ഛൻ, അമ്മ, മൂന്നു മക്കൾ, മൂത്തതും ഇളയതും പെൺമക്കൾ. നടുവിലേതു മകൻ. നിറയെ സ്നേഹം കൊടുത്ത് മക്കളെ സ്വതന്ത്രമായി വളർത്തി, പഠിപ്പിച്ചു. മൂത്തവൾ ഡോക്ടറായി. മകനു ബിരുദാനന്തരം ജോലികിട്ടി, ഇളയമകൾ കോളേജിൽ ബിരുദത്തിന് അവസാന വർഷം. ഇളയമകളും ഒരു യുവാവുമായി അടുപ്പത്തിലായി. വീട്ടിലറിഞ്ഞു കാര്യങ്ങൾ അന്വേഷിച്ചു. യുവതീയുവാക്കളുടെ സാധാരണയുള്ള രസങ്ങളിലൊന്നായിട്ടു കണ്ടാൽ മതി; ശക്തമായ അടുപ്പമില്ല എന്നവൾ വ്യക്തമാക്കി. അതിനിടെ ഇവളെയും മൂത്തമകളെയും അമ്മയെയും കുറ്റപ്പെടുത്തിയും അവഹേളിച്ചും ഫോണിലൂടെയും എസ്. എം. എസ് വഴിയും അവളുടെ അച്ഛന്റെയടുത്ത് പറയുകയുണ്ടായി. ഈ ശൈലി പലവട്ടം ആവർത്തിച്ചു. മകളുടെയടുത്ത് ഇക്കാര്യം വ്യക്തമായി പറഞ്ഞു. അവനുമായുള്ള ബന്ധം വേണ്ടാ എന്ന് മാതാപിതാക്കളോട് അവൾ പറഞ്ഞു.

ഇവന്റെ ശല്യം തുടർന്നു; അഴുക്ക് സംഭാഷണവും, ഇവളുമായി കോളേജിൽ പോകുമ്പോഴുള്ള കൂടിക്കാഴ്ച്ചകളും. അവളുടെ ഭാവിയെപ്പറ്റി കുടുംബത്തിൽ തുറന്നുള്ള സംസാരം നടന്നു. ആ ചർച്ചയിൽ അവൾ സജീവമായി പങ്കെടുത്തതാണ്. അവനെ അവളുടെ ജീവിതസഖിയായി സ്വീകരിക്കുക ഉചിതമല്ലെന്നും ഒരു കൂട്ടുകാരനായിനിലനിർത്തണമെന്നും തോന്നുന്നിടംവരെ ആകാം എന്നും പൊതുധാരണയായി. സന്തോഷമായാണ് ജീവിതം മുഴുവൻ ജീവിച്ചുപോന്നത്. ഒരു ദിവസം നേരം വെളുത്തപ്പോൾ മകളെ കാണുന്നില്ല. അന്വേഷണത്തിൽ അവൾ ഒന്നും വീട്ടിൽനിന്നെടുത്തിട്ടില്ല. ഇട്ടിരുന്ന വേഷത്തിൽതന്നെ രാത്രിയിൽ പറയപ്പെട്ട ചെറുപ്പക്കാരനുമായി ഇറങ്ങിപ്പോയി എന്നാണറിഞ്ഞത്. തിരിച്ചുകൊണ്ടുവരാൻ പലശ്രമങ്ങളും നടന്നു. അവനോടൊപ്പം ജീവിക്കാൻ അവൾ തീരുമാനിച്ചുകഴിഞ്ഞു അവൾക്കു താല്പര്യമുണ്ടെന്നു വ്യക്തമാക്കിയിരുന്നെങ്കിൽ, സുഖമായി ആ വിവാഹം നടത്തികൊടുത്തേനേ. എന്തിനു ഇങ്ങനെ ഒളിച്ചോടി എന്ന് എത്ര ചിന്തിച്ചിട്ടും മനസ്സിലാകുന്നില്ല.

ഏതാണ്ടിങ്ങനെ ഒട്ടും യുക്തിസഹജമായി മനസ്സിലാകാത്ത രണ്ടു സംഭവങ്ങളും ഈയിടെ ഉണ്ടായി. ഇതു പ്രേമത്തിന്റെയും സ്നേഹത്തിന്റെയും വിവിധവശങ്ങളിലേയ്ക്ക് എന്നെ കൊണ്ടുപോയി. മനസ്സിലൂടെ ഓടിയ ചിന്തകൾ പങ്കുവെയ്ക്കട്ടെ, തീർത്തും ഒരു ചിട്ടയും ക്രമവുമില്ലാതെ.

* അവരുടെ പ്രേമത്തെ എനിക്ക് സ്നേഹമായേ കാണാൻ പറ്റൂ. അതുകൊണ്ടുതന്നെ തുടർന്നുള്ള കുറിപ്പിൽ ഈ പ്രതിഭാസത്തെ മുഴുവൻ സ്നേഹമെന്നപദം ഉപയോഗിച്ചാണ് എന്റെ ചിന്ത പങ്കുവെയ്ക്കുന്നത്.
* സ്നേഹം നമ്മേ കലക്കുകയും കുഴയ്ക്കുകയും കഷ്ടപ്പെടുത്തുകയും ചെയ്യുന്ന, ഞെട്ടിപ്പിക്കുന്ന, മരുന്നുകളില്ലാത്ത ഒരു രോഗമാണ്.
* മാതാപിതാക്കളും ബന്ധുക്കളും ലോകവും അവരെ ഉറ്റുനോക്കുമ്പോൾ, അവർ അന്ധമായ സ്നേഹത്തിൽ ആണ്ടുപോയി എന്നു വിലപിക്കും. പക്ഷേ അവർ അവരുടേതായ ലോകം

സൃഷ്ടിക്കുന്നു. അവിടെ അവർ രസകരമായകഥകൾ പറഞ്ഞ് ഏതാണ്ട് സന്തോഷമായിക്കഴിയുന്നു.

* സ്നേഹത്തിന്റെ വഴിയിലെ തടസ്സങ്ങൾ അവർക്കു പ്രശ്നമേയല്ല. അതിന്റെ സ്വപ്നം ആകാശത്തോളം ഉയർന്നു. അവിടെ അവർ തുള്ളിച്ചാടുകയാണ്, വേദനയിലും, എന്തിന്, പട്ടിണിയിൽപ്പോലും. സ്നേഹത്തിന് അവരുടെ നിസ്സഹായാവസ്ഥയെ സുഖകരമാക്കാൻ സാധിക്കുന്നു.
* സ്നേഹം അവരെ സമുദ്രത്തിന്റെ അഗാധതലങ്ങളിൽ എത്തിക്കുമ്പോഴും, അവർ കുലുങ്ങുകയില്ല പതറുകയില്ല, സംഭ്രമം കാട്ടുകയില്ല, നിലവിളിയ്ക്കുകയില്ല, പരിഭ്രമിക്കുകയില്ല, ഉഴലുകയില്ല. അവിടെ അവർ ജീവിതം കണ്ടെത്തുന്നു.
* ചങ്ങലകൊണ്ടു പൂട്ടിയ വാതായനം. സ്നേഹം ആ ചങ്ങല പൊട്ടിക്കും. പൂട്ടിയിട്ടിരിക്കുന്ന കതകു തുറക്കാൻ പറ്റുന്നില്ലെങ്കിൽ സ്നേഹം മേൽക്കൂര പൊളിച്ചിറങ്ങും തന്റെ സ്നേഹപങ്കാളിയുമായി ഒന്നിക്കാൻ.
* സ്നേഹം വിടവ് നികത്തുന്നു. അഗാധമായ ഗർത്തം പരന്ന താഴ്വരയായിരിക്കുന്നു. ഭിന്നത ഇല്ലാതാക്കുന്നു, അതേ പാറയെ അലിയിക്കാനുള്ള ശക്തിയുണ്ട് സ്നേഹത്തിന്.
* സ്നേഹം അവരെ അന്ധരാക്കുന്നു, വീർപ്പു മുട്ടിക്കുന്നു. കണ്ണുണ്ടെങ്കിലും അവർ കാണുന്നില്ല. സ്നേഹം പലതും ആവരണം ചെയ്യുന്നു. ഈ പ്രക്രിയ നടക്കുമ്പോൾതന്നെ സ്നേഹം ആഴത്തിൽ അനാവരണം ചെയ്യുന്നു, ഇരുട്ടിനെ പഴിക്കാതെ ചെറുതിരികത്തിക്കുന്നു.
* തീരത്തേക്കു തിരമാലവെള്ളം അടിച്ചുകയറി കടവു നനച്ച് കുളിപ്പിക്കും പോലെ സ്നേഹം ശക്തമായി അടിച്ചുകയറും. പക്ഷേ, അവിടെ കുളിർമപകരുന്ന അവസ്ഥ നാം ദർശിക്കുന്നു. സ്നേഹത്തിന് എപ്പോഴും ഒരു സാഹസികതയുടെ ചൈതന്യമുണ്ട്; ഒപ്പം, വെല്ലുവിളിയുടെ മുൻനീക്കവുമുണ്ട്. എന്നും ചലനാത്മകമാണു സ്നേഹം. സ്നേഹിതർ തമ്മിലുള്ള ഇടം ഭയമില്ലാത്ത വാസഗേഹമാണ്.
* സ്നേഹത്തിനു അറിഞ്ഞുകൂടാത്ത പദങ്ങളാണ്, വിശേഷണങ്ങളാണ് നീചം, അധമം, നികൃഷ്ടം, ഹീനം, നിന്ദ്യം, അല്പത്വം. സ്നേഹത്തിന്റെ പര്യായമാണ് വലിപ്പം, ശ്രേഷ്ഠം, ഉന്ന

തം, വിശിഷ്ടം, ഉത്തമം, സ്തുത്യർഹം.

* സ്നേഹം പേക്കിനാവല്ല, സ്വപ്നമാണ്; എല്ലാം പങ്കുവെയ്ക്കാനുള്ള സ്വപ്നം, പുതിയൊരുജീവിതത്തെപ്പറ്റിയുള്ള നവലോകത്തെപ്പറ്റിയുള്ള സ്വപ്നം.

ഇങ്ങനെ ചിന്തിച്ച് ചിന്തിച്ച് യാത്രചെയ്തപ്പോൾ എന്റെ സുഹൃദ് കുടുംബത്തിലെ മകളുടെ ഇപ്പോഴത്തെ സ്നേഹജീവിതം തന്നെ, അതിന്റെ എല്ലാ കഷ്ടപ്പാടോടെയും ഇല്ലായ്മയോടെയും കാണാനും അവിടെ ജീവന്റെ പുത്തൻ നാമ്പു ദർശിക്കാനും സാധിച്ചു. നമ്മുടെ കണക്കുകൂട്ടലുകൾക്കപ്പുറം എല്ലാ ജീവികൾക്കും അതീതമാണ് സ്നേഹം. സ്നേഹത്തിന്റെ വശങ്ങൾ അപാരം! അവിസ്മരണീയം! അവർണ്ണനീയം! അതിന്റെ മുന്നിൽ തലകുനിക്കുക. മാനവപ്രാപഞ്ചികധർമ്മം.

# 21

## ക്രിയാത്മകമായ ഇടതിന്റെ സാധ്യത?

10. 8. 2009. നല്ലൊരു ദിനം, നേരത്തേ ഉണ്ടായിരുന്ന ജനകീയ സംഘ സുഹൃത്തുക്കളിൽ ഒട്ടുമിക്കവരുമായി യാതൊരുവിധ സമ്പർക്കവും ഇല്ലാതായിട്ടു വർഷങ്ങൾ ഏറെയായി. വളരെ ചുരുക്കം പേരുമായി ചെറിയ ചില ബന്ധങ്ങൾ തുടർന്നിരുന്നു ള്ളു. അങ്ങനെ ബന്ധം നടന്നിരുന്ന വ്യക്തികളിൽ പ്രമുഖൻ റവ. എം .ജെ. ജോസഫ് ആയിരുന്നു. പ്രത്യേകം കാര്യങ്ങളൊ ന്നുമില്ലെങ്കിലും 2-3 മാസങ്ങൾക്കിടയിൽ ഒരു ഫോൺ, ഓറയ്ക്കു ഒരു ലേഖനം, അതിനെപ്പറ്റിയൊരു ചർച്ച, സന്ദർശനം തുടങ്ങി യവ ഉണ്ടായിരുന്നു. പക്ഷേ കഴിഞ്ഞ ഏതാണ്ട് 1 വർഷമായി ഇതൊന്നും നടന്നില്ല.

അതിനിടയിൽ എം. ജെയ്ക്ക് സുഖമില്ലാതെയായി. പല മരു ന്നുകൾ, പരിശോധനകൾ. രോഗം വർദ്ധിച്ചു. എറണാകുളം അമൃതയിൽ പ്രവേശിപ്പിച്ചു. മേജർ ഓപ്പറേഷൻ, തീവ്രപരിച രണയുണിറ്റിൽ പ്രവേശനം. മരണത്തെ കണ്ടു തൊട്ടറിഞ്ഞ അനുഭവം. അവിടനിന്നും ഡിസ്ചാർജ് ചെയ്തപ്പോൾ എറണാ കുളത്ത് ഇളയ സഹോദരന്റെ വീട്ടിൽ വിശ്രമം. അതെല്ലാം കഴിഞ്ഞ് തുടർവിശ്രമത്തിനായി മഞ്ഞാടിയിലുള്ള സ്വന്തം വീട്ടി ലേയ്ക്ക് വന്നിട്ടേയുള്ളു.

വർഷങ്ങളായി പരസ്പരം അറിയാവുന്നതും, ഞങ്ങൾ രണ്ടു പേരും അമേരിയ്ക്കയിലായിരുന്നപ്പോൾ കൂടുതൽ അടുത്തതും, തുടർന്നും ആബന്ധം മുറിയാതെ കാത്തു സൂക്ഷിക്കുന്നതും ഡോ. എം. പി. ജോസഫുമാണ്. അദ്ദേഹമാണ് എം. ജെ. അച്ചൻ ഇങ്ങനെ സുഖമില്ലാതെ ഓപ്പറേഷനൊക്കെക്കഴിഞ്ഞു വീട്ടിൽ വിശ്രമിക്കുന്നു എന്നു 9 -ാം തീയതി ഫോൺ ചെയ്തു പറഞ്ഞ

ത്. എം. പി. ഇപ്പോൾ തായ്വാനിൽ പഠിപ്പിക്കുകയാണ്. അവധിക്കു നാട്ടിൽ വരുമ്പോഴൊക്കെ തീർച്ചയായും ഒരു ഫോൺ ഉണ്ടാകും. ജനജാഗൃതിയിലേക്കു ക്ഷണിച്ചാലും ജോലിത്തിരക്കുകാരണം അതു നടന്നിട്ടില്ല. എങ്കിലും ബന്ധം സുദൃഢമായി തുടർന്നുകൊണ്ടിരുന്നു.

എം. പി. യും ഞാനും എം. ജെ. അച്ചനെ കാണാൻ തീരുമാനിച്ചു. അങ്ങനെ ഞങ്ങൾ രണ്ടുപേരും തിരുവല്ലയിലെ മഞ്ഞാടിയിൽ അടുത്തദിവസം (10-ാം തീയതി) എത്തി. വർഷങ്ങൾ കഴിഞ്ഞുള്ള കൂടികാഴ്ച. അതുപോലെ എം. ജെ. അച്ചനുമായും എതാണ്ടു ഒരുവർഷം കഴിഞ്ഞുള്ള കൂടിക്കാഴ്ച. എല്ലാംകൊണ്ടും വികാരസാന്ദ്രമായിരുന്നു അത്.

അവിടെ ഞങ്ങൾ സംസാരിച്ച ഒന്നു രണ്ടുകാര്യങ്ങൾ കൂടി പറയട്ടെ. ശ്രീമതി അന്നമ്മ ജോസഫ് കഴിഞ്ഞ കുറച്ചു മാസങ്ങളായി അവർ ഏറ്റെടുക്കേണ്ടിവന്ന ദുഃഖഭാരത്തെപ്പറ്റി വികാരതീവ്രതയോടെ ഉറക്കെ ഓർമ്മിച്ചു. അതെ, മരണത്തെ മുഖാമുഖം കണ്ട ദിനരാത്രങ്ങൾ. വേദനയിലും ബുദ്ധിമുട്ടിലും കാണാഞ്ഞിട്ടാവണം, അവർ ഉച്ചത്തേയ്ക്കുള്ള ആഹാരം ശരിയാക്കിക്കൊണ്ടിരിക്കെ ഞാനും കൂടാമെന്നു പറഞ്ഞു അടുക്കളയിൽ ചെന്നപ്പോൾ, അവർ ചെയ്തുകൊള്ളാമെന്നു പറഞ്ഞു എന്നെ പറഞ്ഞയച്ചു. മുഖത്തു കുണ്ഠിതം കാണാമായിരുന്നു.

ശ്രീമതി അന്നമ്മയുടെ ജോലികഴിഞ്ഞപ്പോൾ ഞങ്ങൾ മൂവരോടും കൂടി സംസാരം ഈ നാളുകളിൽ അനുഭവിക്കേണ്ടിവന്ന വേദനയെപ്പറ്റിയായി. എം. പി. യാണു ബുദ്ധദർശനത്തിലെ ദുഃഖത്തെപ്പറ്റിയുള്ള ചിന്ത പങ്കുവച്ചത്. ദുഃഖം അടിസ്ഥാനപരമായിട്ടു രണ്ടുതരമുണ്ട്. ഒന്ന്, അനിവാര്യമായ ദുഃഖം. മകന്റെ (അപ്രതീക്ഷിതമായ അപകടത്തിൽ മരണം, മുറിവുണ്ടായാലുള്ള വേദന, രോഗത്തിന്റെ സ്വാഭാവിക പരിണിതഫലം തുടങ്ങി സമാനമായ നിരവധിയായ അനുഭവങ്ങളാണ് അനിവാര്യമായ ദുഃഖത്തിനു ഉദാഹരണങ്ങൾ. രണ്ട്, നമ്മുടെ ബോധതലത്തിൽ നാം സൃഷ്ടിക്കുന്നതായ ദുഃഖം. ഇവ ചിലപ്പോൾ അതിതീവ്രമായിരിക്കും. എന്തിന്, ചിലപ്പോൾ ഇവ നമ്മുടെ സമനിലതന്നെ തെറ്റിക്കുകയും ഭ്രാന്തരാക്കി മാറ്റുകയും ചെയ്യുന്നു. എങ്കിലും ഇവയെപ്പറ്റിയുള്ള ആത്യന്തിക വിലയിരുത്തലിൽ, വിശകലനത്തിൽ

ഇവ മനുഷ്യ സൃഷ്ടിയായതുകൊണ്ട് മനുഷ്യർക്കു അവയെ മറികടക്കാം; അവയെ മാറ്റാൻ കഴിയും.

മറ്റൊരു സംസാരം ഹൃദയസ്പർശിയായി വന്നതു എന്റെ ആത്മകഥയായ 'കറുത്ത കുർബ്ബാന' യിൽ കുമ്പളാംപൊയ്ക സംഭവത്തെപ്പറ്റി വിവരിക്കുന്നിടത്തു വസ്തുനിഷ്ഠത കുറവാണ് എന്നതായിരുന്നു. ശ്രീമതി അന്നമ്മ ജോസഫ് എന്റെ ബൗദ്ധിക സത്യസന്ധതയെ തന്നെ ചോദ്യം ചെയ്തിട്ട് അതെഴുതിയപ്പോൾ കുമ്പളാംപൊയ്ക സംഭവത്തിന്റെ കർത്താക്കളായ അവരുമായി സംസാരിച്ചിട്ടേ എഴുതാമായിരുന്നു എന്നു വ്യക്തമാക്കി. അവർ പറയുന്നതിലുള്ള യുക്തിയും എന്റെ വിവരണത്തിലുള്ള വസ്തു നിഷ്ഠമില്ലായ്മയും ഞാൻ ഏറ്റു പറഞ്ഞു. പക്ഷേ എം. ജെ. യുടെ പ്രതികരണം എന്നെ നേരത്തെ അറിയിച്ചിരുന്നു. വസ്തു നിഷ്ഠ കണക്കിൽ തെറ്റുണ്ടെങ്കിലും ആ വിവരണത്തിന്റെ പിന്നിലെ ചേതോവികാരത്തോടും ആത്മചൈതന്യത്തോടും യോജിപ്പാണ് എന്നു വ്യക്തമാക്കിയിരുന്നു. വരികൾക്കിടയിലെ ചിന്താധാരയ്ക്ക് കുഴപ്പമില്ലെങ്കിൽ വലിയ പ്രശ്നമില്ല എന്നതായിരുന്നു എന്റെ ചിന്ത. അങ്ങനെ ലളിതവൽക്കരിക്കാവുന്നതല്ല അതെന്നു അന്നത്തെ സംഭാഷണം വ്യക്തമാക്കി. അടുത്ത ഒരു പതിപ്പ് കറുത്ത കുർബാനയ്ക്കുണ്ടായാൽ അതിൽ ഇന്നു വന്നു പോയ വസ്തുനിഷ്ഠ കണക്കുകളിലെ പാളിച്ച തിരുത്തിയേ പ്രസിദ്ധീകരിക്കു എന്നു ഞാൻ ഉറച്ചിരിക്കുകയാണ്.

തുടർന്നു എം.ജെ.യും എം.പി.യും എന്റെ പുസ്തകങ്ങളെപ്പറ്റി പറഞ്ഞു. ഇങ്ങനെ എഴുതാൻ സമയം കിട്ടുന്നതെങ്ങനെ എന്ന് പറഞ്ഞിട്ട് എം.ജെ. വളരെ ചിന്തനീയമായ ഒരു കാര്യത്തിലേയ്ക്ക് ശ്രദ്ധക്ഷണിച്ചു. എന്റെ ചിന്തയിലും എഴുത്തിലും ഒരു വൈരുദ്ധ്യം പ്രകടമാകുന്നില്ലേ എന്നതാണ് അദ്ദേഹത്തിന്റെ ചോദ്യം. കാര്യം അല്പം കൂടി വ്യക്തമാക്കാം. ജാതി, മതം, ദൈവം, കുടുംബം, കൂലിവേല, അധികാരക്രമം, എന്തിനു ലൈംഗികതയും സ്ത്രീ പുരുഷബന്ധവും എന്നതിനെ പറ്റിയൊക്കെ ഏതാണ്ടു വിപ്ലവകരമായി തന്നെ, ശക്തമായ ഭാഷയിൽ പ്രതികരിക്കുന്നു. തുറന്നു അങ്ങനെ എഴുതുന്നതു എല്ലാം കൊണ്ടും പ്രശംസ അർഹിക്കുന്നു. ഒപ്പം എങ്ങനെയാണു രാഷ്ട്രീയത്തിൽ ഇടുങ്ങിയ ഇടതുപക്ഷപാർട്ടികളോട് ഒത്തു

ചേർന്നു പോകാൻ സാധിക്കുന്നു. ഇവിടെ ഒരു ഇരട്ടത്താപ്പു സമീപനമല്ലേ ഉള്ളത്. കേരളത്തിലെ ഭൂസമരങ്ങൾ കവർസ്റ്റോറി യാക്കിയ 2009 ആഗസ്റ്റിലെ ഓറ മാർക്സിസ്റ്റുപാർട്ടിയുടെ നയ ത്തിനപ്പുറം പോയിട്ടില്ല. ഭൂമിയെപ്പറ്റിയുള്ള ഡോ. തോമസ്സ് ഐസക്കിന്റെ ദർശനം വരേ അവിടെ എത്തിയിട്ടുള്ളു. സാമാന്യ ജനത്തിനു അർഹതപ്പെടുന്ന ഒരു പുതിയ ഇടതു രൂപപ്പെടേണ്ട തല്ലേ?.

എം .ജെ.യുടെ ചോദ്യത്തെ എല്ലാരീതിയിലും സഗൗരവം എടുത്ത് ചിന്തിക്കുകയായിരുന്നു ഈ ദിവസങ്ങളിലൊക്കെ. തുറന്ന ചർച്ചയ്ക്കു വിധേയമാക്കേണ്ട വിഷയമാണിത്. മനസിലുടെ കടന്നുപോയ കാര്യങ്ങൾ അവ്യക്തമായിട്ടെങ്കിലും കോറിയിടുക ഉചിതമെന്നു തോന്നുന്നു.

സമീപനത്തിൽ ഒരു വൈരുദ്ധ്യമുണ്ടെന്നു ആദ്യമേതന്നെ സമ്മതിക്കട്ടെ. എങ്കിലും ചില കാര്യങ്ങൾ വ്യക്തമാക്കേണ്ടതു ണ്ട്. ഓറയും എന്റെ പുസ്തകങ്ങളും വിമർശനാത്മകമായി വായിക്കാത്ത ഉപരിപ്ലവ വായനക്കാരുടെ ഇടയിലെ ഒരു ചിന്താ ധാരണയാണിത്. സഗൗരവം ഓറയെയും എന്റെ എഴുത്തുക ളെയും എടുത്താൽ എത്രയോ പ്രാവശ്യം ഇടതുപക്ഷത്തെ, പ്രത്യേകിച്ച് കമ്മ്യുണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്) യെ വിമർശി ച്ചുകൊണ്ടും താക്കീത് നല്കിക്കൊണ്ടും എഴുതിയിട്ടുണ്ട്. അപ്പോൾ വലതുപക്ഷ മാധ്യമം ചെയ്യുന്നതുപോലെ അങ്ങനെ അടച്ചുപറയുന്നതു ശരിയല്ല.

എന്നാലും എഴുത്തിന്റെ ഉള്ളിന്റെയുള്ളിൽ ഇടതുപക്ഷ ചിന്ത ദ്രുഢമൂലമായി കിടക്കുന്നതു ചിന്തിക്കുന്നവർക്ക് ദൃശ്യമാണ്. എന്താണിതിന്റെ കാരണം? ഇടതിനും ഒരു തിരുത്തൽ ശക്തി യായി നിൽക്കേണ്ടതിനുപകരം അതിന്റെ ഭാഗമായി മാറുക. ന്യായീകരിക്കാൻ പറ്റുമോ? തീർച്ചയായും ഒരു ഇടതു ഉരു ത്തിരിയേണ്ടതുണ്ട്. പക്ഷേ എനിക്ക് സുഖം നൽകാത്ത ഒരനു ഭവം കൂടി പങ്കുവെയ്ക്കാനുണ്ട്. ഇന്നു മുഖ്യ വലതുപക്ഷ രാഷ്ട്രീയപാർട്ടിയായ ഇന്ത്യൻനാഷണൽകോൺഗ്രസ്സ് തൊട്ട് ഇങ്ങോട്ട് എസ്.യു.സി.ഐ. (കമ്മ്യൂണിസ്റ്റ്) പാർട്ടിവരെ, വിവിധ ജനകീയ സംഘടനകൾ തൊട്ട് പരിസ്ഥിതി സംഘടനകൾ വരെ, വിവിധ പഴയ നക്സൽ ഗ്രൂപ്പുതൊട്ട് നേരത്തേ പാർട്ടിക്കും

കമ്മ്യൂണിസ്റ്റു ദർശനത്തിനും വേണ്ടി ജീവാർപ്പണം ചെയ്ത വ്യക്തികൾ വരെ, എല്ലാവർക്കും ഏതാണ്ടൊരു പൊതു ശത്രു എന്ന രീതിയിൽ അഭിസംബോധന ചെയ്യുന്നതു സി.പി.ഐ.(എം) നെ ആണ്, ചിലപ്പോൾ സി.പി.ഐ യെയും. അതുപോലെതന്നെ ഒട്ടുമിക്ക മുഖ്യധാരാ പ്രസിദ്ധീകരണങ്ങളും സ്ഥാപിതസഭയുടെയും സമുദായങ്ങളുടയും മാസികകളും അവരുടെ വർഗ്ഗശത്രുവായി കാണുന്നതും ഇവരെയാണ് . ഇവരാണ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കാരിൽനിന്നും പുറത്താക്കപ്പെട്ട ചാത്തുണ്ണി മാസ്റ്റർ, K.P.R ഗോപാലൻ, എം.വി. രാഘവൻ, എൻ.കെ. മാധവൻ, പി.വി. കുഞ്ഞികണ്ണൻ, കെ.ആർ. ഗൗരിയമ്മ, ബർലിൻ കുഞ്ഞനന്തൻ നായർ, എൻ.സി.കേശവൻ, കെ. ദാമോദരൻ, കെ. മാധവൻ, എ.വി. ആര്യൻ, എം.പി.പരമേശ്വരൻ, വി.ബി. ചെറിയാൻ, ഒ. ഭരതൻ തുടങ്ങിയവരുടെ വ്യക്തികളും രക്ഷിതാക്കളും, ഇവർ ശരിയല്ലെന്നും പാർട്ടി ശരിയാണെന്നും വാദിക്കാനല്ല ഞൻ ഒരുമ്പെടുന്നത്. ഏത് പാർട്ടിയിലും പ്രസ്ഥാനത്തിലും പ്രവേശിച്ച് ഒരു കേഡർ പാർട്ടിയെങ്കിൽ, പ്രസ്ഥാനവിരുദ്ധ പ്രവർത്തനത്തിന് നടപടിയുണ്ടായിരിക്കും. ചിലപ്പോൾ നേതാക്കളുടെ വിലയിരുത്തൽ ശരിയല്ലായിരിക്കാം. അതു മറ്റൊരു പ്രശ്നം. ഇങ്ങനെയുള്ളവരെ എടുത്തുകാട്ടി മഹത്വം പറയുന്നതിലെ ഉദ്ദേശശുദ്ധി ചോദ്യചിഹ്നമാണ്. ഈ സമീപനത്തിൽ പാളിച്ചയുണ്ട് എന്നാണ് എന്റെ കാഴ്ച്ചപ്പാട്. അതായത് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റും)യും ഇന്ന് അവരുടെ ദർശനത്തിനും പരീക്ഷണത്തിനും ഒത്തു നീങ്ങുന്നില്ല എന്നു പറഞ്ഞാൽ മനസ്സിലാകും. അവർ അധികാരത്തിന്റെയും പണത്തിന്റെയും സ്ഥാനത്തിന്റെയും പിന്നാലെ പോകുന്നു. ഈ വിമർശനത്തോട് 100 ശതമാനവും യോജിച്ചിട്ടു എന്റെ ചോദ്യമിതാണ്. ഈ അവസ്ഥയിൽ പൊതുശത്രുവിനെപ്പോലെ അവരെ കടന്നാക്രമിക്കുകയാണോ വേണ്ടത്? അതോ ഒപ്പം നിന്നുകൊണ്ട് ഒരു corrective force ആയിക്കൂടെ? ഇങ്ങനെ ക്രിയാത്മകമായ ഇടതാകണമെന്നാണെന്റെ ആഗ്രഹം.

# 22

# ഗലീലിയോ നാടകം ഇന്ന്

2009 ശാസ്ത്രവർഷം ഗലീലിയോ ടെലസ്കോപ്പിലൂടെ വാനം നിരീക്ഷിച്ചതിന്റെ 400 -ാം വർഷം. ചാൾസ് ഡാർവിന്റെ 200-ാം ജന്മവാർഷികം. അദ്ദേഹത്തിന്റെ Origin of species ന്റെ 150 -ാം വർഷം. അങ്ങനെ ശാസ്ത്ര ചരിത്രത്തിലെ നാഴികക്കല്ലുകളായ പലതും ഒത്തുചേരുന്ന വർഷം. കേരള ശാസ്ത്രസാഹിത്യ പരിഷത്ത് നിരവധിയായ പരിപാടികൾകൊണ്ട് 2009 സമ്പന്നമാക്കി. അതിന്റെ അവസാനത്തെ പരിപാടിയാണ് നവംബർ 14 മുതൽ ഡിസംബർ 14 വരെ മൂന്നു നാടകസംഘങ്ങളായി കേരളത്തിൽ 183 കേന്ദ്രങ്ങളിൽ നാടകം അവതരിപ്പിച്ചുകൊണ്ടുള്ള ഗലീലിയോ നാടകയാത്ര.

ആലപ്പുഴ പറവൂർ ഇ. എം. എസ്. കമ്മ്യൂണിറ്റി ഹാളിൽ 2009 ഡിസംബർ 11 രാവിലെ 11 -ന് നാടകം അരങ്ങേറിയതു അവിസ്മരണീയമായ അനുഭവമായി നിലകൊള്ളുന്നു. ജർമ്മൻ നാടകകൃത്തായ ബർത്തോൾട് ബ്രഹ്റ്റിന്റെ വിശ്വവിഖ്യാതമായ നാടകമാണു ഗലീലിയോയുടെ ജീവിത കഥ (The life of Galileo) KSSP യുടെ ഈ നാടകം ബ്രഹ്റ്റിന്റെ നാടകത്തിന്റെ സമകാലീന കേരളരാഷ്ട്രീയ പരിസരത്തു നിന്നുകൊണ്ടുള്ള പുനരാഖ്യാനമാണ്. 400-ൽ ഏറെ വർഷങ്ങൾക്കുമുൻപ് ജീവിച്ചിരുന്ന ഗലീലിയോയെക്കുറിച്ചു 20-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ബ്രഹ്റ്റ് നാടകം എഴുതി. ശാസ്ത്രത്തിന്റെ രീതിശാസ്ത്രമായ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ നിഗമനങ്ങളിൽ എത്തുക എന്ന രീതിയാണ് ഗലീലിയോ സ്വീകരിച്ചത്. സംശയിക്കാനും ചോദ്യം ചെയ്യാനും/ചോദിക്കാനും ഉപകരണങ്ങൾ ഉപയോഗിച്ചു നിരീക്ഷിക്കാനും അവയുടെ വെളിച്ചത്തിൽ അനുമാനം നടത്താനും സാധിക്കുന്നതു ശാസ്ത്രീയ കാഴ്ചപ്പാടിന്റെ സവിശേഷതയാ

ണ്. യുക്തിബോധത്തിൽ നിന്നും അകന്നു അന്ധവിശ്വാസങ്ങളിലും മതാന്ധതയിലും അശാസ്ത്രീയതയിലും ഊന്നൽകൊടുക്കുന്ന ഇന്നത്തെ കേരള സമൂഹത്തിൽ ഗലീലിയോ എന്ന നാടകത്തിനു ഏറെ പ്രസക്തി ഉണ്ടാകുന്നു.

നാടകം എല്ലാരീതിയിലും അർത്ഥസമ്പുഷ്ടമായിരുന്നു; വസ്തുനിഷ്ഠമായിരുന്നു; ഹൃദയഹാരിയായിരുന്നു. ഒരു സത്യാന്വേഷിയുടെ തൃഷ്ണക്കു ആവേശം നല്കുന്നതായിരുന്നു; തുറന്ന മനസ്സോടെയും ബുദ്ധിയോടെയും സത്യത്തെ അന്വേഷിക്കാനുള്ള കെല്പ് പകരുന്നതായിരുന്നു നാടകം. ഇവിടെ അതിന്റെ എല്ലാവശങ്ങളിലേയ്ക്കും പോകാതെ അതിന്റെ പിന്നിലെ രണ്ടു താല്പര്യങ്ങളുടെ സംഘട്ടനം മാത്രം എടുത്തുകാട്ടാമെന്നു കരുതുന്നു. ഒന്ന്, സത്യാന്വേഷിയുടെ നിരീക്ഷണ പരീക്ഷണ ത്വരയും തൽഫലമായി സത്യം കണ്ടെത്തുന്നതിലുള്ള സംതൃപ്തിയും. രണ്ട്, ബൈബിളിനെയും മതഗ്രന്ഥത്തെയും യുക്തിരഹിതമായും അന്ധമായും വിശ്വസിച്ചുകൊണ്ടു അതാണു സത്യമെന്നു ആധികാരികമായി പ്രഖ്യാപിച്ചു സത്യാന്വേഷിക്കെതിരായി വിധിയെഴുതി പീഡിപ്പിക്കുന്ന ത്വര. ഈ രണ്ടു താത്പര്യങ്ങൾ തമ്മിലുള്ള സംഘട്ടനം തന്റെ കുടുംബത്തിൽ ഭാര്യതൊട്ടു അങ്ങോട്ടു മാതാധികാരികളിൽ തലവനായ മാർപ്പാപ്പ വരെ അനുഭവിക്കുകയാണ്. മതാധികാരികളുടെ ഭാഗത്തു നിന്നുള്ള എല്ലാ വിചാരണകളും ഏതാണ്ടു പ്രദർശനങ്ങളായി മാറുന്നു. അദ്ദേഹത്തിന്റെ പരീക്ഷണനിരീക്ഷണത്തിലൂടെ സ്വന്തം കണ്ണുകൾകൊണ്ടു കാണുന്ന സത്യം ദൈവനിഷേധവും ബൈബിൾ പരിശുദ്ധവുമാണെന്ന് സഭാധികാരികൾ പ്രഖ്യാപിച്ചുകൊണ്ട് അതിനെ നിഷേധിക്കാൻ ഗലീലിയോയെ നിർബന്ധിക്കുകയാണ്. സത്യത്തെ വെടിയുവാനോ നിഷേധിക്കാനോ അദ്ദേഹം തയ്യാറായില്ല. അതിന്റെ വേദനയും വിലയും അദ്ദേഹം ഏറ്റു പിടിക്കേണ്ടിവന്നു. സാഹചര്യം വഷളാകുകയാണ്, തന്റെ ജീവൻതന്നെ അവർ എടുത്തെന്നുവരും. താൻ കണ്ടുപിടിച്ച സത്യം പ്രസിദ്ധീകരിച്ച ബുക്കു വായിക്കാൻ അനുവാദമില്ലാത്ത ലിസ്റ്റിൽ ആക്കികഴിഞ്ഞു. താൻ എഴുതുന്നവയെ അവർ എടുത്തു നശിപ്പിക്കുന്നു. അവിടെ സത്യത്തെ മുറുകെപ്പിടിച്ച് ജീവൻ ഒടുക്കുന്നതിലും ഭേദം, നരകയാതന അനു

ഭവിച്ചുകൊണ്ടുതന്നെ സത്യം എഴുതിയിട്ടു, രഹസ്യത്തിൽ സൂക്ഷിച്ചു പ്രസിദ്ധീകരിക്കാൻ കൊടുക്കാമെന്ന പ്രതീക്ഷ അദ്ദേഹത്തെ ജീവിപ്പിക്കുന്നു. അങ്ങനെ അവസാനംവരെ സത്യത്തെ അന്വേഷിക്കുകയും കണ്ടെത്തിയ സത്യത്തോടു വിശ്വസ്തത പുലർത്തുകയും ചെയ്ത ഗലീലിയോയെ ജയിലിലിട്ടു പീഡിപ്പിച്ചു ഇഞ്ചിഞ്ചായി വർഷങ്ങൾ കൊണ്ട് കൊന്നിട്ടു ഏതാണ്ട് 400 വർഷങ്ങൾ കഴിഞ്ഞിട്ട് മാർപ്പാപ്പ വത്തിക്കാൻ സമൂഹത്തോടു ഇന്നു മാപ്പുപറഞ്ഞുകൊണ്ട് ഗലീലിയോ കണ്ടു പിടിച്ച് പറഞ്ഞതാണ് സത്യം എന്നു ഏറ്റുപറഞ്ഞിരിക്കുന്നു

നാടകം കഴിഞ്ഞു ഞങ്ങൾ കുറച്ചു പേർ നാടകത്തെ ചെറുതായി ഒന്നു വിലയിരുത്തി. എല്ലാവരുംതന്നെ അർത്ഥവത്തായ നാടകം എന്നു പറഞ്ഞുകൊണ്ട് അവരുടെ വ്യക്തിഗതമായ അഭിപ്രായം പറഞ്ഞു. ഒരാൾ പറഞ്ഞു: സഭയ്ക്കു അങ്ങനെ തെറ്റുപറ്റിയെങ്കിലും ഇന്നു പൊതുവായി മാപ്പുപറഞ്ഞല്ലോ. അതുമതി. മറ്റൊരാൾ പറഞ്ഞു മാപ്പുപറയുവാൻ 400 വർഷമെടുത്തു ഇത്തിരി കടന്നകൈയാണ്. കത്തോലിക്കാസഭയിൽ തെറ്റും പാപവും ചെയ്യാൻ ലൈസൻസ് കൊടുക്കുന്ന യാന്ത്രികസംവിധാനമാണല്ലോ കുമ്പസാരം. പാപം ചെയ്യാം കുമ്പസാരിച്ച് പാപക്കറ കഴുകിക്കളയാം. വീണ്ടും പാപംചെയ്യാം ....... അതിന്റെ മറ്റൊരു രൂപമല്ലേ വത്തിക്കാന്റെ ഈ കുമ്പസാരവും. ഇതിനോട് മറ്റൊരാൾ പ്രതികരിച്ചു: അന്നു സ്ഥാപിതസഭ അങ്ങനെയൊക്കെ വിചാരണചെയ്യുകയും ശിക്ഷിക്കുകയും ചെയ്തു. ഇന്നത്തെ സഭ അങ്ങനയല്ല. ഇന്ന് സഭ സത്യത്തോടാണ് കൂട്ടുനിൽക്കുന്നത്. അതിനോട്, സംഘത്തിലുണ്ടായിരുന്ന എല്ലാവരുംതന്നെ നിഷേധാത്മകമായി പ്രതികരിച്ചു. സംസാരിച്ചവയുടെ ചുരുക്കം ഇങ്ങനെ വിവരിക്കാം.

സഭ അന്നും ഇന്നും പ്രവർത്തിക്കുക ഒരുപോലെതന്നെയാണ്. ഇന്ന് അൽപ്പം പോളിഷ്ഡ് ആയിട്ടു പ്രതികരിക്കുന്നതായി അഭിനയിക്കുന്നു, എന്നുമാത്രം. അന്നും ഇന്നും സഭ സത്യത്തോട് തലതിരിഞ്ഞിരിക്കുകയാണ്. നാം കാണുന്ന സത്യത്തെ ഔദ്യോഗികസഭയ്ക്കു പേടിയാണ്. പക്ഷേ, പേടിയെന്ന് പറയാൻ നാണമാണ്. അതുകൊണ്ട് ഇല്ലാത്ത അധികാരം ഉണ്ടെന്ന് നടിച്ചും, അതിനനുയോജ്യമായി വിശ്വാസികളുടെ ധാര

ണകളെയും വിശ്വാസങ്ങളെയും വളച്ചൊടിച്ചും, സത്യം പറയുന്ന ബലഹീനരെയും പാവപ്പെട്ടവരെയും പീഡിപ്പിച്ചും, സമ്പന്നരുടെ അനീതിക്ക് മുമ്പിൽ കണ്ണടച്ചും അവയെ പ്രോത്സാഹിപ്പിച്ചും, നിർജ്ജീവമായ ആചാരാനുഷ്ഠാനങ്ങളിൽ മതിമറന്നും അന്ധവിശ്വാസങ്ങളുടെ ഒരു മായാലോകത്തു നമ്മെ പ്രതിഷ്ഠിക്കുകയാണ്. ഫലമോ? എക്കാലവും സാമാന്യജനത്തിനു അനുഗുണമായ ഏതു പുരോഗമന ചിന്തയെയും നീക്കത്തെയും എന്നും ചരിത്രത്തിൽ എതിർക്കുന്നതിൽ മുൻനിരയിലാണു കത്തോലിക്കാസഭ; തൊട്ടുപിന്നിൽ മറ്റു ക്രിസ്തീയ സഭകളും മറ്റു മതസംവിധാനങ്ങളും.

ഇന്നിപ്പോൾ കേരളകത്തോലിക്കാസഭയുടെ തലവരായ അധികാരികളായ കേരളകത്തോലിക്കാ മെത്രാൻ സമിതി (KCBC) കോട്ടയത്തു കൂടിക്കൊണ്ടിരിക്കുന്നു. അവരുടെ മുഖ്യ അജണ്ടയായി പ്രസിദ്ധീകരിച്ചതു ഇതാണ്. അർപ്പിതരുടെ (വൈദികർ, സന്യസ്തർ) രാഷ്ട്രീയ പങ്കാളിത്തം, സ്വാശ്രയകോളേജുകളുടെ നടത്തിപ്പിൽ സർക്കാരിന്റെ ഇടപെടലിനു കടിഞ്ഞാൺ, വിവാഹം, കൂടുതൽ സഭാനിയമത്തിനു വിധേയം തുടങ്ങിയവയാണ്. കേരളത്തിലെ ജനത്തിന്റെ എതാണ്ടു 15% വരുന്ന ക്രൈസ്തവ ജനവിഭാഗത്തിന്റെ തലവന്മാർക്ക് ഈ ജനതയുടെ സമഗ്ര വളർച്ചയെപ്പറ്റിയുള്ള താല്പര്യം എത്ര ശുഷ്കം എന്ന് ഈ അജണ്ട തന്നെ വ്യക്തമാക്കുന്നു.

സഭയുടെ പ്രവർത്തനശൈലിതന്നെ ചരിത്രത്തെ പുറകോട്ടു വലിച്ചിഴക്കുക എന്നതാണെന്നു തോന്നിപ്പോകും. സത്യത്തിന്റെ സ്രോതസ്സ് സഭാധികാരികളുടെ കരങ്ങളിലാണ് എന്ന മിഥ്യാബോധം അവരെ കൂടുതൽ അന്ധരാക്കുന്നു. യേശു പറഞ്ഞതുപോലെ അന്ധരെ നയിക്കുന്ന അന്ധർ...! യേശു അന്നത്തെ സമൂഹത്തിലെ ആർത്തരെയും അവശരെയും ദരിദ്രരെയും പീഡിതരെയും ഭ്രഷ്ട് കല്പിക്കപ്പെട്ടവരെയും വേശ്യകളെയും പുറജാതിക്കാരെയും ... ഒക്കെയാണ് സ്വീകരിച്ചത്; അവരുടെ പക്ഷം പിടിച്ചുകൊണ്ടാണ് ആ ജനത്തെ ആ അവസ്ഥയിലാക്കിയ മത-രാഷ്ട്രീയ അധികാരികളോടു കർക്കശമായി സംസാരിക്കുകയും ഇടപെടുകയും ചാട്ടവാർ എടുക്കുകയും ചെയ്തത്. ഇന്നു യേശു പുനർ ജീവിച്ചാൽ ഇതിനേക്കാൾ കർക്കശമായിട്ടായിരിക്കും സഭാ

ധികാരികളോടു ഇടപെടുക. ഇന്നത്തെ സഭയുടെ നിരന്തരമായ ഇടപെടലുകളൊക്കെത്തന്നെ സാമാന്യ ജനവിരുദ്ധമാണെന്നു എടുത്തുകാട്ടാൻ എത്രയെത്ര പ്രകടമായ ഉദാഹരണങ്ങൾ. 1957 ലെ കുപ്രസിദ്ധ വിമോചന സമരവും അതിന്റെ പിന്നിലെ സഭയുടെ ഇടപെടലും യേശുവിരുദ്ധമായിരുന്നെന്നു എത്രപറഞ്ഞാലും മതിയാകില്ല. അന്നത്തെ കമ്മ്യൂണിസ്റ്റുസർക്കാർ സാമാന്യജനത്തിനു അനുഗുണമായ വിദ്യഭ്യാസ നയങ്ങളും ഭൂനയങ്ങളും കൊണ്ടുവന്നപ്പോൾ അധികാരവും പണവും സ്വാധീനവും അന്തർദേശീയ ബന്ധങ്ങളും വിപുലമായി ഉപയോഗിച്ച് സാമാന്യജനതയെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടും മതവികാരങ്ങളെ ഇളക്കിവിട്ടുകൊണ്ടും അവരെ തെരുവിലിറക്കിയ സഭയുടെ നടപടി എത്ര ഹീനവും ജനവിരുദ്ധവും യേശുദർശന ശൂന്യവുമാണ്! എപ്പോഴൊക്കെ വിദ്യാഭ്യാസത്തെ സാമാന്യജനബന്ധിതവും മതനിരപേക്ഷവും ആക്കാൻ സർക്കാർ ശ്രമിച്ചിട്ടുണ്ടോ അപ്പോഴൊക്കെ സഭാനേതൃത്വം അരയും തലയും മുറുക്കി രംഗത്തു ഇറങ്ങിയ ചരിത്രം ഇവരുടെ യേശുവിരുദ്ധത ഉറക്കെ പ്രഖ്യാപിക്കുന്നു. ഇപ്പോഴത്തെ വി. എസ്. സർക്കാർ ശ്രീ. എം. എ. ബേബിയുടെ നേതൃത്വത്തിൽ കൊണ്ടുവന്നു നടപ്പിലാക്കാൻ ശ്രമിച്ച സ്വാശ്രയബിൽ -2006 തൊട്ടുള്ള നിരവധിയായ പുരോഗമന നവീകരണ നടപടികളൊക്കെത്തന്നെ സാഭാനേതൃത്വം എതിർത്തിട്ടുണ്ട്. ജനത്തെ വിശ്വാസത്തിന്റെ പേരിൽ ഇളക്കിവിട്ടു പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. അതിലേയ്ക്ക് ദേവാലയവും അൾത്താരയും ഇടയലേഖനങ്ങളും സർവ്വാത്മനാ ഉപയോഗിച്ചുകൊണ്ടിരിക്കുന്നു.

അതുപോലെ ഗുരുതരമായൊരു അപരാധമാണ് സഭാനേതൃത്വം മതവിശ്വാസമേഖലയിൽ ചെയ്തുകൊണ്ടിരിക്കുന്നത്. യേശു ഏറ്റവും കൂടുതൽ ശക്തമായി ഏതിർത്തതു മതസംവിധാനത്തെയും അതിനെ ശക്തിപ്പെടുത്തുന്ന മതപൗരോഹിത്യവർഗ്ഗത്തെയുമാണ്. ഇന്നത്തെ സഭാധികാരികളും പൗരോഹിത്യഗണവും ഏതെല്ലാം രീതിയിലാണ് മനുഷ്യകുഞ്ഞായി ജനിച്ചു വീഴുന്ന കുഞ്ഞിനെ മനുഷ്യ കുഞ്ഞായി വളർത്താൻ അനുവദിക്കാതെ സഭയുടെ അടിമയായി വളർത്തിക്കൊണ്ടുവരാൻ ശ്രമിക്കുന്നത്. യേശുവിൻ ജ്ഞാനസ്നാനം ബോധപൂർവ്വമായ

തന്റെ ജീവിത ദൗത്യം ഏറ്റെടുക്കുന്നതിന്റെ ബാഹ്യചിഹ്നമായിരുന്നു. ഇന്നോ? മനുഷ്യകുഞ്ഞിനെ മതത്തിന്റെയും പുരോഹിതഗണത്തിന്റെയും അടിമയാക്കാനുള്ള വിദഗ്ധമായ തന്ത്രമാണിന്നു ജ്ഞാനസ്നാനം. അവിടെത്തുടങ്ങുന്നു ക്രിസ്ത്യാനിയുടെ അടിമത്ത ജീവിതം. യേശു വന്നതു നമ്മെ സ്വതന്ത്രരാക്കാനാണ് എന്നാണ് സുവിശേഷകൻ പറയുന്നത്. ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്കാണു നമ്മുടെ വിളി എന്നാണു പറയുക. പക്ഷേ യാഥാർത്ഥ്യമോ? അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും ഭക്തകൃത്യങ്ങളുടെയും ആചാരാനുഷ്ഠാനങ്ങളുടെയും അടിമയായി നിരന്തരം വളർത്തിക്കൊണ്ടുവന്നുള്ള കഠിനമായ പരുവപ്പെടുത്തൽ. മനുഷ്യജീവിതത്തിന്റെ എല്ലാ പ്രധാനപ്പെട്ട ഘടകത്തിലും ഈ മതം ഇടപെടുകയാണ്; എന്തിന്, മരിച്ചുകഴിഞ്ഞിട്ട് മൃതദേഹത്തിൽ പോലും സഭ അധികാരം കാട്ടുന്നു.

ഇവിടെ ഒരുകാര്യം പറയട്ടെ. കൊല്ലം ബിഷപ്പ് ഡോ. സ്റ്റാൻലി റോമൻ 2009 ജൂൺ മാസം ജനജാഗൃതിയിൽ വന്നപ്പോൾ നടന്ന സംസാരത്തിൽ എന്റെ മരണാനന്തര കാര്യത്തെപ്പറ്റി പറഞ്ഞതു ഓർമ്മവരുന്നു. അദ്ദേഹം പറഞ്ഞു എന്റെ last will ൽ മൃതശരീരം മെഡിക്കൽ കോളേജിനു കൊടുക്കുമെന്നു തീരുമാനിക്കാൻ എനിക്ക് അവകാശമില്ല. അങ്ങനെ ഒരു തീരുമാനത്തിനുമുമ്പ് രൂപതാദ്ധ്യക്ഷന്റെ (മെത്രാന്റെ ) അനുവാദം വേണമായിരുന്നു. അതിനു ഞാൻ ഇങ്ങനെ പ്രതികരിച്ചു: 'എന്റെ മൃതശരീരം എങ്ങനെ മറവുചെയ്യണം എന്ന് തീരുമാനിക്കാനുള്ള പൂർണ അവകാശം എനിക്കാണ്. മതപരമായ യാതൊരു കർമ്മവും ചടങ്ങും പാടില്ല എന്നെനിക്ക് നിർബന്ധമുണ്ട്. മാത്രമല്ല, മരിച്ചിട്ടും എന്റെ മൃതശരീരം മെഡിക്കൽ വിദ്യാർഥികൾക്കു സഹായകമാകുമെങ്കിൽ അതല്ലേ നല്ലത്.' ബിഷപ്പിനു അതൊട്ടും പിടിച്ചില്ല. പക്ഷേ 'എന്റെ തീരുമാനത്തിന് എനിക്ക് വ്യക്തതയുണ്ട്. അവിടെ ഒരു മതാധികാരിക്കും കടന്നു വരാൻ അവകാശമില്ല എന്നതാണ് എന്റെ ഉത്തമ ബോധ്യം.

ചുരുക്കത്തിൽ, ഗലീലിയോ കാലത്തിൽ ഉണ്ടായിരുന്ന സഭയേക്കാൾ ഒട്ടുംതന്നെ പുരോഗമന ചിന്തയുള്ള സഭയല്ല ഇന്നുള്ളത്; അന്നത്തേക്കാൾ കൂടുതൽ യാഥാസ്ഥിതികവും വർഗ്ഗീ

യവുമായിരിക്കുകയാണ് ഇന്നത്തെ ക്രൈസ്തവ സഭ. അതുകൊണ്ടല്ലേ ഇന്നത്തെ മെത്രാന്മാരൊക്കെത്തന്നെ അവരുടെ സമുദായാംഗങ്ങളെ സംഘടിപ്പിക്കുന്നതിൽ വ്യാപൃതരായിരിക്കുന്നത്. ഉദാഹരണത്തിന് നെയ്യാറ്റിൻകര മുതൽ കണ്ണൂർവരെയുള്ള 11 ലത്തീൻ രൂപതകളിലായി കഴിയുന്ന 20 ലക്ഷത്തിൽപരം വരുന്ന ലത്തീൻ സമുദായാംഗങ്ങളെ സംഘടിപ്പിച്ചു ശക്തിപ്പെടുത്താൻ കെ.ആർ.എൽ.സി.സി. പ്രസിഡന്റ് തിരുവനന്തപുരം ആർച്ചുബിഷപ്പ് ഡോ. സുസപാക്യം കിണഞ്ഞു പരിശ്രമിക്കുന്നത്. ഏറ്റവും വിചിത്രം ഇതിനെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ സംസാരമാണ്. അദ്ദേഹം പറയുന്നത് ഈ സമുദായത്തെ സംഘടിപ്പിക്കുന്നത് വിശാലമനോഭാവത്തോടെയാണ് എന്നാണ് (ജീവനാദം പുസ്തകം 5, ലക്കം 50, 2009 ഡിസംബർ 13 ഞായർ). അതേ പ്രസിദ്ധീകരണത്തിൽ ഐക്യകാഹളമായ സമുദായ (ലത്തിൻ കത്തോലിക്ക) ദിനം എന്ന തലക്കെട്ടിൽ കൊച്ചി ബിഷപ്പ് കരിയിൽ, ആലപ്പുഴ ബിഷപ്പ് അത്തിപ്പൊഴിയിൽ, നെയ്യാറ്റിൻകര ബിഷപ്പ് വിൻസന്റ് സാമുവൽ, കോട്ടപ്പുറം ബിഷപ്പ് ഫ്രാൻസിസ് കല്ലറയ്ക്കൽ, കണ്ണൂർ ബിഷപ്പ് വർഗ്ഗീസ് ചക്കാലയ്ക്കൽ തുടങ്ങിയവർ സംസാരിക്കുന്നു. കൊല്ലം, വരാപ്പുഴ, പുനലൂർ, വിജയപുരം രൂപതകളിൽ സമുദായദിനാചരണങ്ങളും അതിൽ കൊടുത്തിട്ടുണ്ട്. എല്ലാംകൂടി നോക്കുമ്പോൾ ഇടുങ്ങിയ വർഗീയ ചിന്താഗതി വളർത്താൻ ശക്തമായി ജനത്തെ സംഘടിപ്പിക്കുന്ന ഏറ്റവും ക്രൂരമായ ഒരു പ്രക്രിയയിലാണിവർ ഏർപ്പെട്ടിരിക്കുക. യഥാസ്ഥിതികസഭ ഏതറ്റംവരെ പോകുന്നു എന്നതിന് ഒരു ഉദാഹണം കൂടി മാത്രം. സുറിയാനിക്രിസ്ത്യാനികളും അവരുടെ രീതിയിൽ സംഘടിപ്പിക്കുന്നതിൽ സുറിയാനി മെത്രാന്മാരും വ്യാപൃതരാണ്. ഇങ്ങനെ പോകുന്നു സഭയുടെ യേശുവിരുദ്ധപ്രവർത്തനങ്ങൾ. ഇതുതീർത്തും മനുഷ്യവിരുദ്ധമാണ്.

ഈയൊരു സാമൂഹിക-സഭാപരമായ അന്തരീക്ഷത്തിൽ/ പരിസരത്തിൽ ഗലീലിയോ പോലുള്ള നാടകം നമ്മുടെ മനസ്സിനെ ഉണർത്തും, ഉണർത്തണം. പുതിയൊരു മാനവികതയ്ക്കായും പ്രാപഞ്ചികതയ്ക്കായും നമ്മെത്തന്നെ വിട്ടുകൊടുക്കാൻ ഇങ്ങനെയുള്ള സംഭവം പ്രേരകമാകും. തീർച്ച.

## 23

# യുക്തിഭദ്രമായ സമീപനം ജീവിതവിജയത്തിന്റെ ആധാരം

ദൈവത്തെ നമ്മളാരും കണ്ടിട്ടില്ല. ഓരോ വ്യക്തിയുടെയും ദൈവം വ്യത്യസ്തമാണ്. അങ്ങനെ എത്ര മനുഷ്യരുണ്ട് അത്രയും ദൈവസങ്കൽപ്പങ്ങളുണ്ടെന്നു പറയുന്നതിൽ തെറ്റില്ല. അതു കൊണ്ട് ദൈവം ഉണ്ടെന്നും ഇല്ലെന്നും പറയുന്നത് രണ്ടും ഒരു പോലെയാണ്. കാരണം, ദൈവം ഒരിക്കലും മനുഷ്യജീവിതത്തിൽ ഇടപെടുന്നില്ല. ഇടപെടാൻ പറ്റുകയുമില്ല. ഈ ഒരവസ്ഥയെ മുതലെടുത്തുകൊണ്ടാണ് മതപണ്ഡിതന്മാരും മതാധികാരികളും അവരുടെ സ്വാർത്ഥതാല്പര്യസംരക്ഷണത്തിനു അനുഗുണമായ ദൈവസങ്കല്പങ്ങൾ ചമച്ചുവിട്ടുകൊണ്ടാണ് സാമാന്യജനത്തെ ബന്ധനത്തിൽ ആഴ്ത്തുന്നത്. എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും എടുത്തു ഇതുവ്യക്തമാക്കാവുന്നതേയുള്ളു. ഒന്നുരണ്ടു അനുഭവങ്ങൾ മാത്രം കുറിക്കട്ടെ.

ഒരു ദിവസം വൈകിട്ട് രണ്ടുവ്യക്തികൾ എന്നെ കാണാൻ വന്നു. ഒരു ബാപ്പയും മകനും. ബാപ്പ ഹജ്ജിനു പോകാൻ തീരുമാനിച്ചു അതിനായി സ്വയം ഒരുങ്ങുകയാണെന്നും ജനജാഗ്യതിക്കു 2000 രൂപയുടെ കടമുണ്ടെന്നും അതു വീട്ടാൻ അവർ വന്നിരിക്കുകയാണെന്നും വ്യക്തമാക്കി. എത്ര ആലോചിച്ചിട്ടും എപ്പോൾ അദ്ദേഹത്തിനു 2000/- രൂപ കൊടുത്തു എന്ന് ഓർമ്മ വന്നില്ല. കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കിയപ്പോൾ 1990 കളിൽ ജനജാഗൃതിയുടെ ആരംഭകാലത്ത് സി.ഡി. പ്ലെയർ റിപ്പെയർ ചെയ്യാനും പുതിയ പാർട്ട്സ് വാങ്ങിയിടാനും ഈ ബാപ്പയെ ഏല്പിക്കുകയും അതിനായി 2000/- രൂപ അഡ്വാൻസായി കൊടു

ക്കുകയും ചെയ്തതാണ്. ശ്രീ പി. ആർ. രവിയാണിതു ചെയ്തത്. പിന്നെ പലവട്ടം ചോദിച്ചിട്ടും അതു ശരിയാക്കി തന്നില്ല. ഇക്കാര്യം രവി എന്നോട് വന്ന് പറയുകയും ചെയ്തു. ഞങ്ങൾ രണ്ടുപേരും ഈ ബാപ്പയെ ചെന്ന് കണ്ട് ഉടൻ സി.ഡി. പ്ലെയർ ശരിയാക്കി തരണം എന്ന് ആവശ്യപ്പെടുകയും ചെയ്തു. ഒരു മാസത്തിനുള്ളിൽ ജനജാഗൃതിയിൽ എത്തിക്കാമെന്നു വാക്കും നൽകി. മാസങ്ങൾ കഴിഞ്ഞു. രവി പലവട്ടം പിന്നെയും അദ്ദേഹത്തെ അന്വേഷിച്ച് പോയി എന്നാണ് എന്നോട് പറഞ്ഞത്. അവസാനം ഇതു കിട്ടുകയില്ല എന്നു ബോധ്യപ്പെട്ടു. അതിന്റെ പിറകേ പോകേണ്ടാ എന്നും തിരുമാനിച്ചു. വർഷങ്ങൾ ഏതാണ്ടു പതിനെട്ടു കഴിഞ്ഞു. ഇപ്പോൾ ഹജ്ജിനുപോകാൻ തീരുമാനിച്ചപ്പോൾ പഴയ കടങ്ങളൊക്കെ തീർത്തു ഹൃദയം ശുദ്ധമാക്കുന്ന പ്രക്രിയയിലാണദ്ദേഹം. 18 വർഷങ്ങൾക്കുമുൻപുള്ള 2000 രൂപയുടെ മൂല്യം, അന്നദ്ദേഹം വാക്കുപാലിക്കാത്തതിനാൽ ജനജാഗൃതിയ്ക്കുണ്ടായ നഷ്ടം, അക്കാരണം കൊണ്ട് ജനജാഗൃതിയുടെ ശ്രവ്യദൃശ്യവിഭാഗത്തിനുണ്ടായ പാളിച്ചകൾ- ഇവയൊന്നും കണക്കിലെടുക്കാതെ ഇന്നു 2000 രൂപകൊണ്ടു തന്നപ്പോൾ അള്ളാഹുവിന്റെ മുന്നിൽ അദ്ദേഹം നീതിമാനാകുന്നു. അവിടെ മെക്കയിൽവെച്ചു മരിച്ചാൽ നേരേ സ്വർഗ്ഗത്തിലേയ്ക്കു ആരോഹണം ചെയ്യുന്നു എന്നും മറ്റുമാണ് മതവിശ്വാസം. ഇതാണ് മതപുരോഹിതരുടെ നിയമങ്ങൾ. പാവം ബാപ്പ അതനുസരിക്കുകയാണ് സ്വർഗ്ഗം കിട്ടാൻ വേണ്ടി.

ഈ സംഭവം വെറും നിസാരമെന്നു വേണമെങ്കിൽ നമുക്കു പറയാം. പക്ഷേ ഈ പ്രവൃത്തിയുടെ പിന്നിലെ യുക്തിരാഹത്യം ഒന്നു പരിശോധിക്കുക. ഇത്ര എളുപ്പം പ്രീതിപ്പെടുത്താവുന്ന ഒരു ദൈവസങ്കൽപ്പം. എന്തനീതിയും അക്രമവും ചെയ്യാം. അവരെ ഏതു രീതിയിലും ബുദ്ധിമുട്ടിക്കാം അവർക്കു നഷ്ടം വരുത്താം-എല്ലാത്തിനും അവസാനമായി ഒരു പരിഹാരം മാത്രം മതി; നിത്യരക്ഷസുനിശ്ചിതം! ഇങ്ങനെയുള്ള 'വിശുദ്ധിയുടെ ചെപ്പടി വിദ്യ'കളാണ് മതപുരോഹിതവർഗ്ഗത്തിന്റെ കൈമുതൽ. അവരുടെ സ്വാർത്ഥ-നിക്ഷിപ്ത താല്പര്യങ്ങൾ സംരക്ഷിക്കാൻ ഉതകുന്ന ദൈവങ്ങളെ/ദൈവസങ്കല്പങ്ങളെ അവർ തന്നെ വാർത്തെടുത്തിട്ടുണ്ട്.

ഈ ദൈവത്തിനു എന്തെല്ലാം ജോലികളാണു മതപൗരോഹിത്യവർഗ്ഗം കല്പിച്ചിരിക്കുന്നത്. മനുഷ്യൻ ചെയ്യുന്ന നന്മകളെയും തിന്മകളെയും കൃത്യമായ കണക്കു സൂക്ഷിച്ചിട്ട് അവയ്ക്കനുസൃതമായി സ്വർഗ്ഗമോ നരകമോ സമ്മാനിക്കുക. ചെയ്തുപോയ തെറ്റുകളെ ഓർത്തു പശ്ചാത്തപിച്ച് പരിഹാരം ചെയ്യാൻ (കുമ്പസാരിച്ചാൽ) അവയെ ക്ഷമിക്കുക, മനുഷ്യരുടെ ഓരോരുത്തരുടെയും 'സ്വാർത്ഥ'പരമായ പ്രാർത്ഥനകളും യാചനകളും കേട്ടു പ്രതിഫലം നല്കുക; മനുഷ്യന്റെ ദൈവസ്തുതികളിലും സ്തോത്രങ്ങളിലും സന്തുഷ്ടനായി അനുഗ്രഹിക്കുക... ഇങ്ങനെ നൂറുകണക്കിനു ജോലികളാണ് മനുഷ്യൻ/പുരോഹിതഗണം ദൈവത്തിനു ഏല്പിച്ചുകൊടുത്തിരിക്കുന്നത്. നമ്മുടെ സുഹൃത്ത് ബാപ്പയും ഏതാണ്ടിതുതന്നെയാണു ചെയ്തത്. 18 വർഷങ്ങൾക്കു മുൻപ് ജനജാഗൃതിയെ കബളിപ്പിച്ചതിൽ മനസ്തപിച്ചിട്ടു പാപപരിഹാരം എന്ന രീതിയിൽ അന്നു കൈപ്പറ്റിയ 2000 രൂപ ഇന്നു തരുകയാണ്. അവിടെ അയാൾ പുണ്യവാൻ ആക്കപ്പെടുന്നു. ഇങ്ങനെയുള്ള അർത്ഥശൂന്യമായ പ്രവർത്തന പ്രക്രിയ നിരന്തരം നടന്നുകൊണ്ടിരിക്കുന്നു. സത്യത്തിൽ ഇവിടെ വേണ്ടതു ഓരോരുത്തരിലുമുള്ള വിശ്വാസമാണ്. അവരവർതന്നെ അവരവരുടെ ജീവിതത്തെ കരുപ്പിടിപ്പിച്ചു തീരുമാനിക്കേണ്ടിയിരിക്കുന്നു. ദൈവത്തെ ഏല്പ്പിച്ചിട്ടു നാം അന്ധരായി പെരുമാറുക ദുഷ്ക്കരമാണ്.

വൈദിക ശുശ്രൂഷയിൽ ആയിരിക്കെ മിക്ക കുടുംബങ്ങളും അവരവരുടെ വ്യഥകൾ ഹൃദയം തുറന്നു പങ്കുവയ്ക്കുമായിരുന്നു. അങ്ങനെ പങ്കുവച്ച അനുഭവകഥകളിൽ ഒന്നു-രണ്ടു എണ്ണം മാത്രം കുറിക്കട്ടെ. മനുഷ്യന്റെ ജീവിത വ്യഗ്രതകളും പ്രയാസങ്ങളും കഷ്ടപ്പാടുകളും കുറയ്ക്കാൻ അവയെ ദൈവകരങ്ങളിൽ അർപ്പിച്ചിട്ടുണ്ട്. എല്ലാം നിസഹായനായി സഹിക്കുന്ന ധാരാളം മനുഷ്യരെ ഞാൻ കണ്ടിട്ടുണ്ട്. ഇങ്ങനെ ദൈവത്തിനു സമർപ്പിച്ചിട്ടുള്ള ജീവിതത്തിൽ അവരുടെ നിസ്സഹായത കണ്ടു ഏറെ സഹതാപം തോന്നിയിട്ടുള്ള വ്യക്തിയാണ് ഞാൻ. അപകടങ്ങൾ സംഭവിച്ചുകഴിയുമ്പോൾ, ദൈവം രക്ഷിച്ചതു കൊണ്ടു ഒരു കാൽ ഒടിഞ്ഞതേയുള്ളു, അല്ലെങ്കിൽ ലോറികേറി അരഞ്ഞു തീരേണ്ടതായിരുന്നു. ഇങ്ങനെ എത്രയെത്ര അനുഭവപങ്കുവയ്ക്കലാണ്

നാം നിരന്തരം കേൾക്കുക. ഈ ദൈവത്തിനു ഇവരെ രക്ഷിക്കാൻ സാധിക്കുന്നില്ലെന്നു മാത്രമല്ല, ജീവനും ശക്തിയും പകരുന്ന ഒരു കാഴ്ചപ്പാടുപോലും ഇല്ലാതെ എല്ലാം ദൈവത്തിനു വേണ്ടി സഹിക്കുന്ന പരിതാപകരമായ അവസ്ഥ. അതേസമയം ഈ ദൈവത്തിൽ വിശ്വസിക്കാത്ത, ബുദ്ധിയിലും യുക്തിയിലും അടിയുറച്ചു വിശ്വസിക്കുന്ന വ്യക്തികൾ അവരുടെ ജീവിതബുദ്ധിമുട്ടുകളിലും പ്രശ്നങ്ങളിലും അപകടങ്ങളിലും സധൈര്യം അവയെ അഭിമുഖീകരിക്കുന്ന എത്രയെത്ര അനുഭവങ്ങളുണ്ട്.

എന്റെ ഒരു സുഹൃത്തിനു മോട്ടോർസൈക്കിൾ അപകടമുണ്ടായി. കാലു ഒടിഞ്ഞു, മൾട്ടിപ്പിൾ ഫ്രാക്ച്ചറുകൾ. അദ്ദേഹം ആശുപത്രിയിലായിരിക്കുമ്പോൾ അദ്ദേഹത്തെ നല്ല പരിചയമുള്ള ഒരു വൈദിക ശ്രേഷ്ഠൻ അദ്ദേഹത്തിന്റെ രോഗശാന്തിക്കായി പ്രാർത്ഥിക്കാമെന്നു പറഞ്ഞു. അതിനു എന്റെ സുഹൃത്തിന്റെ മറുപടി 'അതുവേണ്ട, ദൈവം എന്നൊന്നുണ്ടെങ്കിൽ അദ്ദേഹം കൈകൂലി ആഗ്രഹിക്കാത്തവനായിരിക്കും. പ്രാർത്ഥനകൊണ്ടു മയങ്ങുന്നവൻ നീതിമാനായിരിക്കാൻ പറ്റുകയില്ല. മാത്രമല്ല, എന്റെ അശ്രദ്ധ കൊണ്ടു അപകടം സംഭവിച്ചു. അതു സുഖമാകാൻ അതിന്റേതായ സ്വാഭാവിക സമയമെടുക്കും. പ്രാർത്ഥിച്ചാലും പ്രാർത്ഥിച്ചില്ലെങ്കിലും. ഇപ്പോൾ അതിന്റെ ആവശ്യമില്ല. എന്റെ ഇപ്പോഴത്തെ അവസ്ഥയിൽ ഞാൻ സംതൃപ്തനാണല്ലോ? എന്തൊരു യുക്തിഭദ്രമായ സമീപനം. വേദനകളെയും, അപകടങ്ങളെയും സമചിത്തതയോടെ നോക്കിക്കാണാൻ മനുഷ്യനേപറ്റൂ. ആ വളർച്ചയാണു മനുഷ്യനുണ്ടാകേണ്ടത്.

മറ്റൊരനുഭവം. കത്തോലിക്കാ കുടുംബം. ഭാര്യ, കുഞ്ഞുങ്ങൾ, ഭർത്താവ്-ഒക്കെ നൊവേനയ്ക്കും ഭക്തകാര്യങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും വിധേയപ്പെട്ടു ജീവിക്കുന്നു. അധ്വാനിച്ചു ജീവിക്കുന്നു, കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നു. പല ജോലികൾ ദൈവാനുഗ്രഹം ഇല്ലാത്തതുകൊണ്ട് ഇങ്ങനെ സംഭവിക്കുക എന്നും മതഭാഷ്യം. മുട്ടിപ്പായി പ്രാർത്ഥിക്കണം. ധ്യാനം നടത്തണം, കഴിവതും കരിസ്മാറ്റിക് ധ്യാനംതന്നെയാകണമെന്നു മതപുരോഹിതരുടെ ഉപദേശം. എന്താ ചെയ്യുക എന്ന അങ്കലാപ്പിലായിരുന്ന സമയത്താണു യാദൃച്ഛികമായി എന്നെ കാണാൻ അവസരമുണ്ടാത്. അവരുടെ വേവലാതികൾ സാവകാശബുദ്ധ്യാ സമയം

എടുത്തുതന്നെ കേട്ടു. അവിടെത്തന്നെ അവർക്കു എന്തോ ആശ്വാസം കണ്ടെത്തിയതുപോലെ അനുഭവപ്പെട്ടു.

തുടർന്നു ഞാൻ ഒന്നു രണ്ടു ചെറിയകാര്യങ്ങൾ ചോദിച്ചു. നമ്മൾ മനുഷ്യർ, ചിന്തിക്കാൻ കഴിവുള്ളവർ അല്ലേ? 'ഉവ്വ്' എന്നു മറുപടി. അതിനോടു 'ഒന്നു ചിന്തിക്കുക. ഇത്രമാത്രം പ്രാർത്ഥിച്ചിട്ടും നൊവേനയും മറ്റു ഭക്തകൃത്യങ്ങളും അനുഷ്ഠാനങ്ങളും നടത്തിയിട്ടും ദൈവാനുഗ്രഹം ലഭിക്കുന്നില്ല-ഇനിയും തീവ്രമായി പ്രാർത്ഥിക്കുകയും ധ്യാനം നടത്തുകയും ചെയ്താലേ ദൈവാനുഗ്രഹം പ്രാപിക്കുകയുള്ളൂ എന്ന മതഭാഷ്യത്തിൽ യുക്തിശൂന്യതയില്ലേ? മാത്രമല്ല, നിങ്ങൾ അലസരല്ല നല്ലതുപോലെ കഷ്ടപ്പെട്ടു അധ്വാനിക്കുന്നവർ. ഫലം വേണ്ടതുപോലെ കിട്ടുന്നില്ല, ജീവിതം വിജയമാകുന്നില്ല. അത്രയല്ലേയുള്ളൂ. ഇവിടെ എന്തിനു വെറുതെ ദൈവത്തെ വലിച്ചിഴച്ചുകൊണ്ടുവരണം? ഇത്ര കഷ്ടപ്പെട്ടു ആത്മാർത്ഥമായി അധ്വാനിക്കുന്നവരെ അനുഗ്രഹിക്കാത്ത ദൈവത്തെ നമുക്കെന്തിന്? യുക്തിഭദ്രമായി ചിന്തിച്ചാൽ നമുക്കു ഒന്നല്ലേ ചെയ്യാനുള്ളു. നമ്മുടെ അധ്വാനശൈലിയെയും കണ്ടെത്തിയ ജോലി സാധ്യതകളെയും വസ്തുനിഷ്ഠമായി വിലയിരുത്തിയിട്ട് എവിടെയാണു മാറ്റങ്ങൾ വരുത്തേണ്ടതെന്നു ചിന്തിച്ചു തീരുമാനിക്കണം. ശ്രദ്ധയോടെ കാര്യങ്ങൾ ആസൂത്രണം ചെയ്യണം. പുതിയ സാധ്യതകൾ തിരയണം. അതല്ലാതെ മറ്റൊന്നും നമുക്കു ചെയ്യാനില്ല എന്നു ഞാൻ അസന്ദിഗ്ധമായി പറഞ്ഞു. ആദ്യം അവർക്കു അതുപോലെ ഉൾകൊള്ളാൻ ബുദ്ധിമുട്ടായിരുന്നു. അവരുടെ ഭാവിപരിപാടി രൂപീകരിക്കുന്നതിൽ ഞാനും കൂടി, അവരുടെ കുടുംബ ബഡ്ജറ്റു ക്രമപ്പെടുത്തുന്നതിലും സഹകരിച്ചു. ജോലിയിൽ പുതിയ സാധ്യതകൾ സധൈര്യം അന്വേഷിച്ചു. ബുദ്ധി ഉപയോഗിച്ചു എന്നല്ലാതെ ഒരു ദൈവത്തെയും അവിടെ കൊണ്ടുവന്നില്ല. വർഷം രണ്ടായപ്പോഴേക്കും അവർ തന്നെ പറഞ്ഞു 'ഞങ്ങളുടെ ജീവിതം സമ്പന്നമാണ്; ഞങ്ങൾ തൃപ്തരാണ്; സന്തോഷവതികളായി. മതമേധാവികളും പുരോഹിതഗണവും അവരെ കബളിപ്പിച്ചു എന്നും അവരുടെ ആശ്രിതരായി ജീവിക്കാൻ ബോധപൂർവ്വം ആസൂത്രണം ചെയ്തിരുന്നു കെണിയിൽപ്പെടുത്തിയിരുന്നെന്നും അവർ സാക്ഷ്യപ്പെടുത്തി/അടയാളപ്പെടുത്തി. അവർ ഇപ്പോൾ


8464



പള്ളിയിൽ പോവുകയോ ധ്യാനം കൂടുകയോ ഭക്തകൃത്യങ്ങളും ആചാരാനുഷ്ഠാനങ്ങളും നടത്തുകയോ ചെയ്യുന്നില്ല. മാത്രമല്ല, പുരോഹിതവർഗ്ഗത്തെ അല്പം അകലെ നിറുത്തുകയും ചെയ്തു. ജീവിതത്തിൽ സന്തോഷമായി കഴിയുന്നു.

കഴിഞ്ഞാഴ്ച അവരുടെ ഇളയ കുട്ടിയുടെ ജന്മദിനത്തിനു എന്നെയും ക്ഷണിച്ചിരുന്നു. അന്നു ഞങ്ങൾ ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ ആ വീട്ടിലെ സ്ത്രീ/ഇങ്ങനെ പറഞ്ഞു: “അന്ന് യാദൃച്ഛികമായി സാറിനെ കണ്ടുമുട്ടിയില്ലായിരുന്നെങ്കിൽ ഇന്നു ഞങ്ങൾ, കാണുന്ന പള്ളികളിലും ധ്യാനകേന്ദ്രങ്ങളിലും ഒക്കെ കയറിയിറങ്ങി നിരാശയിൽ കഴിഞ്ഞേനേ. ഇന്ന് ഞങ്ങൾ എത്ര സന്തുഷ്ടരാണ്”. എല്ലാവരും ആനന്ദത്തിൽ കഴിയുന്ന ആ അനുഭവം ഹൃദയഹാരിയായിരുന്നു. അതെ, യുക്തിഭദ്രമായി ജീവിച്ചാൽ ഏതു പ്രതിസന്ധിയെയും വസ്തുനിഷ്ഠമായി അഭിമുഖീകരിക്കാനും അഭിസംബോധന ചെയ്യാനും അതിജീവിക്കാനും സാധിക്കും; തീർച്ച.

PG Library & Research Center



# അനുഭവം സമ്പത്ത്

**അലോഷ്യസ് ഡി. ഫെർണാന്റസ്**

മനുഷ്യജീവിതം അനുഭവങ്ങളുടെ അപൂർവ്വമായ ഒരു ഖനിയാണ്. അവയിൽ സങ്കീർണ്ണത നിറഞ്ഞതും ലാളിത്യം ഏറിയതുമായ ഒട്ടനവധി സംഭവങ്ങൾ ഉണ്ടാവും. ഒന്നിനേയും മറവിയുടെ മാറാപ്പിൽ ഒതുക്കിവയ്ക്കേണ്ടതില്ല. സംതൃപ്തമായ ഒരു ജീവിതത്തിന് വേണ്ടത്ര വെളിച്ചം നൽകുന്ന വിലമതിക്കാനാവാത്ത അറിവിന്റെ പ്രഭവസ്ഥാനമാവും അവയിൽപലതും.

ചെറുതെന്നുതോന്നുന്ന അനുഭവങ്ങളിലൂടെ വലിയ കാര്യങ്ങൾ കണ്ടെത്താൻ കഴിഞ്ഞ അപൂർവ്വ പ്രതിഭയാണ് മുൻ വൈദികൻ കൂടിയായ ശ്രീ. അലോഷ്യസ് ഡി. ഫെർണാന്റസ്. ക്രൈസ്തവ സഭയുടെ സ്ഥാപിത താല്പര്യങ്ങളെ പൊളിച്ചെഴുതുന്നതിനും സാമൂഹികമാറ്റത്തിനുമായി ഉറച്ചനിലപാടെടുത്ത ഗ്രന്ഥകാരൻ തന്റെ ആത്മകഥയായ "കറുത്ത കുർബാന" ഉൾപ്പടെ ഒട്ടേറെ ഗ്രന്ഥങ്ങളുടെ കർത്താവാണ്.

കരയിക്കുകയും ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്ത മൂർച്ചയുള്ള കുറെ അനുഭവങ്ങൾ - വ്യക്തികൾ, കുടുംബങ്ങൾ, പ്രസ്ഥാനങ്ങൾ, സ്ഥാപനങ്ങൾ.... എവിടെയും മുഴങ്ങുന്നത് അനുഭവങ്ങളുടെ കൂട്ടമണിയാണ്.

ഇതിലെ ലേഖനങ്ങളെല്ലാം തന്നെ ഹൃദയ നൊമ്പരങ്ങളുടെ സ്തോത്രക്കാഴ്ചകളാണ്. തീവ്രമായ ആവിഷ്ക്കാരസ്ഫുരണങ്ങളാണ്; ഒരു ബദൽ അന്വേഷണത്തിന്റെ സത്യസന്ധ സ്പന്ദങ്ങളാണ്.

പ്രപഞ്ച നന്മമാത്രം ലാക്കാക്കുന്ന ഒരു വ്യക്തിക്ക് സാമൂഹ്യ യാഥാർത്ഥ്യങ്ങളുടെ നേരേ കണ്ണടയ്ക്കാനാവില്ലെന്നതിനുള്ള തെളിവാണ് "**അനുഭവം സമ്പത്ത്**"

**പുലിയൂർ രവീന്ദ്രൻ**

**ജനജാഗൃതി പ്രസാധക സംഘം**
**പുന്നപ്ര നോർത്ത് പി.ഒ.**
**ആലപ്പുഴ - 688 014**

**വില രൂപ 75**

# അനുഭവം സമ്പത്ത്



242

അലോഷ്യസ് ഡി. ഫെർണാന്റസ്

Indic Digital Archive Foundation
gpura.org